ഏൽപ്പിക്കുകയും ചെയ്യുന്നതുമൂലം മദ്യ വ്യവസായ രംഗത്ത് വിതരണവും വിൽപ്പനയും പൂർണമായും സർക്കാർ ഏജൻസി വഴി നടത്തുന്നതിനാൽ സ്വകാര്യ വ്യക്തികളെ ഈ രംഗത്തുനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതുമാണ്. 1995-1996 ലെ കണക്കുകൾ മാനദണ്ഡമാക്കി കള്ളുഷാപ്പുകളുടെ വാടക നിശ്ചയിക്കുവാൻ എക്സൈസ് കമ്മീഷണർക്ക് മാർഗരേഖകൾ നൽകുകയും ചെയ്യുന്നതാണ്. ഇപ്പോൾ നിലനിൽക്കുന്ന സമ്പ്രദായം അനുസരിച്ച് ആറുമാസത്തേക്ക് ഓരോ കള്ളുഷാപ്പിനും ചെത്തുവാൻ വേണ്ടി മിനിമം എണ്ണം മരം നൽകുന്നത് അവസാനിപ്പിച്ച്, പകരം അവരുടെ ആവശ്യാനുസരണം മരം ചെത്തുന്നതിനുള്ള ലൈസൻസ് വൃക്ഷ കരം ഈടാക്കിയശേഷം നൽകുന്നതാണ്. ചെത്തു തൊഴിലാളികളുടെ പ്രതിനിധികൾ അടങ്ങിയ കള്ളുവ്യവസായ പുനഃസംഘടനാ കമ്മിറ്റി അവരുടെ ഇടക്കാല റിപ്പോർട്ടിൽമേൽ നിർദ്ദേശങ്ങളടങ്ങിയ ശുപാർശകൾ സർക്കാരിനു നൽകിയിട്ടുണ്ട്. അതുകൂടി കണക്കിലെടുത്താണ് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. നിലവിലുള്ള കള്ളുഷാപ്പുകളുടെയും FLI ഷാപ്പുകളുടെയും എണ്ണത്തിൽ വർദ്ധനവും വരുത്തുന്നതല്ല.

മി. സ്പീക്കർ : ആ സ്റ്റേറ്റുമെന്റ് സർക്കുലെറ്റ് ചെയ്യുക.

VI ധനകാര്യം

2001-2002 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. സി. എ. കുര്യൻ) : സർ, ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു. ഇടക്കാല ബഡ്ജറ്റിനെ വിലയിരുത്തിക്കൊണ്ട് പതിവുപോലെ നമ്മുടെ പത്രമാധ്യമങ്ങളും പ്രതിപക്ഷ-ഭരണകക്ഷി നേതാക്കന്മാരും അഭിപ്രായപ്രകടനം നടത്തിയിട്ടുണ്ട്. പ്രതിപക്ഷനേതാക്കന്മാർ ഇതൊരു സമ്പൂർണ്ണ ബഡ്ജറ്റല്ലെന്നുള്ള അഭിപ്രായപ്രകടനം നടത്തിയപ്പോൾ ഓർത്തിട്ടുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. ഒരു സമ്പൂർണ ബഡ്ജറ്റ് ഏതാനും മാസങ്ങൾ മാത്രം കാലാവധിയുള്ള ഈ ഗവൺമെന്റ് അവതരിപ്പിക്കുന്നത് പാർലമെന്ററി ജനാധിപത്യത്തിന് നല്ലതല്ലെന്നു കരുതിയാണ്. തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്ന ഈ ഗവൺമെന്റ് ഒരു ഇടക്കാല ബഡ്ജറ്റ് അവതരിപ്പിച്ചത് തീർച്ചയായും തെരഞ്ഞെടുപ്പുകഴിഞ്ഞ് ഇടതുപക്ഷജനാധിപത്യമുന്നണി വീണ്ടും അധികാരത്തിൽ വരുമെന്നുള്ളത് ഏറെക്കുറെ സത്യമാണ്. അതുകൊണ്ട് ജൂൺ മാസത്തിൽ സമ്പൂർണ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഇപ്പോൾ ചൂണ്ടിക്കാണിച്ച പല അപാകതകളും പരിഹരിച്ച് ജനങ്ങൾക്കു കൂടുതൽ പ്രയോജനകരമായ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുവാൻ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിയുമെന്ന ഉറച്ച വിശ്വാസം എനിക്കുണ്ട്. മിനിഞ്ഞാന്ന് ഏഷ്യാനെറ്റിൽ വന്ന ഒരു പരിപാടി അതിൽ പറയുന്നത്, കേരളാ ഗവൺമെന്റിന് സംഭവിച്ച കോട്ടങ്ങൾക്കുത്തരവാദി നമ്മുടെ നിയമസഭാ കെട്ടിടത്തിനു മുൻവശത്തിരിക്കുന്ന ക്രെയിനാണ് എന്നാണ്. അതുപോലെ വാസ്തുശിൽപികൾ പറയുന്നത് .....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അത് ബഡ്ജറ്റിലുണ്ടോ ?

ശ്രീ. സി. എ. കുര്യൻ : ഇല്ല. വളരെ ലാഘവത്തോടുകൂടിയാണ് പല കേന്ദ്രങ്ങളും ബഡ്ജറ്റിനെ കാണുന്നതാണെന്ന് ചൂണ്ടികാണിക്കാൻ പറഞ്ഞതാണ്. വാസ്തുശിൽപികൾ പറയുന്നത് വടക്കുകിഴക്ക് ഗേറ്റില്ല എന്ന്. ഗേറ്റ് വച്ചിരുന്നു എങ്കിൽ, ഒരു പക്ഷേ, ഈ ക്രെയിൻ മാറ്റിയിരുന്നുവെങ്കിൽ ഈ ഗവൺമെന്റിന് കൂടുതൽ പ്രയോജനകരമായ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമായിരുന്നു എന്നാണവരുടെ കണ്ടുപിടുത്തം. വാസ്തവത്തിൽ യഥാർത്ഥ കാരണങ്ങൾ കണ്ടു പിടിക്കുന്നതിനുള്ള ശ്രമം ഈ പ്രസ്താവന നടത്തുമ്പോൾ അവർ ആരും ശ്രമിച്ചിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്. കേരളം ഇൻഡ്യൻ യൂണിയനിൽപ്പെട്ട ഒരു സംസ്ഥാനമാണ്. പണ്ട് ബഹുമാന്യനായ മത്തായി മാഞ്ഞൂരാന്റെ കാലഘട്ടത്തിലൊക്കെ സ്വതന്ത്ര കേരളത്തെക്കുറിച്ച് പലരും പറഞ്ഞിട്ടുണ്ട്. പക്ഷേ ഇന്ന് നമ്മൾ ഇൻഡ്യൻ യൂണിയന്റെ ഒരു ഭാഗമാണ്. ഈ യാഥാർത്ഥ്യം മറക്കരുത്. കേന്ദ്ര ഗവൺമെന്റിന്റെ ജനോപകാരപ്രദമായ നയങ്ങൾ നടപ്പാക്കിയാൽ തീർച്ചയായിട്ടും ഈ രാജ്യമൊട്ടാകെ അതിന്റെ പ്രയോജനം ലഭിക്കും. പക്ഷേ നിർഭാഗ്യകരം എന്നുപറയട്ടെ, കേന്ദ്ര ഗവൺമെന്റിന്റെ സമ്പദ്ഘടന തകർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിൽനിന്നെല്ലാം വിട്ട് സ്വതന്ത്രമായി അതിന്റെയൊന്നും കാറ്റടിക്കാത്ത എന്തെങ്കിലും നമുക്കുണ്ടാക്കാൻ കഴിയുമോ ? കഴിയില്ല. കേന്ദ്രത്തിന്റെ മൊത്തം ബാധ്യതയെക്കുറിച്ച് നമ്മുടെ എക്കണോമിക് ടൈംസിൽ വന്ന ഒരു ചെറിയ കാര്യം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഫെബ്രുവരി 21-ാം തീയതിയിലെ എക്കണോമിക് ടൈംസിൽ പറയുന്നത്, This is a problem posed by the huge debt that the Government of India has accumulated over the years. Total liabilities of the Centre are close to 60 percent of the G.D.P or nearly Rs.13,000 billion ; And in the current year the Government is paying over Rs. 1,000 billion as interest a little less than the size of the fiscal deficit. This item alone accounts for over 36 percent of the revenue expenditure.

ആയിരം ബില്യൻ രൂപ പലിശ കൊടുക്കേണ്ട ഒരു സ്ഥിതി ഇൻഡ്യാ രാജ്യത്തിനു വന്നിരിക്കുന്നത് നമ്മൾ ഗൗരവമായി കാണണം. ഇൻഡ്യാ ഗവൺമെന്റ് സ്വീകരിച്ച നയത്തിന്റെ ഫലമായിട്ടാണോ ഇപ്രകാരം സംഭവിച്ചത് എന്നത് പരിശോധിക്കേണ്ട വിഷയമാണ്. ഇതിനെക്കുറിച്ച് വെസ്റ്റ് ബംഗാളിലെ ഫൈനാൻസ് മിനിസ്റ്റർ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്ന ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഉദാരവൽക്കരണത്തിനു മുമ്പുള്ള 10 വർഷത്തെ വളർച്ചാ നിരക്കാണ് പറയുന്നത്. 1981-91-ൽ ഇൻഡസ്ട്രിയൽ ഗ്രോത്ത് 7.65 ശതമാനം എന്നാൽ ഉദാരവൽക്കരണം ആരംഭിച്ചതിനുശേഷമുള്ള 10 വർഷം, അല്ലെങ്കിൽ ഉദാരവൽക്കരണത്തിന്റെ 10-ാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ 1991-2001-ൽ ഇൻഡസ്ട്രിയൽ ഗ്രോത്ത് 5.78 ശതമാനം ആയി കുറഞ്ഞു. അതുപോലെ തന്നെയാണ് അഗ്രികൾച്ചർ ഗ്രോത്ത്. 1981-91 ഉദാരവൽക്കരണത്തിനു മുമ്പുള്ള 10 വർഷം 3.4 ശതമാനമായിരുന്നു. എന്നാൽ ഉദാരവൽക്കരണത്തിനുശേഷമുള്ള, 1991-2001-ൽ നമ്മുടെ കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

രംഗത്തെ വളർച്ച 1.4 ശതമാനമായി കുറഞ്ഞു. ഇൻഡ്യാഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയംമൂലം നമ്മുടെ വ്യാവസായിക മേഖലയിലും കാർഷിക മേഖലയിലും തകർച്ച വന്നിരിക്കുന്നു. വിദേശ വ്യാപാരത്തിലാണെങ്കിൽ കയറ്റുമതിയെക്കാൾ വളരെ കൂടുതൽ ഇറക്കുമതി ചെയ്യുന്നു. ഈ കണക്കനുസരിച്ച് ഇപ്പോൾ ഏതാണ്ട് 40,000 കോടി രൂപയിൽ കൂടുതൽ ഇറക്കുമതി ഈ വർഷം ചെയ്തിട്ടുണ്ട്. ഇങ്ങനെ കേന്ദ്ര ഗവൺമെന്റ് തെറ്റായ നയം സ്വീകരിച്ചതിന്റെ ഫലമായി കാർഷികരംഗത്തും വ്യാവസായിക രംഗത്തും മറ്റെല്ലാ രംഗത്തും മുരടിപ്പ് ബാധിച്ചിരിക്കുന്നു. നമ്മുടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ, കേന്ദ്രത്തിന്റെ തെറ്റായ സാമ്പത്തിക നയത്തിന്റെ ഫലമായി വളർച്ചാ നിരക്കുകൾ കുറയുമ്പോൾ, അതിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വളർച്ചാ നിരക്കുകൾ വർദ്ധിച്ചു എന്നുപറയുമ്പോൾ അത് അഭിമാനകരമാണ്. ഇത് തീർച്ചയായും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഒരു നേട്ടമായിട്ട് കാണുന്നതിൽ ഒരു തെറ്റുമില്ല. ഇവിടെ ട്രഷറി പൂട്ടുന്ന കാര്യങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. അതൊക്കെ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി വിശദമായി ഇവിടെ സംസാരിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നടപടികളെന്തൊണ് ? ഉദാഹരണമായി ഫൈനാൻസ് കമ്മിഷന്റെ കാര്യമെടുക്കാം. ഫൈനാൻസ് കമ്മിഷന്റെ ശുപാർശ എന്തായിരുന്നു ? ആ ശുപാർശ വന്ന സന്ദർഭത്തിൽ കേരളം മാത്രമാണോ എതിർത്തത്. കേരളം, തമിഴ്നാട്, ആന്ധ്ര, കർണാടകം എന്നീ 4 സംസ്ഥാനങ്ങൾ ഒന്നിച്ചുനിന്നുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ശുപാർശകൾ എതിർത്തിരുന്നില്ലേ ? സംസ്ഥാന ഗവൺമെന്റുകൾക്ക് വളരെ കൂടുതൽ ദോഷം വരുത്തുന്ന ശുപാർശകളാണ്. കേന്ദ്രം അതിന് മാറ്റം വരുത്തേണ്ടതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി മാത്രമല്ല, മറ്റു സംസ്ഥാനങ്ങളും ഒന്നിച്ച് ശബ്ദമുയർത്തി. ഒരു ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന ഗവൺമെന്റിനുള്ള പരിമിതമായ അവകാശങ്ങളെ പോലും പരിമിതപ്പെടുത്തുന്നതിനുവേണ്ടി, അത് കാർന്നെടുക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ, ഫൈനാൻസ് കമ്മിഷന്റെ ശുപാർശ നമുക്ക് ഇത്തിരി ദോഷം ചെയ്തിട്ടുണ്ട്. ഫൈനാൻസ് കമ്മിഷൻ ചരിത്രത്തിലാദ്യമായി ഒരു പുതിയ റഫറൻസ് നടത്തിയിരുന്നു. അതായത് സംസ്ഥാനങ്ങളിലെ ഫിസ്ക്കൽ പൊസിഷനെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി, അതിനെക്കുറിച്ച് പഠിക്കുന്നതിനു വേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചു. അവരുടെ ശുപാർശ എന്താണ് ? എന്തുകൊണ്ട് നമ്മുടെ രാജ്യത്തെ സ്നേഹിക്കുന്ന ആളുകൾ ഇതൊന്നും കാണുന്നില്ല. ആ ഫിസ്ക്കൽ പഠനം നടത്തിക്കഴിഞ്ഞിട്ട് കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളോട് സ്വീകരിച്ച നയം എന്താണ്. സംസ്ഥാനത്തിന് നിറവേറ്റാൻ പണം വേണമെങ്കിൽ എം. ഒ. യു. ഒപ്പുവയ്ക്കണമെന്ന് നിർബന്ധിക്കുന്നു. പണ്ടൊക്കെ ഒരു പുതിയ വ്യവസായം സ്ഥാപിക്കുന്നതിന് പ്രാരംഭ ചർച്ച ചെയ്യുമ്പോൾ എം. ഒ. യു. ഒപ്പുവയ്ക്കാറുണ്ട്. പക്ഷേ ഇപ്പോൾ ഒരു പുതിയ പ്രതിഭാസം. ബി. ജെ. പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവർ സ്വീകരിച്ച തെറ്റായ സാമ്പത്തികനയത്തിന്റെ ഫലമായി സംസ്ഥാന ഗവൺമെന്റുകൾ .സാമ്പത്തിക ദാരിദ്ര്യം അനുഭവിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ സംസ്ഥാന ഗവൺമെന്റിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പരിമിതമായ സ്വാതന്ത്ര്യത്തെപ്പോലും, അത് പരിമിതപ്പെടുത്തുന്നതിനുള്ള ശ്രമത്തിന്റെ ഫലമായി ഇപ്പോൾ എം. ഒ. യു ഒപ്പിടാൻ നിർബന്ധിക്കുന്നു. നമ്മുടെ ബഹുമാന്യനായ ധനകാര്യവകുപ്പു മന്ത്രി അങ്ങനെയുള്ള സമ്മർദ്ദങ്ങൾക്കൊന്നും വഴങ്ങാത്ത കേന്ദ്ര ഗവൺമെന്റ് എം. ഒ. യു ഒപ്പിടണമെന്ന് നിർബന്ധിച്ചാലും അതിൽ നിന്നും വഴുതിമാറി കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ കാണിച്ച ജാഗ്രതയിൽ അദ്ദേഹത്തെ അഭിനന്ദിക്കേണ്ടതാണ്. എന്തിനൊക്കെയാണ് എം. ഒ. യു വിൽ ഒപ്പിടുന്നത് ? ഒന്ന്, സബ്സിഡി കുറയ്ക്കണം, രണ്ട്, ഗവൺമെന്റ് ജീവനക്കാരുടെ എണ്ണം കുറയ്ക്കണം, മൂന്ന് ശമ്പളവും ക്ഷാമബത്തയും മരവിപ്പിക്കണം, നാല്, പൊതുമേഖലകളെ സ്വകാര്യവൽക്കരിക്കണം. അഞ്ച്, പ്ലാൻ വെട്ടിച്ചുരുക്കണം. ഇത്തരത്തിലുള്ള എം. ഒ. യു ഒപ്പിടുക എന്നുപറയുന്നത് എങ്ങനെയാണ് ? ചിന്തിക്കാൻ കഴിയുമോ ? പക്ഷേ നിർഭാഗ്യമെന്നു പറയട്ടെ, കോൺഗ്രസ് ഭരിക്കുന്ന പല സംസ്ഥാനങ്ങളിലും എം. ഒ. യു ഒപ്പിട്ടു. രാജസ്ഥാനിൽ എം. ഒ. യു ഒപ്പിട്ടു. മധ്യപ്രദേശിൽ കോൺഗ്രസാണ് ഭരിക്കുന്നത്. അവരും ഒപ്പിട്ടു. യു. പി. യിൽ ബി. ജെ. പി ഭരിക്കുന്നു. ആസ്സാം, ഒറിസ്സ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ സമ്മർദ്ദത്തിന്റെ ഫലമായി സംസ്ഥാന ഗവൺമെന്റ് രാജ്യതാൽപ്പര്യത്തിനെതിരായി സ്വാതന്ത്ര്യത്തെപ്പോലും ഹനിക്കത്തക്ക രീതിയിൽ എം. ഒ. യു. വിൽ ഒപ്പുവച്ചുവച്ചിരിക്കുകയാണ്. ഏഴു സംസ്ഥാനങ്ങൾ ഇതിനോടകം ഒപ്പുവച്ചുകഴിഞ്ഞിരിക്കുന്നു. ജനാധിപത്യപ്രസ്ഥാനങ്ങളെ അവഹേളിക്കാതെ എന്തുകൊണ്ട് കേരളം വ്യത്യസ്തമായ നിലപാട് സ്വീകരിച്ചു ? ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അങ്ങനെ ഒരു നിലപാട് സ്വീകരിച്ചതിനെ നമ്മുടെ പ്രതിപക്ഷനേതാക്കൾപോലും അത് ശരിയാണെന്ന് പറയേണ്ടതല്ലേ. അതല്ലേ സൃഷ്ടിപരമായ വിമർശനം. നിർഭാഗ്യവശാൽ അവരുടെ ഭാഗത്തുനിന്ന് അതുണ്ടായില്ല. അതുപോലെതന്നെ പ്ലാൻ എമൗണ്ട് കുറയ്ക്കണമെന്നാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നിർബന്ധിക്കുന്നത്. അവരതിന് വളരെ സംഘടിതമായി നീങ്ങുന്നു. അതൊക്കെ ഇവിടെയൊക്കെ എങ്ങനെയൊക്കെ അവസാനിക്കുമെന്ന് പറയാൻ ഒക്കുകയില്ല. എങ്കിലും ഇപ്പോൾതന്നെ അനുവദിച്ച പ്ലാനിൽനിന്ന് യു. പി. 53 ശതമാനവും രാജസ്ഥാൻ 42 ശതമാനവും വെട്ടികുറയ്ക്കാൻ സമ്മതിച്ചു. മഹാരാഷ്ട്ര 37 ശതമാനം കുറവു വരുത്തിയിരിക്കുന്നു. നമ്മുടെ മേലും ഇതിനെക്കുറിച്ച് സമ്മർദ്ദമുണ്ട്. അതിനെക്കുറിച്ച് അവസാനമായി എന്തു തീരുമാനമെടുത്തിരിക്കുന്നുവെന്നുള്ളത് എനിക്കറിയില്ല. ഞാൻ ഈ അവസരത്തിൽ മറ്റൊരുകാര്യം കൂടി പറയുകയാണ്. നമ്മുടെ പേ കമ്മിഷൻ ശുപാർശകൾ, 5-ാം പേകമ്മീഷൻ എത്ര സംസ്ഥാനങ്ങളാണ് നടപ്പിലാക്കിയത്. പത്രം വായിച്ചാൽ ഗവൺമെന്റ് ജീവനക്കാരുടെ സംഘടനകൾ പലപ്പോഴും ഗവൺമെന്റിനെ നിർദാക്ഷിണ്യം വിമർശിക്കുകയാണോ എന്നാണ് എനിക്കു തോന്നുന്നത്. കാരണം വളരെ ചുരുങ്ങിയ സംസ്ഥാനങ്ങളിൽ മാത്രമേ 5-ാം പേ കമ്മിഷൻ ശുപാർശ ആത്മാർത്ഥമായി നടപ്പിലാക്കിയിട്ടുള്ളൂ. നമ്മുടെ സംസ്ഥാനത്തിന് ഭാരിച്ച തുകയാണ് 5-ാം പേ കമ്മീഷൻ ശുപാർശ നടപ്പിലാക്കുന്നതിന് വേണ്ടിവന്നതെന്ന് നമുക്കറിയാം. ഇന്നും 5-ാം പേ കമ്മീഷൻ നടപ്പിലാക്കാത്ത സംസ്ഥാനങ്ങളുണ്ട് എന്നുള്ളത് പലരും വിസ്മരിക്കുന്നു. നമ്മുടെ തൊട്ടടുത്തുള്ള കർണാടക സംസ്ഥാനത്തിൽ കോൺഗ്രസാണ് ഭരിക്കുന്നത്. അവിടെ ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

5-ാം പേ കമ്മീഷൻ ശുപാർശ നടപ്പിലാക്കിയിട്ടില്ല. അതുപോലെ രാജസ്ഥാനിലും കോൺഗ്രസാണ് ഭരിക്കുന്നത്. അവിടത്തെ ജീവനക്കാർ ഒന്നടങ്കം കക്ഷി രാഷ്ട്രീയത്തിനതീതമായി പണിമുടക്കു നടത്തി. പണിമുടക്ക് അടിച്ചമർത്താൻ ശ്രമിച്ചു. അവസാനം പണിമുടക്ക് പിൻവലിച്ചു. 5-ാം ശമ്പള കമ്മിഷന്റെ ശുപാർശയനുസരിച്ചുള്ള ശമ്പളവർദ്ധനവിനുവേണ്ടിയായിരുന്നു അത്. എന്നാൽ ഗവൺമെന്റ് ജീവനക്കാരോട് വളരെ ഉദാരമായ സമീപനം സ്വീകരിച്ച സർക്കാരാണ് ഇതെന്നുള്ളത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ ? അതുകൊണ്ടാണ് രണ്ട് ഗഡു ഡി. എ. കൂടി കൊടുക്കാൻ തീരുമാനിച്ചത്. അത് ഗവൺമെന്റു ചെയ്ത നല്ല കാര്യമാണെന്ന് ഞാൻ പറയട്ടെ. ഇത് അവസാന ബഡ്ജറ്റ് എന്നുള്ളനിലയിൽ മോഹനസുന്ദര വാഗ്ദാനങ്ങളൊക്കെ ഇതിൽ എഴുതിവയ്ക്കാമായിരുന്നല്ലോ. എന്തുകൊണ്ട് ചെയ്തില്ല. ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിത്. എന്തെങ്കിലും വാഗ്ദാനങ്ങൾ പറഞ്ഞാൽ അത് നിറവേറ്റേണ്ടിവരും. വളരെ ക്രീയാത്മകമായ നിർദ്ദേശങ്ങളാണ് ഈ ഗവൺമെന്റ് നടപ്പാക്കികൊണ്ടിരിക്കുന്നത് എന്ന കാര്യം മറന്നുപോകരുത്. ഇതിനെക്കുറിച്ച് നമ്മൾ എന്താണ് പറയുന്നത്. ശ്രീ. പ്രണബ് മുഖർജി ബിസിനസ് ടുഡേ യിൽ ഒരു പ്രസ്താവന കൊടുത്തിട്ടുണ്ട്. അദ്ദേഹം പറയുന്നത് നമ്മെളൊക്കെ അറിഞ്ഞിരിക്കണം. Expenditure control is very important. There should be some understanding with Government employees for a moratorium may be limited one, on icrease in perks etc. ഇത് ഫെബ്രുവരി 6-ാം തീയതിയിലെ 'ബിസിനസ് ടുഡേയിൽ' വന്നതാണ്. ശ്രീ. പ്രണാബ് മുഖർജി മൻധനകാര്യവകുപ്പു മന്ത്രിയാണ്. ഇൻഡ്യയിലെ മികച്ച സാമ്പത്തിക വിദഗ്ദ്ധനുമാണ്. അദ്ദേഹം പറഞ്ഞിരിക്കുന്നു There should be some understanding with Government employees for a moratorium എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണെന്ന് ഈ സഭയിലെ മെമ്പർമാരോട് ഞാൻ പറഞ്ഞു മനസിലാക്കിച്ചു തരേണ്ട കാര്യമില്ല. അങ്ങനെ ഒരു സമീപനം ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ചോ ? ഇല്ല. നിങ്ങൾ അതു കാണണ്ടേ. 5-ാം ശമ്പള കമ്മിഷന്റെ കാര്യത്തിലായാലും, ഡി. എ. യുടെ കാര്യത്തിലായാലും ഇടതുപക്ഷ ജനാധിപത്യമുന്നണി ഉദാരമായ സമീപനം സ്വീകരിച്ചപ്പോൾ കോൺഗ്രസിന്റെ പഴയ നേതാക്കന്മാരായ, മന്ത്രിമാരായ നേതാക്കന്മാർ, ആധികാരികമായി പറയുന്നു There should be some understanding with Government employees for a moratorium അതിനോട് നമുക്ക് യോജിപ്പില്ല. അതിൽ നിന്നു വ്യത്യസ്തമായി ഗവൺമെന്റ് ജീവനക്കാർക്ക് ന്യായമായ അവകാശങ്ങൾ അംഗീകരിച്ചു നൽകിയിരിക്കുന്ന ഒരു ഗവൺമെന്റാണിത്. കോൺഗ്രസുകാരുടെ സമീപനത്തിൽ നിന്ന് വ്യത്യസ്തമായ സമീപനം സ്വീകരിച്ചിരിക്കുന്ന ഒരു ഗവൺമെന്റാണിതെന്നു മാത്രം പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. സമീപകാലത്ത് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാട് എന്താണ് ? ജീവനക്കാരുടെ പി. എഫ് -ൽ 30 ശതമാനം ഇൻകംടാക്സ് ചുമത്തുമെന്നുള്ള പത്രവാർത്ത വന്നിരിക്കുകയാണ്. അങ്ങനെ ജിവനക്കാർക്കെതിരായി കടന്നാക്രമണം ആരംഭിച്ചിരിക്കുന്നു. ഗവൺമെന്റ് ജീവനക്കാരായാലും, പബ്ലിക് സെക്ടർ ജീവനക്കാരായാലും, സ്വകാര്യ മേഖലയിലെ ജീവനക്കാരായാലും, മറ്റു

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളായാലും അവർക്ക് നിലവിലുള്ള അവകാശങ്ങളുടെ മേൽ കടന്നാക്രമിക്കുന്നതിനുവേണ്ടി ഭരണാധികാരിവർഗം ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് ഇത്തരം പ്രഖ്യാപനങ്ങൾ വന്നത്. പുതിയ സാമ്പത്തിക നയം ആവിഷ്കരിച്ചതോടുകൂടി തൊഴിലാളിവർഗം നേടിയെടുത്ത പല അവകാശങ്ങളും ഓരോന്നോരോന്നായി നിഷേധിക്കാനുള്ള വെമ്പലാണ് കേന്ദ്ര ഭരണാധികാരികൾ കാണിക്കുന്നത്. ഇതൊക്കെ പരിശോധിച്ചുകൊണ്ടായിരിക്കണം നമ്മുടെ പ്രതിപക്ഷനേതാന്മാർ ഈ ബഡ്ജറ്റിനെക്കുറിച്ചുള്ള സമീപനമെടുക്കേണ്ടത്. നമ്മുടെ രാജ്യത്ത് ഉരുണ്ടുകൂടുന്ന സാമ്പത്തിക തകർച്ചയുടെ ഫലമായിട്ടുള്ള തൊഴിലില്ലായ്മ, ഫാക്ടറികൾ അടയ്ക്കുന്നതുമൂലമുണ്ടാകുന്ന തൊഴിൽനഷ്ടം ഇതൊക്കെ കൂടുകയാണ്. ഇങ്ങനെയുള്ള നൂറുനൂറു കാര്യങ്ങൾ നമ്മുടെ കൺമുമ്പിലുള്ളത് കണ്ടില്ലെന്ന് നടിക്കരുത്. അതിന്റെ മധ്യത്തിൽ നിന്നുകൊണ്ട് ജനങ്ങളെ പരമാവധി സഹായിക്കുന്നതിനുവേണ്ടി വളരെ ഉത്തരവാദിത്വത്തോടുകൂടിയും അതോടൊപ്പംതന്നെ കൺസ്ട്രക്ടീവായിട്ടുള്ള സമീപനത്തോടുകൂടിയുമുള്ള ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ശിവദാസമേനോൻ അവതരിപ്പിക്കുന്നത്. അദ്ദേഹത്തെ ഒരിക്കൽക്കൂടി അനുമോദിക്കുകയാണ്. മറ്റൊരുകാര്യം കേരളത്തെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ പല പ്രാവശ്യം ചർച്ച ചെയ്തതാണ് കാർഷികോൽപ്പന്നങ്ങളുടെ വിലക്കുറവിനെ സംബന്ധിച്ചുള്ള കാര്യം. ഞാൻ ഈയടുത്തകാലത്ത് ഒരു ജാഥ നയിച്ചു. വയനാട്ടിൽ നിന്നായിരുന്നു അത് തുടങ്ങിയത്. 'തോട്ടം വ്യവസായത്തെ സംരക്ഷിക്കൂ, തോട്ടം തൊഴിലാളികളുടെ അവകാശങ്ങൾ രക്ഷിക്കൂ' എന്ന മുദ്രാവാക്യം ഉയർത്തികൊണ്ടാണ് ആ ജാഥ നടത്തിയത്. ഇന്ന് തോട്ടം മേഖലയിലെ സ്ഥിതി എന്താണ്? കാർഷികോൽപ്പന്നങ്ങളെ സംബന്ധിച്ചിടത്തോളം ... ഒരുകാലത്ത് ചിലയാളുകളൊക്കെ പറയുമായിരുന്നു. റബ്ബർ, തേയില എന്നൊക്കെ പറഞ്ഞാൽ അതൊക്കെ മുതലാളിമാരുടെ ഏർപ്പാടാണെന്ന്. കേരളത്തിൽ മാത്രമായി പത്തു ലക്ഷത്തോളം ചെറുകിട റബ്ബർ കൃഷിക്കാരുണ്ട്. പീരുമേട്ടിലും വയനാട്ടിലുമൊക്കെ ധാരാളം തേയിലത്തോട്ടങ്ങളുണ്ട്. തേയില, കാപ്പി, ഏലം, റബ്ബർ എന്നീ കൃഷിയിൽ കുറഞ്ഞ മുതൽമുടക്കുകൊണ്ട് കൂടുതൽ തൊഴിലാളികൾക്ക് ജോലികൊടുക്കാൻ സാധ്യതയുള്ള രംഗമാണ്. കേരളത്തിൽതന്നെ തോട്ടംമേഖലയിൽ മൂന്നുലക്ഷത്തോളം ജീവനക്കാരുണ്ട്. അവരെ ആശ്രയിച്ചുകഴിയുന്ന അനേകലക്ഷം കുടുംബങ്ങളും. ആ വ്യവസായത്തിലുണ്ടാകുന്ന തകർച്ച നമ്മുടെ രാജ്യത്തെ സമ്പദ്ഘടനയിൽ വമ്പിച്ച മാറ്റമുണ്ടാക്കും. ഖജനാവിലേക്കുള്ള വരവു കുറയും. അതോടൊപ്പം ആ വ്യവസായത്തെ ആശ്രയിക്കുന്ന ലക്ഷകണക്കിന് തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുരിതപൂർണമാകും. ഇവിടെ റബ്ബറിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ... നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കുമരകത്തു വന്ന അവസരത്തിൽ നടത്തിയ പ്രസ്താവനകളുണ്ട്. ഞാൻ പത്രത്തിൽ വന്നതൊന്നും വായിക്കുന്നില്ല. പല നേതാക്കന്മാരും പത്രക്കാരും അദ്ദേഹത്തെ പോയി കണ്ടു. ഏറ്റവുമൊടുവിൽ പത്രം എഴുതിയത് എന്താണ് ? പ്രധാനമന്ത്രി കുമരകത്തുവച്ച് പ്രഖ്യാപിക്കുമോ, അതോ കോട്ടയത്തുകൂടുന്ന ബി. ജെ.പി. യോഗത്തിൽ വച്ച് പ്രഖ്യാപിക്കുമോ. അതാണ് പ്രധാനമന്ത്രി കേരളത്തിന്റെ താൽപ്പര്യത്തെ അംഗീകരിച്ചുകൊണ്ട് റബ്ബറിനെ സംബന്ധിച്ചിടത്തോളം കാർഷിക ഉൽപന്നമായി അംഗീകരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നുവെന്ന് തീരുമാനിച്ചിരിക്കുന്നു എന്നുള്ള പ്രതീതി ഈ രാജ്യത്തുണ്ടാക്കിയത്. ഞാൻ ആരെയും കുറ്റം പറയുന്നില്ല. പലരും പലതും പ്രതീക്ഷിച്ചു. എന്താണ് സംഭവിച്ചത്. റബ്ബറിനെ കാർഷിക ഉൽപ്പന്നമായി പ്രഖ്യാപിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. അത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. മൂന്നുകോടി ജനങ്ങളെ പ്രതിനിധീകരിക്കുന്ന ഈ സഭ ഐകകണ്ഠേന പാസാക്കിയതല്ലേ ഒരു കിലോ റബ്ബറിന് 55 രൂപ കൊടുക്കണമെന്നുള്ളത്. നമ്മളല്ലേ അതു പാസാക്കിയത്. ആ പ്രമേയത്തോട് നമുക്ക് കൂറുവേണ്ടേ ? അത് നടപ്പിലാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണ്ടേ ? സമീപകാലത്ത് കേരളാ ഹൈക്കോടതിയിൽ ഒരു തീരുമാനം ഉണ്ടായി. റബ്ബർ ആക്ടിൽ ഒരു വ്യവസ്ഥയുണ്ട്. അതനുസരിച്ച് കുറഞ്ഞ വില നിശ്ചയിക്കുവാൻ ഇന്ത്യാ ഗവൺമെന്റ് ബാധ്യസ്ഥമാണ്. അതു ചൂണ്ടിക്കാണിച്ചപ്പോൾ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി കേന്ദ്ര ഗവൺമെന്റിനോട് റബ്ബറിനു കുറഞ്ഞ വില നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടു. കേരളത്തിലെ 10 ലക്ഷം റബ്ബർ കൃഷിക്കാരോട് താൽപ്പര്യം ഉണ്ടായിരുന്നുവെങ്കിൽ നടപ്പാക്കുമായിരുന്നില്ലേ ; എന്തു കൊണ്ട് നടപ്പാക്കിയില്ല ? അവർ ഹൈക്കോടതിയുടെ തീരുമാനത്തെ ചോദ്യംചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ പോയി. സുപ്രീം കോടതിയിൽപ്പോയി വാദിച്ചത് എന്താണ് ? ഇൻഡ്യയിലെ കാർഷികോൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത് സംബന്ധിച്ച് വാദിക്കാൻ ജുഡീഷ്യറിക്ക് അവകാശമില്ല. പക്ഷേ റബ്ബർ ആക്ടിൽ വ്യവസ്ഥയുണ്ട്. അതു ചൂണ്ടികാണിച്ചപ്പോഴാണ് ശരിയെന്ന് സുപ്രീം കോടതിയും അംഗീകരിച്ചത്. റബ്ബറിനു കുറഞ്ഞ വില നിശ്ചയിക്കണമെന്ന കേരള ഹൈക്കോടതിയുടെ തീരുമാനം സുപ്രീം കോടതിയും അംഗീകരിച്ചിരിക്കുകയാണ്. സുപ്രീംകോടതിയിൽ അതിന് എതിരായി കേന്ദ്ര ഗവൺമെന്റ് കൊടുത്ത അപ്പീൽ തള്ളിക്കളഞ്ഞിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ റബ്ബറിനു കുറഞ്ഞ വില നിശ്ചയിക്കണമെന്ന് വാദിക്കുന്നതിന് നീതിയും അടിസ്ഥാനവുമുണ്ട്. നമ്മുടെ നിയമസഭ ഒരു കിലോ റബ്ബറിന് 55 രൂപ നിശ്ചയിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ, ഹൈക്കോടതി തീരുമാനം സുപ്രീംകോടതിയും അംഗീകരിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഇൻഡ്യാ ഗവൺമെന്റിനു കൃഷിക്കാരോട് താൽപ്പര്യമുണ്ടെങ്കിൽ തീർച്ചയായും അതു ഉപയോഗിച്ച് ഇതിനോടകംതന്നെ കുറഞ്ഞ വില നിശ്ചയിക്കാമായിരുന്നു. അതിനു മാർഗ്ഗദർശിയായി കേരള നിയമസഭ ഒരു കിലോ റബ്ബറിനു 55 രൂപ കൊടുക്കണമെന്നുള്ള നിർദ്ദേശം വച്ചിട്ടുണ്ട്. ശ്രീ. ടി. എം. ജേക്കബ് ഉൾപ്പെടെയുള്ള നേതാക്കന്മാർ പങ്കെടുത്ത വിമോചന യാത്രയിൽ ഒന്നുരണ്ട് സ്ഥലത്ത് പ്രസംഗിച്ചത് ഞാനും കേട്ടു. കേരളത്തിലെ റബ്ബർ, കാപ്പി, ഏലം തേയില തുടങ്ങിയവ കൃഷിചെയ്യുന്നവരുടെ യാതനയെക്കുറിച്ച് ഒരു വാക്ക്. ഇതു കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയത്തിന്റെ ഫലമായിട്ടാണ് സംഭവിച്ചതെന്ന് പറയുവാൻ നിങ്ങൾക്ക് കഴിഞ്ഞോ ? ശ്രീമതി സോണിയാ ഗാന്ധി വന്ന് നിങ്ങളുടെ ചെവിയിൽപിടിച്ചപ്പോൾ ..... ഞാൻ പറയണോ ?..... ഡൽഹിയിൽ .....

ശ്രീ. ടി. എം. ജേക്കബ് : അങ്ങനെയാണെങ്കിൽ അങ്ങയുടെ പ്രസംഗം നിങ്ങൾ കേട്ടു എന്നുപറയുന്നത് കളവാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ : ഞാൻ കേട്ടു. ശ്രീ. ടി. എം. ജേക്കബ് താമസിച്ച ബത്തേരി ടി. ബി. യിൽ ഞാനും ഉണ്ടായിരുന്നു. പ്രസംഗം കേട്ടു. ഏത് നേതാവ് പ്രസംഗിച്ചു എന്നുള്ളതല്ല. വയനാട് മുതൽ മോചന യാത്ര സമാപിക്കുന്നതുവരെ നിങ്ങൾ പ്ലാന്റേഷൻ മേഖലയിലൂടെയാണ് സഞ്ചരിച്ചത്. എന്തുകൊണ്ട് കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില കൊടുക്കണമെന്ന് ശക്തമായിട്ട് ആവശ്യപ്പെട്ടില്ല. നിങ്ങൾ പറഞ്ഞു ഇതൊക്കെ നായനാർ ഗവൺമെന്റ് ചെയ്യേണ്ടതാണ്. മേയ് മാസം എന്നൊരു മാസം ഉണ്ടെങ്കിൽ അതു കഴിഞ്ഞോട്ടെ, ഇതെല്ലാം ശരിയാകും എന്നാണ് നിങ്ങൾ പറഞ്ഞത്. യഥാർത്ഥ വസ്തുത നിങ്ങൾ മറച്ചുവച്ചു. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനു എതിരെ പോരാടണമെന്ന് ശ്രീമതി സോണിയാഗാന്ധി പറഞ്ഞതനുസരിച്ച് ചിലപ്പോൾ നിങ്ങൾക്ക് മാറ്റമുണ്ടാകും. ഡൽഹിയിൽ നടന്ന കർഷക പ്രകടനത്തെക്കുറിച്ച് നിങ്ങൾക്ക് മനസിലായല്ലോ ? നല്ല പ്രകടനമായിരുന്നു. ബി. ജെ. പി. മന്ത്രി പറഞ്ഞത് എന്താണ് ? ഇതൊന്നും ഞങ്ങളുടെ കുട്ടികളല്ല, ഈ കുട്ടികളുടെ ഉത്തരവാദിത്വം കോൺഗ്രസിനാണ്. അതുകൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്തണ്ട എന്നാണ് അവർ പ്രസംഗിച്ചത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അങ്ങേയ്ക്ക് ഒന്ന് വഴങ്ങാമോ ?

ശ്രീ. സി. എ. കുര്യൻ : ഞാൻ ഒരു സാധുവാണ്. എന്നെ വിടൂ. നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്, കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നത്തിലെങ്കിലും നമുക്ക് ഒന്നിച്ചു നിൽക്കുവാൻ കഴിയണമെന്നാണ്. യഥാർത്ഥത്തിൽ നിങ്ങൾ വിരൽ ചൂണ്ടുന്നത് ആർക്ക് നേരെയാണ്, കേന്ദ്ര ബി. ജെ. പി. സർക്കാരിന്റെ ആ തെറ്റായ നയം തിരുത്തുന്നതിനുള്ള പോരാട്ടത്തിന്റെ കാര്യത്തെക്കുറിച്ച് ചിന്തിക്കാതെ നിങ്ങൾ ആയിരക്കണക്കിനു ആളുകളെ അണിനിരത്തി ഇതിന്റെയെല്ലാം ഉത്തരവാദിത്വം എൽ. ഡി. എഫ്. ഗവൺമെന്റിനാണ്, നായനാർ ഗവൺമെന്റിനാണ് എന്നുപറഞ്ഞതുകൊണ്ട് ജനങ്ങൾ വിശ്വസിക്കുമെന്ന് തോന്നുന്നില്ല. എന്തുകൊണ്ടാണ് വയനാട്ടിലെ കാര്യം എടുത്തത്. അവിടെ കാപ്പിക്കൃഷിയാണ് ഉള്ളത്. ഒരു കിലോഗ്രാമിനു 60-70 രൂപ കിട്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 15-20 രൂപയാണുള്ളത്. വയനാട്ടിൽ നിന്നുകൊണ്ട് കാപ്പിക്ക് വില കിട്ടാത്തതിന് ഉത്തരവാദി നായനാർ ഗവൺമെന്റാണ് എന്നുപറഞ്ഞാൽ വയനാട്ടിലെ കൊച്ചു കുട്ടി പോലും വിശ്വസിക്കുകയില്ല. നിങ്ങൾ മനസിലാക്കണം, തൊട്ടടുത്ത കർണാടക മുഖ്യമന്ത്രി അവിടത്തെ കൃഷിക്കാരെയും തൊഴിലാളികളെയും വിളിച്ചുകൂട്ടി പറഞ്ഞത് എന്താണെന്നറിയാമോ ? കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയത്തിന്റെ ഫലമായാണ് കാപ്പിക്കുരുവിനു ന്യായവില കിട്ടാത്തതെന്ന് ബാംഗ്ലൂരിൽ വച്ചുനടന്ന മീറ്റിംഗിൽ അദ്ദേഹം പ്രഖ്യാപിച്ചു. അവിടെ ആരാണ് പറഞ്ഞത് ? ശ്രീ. നായനാർ അല്ലല്ലോ. കേരളത്തെ വട്ടംചുറ്റി കേരളത്തിലെ കാർഷികോൽപ്പന്നങ്ങൾക്ക് വില കുറഞ്ഞതിനു ഉത്തരവാദി ഈ ഗവൺമെന്റ് ആണെന്ന് പ്രചരിപ്പിക്കുന്ന ആ സമീപനം തിരുത്തണം. റബ്ബർ, തേയില, കാപ്പി, ഏലം തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് ന്യായ വില കിട്ടണമെന്ന് ആഗ്രഹം ഉണ്ടെങ്കിൽ നിങ്ങൾ ചെയ്യേണ്ടത്, ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ നിങ്ങൾ വിസ്മരിക്കരുത്. നമുക്ക് ഒന്നിച്ചുനിൽക്കാം ..... (ബഹളം).....

മി.സ്പീക്കർ : പ്ലീസ് ..... പ്ലീസ് ..... അദ്ദേഹത്തെ തടസപ്പെടുത്തരുത്.

ശ്രീ. സി. എ. കുര്യൻ : ഞാനൊരു ട്രേഡ് യൂണിയൻ പ്രവർത്തകൻ എന്ന നിലയിൽ ആ രംഗത്ത് അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ എന്താണെന്ന് നല്ലതുപോലെ അറിയാം. ഒരുപക്ഷേ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെക്കാളും ശ്രീ. ടി. എം. ജേക്കബിനെക്കാളും തോട്ടം മേഖലയിലെ തൊഴിലാളികൾ നേരിടുന്ന കഷ്ടനഷ്ടങ്ങൾക്കൊക്കെ ദൃക്സാക്ഷിയാണ് ഞാൻ. അതുകൊണ്ട് ഞാൻ ഹൃദയവേദനയോടുകൂടി പറയുകയാണ് കേരളത്തിലെ 3 ലക്ഷം തോട്ടം തൊഴിലാളികളും 10 ലക്ഷത്തോളം വരുന്ന റബ്ബർ കൃഷിക്കാരും ഉൾപ്പെടുന്ന വമ്പിച്ച ഒരു ജനസമൂഹം നേരിടുന്ന പ്രശ്നം, ഈ ഉൽപന്നങ്ങൾക്ക് ന്യായവില കിട്ടാത്തതിനു ഒരു പരിഹാരം ഉണ്ടാക്കുന്ന കാര്യത്തിൽ നമുക്ക് എന്തുകൊണ്ട് ഗൗരവമായി ചിന്തിച്ചുകൂടാ ? ഈ നിയമസഭ പ്രമേയം പാസാക്കിയിട്ടുണ്ട്. ഒരു കിലോ റബ്ബറിന് 55 രൂപ കിട്ടണമെന്ന് എവിടെയെങ്കിലും നിങ്ങളുടെ യോഗത്തിൽ പ്രസംഗിച്ചിട്ടുണ്ടോ ? നിങ്ങൾ പറഞ്ഞിട്ടില്ല. അങ്ങനെ ഒരു സമീപനം ശരിയല്ല. തേയിലയുടെ സ്ഥിതി വളരെ ഗുരുതരമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് നല്ലതുപോലെ അറിയാം. തേയില വ്യവസായത്തെയും റബ്ബർ വ്യവസായത്തെയും സംരക്ഷിക്കാൻ വേണ്ടി ഇവിടെ സെയിൽസ് ടാക്സ് ഇളവ് ചെയ്തുകൊടുത്തു. കേന്ദ്ര ഗവൺമെന്റ് ചെയ്തത് എന്താണെന്നേ, നിങ്ങൾ പറയുന്നുള്ളൂ. സംസ്ഥാന ഗവൺമെന്റ് എന്തു ചെയ്തു എന്ന് പല യോഗങ്ങളിലും നിങ്ങൾ പ്രസംഗിക്കുന്നുണ്ട്. 8 ശതമാനം ഉണ്ടായിരുന്ന തേയിലയുടെ സെയിൽസ് ടാക്സ് 4 ശതമാനമാക്കി കുറച്ചു. അതുപോലെ കാപ്പിക്ക് 8 ശതമാനം ഉണ്ടായിരുന്ന സെയിൽസ് ടാക്സ് സംസ്ഥാന ഗവൺമെന്റ് 4 ശതമാനമാക്കി കുറച്ചു. അങ്ങനെ ഈ ഗവൺമെന്റിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാവുന്ന എല്ലാ സഹായവും ഈ പ്ലാന്റേഷൻ വ്യവസായത്തിലും അതുപോലെ തൊഴിലാളികളെ സഹായിക്കണമെന്ന നല്ല ആഗ്രഹത്തോടെ ചെയ്ത കാര്യങ്ങൾ എന്തുകൊണ്ട് നിങ്ങൾ വിസ്മരിക്കുന്നു ? അതിലെ മൂലകാരണം എന്താണ് ? ഞാൻ വിശദീകരണത്തിലേക്ക് പോകുന്നില്ല. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന തേയില വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നത് ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പുള്ള കാലഘട്ടം മുതൽ ചെയ്തുകൊണ്ടിരുന്നതാണ്. തേയില തോട്ടങ്ങളൊക്കെ ഇവിടെ ആരംഭിച്ചത് ബ്രിട്ടീഷുകാരാണ്. അവർ ഉൽപ്പാദിപ്പിച്ച തേയില വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയച്ച് വിദേശനാണ്യം നേടിത്തന്നിരുന്നതാണ്. അതു വിസ്മരിക്കാൻ കഴിയുകയില്ല. ഇവിടെ തേയില ഉൽപ്പാദിപ്പിച്ച് വിദേശ രാജ്യത്തേക്ക് കയറ്റി അയക്കുന്ന രാജ്യമായ ഇന്ത്യ ഇന്ന് അന്യ രാജ്യങ്ങളിൽനിന്ന് തേയില ഇറക്കുമതി ചെയ്യുന്നു. കേന്ദ്ര നയത്തെക്കുറിച്ച് നിങ്ങൾ ഒരക്ഷരം പറയുന്നുണ്ടോ ? അതു തെറ്റല്ലേ ? തേയില വിദേശരാജ്യത്തുനിന്നും ഇറക്കുമതി ചെയ്യണമെങ്കിൽ സാധാരണ 35 ശതമാനം തീരുവ കൊടുക്കണം. പക്ഷേ കേന്ദ്ര ഗവൺമെന്റ് ശ്രീലങ്കൻ തേയില ഇറക്കുമതി ചെയ്തതിന് ഏഴര ശതമാനം ഇറക്കുമതി തീരുവ ആർക്ക് കൊടുത്തു ? ചെന്നൈയിലെ ഒരു വലിയ കമ്പനിക്ക്. അതിലേക്ക് ഞാൻ കടക്കുന്നില്ല. അതിനെക്കുറിച്ച് പത്രവാർത്ത വന്നു. അതിൽ അഴിമതിയുണ്ട്. ഏഴര ശതമാനമായി കുറച്ചതിൽ ചില താൽപ്പര്യങ്ങളുണ്ടായിരുന്നു. പക്ഷേ അങ്ങനെ ശ്രീലങ്കൻ തേയില ഇറക്കുമതി ചെയ്യാൻ അനുവാദം കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ ഇൻഡ്യയിലെ തേയില വ്യവസായ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കാര്യം മാത്രമല്ല, നമ്മുടെ സമ്പദ്ഘടനയിലും കോട്ടം ഉണ്ടാക്കി, തേയിലയുടെ വില കുറഞ്ഞു. അതുകൊണ്ട് എന്തുചെയ്യണം, കേന്ദ്രത്തിൽ തേയില ഇറക്കുമതി ചെയ്യുന്നത് നിരോധിക്കണമെന്ന് ആവശ്യപ്പെടണം. വിദേശത്ത് നിന്നും വരുന്ന തേയില വെറും വേയ്സ്റ്റാണ്. കൊച്ചിൻ തുറമുഖത്തേക്ക് ഇന്ന് വരുന്നത് സിലോണിൽ നിന്ന് ആ വേസ്റ്റ് ഇൻഡ്യൻ തേയിലയുമായി മിക്സ് ചെയ്ത് ഇൻഡ്യൻ തേയില ബ്രാന്റാക്കി വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നു. വിദേശ കമ്പോളത്തിൽ ഇൻഡ്യൻ തേയിലയുടെ മാർക്കറ്റുപോലും നഷ്ടപ്പെടും. ഭാവിയിൽ നമ്മുടെ തേയില വ്യവസായം വലിയ അപകടത്തിലേക്ക് പോകും. ലിബിയ പോലും ഇൻഡ്യൻ തേയില വേണ്ട എന്നുള്ള കാര്യം പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. കാരണമെന്താണ് ? വിദേശത്തുനിന്ന് വേയ്സ്റ്റ് ഇറക്കി അത് ഇന്ത്യൻ തേയിലയോടൊപ്പം മിക്സ് ചെയ്ത് നമ്മുടെ തേയിലയുടെ ക്വാളിറ്റി കുറയ്ക്കുന്നു. അതുകൊണ്ട് ഇറക്കുമതി ചെയ്യുന്നത് നിരോധിക്കണമെന്ന് ശക്തിയായി നമ്മൾ ആവശ്യപ്പെടണം. യാതൊരു കാരണവശാലും വേയ്സ്റ്റ് ഇറക്കുമതി ചെയ്യാൻ പാടില്ല. കേരളാ ഗവൺമെന്റ് തേയിലയുടെ വിൽപ്പന നികുതി 8 ശതമാനമാക്കി കുറച്ചു. അതു നല്ല കാര്യമാണ്. അതിനുശേഷം ചില സംഭവവികാസങ്ങളുണ്ടായി. അതെന്താണ് ? ഇൻഡ്യാ ഗവൺമെന്റ് ടീ കൺട്രോൾ ആക്ട് ഭേദഗതി ചെയ്തു ലിഫ്റ്റ് ചെയ്യുകയാണ് ചെയ്തത്. അതിന്റെ അർത്ഥമെന്താണെന്നു ചോദിച്ചാൽ, ഒരു തോട്ടത്തിൽ ഉൽപ്പാദിപ്പിക്കുന്ന തേയിലയുടെ 75 ശതമാനം ഓക്ഷൻ വയ്ക്കണമെന്നായിരുന്നു നിയമം. അതു വേണ്ടെന്നു വച്ചിരിക്കുകയാണ്. നമ്മൾ എട്ടു ശതമാനം നികുതി നാലു ശതമാനമാക്കി കുറച്ചത് എങ്ങനെയാണ് ? ഓക്ഷനിൽ വയ്ക്കുന്ന തേയിലയ്ക്ക്, ഓക്ഷൻ ചെയ്യുന്ന ദിവസം മാത്രമേ കൊടുക്കുകയുള്ളൂ. ഓരോ തേയില ഉടമകൾക്കും ഇഷ്ടംപോലെ ഡോർ സെയിലിലോ മറ്റു രീതിയിലോ വിൽപ്പന ചെയ്യാനുള്ള അവകാശം കൊടുത്തു. എന്തിനാണ് ? തേയില വ്യവസായത്തെ സംരക്ഷിക്കണമെന്ന ഉദ്ദേശത്തിൽ. നമ്മുടെ ഗവൺമെന്റും തേയില വ്യവസായത്തെ, അതിന്റെ പ്രതിസന്ധി പരിഹരിക്കുന്നതുവരെ എട്ടുശതമാനം സെയിൽസ് ടാക്സ് നാലു ശതമാനമാക്കി കുറച്ചു. മറ്റു സ്ഥലങ്ങളിലും ഇത് കൊടുക്കണമെന്ന് ശക്തിയായി ആവശ്യപ്പെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : പ്ലീസ് ..... അങ്ങേയ്ക്ക് എത്ര സമയം വേണം ?

ശ്രീ. സി. എ. കുര്യൻ : ഒരു കാര്യം കൂടി പറയാനുണ്ട്. എന്റെ മണ്ഡലത്തെ ബാധിക്കുന്ന, കേരളത്തെ മൊത്തം ബാധിക്കുന്ന പ്രശ്നമായ മുല്ലപ്പെരിയാർ പ്രശ്നമാണ്. മുല്ലപ്പെരിയാർ അണക്കെട്ട് എന്റെ നിയോജകമണ്ഡലത്തിലാണ്. മുല്ലപ്പെരിയാർ അണക്കെട്ട് ഇന്ന് വലിയൊരു പ്രശ്നമായി ഉരുണ്ടുകൂടുകയാണ്. നമ്മുടെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുള്ള ചില കാര്യങ്ങൾ തുറന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1978-ൽ ഞാൻ എം. എൽ. എ. ആയിരുന്നപ്പോൾ, എം. എൽ. എ. എന്നുള്ള നിലയിൽ മുല്ലപ്പെരിയാർ ഡാം പൊട്ടിപ്പൊകുമെന്ന വലിയൊരു പ്രചരണം ഇടുക്കി ജില്ലയൊട്ടാകെ കൊടുംപിരികൊണ്ട സന്ദർഭത്തിൽ ജനവികാരം മാനിച്ച് എട്ടുദിവസം ഞാൻ നിരാഹാരം കിടന്നു. മുല്ലപ്പെരിയാർ

LIBRARY ARCHIVES Kerala Legislative Assembly

ഡാമിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ വേണ്ടിയാണ് അപ്രകാരം ചെയ്തത്. അന്ന് ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദ്കോയ ആയിരുന്നു മുഖ്യമന്ത്രി. അദ്ദേഹം അതിലിടപ്പെട്ടു. അദ്ദേഹത്തിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ എട്ടുദിവസത്തെ നിരാഹാരം ഞാൻ പിൻവലിച്ചു. അതിനെത്തുടർന്ന് സെൻട്രൽ വാട്ടർ കമ്മീഷൻ പരിശോധിച്ചു. സെൻട്രൽ വാട്ടർ കമ്മീഷന്റെ പരിശോധനയ്ക്കുശേഷം അവരുടെ ശുപാർശയനുസരിച്ച് 152 അടി ജലനിരപ്പ് 136 അടിയായി കുറച്ചു. ഞാൻ നിരാഹാരസമരം ആരംഭിച്ചതിനെത്തുടർന്നുള്ള പ്രക്ഷോഭണത്തിന്റെ ഫലമായാണ് അപ്രകാരമുണ്ടായത്. അതൊരു ജനകീയ സമരമായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ സെൻട്രൽ വാട്ടർ കമ്മീഷൻ അങ്ങനെയാണ് ജലനിരപ്പ് 136 അടിയാക്കി കുറച്ചത്. ഇപ്പോൾ കാലങ്ങൾ കഴിഞ്ഞു. സെൻട്രൽ വാട്ടർ കമ്മീഷൻ ശുപാർശയിൽ, പുതിയ ഡാം നിർമ്മിക്കുന്ന കാര്യം പരിശോധിക്കേണ്ടതാണെന്ന് ഒരു വ്യവസ്ഥയുണ്ടായിരുന്നു. പുതിയ ഡാം നിർമ്മിക്കുകയാണെങ്കിൽ ഓരോ വർഷവും ജലനിരപ്പ് നിർമ്മിക്കുന്നിടം വരെ നാലടി വീതം കുറയ്ക്കണമെന്ന മറ്റൊരു ശുപാർശയുമുണ്ടായിരുന്നു. ഞാൻ ആരെയും കുറ്റപ്പെടുത്താൻ പറയുകയല്ല. ആ റിപ്പോർട്ട് നടപ്പിലാക്കേണ്ടിയിരുന്നത് യു.ഡി. എഫ്. ഗവൺമെന്റായിരുന്നു. 1981 മുതൽ 1986 വരെ അധികാരത്തിലിരുന്ന യു. ഡി. എഫ്. ഗവൺമെന്റ് അതു ചെയ്തില്ല. ഞാൻ ഒരു കുറ്റമായിട്ട് പറയുകയല്ല. ഇപ്പോൾ പ്രശ്നം വരാൻ കാരണം ഭൂമികുലുക്കമാണ്. ഭൂമികുലുക്കം, മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചും അവിടത്തെ ആളുകളെ സംബന്ധിച്ചും വലിയൊരു പ്രശ്നമാണ്. ഒറ്റ വാക്കിൽ പറയുകയാണെങ്കിൽ അണക്കെട്ട് പുതിയതായിട്ട് നിർമ്മിക്കണം. അത് എങ്ങനെ നിർമ്മിക്കണം എന്നതൊക്കെ നിങ്ങൾ ആലോചിക്കണം. പക്ഷേ 50 വർഷത്തേയ്ക്കു മാത്രം കാലാവധി നിശ്ചയിച്ചുകൊണ്ട് നിർമ്മിച്ച ഒരു അണക്കെട്ട് ഇപ്പോൾ 106 വയസായി. 106 വർഷത്തിനു മുമ്പ് ആധുനികമായിട്ടുള്ള സാങ്കേതികവിജ്ഞാനം ഉപയോഗിച്ചുകൊണ്ടല്ല നിർമ്മിച്ചത്. ചുണ്ണാമ്പുകൊണ്ടും ശർക്കരകൊണ്ടും നിർമ്മിച്ചതാണ്. അന്ന് അണക്കെട്ട് നിർമ്മിച്ചപ്പോൾ സായിപ്പന്മാർ പറഞ്ഞിരുന്നു, 50 വർഷം കഴിയുമ്പോൾ പുതിയ അണക്കെട്ട് ഇതിനു തൊട്ടു താഴെ നിർമ്മിക്കുന്നതിന് അടയാളപ്പെടുത്തി അതിന്റെ തൂണുകൾ സ്ഥാപിച്ചിട്ടുണ്ട്. സായിപ്പന്മാർ അന്നത്തെ സാങ്കേതികവിജ്ഞാനം പരമാവധി ചെയ്തിട്ടുണ്ടെങ്കിലും ആധുനിക സാങ്കേതികവിജ്ഞാനം അനുസരിച്ച് ഭൂമികുലുക്കമോ അതുപോലുള്ള സംഭവങ്ങളോ ഉണ്ടായിക്കഴിഞ്ഞാൽ അതിനെ നേരിടുവാൻ തക്കസംവിധാനമൊന്നും ചെയ്തിരുന്നില്ല. ഇടുക്കി ഡാമിന് കുഴപ്പമില്ല. കാരണം, പുതിയ ഡാം നിർമ്മിക്കുമ്പോൾ ഇതിന്റെ പ്രതിവിധി കണ്ടുകൊണ്ട് നൂതന വിജ്ഞാനമനുസരിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. മുല്ലപ്പെരിയാർ ഡാം അങ്ങനെയല്ല നിർമ്മിച്ചിരിക്കുന്നത്. ഭൂമികുലുക്കമുണ്ടാകുമ്പോൾ അണക്കെട്ട് പൊട്ടിപ്പോകുമോ എന്നുള്ള ഭയം തിരുവനന്തപുരത്തോ കോട്ടയത്തോ അല്ലെങ്കിൽ മധുരയിലോ ഉള്ളവർക്കില്ല. പെരിയാറിന്റെ തീരത്ത് താമസിക്കുന്ന ലക്ഷകണക്കിനാളുകൾക്കാണ്. ഞാനൊരു അതിശയോക്തി പറയുകയല്ല. അവരൊക്കെ രാത്രിയിൽ കിടന്നുറങ്ങുന്നില്ലായെന്നത് സത്യമാണ്. കുട്ടികളെ ദൂരെയുള്ള സ്വന്തക്കാരുടെ വീടുകളിൽ ഏൽപ്പിച്ചിട്ട് അച്ഛനും അമ്മയും മാത്രമാണ് വീടുകളിൽ വന്നു കിടക്കുന്നത്. അതാണ് സംഭവം. അതിനൊരു പരിഹാരമെന്താണ് ? അതിനായി ഫെബ്രുവരി 12 -ാം തീയതി ഞങ്ങൾ, ഞങ്ങളെന്നു പറഞ്ഞാൽ അവിടെയുള്ള കക്ഷി പരിഗണന

LIBRARY ARCHIVES Kerala Legislative Assembly

നോക്കാതെ ഇതിനുവേണ്ടി ഒരു സംരക്ഷണ സമിതിയുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുവേണ്ടി 12-ാം തീയതി ഇടുക്കിയിൽ ഒരു ഹർത്താൽ നടത്തി. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട ഇ. എം. അഗസ്തിയും യു. ഡി. എഫ്. നേതാക്കന്മാരും പരസ്യമായി ഒരു പ്രസ്താവനയിറക്കി. ഇത് വെറും രാഷ്ട്രീയ സ്റ്റണ്ട് എന്നാണ്.

ശ്രീ. ഇ. എം. അഗസ്തി : ഞങ്ങളോട് ആലോചിച്ചിട്ടാണോ ? നിങ്ങളുടെ ആവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൊണ്ട് സമ്മതിപ്പിച്ചാൽ മതി.

ശ്രീ. സി. എ. കുര്യൻ : സർ, ഒരു ജനകീയ ആവശ്യമെന്നുള്ള നിലയിൽ ഇതിന്റെ സംരക്ഷണസമിതി എന്നു പറയുമ്പോൾ എൽ. ഡി. എഫ്. - മാത്രമല്ല പള്ളിവികാരികളും മറ്റു പല സംഘടനക്കാരുമുണ്ട്.

മി. സ്പീക്കർ : അദ്ദേഹം പറഞ്ഞുതീർക്കട്ടെ. നിങ്ങൾക്കെല്ലാം ചർച്ചയിൽ പങ്കെടുക്കാം.

ശ്രീ. സി. എ. കുര്യൻ : 1978 -ൽ ഞാൻ നിരാഹാരം കിടന്നതുപോലെ ഇപ്പോഴത്തെ ജനവികാരം മനസിലാക്കി എൽ. ഡി. എഫ്.-ന് ഇടുക്കിയിൽ ഒരു ഹർത്താൽ നടത്താം. ഗവൺമെന്റിന്റെയും ബന്ധപ്പെട്ടവരുടെയും ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടി ..... പക്ഷേ ബഹുമാനപ്പെട്ട അഗസ്തിയെപ്പോലുള്ള ആളുകൾ ഇതിൽ സഹകരിക്കണമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. പക്ഷേ അദ്ദേഹവും, യു. ഡി. എഫ്. കക്ഷികളും, യു. ഡി. എഫ്. കക്ഷികളെന്ന് എല്ലാവരെയും ഞാൻ പറയുന്നില്ല, കോൺഗ്രസിലെയും കേരളാ കോൺഗ്രസ് (എം) -ന്റെയും കേരളാകോൺഗ്രസ് (ജേക്കബ്) തുടങ്ങിയവർ, മുസ്ലീം ലീഗിനെ അതിൽ ചേർത്തില്ല. മറ്റുള്ള മൂന്നു നേതാക്കന്മാരും ഒന്നിച്ച് ഒരു പ്രഖ്യാപനം നടത്തി. അതെന്താണ്? ഇതു രാഷ്ട്രീയ സ്റ്റണ്ടാണ് എന്നാണ്. കോൺഗ്രസുകാരടക്കമുള്ള ഇടുക്കിയിലെ ഏതാണ്ട് 12 ലക്ഷം വരുന്ന ആളുകൾ ഇതിൽ ഒന്നിച്ചു നിന്നു. ഒരു ഈച്ചപോലും അന്ന് അനങ്ങിയില്ല. അതാണ് വികാരം. ആ വികാരത്തിനെതിരായിട്ട്. ഹർത്താലിനെതിരായിട്ട് നിന്നത് എന്താണെന്ന് എനിക്കു മനസിലാകുന്നില്ല. ഏതായാലും ഇന്ന് .....

ശ്രീ. ടി. എം. ജേക്കബ് : വെള്ളത്തിന്റെ ലെവൽ പൊക്കണ്ട.

ശ്രീ. സി. എ. കുര്യൻ : തമിഴ്നാടിന് വെള്ളം കൊടുക്കണമെന്ന് ഞങ്ങൾ പറയുന്നു. വെള്ളത്തിന്റെ കാര്യത്തെക്കുറിച്ച്.

മി. സ്പീക്കർ : അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ. അങ്ങയെ കാണാനുള്ള അപൂർവ അവസരമല്ലേ ഇത്.

ശ്രീ. സി. എ. കുര്യൻ : കേരളാ ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയിലും പറഞ്ഞിട്ടുള്ളത് സുപ്രീംകോടതിയിൽ കേസ് നടത്തുന്നതിന് വിദഗ്ദ്ധന്മാരായ അഡ്വക്കേറ്റുമാരെ നമ്മൾ നിയമിച്ചിട്ടുണ്ട് എന്നാണ്. അതിലെ ജലനിരപ്പ് കൂട്ടണോ കുറയ്ക്കണമോ എന്നുള്ള വിവാദത്തെക്കുറിച്ചുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

സുപ്രീംകോടതിയിലെ പ്രശ്നം. ഞാൻ പറയുന്നത് മറ്റൊരു കാര്യമാണ്. ഈ അണയുടെ സുരക്ഷിതത്വത്തെക്കുറിച്ച് ജനങ്ങളുടെയിടയിൽ പടർന്നു പന്തലിച്ചിരിക്കുന്ന ആ ഭയാശങ്കകാരണം പെരിയാർ തീരത്ത് താമസിക്കുന്ന ലക്ഷകണക്കിന് കുടുംബങ്ങൾ രാത്രിയിൽ ഉറങ്ങുന്നില്ല എന്നുള്ളത് സത്യമാണ്. ഇത് ഞാനും ശ്രീ. ഇ. എം. അഗസ്തിയും ഒന്നിച്ചു പങ്കെടുത്ത ഒരു യോഗത്തിൽവച്ച് ഞങ്ങളെ സമീപിച്ച ആളുകൾ പറഞ്ഞതാണ്. ബഹുമാനപ്പെട്ട അഗസ്തി പറഞ്ഞകാര്യം ഞാനിപ്പോൾ പറയുന്നില്ല. കാരണം അതുപറയുന്നത് ശരിയല്ലാത്തതുകൊണ്ട് പറയുന്നില്ല ..... ബഹളം.....അദ്ദേഹം പറയുകയാണെങ്കിൽ ഞാൻ പറയാം. ഈ അണയ്ക്ക് യാതൊരു കുഴപ്പവുമില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാനിത് ബഹുമാനപ്പെട്ട അഗസ്തി പറഞ്ഞതുകൊണ്ട് പറഞ്ഞു വെന്നേയുള്ളൂ. പക്ഷേ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ? ഇന്നലെ വണ്ടിപ്പെരിയാറിൽ ഉരുൾ നേർച്ചയായിരുന്നു. ഇടുക്കിയിലെ ജലനിരപ്പ് ഉയരണമോ വേണ്ടയോ എന്ന സുപ്രീംകോടതിയുടെ തീരുമാനം വരട്ടെ. എന്നാൽ 50 വർഷത്തേക്ക് നിർമ്മിച്ച അണക്കെട്ട് 106 വർഷം കഴിഞ്ഞ പശ്ചാത്തലത്തിൽ അതിന്റെ സുരക്ഷിതത്വത്തെ കുറിച്ച് ഭയാശങ്കകൾ ധാരാളം പടർന്നുപന്തലിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ സർക്കാർ ആ പ്രദേശത്തെ ജനങ്ങൾക്ക് ഒരു ആശ്വാസമെന്ന നിലയിൽ, വേണ്ടി വന്നാൽ സെൻട്രൽ വാട്ടർ കമ്മിഷന്റെ തീരുമാനപ്രകാരം അണ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള തീരുമാനമെടുക്കണം. ഈ അണ നിർമ്മിച്ചിട്ട് 106 വർഷം കഴിഞ്ഞിരിക്കുന്ന, ഭൂമികുലുക്കത്തിന്റെ ഈ പശ്ചാത്തലത്തിൽ ആ അണയ്ക്ക് സുരക്ഷിതത്വമില്ലെന്ന് ആളുകളുടെയിടയിൽ ഭയാശങ്കകളുണ്ടായിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അതിന് നടപടിയെടുക്കണമെന്നാണ് ഞാൻ പറയുന്നത്. മറ്റൊരുകാര്യം തോട്ടം വ്യവസായം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിയാണ്. ഈ പശ്ചാത്തലത്തിൽ തോട്ടം തൊഴിലാളികളുടെ അവകാശങ്ങൾ കാത്തു സൂക്ഷിക്കാൻ ഈ ഗവൺമെന്റ് ബാദ്ധ്യസ്ഥമല്ലേ ? അതിൽ നമ്മളെല്ലാം ഒറ്റക്കെട്ടാണ്. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കഴിഞ്ഞ കാലങ്ങളിൽ തോട്ടം തൊഴിലാളികൾ നിരവധി പോരാട്ടങ്ങളിൽകൂടി നേടിയെടുത്തിട്ടുള്ള അവകാശങ്ങൾ കാറ്റിൽപറത്താൻ ഈ അവസരത്തിൽ ഉടമകൾ ശ്രമിക്കുന്നത് തെറ്റാണ്. അത് തിരുത്തണം. 58 വയസു കഴിഞ്ഞിട്ട് ഗ്രാറ്റുവിറ്റി കിട്ടാത്ത ആയിരക്കണക്കിന് ആളുകൾ തോട്ടം മേഖലയിൽ ഇപ്പോഴുണ്ട്. ജോലിയില്ല, ഗ്രാറ്റുവിറ്റി കിട്ടുന്നില്ല, പ്രസവകാലവേതനം കൊടുക്കുന്നില്ല. പീരുമേട്ടിലെ ഒരു കമ്പനിയിലെ 1800 തൊഴിലാളികൾ ഏഴുമാസമായി പട്ടിണിയിലാണ്. അങ്ങനെയുള്ള പ്രദേശങ്ങളിൽ നമ്മളിതുചെയ്യണം. വ്യവസായരംഗത്ത് പ്രതിസന്ധിയാണ്. ശരിയാണ്. തോട്ടം വ്യവസായത്തെ മാത്രം ആശ്രയിച്ചുജീവിക്കുന്ന തൊഴിലാളികളെ പട്ടിണിയിൽ നിന്നും രക്ഷിക്കാൻ ഒരു നേരത്തെ കഞ്ഞികൊടുക്കാനുള്ള ഉത്തരവാദിത്വം ഈ സർക്കാരിനുണ്ടാകണം. മറ്റു സർക്കാരുകളെപ്പോലെയല്ല തൊഴിലാളികൾക്ക് പ്രശ്നങ്ങളുണ്ടാകുന്ന അവസരത്തിൽ, അവർക്ക് കഷ്ടനഷ്ടങ്ങളുണ്ടാകുമ്പോൾ അവരെ കാത്തുരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. പീരുമേട് താലൂക്കിൽ തോട്ടം മേഖലയിലെ ആർ. ബി. റ്റി. കമ്പനി പ്രോവിഡന്റ് ഫണ്ട് അടച്ചിട്ടില്ല. അതുപോലെ തന്നെ പീരുമേട് ടീ കമ്പനി 7 മാസമായി ജോലിയും പ്രസവകാലവേതനവും ഗ്രാറ്റുവിറ്റിയും കൊടുക്കുന്നില്ല ഇതൊക്കെ പ്ലാന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായത്തിൽ ഒട്ടാകെതന്നെയുള്ളതാണ്. ഇതിനെക്കുറിച്ച് ഞാൻ മാത്രമല്ല പറയുന്നത്, ഐ. എൻ. ടി. യു. സി. സംഘടനതന്നെ തോട്ടം വ്യവസായത്തെ തകർച്ചയിൽ നിന്ന് രക്ഷിച്ച് തൊഴിലാളികളേയും ജീവനക്കാരേയും വ്യവസായത്തേയും രക്ഷിക്കാൻ 2001 ഫെബ്രുവരി മാസം 7-ാം തീയതി എറണാകുളത്തു നടന്ന പൊതു സമ്മേളനത്തിൽ പാസാക്കിയ പ്രമേയം. Kerala National Planters' Federation പറയുന്നത് എന്താണ് ? "ആയതിനാൽ ഈ പ്രതിസന്ധിയെ നേരിടുന്നതിന് കേന്ദ്ര ഗവൺമെന്റിനെതിരെ ഒറ്റക്കെട്ടായി പൊരുതുന്നതിന് മുഴുവൻ തൊഴിലാളികളുടെയും അംഗബലമുള്ള യൂണിറ്റുകൾ മുന്നോട്ട് വരണമെന്ന് ഈ പ്രമേയം അഭ്യർത്ഥിക്കുന്നു" എന്നാണ്. പ്രതിപക്ഷത്തോട് എനിക്ക് പറയാനുള്ളത് ഇത് നായനാർ ഗവൺമെന്റിന്റെ ഫലമാണെന്നുള്ള വാദം നിങ്ങൾക്ക് പ്രചരണത്തിനുവേണ്ടി ഉപയോഗിക്കാം. പക്ഷേ യാഥാർത്ഥ്യം ആ രംഗത്ത് ഐ. എൻ. ടി. യു. സി. തൊഴിലാളി സംഘടനകൾ പോലും അച്ചടിച്ചു പ്രസിദ്ധീകരിച്ചിരിക്കുന്നത് "ഈ പ്രതിസന്ധിയെ നേരിടുന്നതിന് കേന്ദ്ര ഗവൺമെന്റിനെതിരെ ഒറ്റക്കെട്ടായി പൊരുതുന്നതിന് ഭൂരിപക്ഷമുള്ള ആളുകളും അംഗബലമുള്ള യൂണിയനുകളും മുന്നോട്ടുവരണമെന്ന് ഈ പ്രമേയം അഭ്യർത്ഥിക്കുന്നു. ഇപ്പോൾ ശ്രീലങ്കയും ഇന്ത്യയുമായി പ്രധാനമന്ത്രിയുണ്ടാക്കിയിട്ടുള്ള ഉഭയകക്ഷി കരാർപ്രകാരം തേയിലയുടെ സൗജന്യ ഇറക്കുമതി റദ്ദാക്കുക, ലോക വ്യാപാര സംഘടന കരാർപ്രകാരമുള്ള ഇറക്കുമതി ചുങ്കം ഏർപ്പെടുത്തുക, സംസ്കരിച്ച തേയില ഫാക്ടറിക്ക് പുറത്തുവരുമ്പോൾ ഈടാക്കുന്ന രണ്ടു രൂപ സെസ് ഉപേക്ഷിക്കുക, അങ്ങനെ ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുന്നവർ ഐ. എൻ. ടി. യു. സി. എന്നോ എ. ഐ. ടി. യു. സി. എന്നോ സി. ഐ. ടി. യു. സി. എന്നോ യാതൊരു വ്യത്യാസവുമില്ല. തോട്ടം വ്യവസായത്തെ സംരക്ഷിക്കണമെങ്കിൽ ഞങ്ങൾ ആവശ്യപ്പെടുന്നതോടൊപ്പം തന്നെ ആ തോട്ടത്തെമാത്രം ആശ്രയിച്ചു ജീവിക്കുന്ന ലക്ഷോപലക്ഷം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഗവൺമെന്റ് ഇടപെടണം. അവരെ പട്ടിണി കിടന്ന് മരിക്കുവാൻ ഒരിക്കലും ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് അനുവദിക്കുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്കൊരു അഭ്യർത്ഥനയുണ്ട്. ഈ വ്യവസായത്തിനുവേണ്ടി മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു കൺസൾട്ടിംഗ് കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി അടിയന്തിരമായി വിളിച്ചുകൂട്ടണം. അവിടെ തോട്ടം ഉടമകളുടെ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും മറ്റ് പ്രതിനിധികളെല്ലാമുണ്ട്. ആ കമ്മിറ്റി ഇതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ സഭയുടെ അവസാനകാലത്ത് കിട്ടിയ അവസാന പ്രസംഗമാണിത്. 5 കൊല്ലക്കാലം ഡെപ്യൂട്ടി സ്പീക്കർ എന്നുള്ള നിലയിലും അല്ലാത്ത രീതിയിലും എന്നോട് സഹകരിച്ചിട്ടുള്ള എല്ലാ മെമ്പർമാർക്കും പ്രത്യേകിച്ച് പ്രതിപക്ഷത്തിരിക്കുന്നവരോടും കഴിഞ്ഞകാലങ്ങളിൽ എന്നോട് സഹകരിച്ചതിനും നന്ദി പ്രകടിപ്പിച്ചുകൊണ്ട് നമ്മുടെ കേരളം നേരിടുന്ന ഗുരുതരമായ ഈ പ്രതിസന്ധിയിലേക്ക് നീങ്ങുന്ന ഈ അവസരത്തിലെങ്കിലും നമുക്ക് യോജിച്ച്, ഒരു യോജിപ്പിന്റെ പാത കണ്ടെത്തി ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ വരണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ പ്രസംഗം ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് സമയം അനുവദിച്ചതിൽ നന്ദി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അങ്ങ് വീണ്ടും വരട്ടെയെന്നാണ് എനിക്ക് ആശംസിക്കാനുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ ബഡ്ജറ്റിനെ ഒരു നിലയ്ക്കും അനുകൂലിക്കാൻ കഴിയാത്ത ഒരു സ്ഥിതിയാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇവിടെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ പറഞ്ഞതാണ് കേരളത്തിന്റെ യഥാർത്ഥ ചിത്രം. തൊഴിലാളികൾക്ക് ജോലിയില്ല, ശമ്പളമില്ല, അവരുടെ ഗ്രാറ്റുവിറ്റി പോലും പിരിഞ്ഞാൽ കിട്ടുന്നില്ല, പ്രോവിഡന്റ് ഫണ്ടിന്റെ പണമില്ല, ഒന്നുമില്ല, പട്ടിണി കിടക്കുന്നു, തൊഴിലാളികൾ മരിക്കുന്നു അതാണ് ഈ സംസ്ഥാനത്തിന്റെ യഥാർത്ഥ ചിത്രം. ഈ സാഹചര്യം നമ്മുടെ സമ്പദ്ഘടനയ്ക്കുണ്ടാക്കിയത് ഈ ഗവൺമെന്റാണെന്നുള്ളതാണ് സത്യം. സംസ്ഥാനത്തിന്റെ സമ്പദ് ഘടന തകർത്തുതരിപ്പണമാക്കിയ ഒരു ഗവൺമെന്റാണിത്. അതിന്റെ സാക്ഷ്യപത്രമാണ് ഈ ബഡ്ജറ്റ് പ്രസംഗം. 1977 മുതൽ ഞാൻ ഈ സഭയിലുണ്ട്, ബഡ്ജറ്റ് പ്രസംഗത്തിന് ഇതുപോലൊരു മുഖപ്രസംഗം ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ഇത് വളരെ സിംപോളിക്കാണ്. എന്താണ് സ്ഥിതി ? വെട്ടിനിരത്തൽ ഞാൻ കേട്ടിട്ടുണ്ട്. നിങ്ങൾ നാലുകൊല്ലം സംസ്ഥാനത്തിന്റെ സമ്പദ് ഘടനയെ വെട്ടി നിരത്തി. ഇപ്പോൾ നിങ്ങൾ കൊത്തി വേരോടുകൂടി തകർക്കുക അതാണ് മുഖചിത്രം. ഈ സംസ്ഥാനത്തിന്റെ സമ്പദ് ഘടനതന്നെ കൊത്തിമുറിച്ച് വേരോടുകൂടി പിഴുത് മാറ്റിക്കൊണ്ടു മാത്രമേ നിങ്ങൾ ഇറങ്ങിപ്പോവുകയുള്ളൂ എന്നാണ് ഇത് കാണിക്കുന്നത്. അത് വളരെ ശരിയായിട്ടുള്ള ഒരു മുഖചിത്രമാണ്. ഞാൻ ഒന്നുപറയട്ടെ, ഈ ഗവൺമെന്റ് ഇവിടെ ചരിത്രപ്രസിദ്ധമായ ഒരു ബഡ്ജറ്റ് പ്രസംഗമാണ് നടത്തിയത്.

12 NOON] ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഒരു കാര്യം പറഞ്ഞു, ഈ ബഡ്ജറ്റ് പ്രസംഗത്തിൽ ഞങ്ങൾക്കു വേണമെങ്കിൽ കുറെ കാര്യങ്ങൾ പറയാമായിരുന്നല്ലോ എന്ന്. ഒന്നും ഇല്ലല്ലോ എന്ന് അദ്ദേഹം പറഞ്ഞു. ശരിയാണ്. യാതൊന്നുമില്ലാത്ത ഒരു ബഡ്ജറ്റ് പ്രസംഗം. അതുകൊണ്ട് അങ്ങ് എന്താണ് ചെയ്തതെന്ന് അറിയാമോ ? ബഡ്ജറ്റിൽ പുതിയതായി ഒന്നുമില്ല. സാധാരണ ഏതെങ്കിലുമൊരു ബഡ്ജറ്റ് പ്രസംഗത്തിൽ ആ ഡിപ്പാർട്ടുമെന്റിന് അനുവദിച്ച ടോട്ടൽ എമൗണ്ട് അനൗൺസ് ചെയ്യുന്ന ബഡ്ജറ്റ് പ്രസംഗം. ആ പ്രസംഗമാണ് ആ അങ്ങു ചെയ്തത്, അത് അങ്ങല്ലാതെ വേറെ ആരെങ്കിലും നടത്തിയതായി അങ്ങേയ്ക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ ? അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിന് ഇത്രകോടി ..... ബഡ്ജറ്റ് പ്രസംഗത്തിലാണോ ബഹുമാനപ്പെട്ട ശിവദാസമേനോൻ അത് പറയാറ് ? അങ്ങേയ്ക്ക് വേറൊന്നുമില്ലാത്തുകൊണ്ട് ജനങ്ങളുടെ ഇടയിൽ വലിയ സംഖ്യ നീക്കി വച്ചിരിക്കുന്നു എന്നു വരുത്താൻ ഈ അവസാന കാലത്ത് ഇതു വേണമോ എന്ന് ഞാൻ ചോദിക്കുന്നു. ബഡ്ജറ്റ് പ്രസംഗത്തെ സംബന്ധിച്ച് പറഞ്ഞാൽ ഒന്നുമില്ലാത്ത ഒരു പ്രസംഗം. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഒരു വിടവാങ്ങൽ പ്രസംഗം പോലെ ഒരു പ്രസംഗം ഇവിടെ നടത്തി. അദ്ദേഹം വിടവാങ്ങണമെന്നുള്ള ഒരു അഭിപ്രായക്കാരനല്ല ഞാൻ. പക്ഷേ ഞാൻ വിചാരിച്ചതുകൊണ്ട് കാര്യമില്ലല്ലോ ? അതുകൊണ്ട് എനിക്ക് അഭിപ്രായമില്ല. പക്ഷേ അദ്ദേഹം ഇവിടെ വേണ്ട ഒരാളാണെന്നുള്ള അഭിപ്രായം എനിക്കുണ്ട്. അതു മറ്റേ വിഭാഗത്തിനും കൂടി തോന്നണ്ടേ ? പക്ഷേ അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ചില കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. അതു വളരെ മോശമായിപ്പോയി. പ്രതിപക്ഷത്തിനെ കുറ്റം പറയാൻ ഒരു ബഡ്ജറ്റ് പ്രസംഗം ചരിത്രത്തിൽ ഉപയോഗിച്ച ആൾ വിടവാങ്ങൽ പ്രസംഗം നടത്തിയത് അങ്ങു മാത്രമാണ്. ഒരു ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപക്ഷത്തെ കുറ്റപ്പെടുത്താറുണ്ടോ ? അങ്ങ് എന്താണ് പറഞ്ഞത് ? പ്രതിപക്ഷം കരിവാരി തേയ്ക്കുന്നുവെന്ന്. ഞങ്ങൾ കരിവാരി തേച്ചിട്ടില്ല. യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത് ? അങ്ങ് ഒരിക്കലും മായാത്ത കറുത്ത ടാർ കൊണ്ട് കേരളത്തിന്റെ സമ്പദ് ഘടനയെ മുഴുവൻ പെയിന്റു ചെയ്തിരിക്കുകയാണ്. ഈ സംസ്ഥാനത്തെ തന്നെ തകർത്തിരിക്കുകയാണ്. ആര് വിചാരിച്ചാലും ഇനി ഈ പെയിന്റു മാറ്റാൻ കഴിയില്ല അല്ലേ ? അതല്ലേ അങ്ങയുടെ വിശ്വാസം ? ശ്രീ. ശിവദാസമേനോൻ, ഞങ്ങൾ അതു മാറ്റും. മാറ്റിയ പാരമ്പര്യമാണ് ഞങ്ങൾക്കുള്ളത്. ഒരു കാര്യം, ഇവിടെ ചെലവ് - ബഡ്ജറ്റിൽ വളരെ നല്ലൊരു ചിത്രമാണ് വരച്ചു കാട്ടിയത്. ഈ സംസ്ഥാനത്തിന്റെ സമ്പദ് ഘടനയെ ഏറ്റവും ഭദ്രമാക്കിയ ഒരു ചിത്രം, അങ്ങ് വളർച്ചയുടെ നല്ലൊരു ചിത്രമാണ് ബഡ്ജറ്റ് പ്രസംഗത്തിലൂടെ അവതരിപ്പിച്ചത്. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഞങ്ങൾ കരിവാരി തേയ്ക്കുന്നു എന്നു പറയാനുള്ള കാരണമെന്താണ് ? അങ്ങയുടെ പ്രസംഗത്തിൽ 1996 മാർച്ചുമാസത്തിൽ 400 കോടി രൂപയുണ്ട് എന്നു പറഞ്ഞു. ഞങ്ങൾ 400 കോടി എന്നല്ല പറയാറ്, 481 കോടി രൂപ ഞങ്ങൾ ബാക്കി വച്ചു എന്നാണ് പറയാറ്. 481 കോടി രൂപ മിച്ചം വച്ച് ഞങ്ങൾ ഇറങ്ങിപ്പോയി എന്നാണ് അവസാനം പറയാറ്. ഞങ്ങൾ അതു പറയുന്നത് ഏതുകണക്ക് വച്ചാണെന്ന് അറിയാമോ ? അങ്ങ് ഈ സഭയിൽ 1996 ജൂലൈ മാസം 19 -ാം തീയതി നടത്തിയ ഒരു പ്രസംഗമുണ്ടല്ലോ ? ആ പ്രസംഗത്തിൽ ഞാൻ ഒരു കാര്യം ചൂണ്ടിക്കാണിക്കാം. ആ പ്രസംഗത്തിന്റെ 67-ാമത്തെ പേജിൽ ഓപ്പണിംഗ് ബാലൻസ് എന്നു പറഞ്ഞാൽ തലേ ആണ്ടിലെ ക്ലോസിംഗ് ബാലൻസല്ലേ ? 1996-97-ൽ അങ്ങ് എത്രയാണ് ഓപ്പണിംഗ് ബാലൻസ് കൊടുത്തത് ? 481.40 കോടി രൂപ. ഇതു ഞങ്ങൾ കൊടുത്തതാണോ മിസ്റ്റർ ശിവദാസമേനോൻ. 1996-97-ൽ ഓപ്പണിംഗ് ബാലൻസ് 481.40 കോടി രൂപ വരണമെങ്കിൽ 1996 മാർച്ച് 31-ന് ക്ലോസിംഗ് ബാലൻസ് 481.40 കോടി രൂപ. അതു ഞങ്ങളുടെ കാലമല്ലേ ? പിന്നെ ഇതു ആരുടെ കണക്കാണ് ? റിസർവ്വ് ബാങ്കിന്റെ കണക്ക് ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിലെ കണക്ക്. റിസർവ് ബാങ്കിന്റെ മഹാരാഷ്ട്ര ഓഫിസല്ലേ ചെയ്യുന്നത്. ആ ഫിഗറല്ലേ ? ഞാൻ ഒരു കാര്യം അങ്ങയോട് ചോദിക്കട്ടെ, അങ്ങ് ഇപ്പോൾ അവതരിപ്പിച്ച ഈ ഓപ്പണിംഗ് ബാലൻസുണ്ടല്ലോ ? റിസർവ് ബാങ്കിന്റെ ഫിഗർ. ആ ഫിഗർ തന്നെ ഞങ്ങളും എടുക്കുന്നു. ആ ഫിഗർ തന്നെ അങ്ങും എടുത്തിരിക്കുന്നു. എന്നിട്ട് ഞങ്ങൾ കരിവാരിതേയ്ക്കുന്നു അല്ലേ? അങ്ങനെയാണെങ്കിൽ കറുത്ത പെയിന്റല്ലേ ഈ ഓപ്പണിംഗ് ബാലൻസിൽ അങ്ങ് ചേർത്തിരിക്കുന്നത്. പറയുന്ന വാദമെന്താണെന്നറിയാമോ ? സി. എ. ജി. നാലു കോടിയിൽപ്പരം എന്നു പറഞ്ഞത് ഞങ്ങൾ സമ്മതിക്കുന്നു. ഞാൻ ചോദിക്കുന്നു, ശ്രീ. ശിവദാസമേനോന്റെ കണക്കാണോ ശരിയെന്ന്. ശരിയല്ലെങ്കിൽ ഈ ഓപ്പണിംഗ് ബാലൻസ് അങ്ങേയ്ക്ക് എവിടെ നിന്നു കിട്ടി ? എല്ലാവരും അതാണ് ചെയ്യുക. അങ്ങയുടെ ഫിഗർ തന്നെയാണ് ഞങ്ങളും പറയുന്നത്. ഈ സംസ്ഥാനത്തിന്റെ സ്ഥിതി എന്താണ് ? നിങ്ങൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനം തുലച്ചില്ലേ ? 1989 -ൽ അല്ലേ ആദ്യമായി ട്രഷറി ബാൻ വന്നത്. ശ്രീ. വിശ്വനാഥമേനോൻ ധനകാര്യവകുപ്പുമന്ത്രിയായിരുന്നപ്പോൾ ആയിരുന്നു ട്രഷറി പൂട്ടലും ബാനും വന്നത്. 1991-ൽ ഞങ്ങൾ ഏറ്റെടുത്തു. മിസ്റ്റർ ശിവദാസമേനോൻ അങ്ങ് സി & എ. ജി. യുടെ റിപ്പോർട്ടാണല്ലോ കാട്ടു ചെയ്തത്. അങ്ങ് സി & എ. ജി. യുടെ 1995-96 വർഷത്തെ റിപ്പോർട്ട് ഒന്ന് എടുത്തു നോക്കൂ. ഒരു ദിവസംപോലും ഓവർ ഡ്രാഫ്ട് ഈ സംസ്ഥാനം എടുത്തോ ? ഒരു ദിവസം വെയ്സ് ആന്റ് മിൻസ് അഡ്വാൻസ് പോലുമെടുക്കാതെ ഈ സംസ്ഥാനത്തു പ്രവർത്തിച്ച ഒരു ഗവൺമെന്റ് കഴിഞ്ഞ 10 കൊല്ലത്തിനുള്ളിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതു യു. ഡി. എഫ്. ന്റെ ഗവൺമെന്റാണ്. അറിയാമോ നിങ്ങൾക്ക് ? 1996-97-ൽ ഇത്രയും ഭദ്രമാക്കി ഖജനാവ് വച്ചിട്ടും എട്ടു ദിവസം നിങ്ങൾ വെയ്സ് ആന്റ് മീൻസ് അഡ്വാൻസും രണ്ടു ദിവസം ഓവർ ഡ്രാഫ്ടും എടുത്തില്ലേ ? എന്റെ കണക്കല്ല, സി & എ. ജി. യുടെ കണക്കാണ്. വന്നുവന്ന് ഇന്ന് വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കാതെ ഒരു ദിവസംപോലും കടന്നു പോകാനാകുന്നില്ല. കിട്ടാവുന്നിടത്തോളം കടം ഇല്ലായിടത്തു നിന്നും വാങ്ങി. എല്ലാം ട്രഷറിയിൽ അടപ്പിക്കുകയാണ്. പ്രൊഫ. എ. വി. താമരാക്ഷൻ ആ കണക്കുകളൊക്കെ കഴിഞ്ഞ പ്രാവശ്യം പറഞ്ഞു. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇന്ന് നമ്മുടെ ട്രഷറിയുടെ സ്ഥിതി എന്താണ് ? ട്രഷറിയുടെ സ്ഥിതി നിങ്ങൾ ഒന്നു ആലോചിച്ചു നോക്കൂ. എന്നിട്ട് പറയുന്നതെന്താണെന്നറിയാമോ ? 1996 മുതൽ 1999-2000 വരെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ചെലവു ചുരുക്കി നിർത്താൻ സാധിച്ചു എന്നല്ലേ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നുണ്ട്. അങ്ങേയ്ക്കു സാധിച്ചോ ? അങ്ങ് എന്താണ് ചെയ്തത് ? 1997-98-ലെ ഫിനാൻസ് അക്കൗണ്ട്, അപ്രോപ്രിയേഷൻ അക്കൗണ്ട്, 1998-99 ലെ അപ്രോപ്രിയേഷൻ അക്കൗണ്ട്, 1999-2000-ലെ അപ്രോപ്രിയേഷൻ അക്കൗണ്ട് ഓഫ് ദി സി & എ. ജി. അതെല്ലാം ഞാൻ ഇവിടെ കഴിഞ്ഞ പ്രാവശ്യം കാട്ടു ചെയ്തതാണ്. സമയക്കുറവു കൊണ്ട് കാട്ടു ചെയ്യുന്നില്ല. എന്റെ കയ്യിൽ ഫിനാൻസ് അക്കൗണ്ടും അപ്രോപ്രിയേഷൻ അക്കൗണ്ടും എല്ലാം ഉണ്ട്. അപ്രോപ്രിയേഷൻ ഗ്രാന്റ് പാസാക്കി കൊടുത്തിട്ട് ആ സംഖ്യ പോലും ചെലവാക്കാൻ അങ്ങ് അനുവദിച്ചോ ? 1997-98-ൽ മുന്നൂറ് കോടി രൂപയാണ് വിദ്യാഭ്യാസ മേഖലയിൽ നിങ്ങൾ കട്ടു ചെയ്തത്. ഒറിജിനൽ ഗ്രാന്റ് ചെലവാക്കാതെ സപ്ലിമെന്ററി ഗ്രാന്റ് കൊണ്ടു വന്ന പാരമ്പര്യമല്ലേ മിസ്റ്റർ ശിവദാസമേനോൻ അങ്ങേയ്ക്കുള്ളത്. ഒറിജിനൽ ഗ്രാന്റ് ചെലവാക്കാൻ കഴിഞ്ഞോ ? 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ഒറിജിനൽ ഗ്രാന്റ് ചെലവാക്കാൻ കഴിയാത്ത ഡിപ്പാർട്ടുമെന്റുകൾക്ക് വേണ്ടി സപ്ലിമെന്ററി ഗ്രാന്റു കൊണ്ടുവന്ന് ഒറിജിനൽ പ്ലാൻ വരെ സറണ്ടർ ചെയ്ത പാരമ്പര്യം ഈ സംസ്ഥാനത്തുണ്ടായി എങ്കിൽ അതു അങ്ങയുടെ ഗവൺമെന്റിനു മാത്രമാണ്. അതല്ലേ ഈ സംസ്ഥാനത്തിന്റെ ഇന്നത്തെ സ്ഥിതി ? അങ്ങയുടെ ഭരണത്തിന്റെ മെച്ചത്തെക്കുറിച്ചും സംസ്ഥാനം ഭദ്രമാക്കി എന്നും പറഞ്ഞല്ലോ ? സി. & എ. ജി. യുടെ റിപ്പോർട്ട് എടുത്തുനോക്കൂ എന്താണ് നമ്മുടെ ബഡ്ജറ്റിൽ റവന്യൂ റസീപ്റ്റിന്റെ സ്ഥിതി ? നമുക്ക് ലേറ്റസ്റ്റായിട്ടു കിട്ടിയത് 1999 മാർച്ചിന്റേതാണല്ലോ ? മറ്റേതു ഗവർണറുടെ കയ്യിൽ ഇരിക്കുകയാണ്. നാളെയോ മറ്റെന്നാളെയോ കിട്ടും. നിങ്ങൾ സി. & എ. ജി. റിപ്പോർട്ട് ഒന്ന് എടുത്തുനോക്കൂ. Variation between budget estimate and actuals - സെയിൽസ്

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് എത്രയാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാളും മൈനസ്(-) 12.5 കുറവ്. സ്റ്റേറ്റ് എക്സൈസ് - 13.5, സ്റ്റാംമ്പ് - 18, ടാക്സ് ഓൺ വെഹിക്കിൾസ് -23, ഫോറസ്ട്രി - 23, ടാക്സസ് ആന്റ് ഡ്യൂട്ടീസ് ഓൺ ഇലക്ട്രിസിറ്റി - 66, ലാൻഡ് റവന്യൂ - 3.13, നിങ്ങൾക്ക് ഏതിലാണ് പ്ലസ് വന്നതെന്നറിയാമോ ? നിങ്ങളുടെ ബഡ്ജറ്റ് ആകെ പൊളിഞ്ഞു. ഒരൊറ്റ ഇനത്തിൽ മാത്രം അതായത് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സിൽ, നിങ്ങൾ ബഡ്ജറ്റിൽ 26 കോടി രൂപ കണക്കാക്കി. 27.32 കിട്ടി. അതിലെ ഗ്രോത്ത് +1.32. എന്താണ് അങ്ങയുടെ അവകാശ വാദം ? നാണ്യവിളകൾക്ക് വിലയിടിഞ്ഞതുകൊണ്ട് ആകെ സാമ്പത്തിക പ്രതിസന്ധി വന്നുവെന്നാണ് പറയുന്നത്. അതുകൊണ്ട് ഇവിടെ ടാക്സ് കളക്ഷൻ കുറഞ്ഞു. അപ്പോൾ നാണ്യവിളകൾക്ക് വില കുറഞ്ഞാൽ അഗ്രിക്കൾച്ചറർ ഇൻകം ടാക്സ് കൂടുമോ ? ഇത് എന്ത് വിരോധാഭാസമാണ്. 1998-99 -ൽ മിസ് മാനേജ്മെന്റ് അതാണ് കാണിക്കുന്നത്. നിങ്ങൾ ഫൈനാൻസ് മാനേജ്മെന്റ് നോക്കുന്നില്ല, കോൺസ്റ്റിറ്റ്യൂഷൻ നോക്കുന്നില്ല, റൂൾസ് ഓഫ് ബിസിനസ് നോക്കുന്നില്ല. ഇഷ്ടപ്രകാരം പണം ചെലവാക്കുന്നു. ഞാൻ ഒരു കാര്യം പറയട്ടെ. ഇവിടെ ഇ. എം. എസ്. - ന്റെ സ്റ്റാച്യൂ ഉണ്ടാക്കി. ഇ. എം. എസ്. നോട് എനിക്ക് ബഹുമാനമാണ് അതിലൊരു സംശയവുമില്ല. പക്ഷേ ഞാൻ ഒരു കാര്യം ചോദിക്കട്ടെ അര കാശിന് ഗതിയില്ലാതെ നടക്കുന്ന ഈ സംസ്ഥാനത്ത് ഇ. എം. എസ്. ന്റെ പ്രതിമയ്ക്ക് നിങ്ങൾ എത്ര ലക്ഷം രൂപ ചെലവിട്ടു ? എത്ര മുഖ്യമന്ത്രിമാർ ഈ സംസ്ഥാനത്തുണ്ടായിരുന്നു. തിരുവനന്തപുരം മണ്ണിന്റെ ഓരോ മണൽത്തരിക്കും അറിയാവുന്ന, ആ മണൽത്തരികൾ ആവേശം കൊള്ളുന്ന മുഖ്യമന്ത്രിയായിരുന്നു പട്ടം താണുപിള്ള. ആ പട്ടം താണുപിള്ളയ്ക്ക് ഗവൺമെന്റ് ഒരു പ്രതിമയുണ്ടാക്കിയോ ? നാട്ടുകാർ ഉണ്ടാക്കി. അതുപോലെ ആർ. ശങ്കറിന് നിങ്ങൾ ഒരു പ്രതിമയുണ്ടാക്കിയോ ? നാട്ടുകാർ ഉണ്ടാക്കി. എത്രയെത്ര മുഖ്യമന്ത്രിമാരുണ്ടായിരുന്നു. ഇ. എം. എസ്. നെ ഞാൻ ബഹുമാനിക്കുന്നു. നിങ്ങൾക്ക് ജനങ്ങളിൽ നിന്നും പണം പിരിച്ചാൽ കിട്ടില്ലേ ? ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ മൂന്നുദിവസം കൊണ്ട് നാലരക്കോടി രൂപ പാട്ടപിരിവായി നിങ്ങൾ പിരിച്ചില്ലേ ? പിന്നെ എന്തിനാണ് സർക്കാരിന്റെ പണം ചെലവാക്കുന്നത് ? ജനങ്ങളോട് ചോദിച്ചുകൂടെ ? ഏതെങ്കിലും ഒരു മുഖ്യമന്ത്രിക്ക് പ്രതിമയുണ്ടാക്കിയിട്ടുണ്ടോ ? ഇത് നിങ്ങളുടെ ദുർവിനിയോഗത്തിന്റെ ഒരു ഉദാഹരണമാണ്. അതിൽ യാതൊരു സംശയവും വേണ്ട. തിരുവനന്തപുരം പട്ടണത്തിൽ പട്ടം താണുപിള്ളയെ കവച്ചുവയ്ക്കുന്ന ഒരു മുഖ്യമന്ത്രി ഇല്ല. നിങ്ങൾക്ക് തിരുവനന്തപുരം മണ്ണിന്റെ മണം അറിയില്ല. അറിയാമെങ്കിൽ ഇത് ചെയ്യില്ല. ഞങ്ങൾ ഇ. എം. എസ്.-നെ ബഹുമാനിക്കുന്നു. പട്ടം താണുപിള്ളയുടെ പ്രതിമയുണ്ടാക്കിയോ, സി. കേശവന്റെ പ്രതിമയുണ്ടാക്കിയോ, ആർ. ശങ്കറിന്റെ പ്രതിമയുണ്ടാക്കിയോ ? സർക്കാർ ഒരുലക്ഷമോ രണ്ട് ലക്ഷമോ കൊടുക്കും. നാട്ടുകാരിൽ നിന്നും പണം പിരിയ്ക്കും കമ്മിറ്റി ഉണ്ടാക്കും. ഇ.എം.എസ്. ന് പണം പിരിച്ചാൽ കിട്ടില്ല എന്നുള്ളിടത്ത് നിങ്ങൾ എത്തിയോ ? അച്യുതമേനോന് എന്താ ഒരു കുറവ് ? അച്യുതമേനോന് നിങ്ങൾ പ്രതിമയുണ്ടാക്കിയോ ? അതുപോലെ എത്രയെത്ര മുഖ്യമന്ത്രിമാരുണ്ട്? മരിച്ച ആളുകളെ വീണ്ടും കൊല്ലണോ ശ്രീ. ടി. ശിവദാസമേനോൻ ? ഞാൻ നിങ്ങളോട് ചോദിക്കുന്നു സി. എച്ച്. മുഹമ്മദ്കോയയ്ക്ക് എന്താ ഒരു കുറവുള്ളത്. എന്നാലും ഇ. എം. എസ്. ന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിമ വയ്ക്കട്ടെയെന്ന് നമ്മളോടുകൂടി ഒന്ന് ആലോചിക്കണ്ടേ ? ഇവിടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞല്ലോ ഞങ്ങൾ കടം വാങ്ങും, കടം വാങ്ങുന്ന പണം ചെലവിടുമെന്ന്. ഏതിനാണ് നിങ്ങൾ ചെലവിടുന്നത് ? നിങ്ങൾ വികസനത്തിനു വേണ്ടി ചെലവിടുന്നില്ല. ക്യാപിറ്റൽ അക്കൗണ്ടിൽ നിങ്ങൾ ചെലവിടും അല്ലേ? ബഡ്ജറ്റ് റിപ്പോർട്ടിൽ ശ്രീ. ശിവദാസമേനോന്റെ വാദം ഞാൻ സി ആന്റ് എ. ജി. യുടെ 1999 -ലെ റിപ്പോർട്ടിലെ ഒരു പാരഗ്രാഫ് വായിക്കാം. During 1998-99, Government borrowed Rs. 591.75 crore in the open market at interest rates of 12.5 and 12.50 per cent per annum. It would be seen that only 10 to 11 percent of borrowings was available for investment and other expenditure after meeting the debt servicing obligation during 1996-97 and 1998-99. The outstanding debt and the money required for debt servicing are increasing year after year which would mean that less and less funds out of fresh borrowing will be available for capital expenditure. ഇവിടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് എന്താണ് ? ഞങ്ങൾ കടം വാങ്ങും എന്നിട്ട് ക്യാപിറ്റൽ അക്കൗണ്ടിൽ ചെലവിടും. ഞങ്ങൾ നിങ്ങളുടെ കൈയിൽ അധികാരമേൽപ്പിക്കുമ്പോൾ Balance from current Revenue (BCR) എത്രയായിരുന്നു ? 142 കോടി രൂപ. അതാണല്ലോ പ്ലാനിൽ പോകുന്നത്. ഇപ്പോൾ ബി. സി. ആർ. ന്റെ സ്ഥിതി എന്താണ് ? ഞങ്ങൾ പ്ലസ് 142 കോടി രൂപ നിങ്ങളെ ഏൽപ്പിച്ചതാണ്. അത് ഇപ്പോൾ ആയിരത്തി മുന്നൂറ്റി ചിലാനം കോടി മൈനസ് ആണ്. എവിടെയാണ് നിങ്ങൾ നിൽക്കുന്നതെന്ന് ആലോചിക്കണം. നിങ്ങളുടെ ബഡ്ജറ്റിന് യാഥാർത്ഥ്യവുമായി വല്ല ബന്ധവുമുണ്ടോ ? ഇതൊക്കെ ആരോ എഴുതിക്കൊണ്ട് വരുന്നു. കടം വാങ്ങുന്നതിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. ഇപ്പോൾ കടത്തിന്റെ സ്ഥിതി എന്താണ് ? നമുക്കറിയാം debt ഫിനാൻസ് അക്കൗണ്ടിൽ വരും. സി. ആന്റ് എ. ജി. യുടെ ഫിനാൻസ് അക്കൗണ്ട് എടുത്തു നോക്കൂ. debt and liability അത് വരുന്നത് സി. ആന്റ് എ. ജി. യുടെ സിവിൽ റിപ്പോർട്ടിൽ ആണ്. സി. ആന്റ് എ. ജി. യുടെ രണ്ടായിരമാണ്ടിലെ സിവിൽ റിപ്പോർട്ടിൽ ഇരുപതിനായിരത്തി ഒരുനൂറ്റി ചിലാനം കോടി രൂപ debt ഇതാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സ്റ്റേറ്റ്മെന്റ്. അതാണോ കടം. അങ്ങനെയാണെങ്കിൽ 1996-ലെ debt and liabilities എത്രയാണ് ശ്രീ. ടി. ശിവദാസമേനോൻ. സി. ആന്റ് എ. ജി. യുടെ ഫിഗർ അനുസരിച്ച് ആറായിരത്തി ചിലാനം കോടി രൂപ. 1998-99-ലെ liability എത്രയാണ് ? ഏഴായിരത്തി ചിലാനം കോടി രൂപ. ഈ ഇരുപതിനായിരം കൂടി കൂട്ടിയാൽ രണ്ടായിരമാണ്ടിൽതന്നെ 27,000 കോടി വന്നോ ? രണ്ടായിരമാണ്ടിലേക്ക് കടക്കുമ്പോൾ debt ൽ മാത്രം എത്രയാണ് വർദ്ധനവ് ? 4475 കോടി. സി. ആന്റ് എ. ജി. യുടെ സിവിൽ അക്കൗണ്ട് എടുത്ത് നോക്കിയാൽ എത്ര കോടി രൂപ വരുന്നുവെന്ന് അറിയാമോ ? ഞങ്ങൾ പറയുന്നു 27 കോടി രണ്ടായിരമാണ്ടിൽ വരുന്നുവെന്ന്. 2001-ൽ ആകുമ്പോൾ 30,000 കോടിയിൽ കൂടുതൽ വരും. 32,000, 33,000 കോടി രൂപയുടെ കട ബാദ്ധ്യതയല്ലേ നിങ്ങൾ വരുത്തിവച്ചിരിക്കുന്നത് ? അങ്ങ് 11-ാം ധനകാര്യ കമ്മിഷന്റെ കാര്യം പറഞ്ഞു. ബഹുമാനപ്പെട്ട ശിവദാസമേനോൻ ഇത് പറയിപ്പിക്കേണ്ടിയിരുന്നോ. നിങ്ങളുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 11-ാം ധനകാര്യ കമ്മിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പൂർണ ഉത്തരവാദിത്വം മുഖ്യമന്ത്രിക്കല്ലേ ? 11-ാം ധനകാര്യ കമ്മിഷൻ സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചതിൽ ഏറ്റവും കൂടുതൽ ഗ്രാന്റ് കിട്ടിയ സംസ്ഥാനം ഏതാണ് ? 11-ാം ധനകാര്യ കമ്മിഷന്റെ ഏറ്റവും കൂടുതൽ ഗ്രാന്റ് കിട്ടിയത് വെസ്റ്റ് ബംഗാളിനാണ്. 3,246 കോടി രൂപ പ്രത്യേക ഗ്രാന്റായി അവർക്ക് കിട്ടി. ആ സ്ഥാനത്ത് നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർക്ക് ഒരു പൈസ വാങ്ങിക്കാൻ സാധിച്ചോ ? ആർക്കെല്ലാമാണ് കിട്ടിയതെന്നോ യു. പി., രാജസ്ഥാൻ, ഒറീസ, പഞ്ചാബ്, എന്നീ രാജ്യങ്ങൾക്ക് കിട്ടി. ഏറ്റവും കൂടുതൽ പണം കിട്ടിയത് വെസ്റ്റ് ബംഗാളിനാണ്. 11-ാം ധനകാര്യ കമ്മിഷൻ റിപ്പോർട്ടിനെക്കുറിച്ചാണ് ഞാൻ പറയുന്നത്.

അതുപ്രകാരം 3246 കോടി രൂപ വെസ്റ്റ് ബംഗാൾ ഗവൺമെന്റിന് വാങ്ങാൻ സാധിച്ചു ഒരു ലഞ്ചിന് 11-ാം ധനകാര്യ കമ്മിഷൻ ചെയർമാൻ ഖുസ്രുവും ബാക്കിയുള്ള ആളുകളും രാജ്ഭവനിൽ വന്നപ്പോൾ അപമാനിച്ചുവിട്ട പാരമ്പര്യ മല്ലേ ഈ മുഖ്യമന്ത്രിക്കുള്ളത്. അതിന്റെ ഫലമല്ലേ അങ്ങനെയുണ്ടായത് ? ഒരു മുഖ്യമന്ത്രി, ലഞ്ചിന് ശ്രീ. ഖുസ്രു കുറച്ചു താമസിച്ചു വന്നതിന് അപമാനിച്ചു. അങ്ങനെ അപമാനിച്ചതിന്റെ പ്രതികാരമാണ് മി. നായനാർ ഈ സംസ്ഥാനം ഇന്ന് അനുഭവിക്കുന്നത്. അതിന് പൂർണമായ ഉത്തരവാദി അങ്ങാണെന്നുള്ള കാര്യം മനസിലാക്കണം. ശ്രീ. ജ്യോതി ബാസുവിന് ഭരിക്കാൻ അറിയുമായിരുന്നു. 11-ാം ധനകാര്യ കമ്മിഷൻ റിപ്പോർട്ട് എടുത്തുനോക്കൂ. ഏത് സംസ്ഥാനത്തെക്കാളും കൂടുതൽ തുക അതായത് 3,246 കോടി സ്പെഷ്യൽ ഗ്രാന്റ് ആയി വാങ്ങാനുള്ള തന്റേടവും കഴിവും ശ്രീ. ജ്യോതി ബാസുവിന് ഉണ്ടായിരുന്നുവെങ്കിൽ ഇവിടെ ലഞ്ചിന് താമസിച്ച് എത്തിയതിന് ശകാരിച്ചുവിട്ടതിന്റെ ഫലമാണ് എന്നുള്ള കാര്യം മാത്രം ഞാൻ പറയട്ടെ. ഇവിടെ 9-ാം പഞ്ചവൽസര പദ്ധതിയെക്കുറിച്ച് പറഞ്ഞുവല്ലോ. 16,100 കോടി രൂപയുടെ പദ്ധതി. കേട്ടാലെന്താ തോന്നുക, 16,100 കോടി രൂപയുടെ സ്ഥിതി അറിയാമോ ? 1996-97-ലെ പ്രൈസ് ലെവലിലാ. ആ പ്രൈസ് ലെവലിൽ വരണമെങ്കിൽ എത്ര കോടി വേണമെന്ന് നിങ്ങൾക്കറിയാമോ ? 2001-2002-ൽ അവസാനിക്കുകയാണ്. 20,000 കോടി രൂപ വരണം. 20,008 കോടിയിൽ ഇപ്പോൾ 11,000 ത്തോളമേ ചെലവുവന്നിട്ടുള്ളൂ. ഈ ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തത് എത്രയാ ? 3,600 കോടി. 2001-2002 ലേക്ക് നിങ്ങൾ പ്രൊവൈഡ് ചെയ്തത് 3,600 കോടി. ഇവിടെ ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞുവല്ലോ കേന്ദ്രം വെട്ടികുറയ്ക്കാൻ പറയുമെന്ന്. 2000-2001 -ൽ 3,545 കോടിയുടെ പ്ലാൻ പ്ലാനിംഗ് കമ്മിഷൻ അംഗീകരിച്ചത് ജൂൺ മാസത്തിൽ നമ്മുടെ മുഖ്യമന്ത്രി പോയിട്ട് 3,317 കോടിരൂപ ആക്കിയിയില്ലേ ? ഇവിടെ ചോദിച്ചാൽ ഉത്തരമെന്താ ? 3,545 കോടി. എക്കണോമിക് റിവ്യൂവും ബഡ്ജറ്റ് ഇൻ ബ്രീഫും എടുത്തുനോക്കൂ. 3,317 കോടിരൂപ. ഈ മുഖ്യമന്ത്രി പോയി വെട്ടിച്ചുരുക്കി. ഞാൻ വീണ്ടും പറയുന്നു ശ്രീ. ശിവദാസമേനോൻ, അങ്ങയുടെ ഗവൺമെന്റ് വെട്ടിച്ചുരുക്കിയ 3, 317 കോടിരൂപ ചെലവാക്കാൻ നിങ്ങൾക്ക് സാധിക്കുമോ ? സാധിക്കില്ല. ഏവിടെയുണ്ട് റിസോഴ്സ്, സാധിക്കില്ല. ഈ പദ്ധതി അവസാനം 14,000 കോടിയുടെ പദ്ധതിയായി മാറുകയാണ്. ഒരു കാര്യം നിങ്ങൾ ആലോചിക്കണം. 8-ാമത്തെ പദ്ധതി 5,400 കോടിയുടെ പദ്ധതി മൂന്നുകൊല്ലം ഞങ്ങളാണ് ആ പദ്ധതി നടപ്പിലാക്കിയത്. ഞങ്ങളുടെ കാലത്ത് ഉണ്ടാക്കിയ പദ്ധതിയാണ്. ആ പദ്ധതിയ്ക്ക് ചെലവിട്ടത് എത്രയാണ്. 7,400 -ൽ

LIBRARY ARCHIVES Kerala Legislative Assembly

ചിലവാനം കോടി രൂപ ഞാൻ നിങ്ങളുടെ ബഡ്ജറ്റ്-ഇൻ-ബ്രീഫും ഇക്കണോമിക് റിവ്യൂവും നോക്കിയിട്ടാണ് പറയുന്നത്. എത്രയാണ് വർദ്ധനവ്? 134 ശതമാനം ശ്രീ. ശിവദാസമേനോൻ, നിങ്ങളുടെ ബഡ്ജറ്റ് മൈനസിലേക്ക് പോവുകയല്ലേ ? 134 ശതമാനം 9-ാം പദ്ധതിയിൽ വരണമെങ്കിൽ 21,000 കോടി രൂപ നിങ്ങൾ ചെലവിടണം. ആ 21,000 കോടി പോയിട്ട് 16,000 കോടി ചെലവിടാൻ സാധിക്കുമോ ശ്രീ. ശിവദാസമേനോൻ ? അങ്ങനെ പ്ലാനിൽ തകർച്ച, റിസോഴ്സിൽ ഇല്ല. വരുമാനം ഇല്ല, മാനവീയം അതിലാണല്ലോ പ്രാധാന്യം. അങ്ങനെ ഈ സംസ്ഥാനത്തെ തകർത്തു. എല്ലാ അർത്ഥത്തിലും വികസനം മുരടിപ്പിച്ചു. വരുമാനം ഉണ്ടാക്കുന്നില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പറഞ്ഞ വരുമാനം ഈ അഞ്ചു കൊല്ലകാലത്തിനുള്ളിൽ 1996-97 -ൽ മാത്രം ഒരു +7 കണ്ടതിനുശേഷം മുഴുവൻ മൈനസിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞതിൽ അങ്ങയുടെ ഗവൺമെന്റിനെ അങ്ങേയറ്റം അഭിമാനിക്കാം. അതിൽ മാത്രമേ അങ്ങേയ്ക്ക് അഭിമാനിക്കാൻ സാധിക്കൂ. 402 കോടിയുടെ റവന്യൂ കമ്മി അങ്ങയെ ഏൽപ്പിച്ചു. ഇപ്പോൾ വന്നത് എത്രയാണ് 3,600-ൽ ചിലവാനം കോടി. 3,600-ൽ ചിലവാനം കോടിയാണ് രണ്ടായിരം മാർച്ചിലെ ഡെഫിസിറ്റ്. ഏതാണ് റിക്കോർഡ്. Finance Accounts of the C & A. G കഴിഞ്ഞ ബഡ്ജറ്റിൽ അങ്ങ് ആദ്യം പറഞ്ഞു 1951 കോടിയാക്കും, ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് പോലും ഉണ്ടാക്കാൻ അങ്ങയുടെ സർക്കാരിന് കഴിയില്ലല്ലോ. അതിൽ എന്താ പറഞ്ഞത് 2,481 കോടി. ഇപ്പോൾ എവിടെയാണ് ? 3,600 കോടി. 400 കോടിയുടെ റവന്യൂ കമ്മി ഈ സംസ്ഥാനത്ത് 5,000 കോടി രൂപ റവന്യൂ കമ്മി ആക്കിയാണ് അങ്ങ് ഇറങ്ങിപ്പോകുന്നത്. പതിനായിരം കോടി രൂപയുടെ debt and ലയബിലിറ്റി 33,000 കോടിയാക്കി ഇന്ന് ഈ സംസ്ഥാനത്തെ സാമ്പത്തികമായി തകർത്ത് തരിപ്പണമാക്കി ഇറങ്ങിപ്പോകുന്നു. ഈ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, കേരളത്തിനു വേണ്ടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി അവതരിപ്പിച്ച ആറാമത് ബഡ്ജറ്റിനെയും ബഡ്ജറ്റ് നിർദ്ദേശങ്ങളെയും ഞാൻ അനുകൂലിക്കുന്നു. വളരെ അഭിമാനത്തോടുകൂടി കേരളത്തിലെ എൽ. ഡി. എഫ്. ഗവൺമെന്റിന് ഈ നാട്ടിലെ ജനങ്ങളുടെ മുമ്പിൽ പറയാൻ കഴിയും, ജനങ്ങളുടെ ജീവിത പ്രശ്നങ്ങളെ മുൻനിർത്തിയാണ് കഴിഞ്ഞ അഞ്ചു ബഡ്ജറ്റുകളും ആറാമത്തെ ബഡ്ജറ്റും അവതരിപ്പിച്ചത് എന്ന്. ഞങ്ങളൊക്കെ വളരെ ബഹുമാനിക്കുന്ന യു. ഡി. എഫ്. ലെ പ്രധാനപ്പെട്ട നേതാവ് ശ്രീ. ആര്യാടൻ കുറെ കണക്കുകൾ നിരത്തിക്കൊണ്ട് ഇവിടെ കുറെ കാര്യങ്ങൾ പറഞ്ഞു. കോൺഗ്രസിന്റെ സ്വഭാവമാണ് കണക്കുകൾ കൊണ്ട് കളിക്കുക, അദ്ദേഹത്തോട് ഞങ്ങൾക്ക് വളരെ ബഹുമാനമാണ്. പക്ഷേ അദ്ദേഹം അവതരിപ്പിക്കുന്ന കണക്കുകളിൽ ഞങ്ങൾക്ക് ഒരിക്കലും വിശ്വാസം ഉണ്ടാകാറില്ല. അവനവന് ആവശ്യമുള്ള ചില നമ്പരുകൾ മാത്രം അടർത്തിയെടുത്ത് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ കണക്കുകൾ അവതരിപ്പിക്കാൻ അതിസമർത്ഥനാണ് ബഹുമാനപ്പെട്ട ആര്യാടൻ എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഈ കണക്കുകൾ അങ്ങ് അവതരിപ്പിക്കുമ്പോൾ ഞാനൊന്നു ചോദിക്കട്ടെ, ഈ കണക്കുകൾ സത്യമാണെങ്കിൽ തന്നെ അതങ്ങനെ ആവാൻ കാരണമെന്താ ? കേരളം പ്രത്യേകിച്ച് ഒരു രാജ്യമാണോ ? ഫെഡറൽ ഭരണഘടനയനുസരിച്ച് ഭരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുന്ന ഇന്ത്യൻ യൂണിയന്റെ ഒരു ഭാഗമാണ് കേരളം. ഈ രാജ്യത്ത് സാമ്പത്തിക പ്രതിസന്ധി അടിച്ചേൽപ്പിച്ച് ജനങ്ങൾക്കുവേണ്ടി വളരെ ലിബറലായിട്ട് ബഡ്ജറ്റു പോലും അവതരിപ്പിക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിയാത്ത അവസ്ഥ ഉണ്ടാക്കിയത് ആരാ ? Who is responsible for that ? ആരാണ് കേരളത്തിലെ ഇടതുപക്ഷ പാർട്ടികളും, ഇടതുപക്ഷ മുന്നണിയുമാണോ അതിന് ഉത്തരവാദി ? വളരെയേറെ പ്രയാസവും ബുദ്ധിമുട്ടും സഹിച്ചിട്ടാണ് കേരളത്തിന്റെ ധനകാര്യവകുപ്പുമന്ത്രി ജനങ്ങൾക്കുവേണ്ടി ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. വളരെ എളുപ്പമാണെന്ന് ഞങ്ങൾ പറഞ്ഞോ ? അതിരൂക്ഷമായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിയുടെയും, തകർച്ചയുടെയും നടുവിൽ നിന്നുകൊണ്ട് എങ്ങനെ ഒരു ബഡ്ജറ്റ് അവതരിപ്പിക്കാമെന്ന് ആലോചിക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. വളരെ പ്രയാസപ്പെട്ടുതന്നെയാണ് ഞങ്ങൾ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. പക്ഷേ ഞങ്ങൾ ഒരു കാര്യം ചെയ്തിരിക്കുന്നു. നാട്ടിലെ പാവപ്പെട്ട മനുഷ്യരുടെ നേർക്ക് ചിന്തിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങൾ ലഘൂകരിക്കാൻ കഴിയുന്ന ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന വാശി ഞങ്ങൾക്ക് ഉണ്ടായിരുന്നു. അതിന്റെ ഭാഗമായിട്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. പരിശോധിച്ചാൽ നിങ്ങൾക്ക് അത് മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സംസാരിക്കുന്ന അവസരത്തിൽ പറഞ്ഞു ഒരുപാട് പാഴ്ച്ചെലവു വരുത്തിയെന്ന്. കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി, കേരളത്തിന്റെ ശിലപ്പിയായിട്ടുള്ള ഇ. എം. എസ് നുവേണ്ടി ഒരു പ്രതിമ നിർമ്മിച്ചതാണ് അദ്ദേഹം കണ്ടിട്ടുള്ള ഏറ്റവും വലിയ അപരാധം. നിങ്ങൾ പാഴ്ചെലവുകൾ എന്നുപറയുമ്പോൾ വളരെ വ്യക്തമായിട്ട് ബഡ്ജറ്റ് നിർദ്ദേശങ്ങൾ കൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. ഞങ്ങൾ പുതിയ വാഗ്ദാനങ്ങൾ ഒന്നും വാരിക്കോരി നൽകിയിട്ടില്ലല്ലോ.

<u>ശ്രീ. ടി. കെ. ബാലൻ</u> : ഇവിടെ ഇ. എം. എസ്. ന്റെ പ്രതിമ സ്ഥാപിച്ചത് പാഴ്ചെലവാണ്. എന്താണ് പാട്ടപ്പിരിവ് പോരേ എന്ന് ബഹുമാനപ്പെട്ട ആര്യാടൻ ചോദിച്ചു. ഇന്ത്യൻ പാർലമെന്റിൽ ഡോ. അംബേദ്കർ, മഹാത്മാ ഗാന്ധി, എ. കെ. ജി. എന്നിവരുടെ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. അതെല്ലാം ഗവൺമെന്റ് ചെലവിലാണ് ചെയ്തിട്ടുള്ളത്. അതൊക്കെ പാഴ്ചെലവായി ബഹുമാനപ്പെട്ട ആര്യാടൻ കാണേണ്ടതല്ലേ ?

<u>ശ്രീ. പി. പി. തങ്കച്ചൻ</u> : ഇ. എം. എസ്. നു മാത്രം എന്താ പ്രത്യേകത. മറ്റു മുഖ്യമന്ത്രിമാരുടെ പ്രതിമ എന്താ വയ്ക്കാത്ത് എന്നാണ് ശ്രീ. ആര്യാടൻ ചോദിച്ചത്.

<u>ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ</u> : അത് പറയാം. നിങ്ങളുടെ കാലത്തു വേണമെങ്കിലും വയ്ക്കാമായിരുന്നു. വച്ചില്ലല്ലോ. ഇ. എം. എസ്. ന്റെ പ്രതിമ സ്ഥാപിക്കുന്നത് പാഴ്ചെലവാണെന്ന് പറയുന്ന നിങ്ങൾ അതുമാത്രമാണ് പാഴ്ചെലവ് എന്നു പറയുന്നില്ല. നിങ്ങൾ അതുമാത്രമാണ് പാഴ്ചെലവിന്റെ കൂട്ടത്തിൽ എണ്ണിയതെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. ഇവിടെ പറയുന്ന സാമ്പത്തിക സർവ്വീസുകളിൽ നടത്തിയിട്ടുള്ള ചെലവുകൾ അടക്കം പാഴ്ചെലവായിട്ട് കണക്കാക്കുകയാണ് യു. ഡി. എഫ്. ഈ നാട്ടിലെ ജനങ്ങൾ ഇത് ശ്രദ്ധിക്കുന്നില്ല. നിങ്ങൾ പറഞ്ഞില്ലേ സഖാവ് നായനാർ പിൻവാതിലിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

കയറിവന്നിട്ടാണ് മുഖ്യമന്ത്രി ആയത് എന്ന്. ഈ അഞ്ചു വർഷം പൂർത്തിയാക്കുന്നതിനുമുമ്പ് പിൻവാതിലൂടെ ഇറങ്ങിപ്പോകും എന്ന് ആശ്വസിച്ചവരല്ലേ നിങ്ങൾ. എന്തുകൊണ്ടാ ഇറങ്ങിപ്പോകേണ്ടി വരാതിരുന്നത്?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കഴിഞ്ഞ അഞ്ച് ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങൾക്കു വേണ്ടി നടപ്പിലാക്കിയ കാര്യങ്ങൾ സാധാരണക്കാരന്റെ മനസ്സിലുണ്ട്. ശ്രീ. കെ. എം. മാണി കൊട്ടിഘോഷിച്ചുകൊണ്ട് പുറപ്പെട്ടല്ലോ. അണ്ണഡകടാഹങ്ങളും വിറപ്പിച്ചുകൊണ്ട്, ഇവിടെ തിരിച്ചെത്തുന്നതിനുമുമ്പ് ഈ ഗവൺമെന്റ് വീഴുമെന്നല്ലേ പറഞ്ഞത്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഞങ്ങൾ വളരെയധികം ബഹുമാനിക്കുന്നു. അങ്ങ് വിമോചനയാത്ര നടത്തി, വിമോചനം എന്നുതന്നെ പറഞ്ഞുകൊള്ളട്ടെ സർ, മോചനത്തിന്റെ അപ്പുറത്ത് ഒരു 'വി' കൂടി ചേർക്കാർ ആഗ്രഹിക്കുകയാണ്. വിമോചനയാത്ര അങ്ങു നടത്തി എന്താ അതിന്റെ ബാക്കിപത്രമെന്നു ഞങ്ങൾ പറയുന്നില്ല. അങ്ങ് പരിശോധിച്ചാൽ മതി. ഞങ്ങൾ അതല്ല പറയുന്നത്. ഇപ്പോൾ ശ്രീ. ഇ. കെ. നായനാർ അഞ്ചുവർഷം പൂർത്തിയാക്കുകയാണ്. അഞ്ചുവർഷം പൂർത്തിയാക്കാൻ ഞങ്ങളെ സഹായിച്ചത് ഞങ്ങൾ ഒട്ടും അഹങ്കാരമില്ലാതെ പറയട്ടെ, കഴിഞ്ഞ അഞ്ചു ബഡ്ജറ്റും ഈ ആറാമത്തെ ബഡ്ജറ്റും ഞങ്ങൾ അവതരിപ്പിച്ചത് കേരളത്തിലെ ജനങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്നു പരിശോധിച്ചിട്ടാണ്. നിങ്ങൾ പാഴ്ചെലവ് എന്നു പറഞ്ഞില്ലേ, ഗവൺമെന്റിന്റെ റവന്യൂ ചെലവുകളിൽ പ്രധാനപ്പെട്ടത് സാമ്പത്തിക സർവ്വീസുകൾ, സാമൂഹിക സർവ്വീസുകൾ, പൊതു സർവ്വീസുകൾ അങ്ങനെയുള്ള ചെലവുകളുടെ കൂട്ടത്തിൽ സാമ്പത്തിക സർവ്വീസിലെ ചെലവിനത്തിനാണ് കൂടുതൽ എന്നു നിങ്ങൾ രേഖപ്പെടുത്തുന്നത് 43.5 ശതമാനം സാമ്പത്തിക സർവ്വീസുകളിൽ ചെലവിനത്തിന് വർദ്ധനവുണ്ടായി എന്ന് ഞങ്ങൾ സമ്മതിക്കുന്നു, എന്താ അതിന്റെ കാരണമെന്ന് നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ, അതാണ് ബഹുമാനപ്പെട്ട ആര്യാടൻ അവർകൾ സംസാരിക്കുന്ന സമയത്ത് പറഞ്ഞത്, കണക്കുകൊണ്ട് ഇങ്ങനെ കളിച്ചിട്ട് കാര്യമില്ല. ഈ കണക്കുകൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. നമ്മുടെ സാമ്പത്തിക സർവ്വീസിലെ ചെലവുകൾ 43.5 ശതമാനം വർദ്ധനവ് ഉണ്ടാക്കിയതിന്റെ കാരണം ഗ്രാമീണ വികസനത്തിൽ സർക്കാർ നൽകിയ ഊന്നൽ ആണ്. ഭരണമെന്നുവച്ചാൽ നിങ്ങളുടെ മനസിൽ എന്താണ് ഉള്ളതെന്ന് ഞങ്ങൾക്ക് മനസിലാകുന്നില്ല. ദീർഘകാലം നിങ്ങൾക്ക് ഇൻഡ്യാരാജ്യം ഭരിക്കാൻ അവസരം കിട്ടിയിട്ടുണ്ട്. ആർക്കുവേണ്ടിയാണ് നിങ്ങൾ ഭരിച്ചത്. ഫോർ ദി വി. ഐ. പി ഓഫ് ദി വി. ഐ. പി. എന്നു പറഞ്ഞിട്ട് നിങ്ങൾ ഇരുപതു ശതമാനം വരുന്ന കുത്തക കുടുംബങ്ങൾക്കുവേണ്ടിയല്ലേ ഈ രാജ്യം ഭരിച്ചത്. ഞങ്ങൾക്ക് അതുപോലെ ചിന്തിക്കാൻ കഴിയുകയില്ല. ഞങ്ങൾ സാമ്പത്തിക സർവ്വീസുകളിൽ വർദ്ധനവ് ഉണ്ടാകുന്നു എന്നുപറയുമ്പോൾ വികേന്ദ്രീകൃത ആസൂത്രണത്തിന് ഊന്നൽ നൽകിക്കൊണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് വികസന മേഖലയിലും കാർഷിക മേഖലയിലും ഉപയോഗിക്കുന്നതിനു വേണ്ടി പണം നീക്കിവച്ചപ്പോൾ ആണ് ഈ ചെലവ് ഉണ്ടായത്. ഇ. എം. എസ്. ന്റെ പ്രതിമയുടെ ചെലവ് മാത്രമല്ല ജനങ്ങൾക്കുവേണ്ടി ഞങ്ങൾ ചെലവാക്കിയത്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ പാഴ്ച്ചെലവായിട്ട് എഴുതിതള്ളുകയാണ്. പക്ഷേ ഈ നാട്ടിലെ ജനങ്ങൾ അത് വിശ്വസിക്കുകയില്ല. നാട്ടിലെ ജനങ്ങൾക്ക് അറിയാം എന്തിനുവേണ്ടിയാണ് ഞങ്ങൾ ഈ ചെലവുണ്ടാക്കിയതെന്ന്. ജനകീയാസൂത്രണത്തിന്റെ മേഖലയിൽ 80 ശതമാനം വർദ്ധനവുണ്ടാക്കുന്നതിനു ഞങ്ങൾക്ക് കഴിഞ്ഞു. മറ്റ് എല്ലാ മേഖലയിലും 17 ശതമാനത്തിന് താഴെയാണ് ഈ ചെലവിൽ വർദ്ധനവ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് ഈ കണക്കുകൾ പരിശോധിച്ചാൽ ബഹുമാനപ്പെട്ട ആര്യാടനുതന്നെ മനസ്സിലാക്കാൻ കഴിയും. പക്ഷേ ആ കണക്ക് സഭാതലത്തിൽ പറയാൻ അദ്ദേഹം തയ്യാറാകുകയില്ല. അതല്ലാതെ അദ്ദേഹത്തിന് ഇഷ്ടമുള്ള കുറെ കണക്കുകൾ മാത്രമെടുത്തു കൊണ്ടുവന്നിട്ട് ഇവിടെ പ്രസംഗിക്കുകയാണ് ചെയ്തത്. 40.7 ശതമാനം വർദ്ധനവ് പൊതുസേവന മേഖലയിൽ ഉണ്ടായി. ഞങ്ങൾക്ക് അറിയാം ഇപ്പോഴത്തെ ആഗോള വൽക്കരണത്തിന്റെ ഭാഗമായിട്ട് ഉള്ള നിങ്ങളുടെ സിദ്ധാന്തം. എങ്ങനെ രാജ്യം ഭരിക്കണമെന്നാണ് നിങ്ങൾ പറയുന്നത്, വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ നിബന്ധനപാലിക്കണമെന്നും പറയുകയാണ്. ഒരു സമ്മേളനത്തിൽ ശ്രീമതി സോണിയാഗാന്ധി പറഞ്ഞു, പുതിയ സാമ്പത്തിക പരിഷ്കരണത്തെ അങ്ങൾ അനുകൂലിക്കുന്നു, അതിനുവേണ്ടി നിലകൊള്ളുന്നു എന്ന്. എന്താണ് ഡിമാന്റ്, വിദേശമൂലധനം കൊണ്ടുവന്ന് ഈ രാജ്യത്തിനുവേണ്ടി ഉപയോഗിക്കുന്നതിന് ആരും എതിരൊന്നുമില്ല. പക്ഷേ ആ വിദേശ മൂലധനം ഉപയോഗിക്കുമ്പോൾ നൂറ് കോടി മനുഷ്യരിൽ ഇരുപത് കോടി മനുഷ്യർ മാത്രം ഭക്ഷണം കഴിച്ചു ജീവിച്ചാൽ മതിയെന്ന ദുഷ്ടലാക്ക് ഉണ്ടാക്കാൻ പാടില്ല. സബ്സിഡികൾ നിർത്തലാക്കാനും ജീവനക്കാരുടെ എണ്ണം കുറയ്ക്കാനും ശ്രീ. ഉമ്മൻചാണ്ടി ഈ സഭാതലത്തിൽ പ്രസംഗിച്ചു, സ്ഥാപനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി ജീവനക്കാരുടെ എണ്ണം വെട്ടികുറയ്ക്കുന്നതിന് തെറ്റില്ല എന്നു പറഞ്ഞു, നമ്മൾ ആ വഴിയിൽ ആലോചിക്കേണ്ടിയിരിക്കുന്നു, 100 കോടി മനുഷ്യരിൽ 80 കോടിയും ഭക്ഷ്യദൗർലഭ്യത്താലും ജോലിയില്ലാതെയും പിടഞ്ഞു മരിക്കുന്ന ഇൻഡ്യാ രാജ്യത്ത് നിലവിൽ എവിടെയെങ്കിലും കയറിപ്പറ്റി ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം കുറച്ചിട്ട് ആ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി നാം തയ്യാറാകണമല്ലേ, എൽ.ഡി. എഫ് ഗവൺമെന്റിന് അങ്ങനെ പറയാൻ കഴിയുകയില്ല. പൊതുമേഖല സ്വകാര്യവൽക്കരിക്കുന്നതിന് തയ്യാറാകണം എന്നാണ് പറയുന്നത്, അതുപോലെ പദ്ധതി വിഹിതം വെട്ടികുറയ്ക്കുന്നതിനു വേണ്ടിയും തയ്യാറാകണം എന്ന വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെയും മൾട്ടി നാഷണൽ കോർപ്പറേഷനുകളുടെയും നിബന്ധനകൾ അനുസരിക്കണം എന്നാണ് പറയുന്നത്. പക്ഷേ ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത് എന്താണ് ? ഈ വലിയ പ്രതിസന്ധികൾ കേന്ദ്രഗവൺമെന്റിന്റെ കടം എത്രയാണ് അയ്യായിരം കോടിയിലേറെ ഉറുപ്പികയുടെ കടം കേന്ദ്ര ഗവൺമെന്റിന് ഉണ്ടായി എന്നു പറഞ്ഞാൽ ഞങ്ങൾക്ക് അതിൽ അത്ഭുതമുണ്ട്. നിങ്ങൾക്ക് അതിൽ ഒരു പങ്കുമില്ലേ, ഞങ്ങളെപ്പോലെ നിങ്ങൾ എങ്ങനെയാണ് ഒരു പങ്കുമില്ലെന്നു പറയുന്നത്. 1947-ന് ശേഷം ഇൻഡ്യാ മഹാരാജ്യം ഭരിക്കാൻ ഏറ്റവും കൂടുതൽ അവസരം കിട്ടിയിട്ടുള്ള പാർട്ടിയല്ലേ കോൺഗ്രസ് (ഐ) ? ഇൻഡ്യയിലെ ഇന്നത്തെ സ്ഥിതി എന്തായിത്തീരുമെന്ന് മലയാളമനോരമ പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. പിന്നെ കേരളത്തിലെ പ്രശ്നങ്ങൾ മാത്രം ഇങ്ങനെ സമർത്ഥിക്കുന്നതിന് എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥമുള്ളത്. ഇൻഡ്യാരാജ്യം 2001-ൽ എവിടെ ചെന്ന് എത്തിയിരിക്കുകയാണ്, ലോകത്തിൽ ഏറ്റവും കൂടുതൽ നിരക്ഷരരും പട്ടിണിക്കാരും ബാലവേല ചെയ്തു ജീവിക്കുന്നതും എയിഡ്സ് രോഗികൾ ഉള്ളതും സഹോദരിമാർ ചാരിത്ര്യം വിറ്റ് ജീവിക്കേണ്ടിവരുന്നതുമായ രാജ്യമാണ് ഇന്ത്യ. ഇൻഡ്യയുടെ തലയിൽ ഈ തുവൽ പതിപ്പിക്കുന്നതിൽ എത്രയോ വർഷക്കാലം ഭരിച്ച കോൺഗ്രസുകാർക്ക് ഒരു ഉത്തരവാദിത്വവുമില്ലേ, നിങ്ങൾ ചെയ്തുവച്ചിട്ടുള്ള പരിഷ്ക്കാരങ്ങളും നയങ്ങളും ബി. ജെ. പി ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്നു എന്നുള്ളതാണ് വസ്തുത. 1980-കളിൽ നിങ്ങൾ തുടങ്ങിവച്ചിട്ടുള്ള ആഗോളവൽക്കരണവും ഉദാരവൽക്കരണവും പുത്തൻ സാമ്പത്തിക നയത്തിന്റെ അടിത്തറയുമെല്ലാം നിങ്ങളാണ് പാകിയത്. നിങ്ങൾ ശ്രീ. അമർത്യാസെന്നിനെ ഉദ്ധരിച്ച് പറഞ്ഞല്ലോ. ശ്രീ. അമർത്യാസെൻ എന്താണ് പറഞ്ഞത്, കേരളത്തെക്കുറിച്ച് ആ കേരളത്തിന്റെ മാതൃക, കേരളത്തിന്റെ മാതൃകയെന്നല്ല, കേരളത്തിന്റെ അനുഭവമെന്ന് പറയും എന്ന് അദ്ദേഹം പറഞ്ഞു വിദേശ മൂലധനമെല്ലാം ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. ആഗോളവൽക്കരണത്തെ ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. ഉപയോഗിക്കുമ്പോൾ എന്തു ചെയ്യണമെന്നാണ് ശ്രീ. അമർത്യാസെൻ പറഞ്ഞത്, അതാരും ഇവിടെ പറഞ്ഞില്ലല്ലോ, ശ്രീ. അമർത്യാസെൻ പറഞ്ഞത് ഭൂപരിഷ്കരണം നടപ്പിലാക്കണമെന്നാണ്, ഭൂപരിഷ്കരണം നടപ്പിലാക്കണമെന്നും, പൊതു മേഖലയെ സംരക്ഷിക്കണമെന്നും അതുപോലെതന്നെ പൊതുവിതരണ സമ്പ്രദായത്തെ നിലനിറുത്തണമെന്നും ശ്രീ. അമർത്യാസെൻ പറഞ്ഞത് നിങ്ങൾ എടുത്തുപറഞ്ഞില്ല. വളരെ സാഹസികമായ ഒരു സാമ്പത്തിക സാഹചര്യത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ആണ്, ശ്രീ. ശിവദാസമോനോൻ വെട്ടിത്തുറന്നു പറഞ്ഞത് കേരളത്തിൽ പൊതുവിതരണ സമ്പ്രദായവും സ്റ്റാറ്റ്യൂട്ടറി റേഷനിംഗും നിലനിർത്തും എന്ന്. ഞങ്ങൾക്കല്ലാതെ വേറെ ആർക്കാണ് ഇത് പറയാൻ കഴിയുക. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശിവദാസമേനോനും, എൽ. ഡി. എഫ്. ഗവൺമെന്റും അല്ലാതെ നിങ്ങളാണ് ഭരിക്കുന്നതെങ്കിൽ കേന്ദ്രത്തിന്റെ നിഷ്ഠൂരതയ്ക്ക് വഴങ്ങി ഞങ്ങൾ റേഷൻ കടകൾ അടച്ചുപൂട്ടുന്നു, ഞങ്ങൾ /സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് അവസാനിപ്പിക്കുന്നു എന്ന് നിങ്ങൾ പറയില്ലേ ? പക്ഷേ ഞങ്ങൾ ജനങ്ങളുടെ കൂടെയാണ്. പൊതുവിതരണം നിലനിർത്തിക്കൊണ്ട് മാത്രമേ കേരളം ആർജ്ജിച്ചിട്ടുള്ള സാമൂഹിക സുരക്ഷിതത്വം നിലനിർത്താൻ കഴിയൂ എന്ന ധാരണയോടുകൂടിയാണ് 200 കോടിയോളം രൂപ പൊതുവിതരണം നടപ്പിലാക്കുന്നതിനുവേണ്ടിയും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിർത്തുന്നതിനുവേണ്ടിയും ഇത്ര കടുത്ത സാമ്പത്തിക സാഹചര്യത്തിലും ശ്രീ. ശിവദാസമേനോന് സാധിച്ചിട്ടുള്ളത്. ഈ കടുത്ത സാമ്പത്തിക പ്രതിസന്ധി ഞങ്ങൾ ഉണ്ടാക്കിയതല്ല. പക്ഷേ ഞങ്ങൾ അൻപത് കോടി ഉറുപ്പിക സിവിൽസപ്ലൈസ് മേഖലയിൽ ഇടപെടുന്നതിനുവേണ്ടി വച്ചിരിക്കുന്നു. കാർഷികമേഖലയിൽ വളരെ ലോക പ്രശസ്തനായ ശാസ്ത്രജ്ഞൻ ആയിട്ടുള്ള ഡോക്ടർ സ്വാമിനാഥൻ അടക്കം പറഞ്ഞു. ഒരു തീരുമാനം എടുക്കുമ്പോൾ ഈ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് ഭക്ഷണവും പാർപ്പിടവും തൊഴിലും ലഭിക്കുമോയെന്നുള്ള കാര്യം ആലോചിച്ച് അത് മുൻനിറുത്തി തീരുമാനമെടുക്കണമെന്ന്. അങ്ങനെയാണ് കാർഷിക മേഖലയെ മുൻനിറുത്തി ഞങ്ങൾ തീരുമാനമെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ജനകീയാസൂത്രണ മേഖലയിൽ അടക്കം കാർഷികമേഖലയിൽ ചെലവഴിക്കുന്ന പണം കണക്കുനോക്കുമ്പോൾ 500 കോടിയോളം ഉറുപ്പിക കാർഷിക മേഖലയ്ക്ക് വേണ്ടി മാത്രം വിലയിരുത്താൻ ശ്രീ. ശിവദാസമേനോൻ തയ്യാറായി. നിങ്ങൾ എന്തു കുറ്റമാണ് പറയുന്നത്. ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. അഞ്ഞൂറ് കോടിയോളം ഉറുപ്പിക കാർഷിക മേഖലയ്ക്ക് വേണ്ടി നീക്കിവച്ചിരിക്കുന്നു. ഒരു സംസ്ഥാനത്ത് ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട ഒരു മേഖലയാണ് ഊർജ്ജമേഖല. നിങ്ങൾ ഇവിടെ ശ്രീ. കെ. പി. പി. നമ്പ്യാരുടെ കാര്യമെല്ലാം പറഞ്ഞ് വലിയ പ്രശ്നമുണ്ടാക്കിയില്ലേ, ശ്രീ. കെ. പി. പി. നമ്പ്യാരുടെ പ്രശ്നം നമുക്ക് പിന്നെ പറയാം. കേരളത്തിന്റെ വൈദ്യുതി മേഖലയിൽ നടത്തിയിട്ടുള്ള കാര്യങ്ങൾ തുറന്നു സമ്മതിക്കാൻ നിർബന്ധിതമാകുന്ന രീതിയിൽ ഇൻഡ്യയിൽ മറ്റൊരിടത്തും കാണാത്തരീതിയിൽ ഒരു പക്ഷേ പശ്ചിമബംഗാളിൽ ഉണ്ടാകും അവിടത്തെ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ജനങ്ങൾക്ക് ആവശ്യമായ വൈദ്യുതി ഉണ്ടാക്കാൻ പശ്ചിമബംഗാൾ ഗവൺമെന്റ് തയ്യാറായിട്ടുണ്ട് ആ മാതൃകയിൽ കേരളത്തിലെ ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഇവിടത്തെ പവർക്കട്ട്, ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി മേഖലയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും പ്രസരണ രംഗത്തെ നഷ്ടം കുറയ്ക്കാനും വേൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾക്കും പുതിയ വൈദ്യുതി പദ്ധതികൾക്കും ആയിട്ട് 600 കോടിയിൽ ചിലാനം രൂപ ശ്രീ. ശിവദാസമേനോൻ നീക്കിവച്ചിരിക്കുന്നു. ഇനിയെന്താ വേണ്ടത്, എന്താ ഈ ബഡ്ജറ്റിന്റെ തകരാറ് ? ഞങ്ങൾക്ക് മനസിലാകുന്നില്ല. ഊർജമേഖലയിൽ അടക്കം വളരെയധികം ശ്രദ്ധിച്ചുകൊണ്ട് പണം ജനങ്ങൾക്കുവേണ്ടി വിനിയോഗിച്ചു എന്നുള്ളതാണ് ഞങ്ങൾ ചെയ്ത തെറ്റ് അല്ലേ, അത് തെറ്റാണെങ്കിൽ ഈ നാട്ടിലെ ജനങ്ങൾ കാണട്ടെ, അവർ അംഗീകരിക്കും. കഴിഞ്ഞ എല്ലാ ഉപതെരഞ്ഞെടുപ്പുകളിലും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അനുകൂലമായിട്ടാണ് ജനമുന്നേറ്റം ഈ കാല ഘട്ടത്തിൽ കേരളത്തിൽ ഉണ്ടായിട്ടുള്ളതെങ്കിൽ ഞങ്ങളുടെ പത്രാസ് കൊണ്ടല്ല, ഞങ്ങൾ ജനങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ സുചിന്തിതമായ പരിപാടികളുടെ ക്കമായിട്ടാണ് എന്നാണ് ഞങ്ങൾ പറയുന്നത്. ഇന്നലെ നിങ്ങളിവിടെ ഇറങ്ങിപ്പോക്ക് നടത്തിയില്ലേ ഈ പരിപവാനമായ അസംബ്ലിയുടെ സഭാതലത്തിലേക്ക് പ്രതിപക്ഷ നേതാവടക്കം ഇറങ്ങേണ്ടിയിരുന്നോ ? ശ്രീ. കെ. പി. പി. നമ്പ്യാരുടെ പ്രശ്നത്തിനിടയാക്കല്ലേ, അങ്ങ് ഇറങ്ങിപ്പോയത്.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ഇല്ല, സർ ഇല്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : അങ്ങ് ഇവിടെ ഉണ്ടായിരുന്നല്ലോ. അങ്ങല്ലേ നേതൃത്വം കൊടുത്തത് ?

ശ്രീ. എ. കെ. ആന്റണി : സർ, എന്റെ കൂടെയുള്ളവർ ഇറങ്ങിയതിനെ ഞാൻ എതിർത്തിട്ടില്ല. എനിക്ക് സത്യം പറയാൻ മടിയില്ല, എന്റെ കൂടെയുള്ളവർ ഇറങ്ങിയതിനെ ഞാൻ എതിർത്തിട്ടില്ല. ഞാൻ ഇറങ്ങിയിട്ടില്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ക്ഷമിക്കണം സർ. അങ്ങ് ഇറങ്ങിയെന്ന് പറഞ്ഞുപോയതിൽ അങ്ങ് ക്ഷമിക്കണം. അങ്ങയെ വളരെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനമുണ്ട്. അങ്ങയിൽനിന്നൊക്കെ ഞങ്ങൾ വളരെയേറെ പ്രതീക്ഷിക്കുകയാണ് ..... ബഹളം..... സത്യം പറഞ്ഞാൽ അങ്ങൊക്കെ ശ്രീ. കെ. പി. പി.നമ്പ്യാർക്ക് വേണ്ടി ഈ സഭയിൽ നിന്ന് ഇറങ്ങാൻ അനുവാദം കൊടുത്തത് ശരിയാണോ? അങ്ങ് ഇറങ്ങിയില്ല. അത് ശരി തന്നെ. ശ്രീ. കെ. പി. പി. നമ്പ്യാർ എന്റോൺ പ്രോജക്ട് ഇവിടെ കൊണ്ടുവരണമെന്ന് പറഞ്ഞ് വാദിച്ചിട്ട് അത് അനുവദിക്കുകയില്ലായെന്ന് പറയുമ്പോൾ അങ്ങയുടെ പാർട്ടിയിലെ ആളുകൾക്ക് അങ്ങയെപ്പോലെയുള്ള ഒരാൾ ഇറങ്ങാൻ അനുവാദം കൊടുത്തത് വലിയ വിഷമം ഉണ്ടാക്കിയിട്ടുള്ള കാര്യമാണ്.

ശ്രീ. എ. കെ. ആന്റണി : ശ്രീമതി ശൈലജ ടീച്ചർക്ക് അറിയാത്ത ഒരു കാര്യം ഞാൻ പറയാം. ശ്രീ. നമ്പ്യാർ സ്റ്റേറ്റ്മെന്റ് ഇറക്കിയത് അപ്പുറത്തിരിക്കുന്നവരുടെ അറിവോടുകൂടിയാണ്. അവരാണ് ഇതെല്ലാം ചെയ്തിട്ടുമുള്ളത്. അതിന്റെ മുഴുവൻ വിവരവും എനിക്കറിയാം. അവിടെ നടന്ന മുഴുവൻ കാര്യങ്ങളും A to Z എനിക്കറിയാം. പരസ്പരം ഒറ്റി കൊടുക്കുന്ന രീതി എന്താണെന്ന് എനിക്കറിയാം ..... ബഹളം .....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ഒരു കാര്യം കൂടി ഞാൻ പറയാം. അങ്ങയെ പോലെയുള്ളവർ കുറെക്കൂടി ഫ്രാങ്കായി കാര്യങ്ങൾ കാണണം. അതിനായി ദോഷൈകദൃക്കായിട്ട് കാണുന്നത് ശരിയല്ല. ഇന്നലെ പാർട്ടിയുടെ സ്റ്റേറ്റ് കമ്മിറ്റിയുടെയും കേന്ദ്ര കമ്മിറ്റിയുടെയും പ്രസ്താവനയെ സംബന്ധിച്ച് വാർത്ത വന്നിട്ടുണ്ട്. ഇപ്പുറത്തു നിന്നും അനുവാദം കിട്ടിയിട്ടാണെന്ന് അങ്ങ് അങ്ങനെയൊന്നും പറയരുത്. കാര്യങ്ങളെല്ലാം തുറന്ന് ചർച്ച ചെയ്തതല്ലേ ? ..... ബഹളം ..... ഞാൻ പറയുന്നത് ശ്രീ. കെ. പി. പി. നമ്പ്യാർക്ക്..... അത്രയധികം ബഹളം വയ്ക്കണ്ട ..... എന്താണുണ്ടായതെന്ന് ഞങ്ങൾക്കറിയാം. ശ്രീ. കെ. പി. പി. നമ്പ്യാർക്ക് വേറൊന്നുമല്ലാ വേണ്ടത്. എന്റോണുമായി സഹകരിക്കുന്ന ശ്രീ. നമ്പ്യാർക്ക് ആദ്യം തന്നെ പ്രൈവറ്റ് മേഖലയിൽ ഈ കാര്യങ്ങളെല്ലാം തുടങ്ങാനുള്ള അനുവാദം കൊടുത്തത് 1995-ലെ യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്തായിരുന്നുവെന്ന് എല്ലാപേരും ഓർക്കുന്നത് നന്നാണ് ..... ബഹളം..... ആ കാര്യങ്ങളെല്ലാം ചരിത്രത്തിലെ പുസ്തകങ്ങളിൽ പതിഞ്ഞ് കിടക്കുന്നുണ്ട്. അതെല്ലാം മായ്ക്കാൻ കഴിയുന്ന കാര്യമല്ല... ആദ്യമായി അദ്ദേഹം 9 പവർ പർച്ചേസ് എഗ്രിമെന്റ് ഈ സ്വകാര്യമേഖലയിൽ ഒപ്പുവയ്ക്കാൻ യു. ഡി. എഫ് ഗവൺമെന്റിന്റെ കാലത്ത് തീരുമാനിച്ചപ്പോൾ അതിലൊന്ന് ശ്രീ. കെ. പി. പി. നമ്പ്യാരുടെ നേതൃത്വത്തിലുള്ളതായിരുന്നുവെന്നുള്ളത് അങ്ങ് മറന്നിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ശ്രീ. കെ. പി. പി. നമ്പ്യാരാണ് എന്റോണിനെ ഇങ്ങോട്ട് കൊണ്ടുവരാൻ പോകുന്നത്. അത് കൊണ്ടുവരാമോ ? എന്റോണിനെ ഓർമ്മിച്ചിട്ടെങ്കിലും നിങ്ങൾക്ക് ഇറങ്ങി പോക്ക് ഒഴിവാക്കാൻ കഴിയുമായിരുന്നില്ലേ ? മഹാരാഷ്ട്രയിൽ എന്താണ് സ്ഥിതി ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : എന്റോൺ നിങ്ങൾ ഉപേക്ഷിക്കണമെന്ന് പറഞ്ഞു, എന്റോൺ ഉപേക്ഷിച്ചു. എൽപാസോ ആണ് ഇപ്പോൾ ഉള്ളത്. പിന്നെ എന്റോൺ എന്ന് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ ? എൽപാസൊയുമായിട്ടാണ് ഇന്ന് ഫൈനാൻഷ്യൽ എഗ്രിമെന്റ് ..... ബഹളം..... എനിക്കറിയാം, അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്ക് എൽപാസോയുമായിട്ടാണ് ഇന്നത്തെ ഫൈനാൽഷ്യൽ എഗ്രിമെന്റ്. അതാണ് ഇലക്ട്രിസിറ്റി ബോർഡ് ചെയ്തത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ശ്രീമതി ഗൗരി അമ്മയെ പോലെയുള്ള ഒരാളോട് ഞാൻ മറുപടി പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. എന്റോൺ, എൽപാസോ അല്ല പ്രശ്നം, ആര് എന്ത് നിർബന്ധമാക്കുന്നുവെന്നുള്ളതാണ് പ്രശ്നം. ഞങ്ങൾ ഒരു പ്രൈവറ്റ് ഫേമിനെയും അനുവദിക്കുകയില്ലായെന്ന് പറഞ്ഞിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വകാര്യമേഖലയെ പുറംകാല് കൊണ്ട് തട്ടിക്കളയുമെന്ന് പറഞ്ഞിട്ടില്ല. സ്വകാര്യമേഖല ഇവിടെ എന്ത് നിബന്ധനകൾ വയ്ക്കുന്നുവെന്നുള്ളതാണ് പ്രശ്നം. സ്വകാര്യമേഖല വയ്ക്കുന്ന നിബന്ധനകൾ പൊതുമേഖലയെ തകർക്കുന്നതിനോ ജനജീവിതത്തെ തകർക്കുന്നതിനോ ആണെങ്കിൽ അത് ഞങ്ങൾ സ്വീകരിക്കുകയില്ലെന്ന് പറഞ്ഞതല്ലാതെ എന്റോണിനെ ഞങ്ങൾ ഭയന്നതുകൊണ്ടുതന്നെ. ഒരു മുൻ അനുഭവം എന്റോണിന്റെ ഭാഗമായിട്ട് ഇവിടെയുണ്ട്. മഹാരാഷ്ട്രയിലെ കോൺഗ്രസ് ഗവൺമെന്റ് എന്റോണിനെ അനുവദിച്ചപ്പോൾ അന്ന് ബി. ജെ. പി. ക്കാർ എതിർത്തു. പിന്നീട് ബി. ജെ. പി. ശിവസേന കൂട്ടുകെട്ട് അധികാരത്തിൽ വന്നപ്പോൾ എന്റോണിനുവേണ്ടി ശ്രീ ബാൽ താക്കറേ അനുവാദം കൊടുത്തു. അനുവാദം കൊടുത്തതിന്റെ ഭാഗമായിട്ട് പതിനായിരം കോടി രൂപ മുടക്കിയ ഒരു പ്രോജക്ടിൽ നിന്ന് രണ്ട് ലക്ഷം കോടിയോളം രൂപ എന്റോൺ കമ്പനി ഇന്ത്യയുടെ സമ്പത്ത് വിദേശത്തേയ്ക്ക് കടത്തിക്കൊണ്ടുപോകുകയാണ്. ഒരു യൂണിറ്റിന് 7 രൂപ വൈദ്യുതി ചാർജ്. ഒരു യൂണിറ്റിന് ഒരു രൂപയും (പൈസ ഞാൻ ഓർക്കുന്നില്ല) ചില്ലറ പൈസയുമാണ്. മഹാരാഷ്ട്ര ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി ചാർജ് ആയി ഈടാക്കിയിരുന്നത്. അത് മാറിയിട്ട് എന്റോൺ കമ്പനി സപ്ലൈ ചെയ്ത വൈദ്യുതിയ്ക്ക് യൂണിറ്റിന് 7 രൂപ തോതിലാണ് ഈടാക്കേണ്ടി വന്നത്. മഹാരാഷ്ട്ര പ്രതിവർഷം 1600 കോടി രൂപയാണ് എഗ്രിമെന്റ് പ്രകാരം എന്റോണിന് കൊടുക്കേണ്ടി വന്നത്. എന്റോണിന്റെ നിബന്ധനയുടെ ഭാഗമായിട്ടാണ് അങ്ങനെ കൊടുക്കേണ്ടി വന്നത്. ഈ നിബന്ധനകൾ അനുസരിച്ചുള്ളതാണ് ആഗോളവൽക്കരണത്തിന്റെ ഭാഗമായിട്ടുള്ള പ്രശ്നങ്ങൾ എന്നാണ് ഞങ്ങൾ പറയുന്നത്. ..... ബഹളം ..... അതുപോലെ എല്ലാ പൊതുമേഖല സ്ഥാപനങ്ങളെയും സ്വകാര്യവൽക്കരിക്കാൻ പോകുകയാണ്. 11-ാം ധനകാര്യ കമ്മീഷനെക്കുറിച്ച് ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞു, ഏതൊക്കെ ഫണ്ട് റിലീസ് ചെയ്തിട്ടുണ്ടെന്ന്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് ചോദിക്കുകയാണ്. 11-ാം ധനകാര്യകമ്മീഷന്റെ ശുപാർശകളെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ് ? അങ്ങ് വെട്ടിത്തുറന്ന് പറയേണ്ട കാര്യമാണ്. നമ്മുടെ തലയ്ക്ക് മുകളിൽ ഒരു കമ്മിറ്റി വരികയാണ്. ഒരു ഉപരി കമ്മിറ്റി. സംസ്ഥാനങ്ങൾക്ക് എന്ത് ഗ്രാന്റ് കൊടുക്കണം എപ്പോൾ കൊടുക്കണം കൊടുക്കണ്ടേ എന്ന് തീരുമാനിക്കാൻ വേണ്ടി ഒരു കമ്മിറ്റി വരികയാണ്. ഭരണഘടനയുടെ 275-ാം ആർട്ടിക്കിൾ പ്രകാരം വളരെ spontaneous ആയിട്ട് ഫണ്ട് സംസ്ഥാനങ്ങൾക്ക് ഡെവല്യൂഷൻ നടത്തേണ്ടിയിരിക്കുന്നു. 275-ാം വകുപ്പിന്റെ ലംഘനം നടക്കുമ്പോഴും അതിനെതിരായിട്ട് ഒരു വലിയ സമരമോ യാത്രയോ നടത്താൻ എന്തുകൊണ്ട് കേരളത്തിലെ പ്രതിപക്ഷം തയ്യാറാകുന്നില്ല. 3664 കോടി രൂപ കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വരുമാനത്തിൽ കുറവുണ്ടാകുമ്പോൾ കമ്മ്യൂണിസ്റ്റുകാരനും സി. പി. ഐ. ക്കാരനും ജനതാ ദൾക്കാരനും ഇൻ. സി. പി. ക്കാരനും ഇവിടെയിരിക്കുന്നുണ്ടല്ലോ, അവർക്കു മാത്രമേ ഇതു ബാധകമാവുകയുള്ളോ ? 3664 കോടി രൂപ കേരളത്തിന്റെ എല്ലാ മേഖലയിലും ഉപയോഗിക്കേണ്ട പണത്തിൽ കുറവുവരുമ്പോൾ കൈപ്പത്തി ചിഹ്നത്തിൽ വോട്ട് ചെയ്ത പാവപ്പെട്ട കോൺഗ്രസ് (ഐ) ക്കാരന്റെ കുടുംബത്തെ ബാധിക്കുകയില്ലേ ? നിങ്ങൾ എന്തുകൊണ്ടാണ് 11-ാം ധനകാര്യ കമ്മീഷന്റെ തെറ്റായ നിർദ്ദേശങ്ങൾക്ക് എതിരായിട്ട് അതിശക്തമായിട്ടുള്ള ഒരു യാത്ര കാസർഗോഡുനിന്നും തിരുവനന്തപുരത്തേക്ക് നടത്താത്തത്? നിങ്ങൾ വളരെ ഗൗരവതരമായിട്ട് ചിന്തിക്കേണ്ട കാര്യമാണ്. ഈ രാജ്യത്തെ എല്ലാ തരത്തിലും പിടിച്ച് കുടയുന്ന സാമ്പത്തിക സമീപനം കേന്ദ്രം സ്വീകരിക്കുമ്പോൾ ശ്രീ. ശിവദാസമേനോന് മാന്ത്രികവിദ്യയുണ്ടോ ? ഇതിനിടയിൽ സംസ്ഥാനങ്ങൾക്ക് തരേണ്ടുന്ന കാശ് തരാതിരിക്കുകയാണ്. 531 കോടി രൂപ ആദ്യം വെട്ടിക്കുറച്ചു. 11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ ഭാഗമായിട്ട് 700 കോടി രൂപ പിന്നീട് വെട്ടിക്കുറച്ചു, ഇതൊന്നും പോരാഞ്ഞിട്ട് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിന്റെ ഭാഗമായിട്ട് 2000 കോടിയോളം രൂപ നികുതിയിനത്തിൽ ഗവൺമെന്റിനു കിട്ടേണ്ടുന്ന വരുമാനം കുറഞ്ഞു. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് എങ്ങനെയുണ്ടായി ? അത് പ്രതിപക്ഷം കണക്കിലെടുക്കണ്ടേ ? നിങ്ങൾ ധാരാളം കണക്കുകൾ പറഞ്ഞല്ലോ വളരെ ലളിതമായിട്ടുള്ള ബുദ്ധി ഉപയോഗിച്ച് ചിന്തിക്കുമ്പോൾ ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ ചുങ്കമില്ലാതെ ഇറക്കുമതി ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് കൊടുത്തിട്ടുള്ള അനുവാദം അതിന്റെ വെളിച്ചത്തിലാണ് ശ്രീ. നരസിംഹറാവുവിന്റെ കാലത്ത് റബ്ബറും സിന്തറ്റിക് റബ്ബറും ഇഷ്ടംപോലെ ഇറക്കുമതി ചെയ്യാൻ അനുവാദം കൊടുത്തത്. അതിന്റെ തുടർച്ചയായിട്ട് റബ്ബറിനും നാളികേരത്തിനും കൊപ്രയ്ക്കും ഇഞ്ചിക്കും വിലയില്ല. ആപ്പിൾ കൃഷിക്കാരന്റെ നട്ടെല്ല് ഒടിഞ്ഞു. മാർക്കറ്റിൽ ചെല്ലുമ്പോൾ ആപ്പിൾ എല്ലാം പൊട്ട് തൊടീച്ചിരിക്കുകയാണ്. തലശ്ശേരിയിൽ ചെന്ന് അരക്കിലോ ആപ്പിൾ ഞാൻ ചോദിച്ചു. ആപ്പിളിന്റെ മുഖത്ത് ചിലതിൽ മഞ്ഞപ്പൊട്ട് ചിലതിന് ചുവന്ന പൊട്ട്, ഇതെന്താണെന്ന് ചോദിച്ചപ്പോൾ ആസ്ട്രേലിയൻ ആപ്പിളാണ് മഞ്ഞപ്പൊട്ട്, ചുവന്നപൊട്ട് തൊട്ടത് അമേരിക്കൻ ആപ്പിൾ. നല്ല രുചിയുണ്ടായിരിക്കുമോയെന്ന് ചോദിച്ചു, എങ്കിൽ അരക്കിലോയെടുക്കാൻ പറഞ്ഞു. എത്ര നാൾ വച്ചാലും ചീത്തയാകാതിരിക്കാൻ പ്രിസർവ് ചെയ്ത് വച്ചിരിക്കുകയാണ്. ഇന്ത്യാ രാജ്യത്തിലെ ആപ്പിൾ കൃഷിക്കാരന്റെ നട്ടെല്ല് ഒടിഞ്ഞത് വെറുതെയാണോ ? ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ 115 ശതമാനത്തോളം ഇറക്കുമതി ചുങ്കം ചുമത്താമായിരുന്നിട്ടും നിങ്ങൾ കേവലം 20 ശതമാനത്തിൽ താഴെ ഇറക്കുമതി ചുങ്കം കുറച്ചുകൊണ്ടു വന്നു. കേന്ദ്രഗവൺമെന്റ് അങ്ങനെ കുറച്ചതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ genetically modified foods വരാൻ പോകുന്നത്. നിങ്ങൾക്ക് ഉത്കണ്ഠ ഇല്ലല്ലോ. ഞങ്ങൾക്ക് പേടിയുണ്ട്. ജനറ്റിക്കലി മോഡിഫൈഡ് പോട്ടറ്റോ മൂന്നാം ലോക രാജ്യത്തിലെ പൗരന്മാർക്കുവേണ്ടി പരീക്ഷണ ശാലകളിൽ തയ്യാറായിട്ടുണ്ട്. കാട്ടിലെ ഒരു വലിയ കിഴങ്ങിന്റെ വലിപ്പത്തിന് കാരണമായിട്ടുള്ള ജീനും ഉരുളക്കിഴങ്ങിന്റെ രുചിയ്ക്ക് കാരണമായിട്ടുള്ള ജീനും

LIBRARY ARCHIVES Kerala Legislative Assembly

സന്ധിവേശിപ്പിച്ച് ജനറ്റിക്കലി മോഡിഫൈഡ് പൊട്ടറ്റോ ഇന്ത്യയെപ്പോലെ മൂന്നാം ലോക രാജ്യത്തിലെ നമുക്കെല്ലാം കൈപ്പത്തി ചിഹ്നത്തിനും അരിവാൾ ചുറ്റിക നക്ഷത്രത്തിനും വോട്ട് കുത്തുന്ന പാവപ്പെട്ട ഇന്ത്യയിലെ മനുഷ്യർക്കുവേണ്ടി വരാൻ പോകുന്നു. ശാസ്ത്രജ്ഞന്മാർ പറയുന്നത് വളരെ അശ്രദ്ധമായ ജനിതക സാങ്കേതിക വിദ്യ കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായിട്ട് അത് കഴിക്കുന്നവരുടെ ആന്തരാവയവങ്ങളുടെ വളർച്ച മുരടിപ്പിക്കുന്ന ജീനുകൾ ഇതിൽ കടന്നുകൂടുമെന്നാണ്. നമ്മുടെ രാജ്യത്ത് 100 കോടി മനുഷ്യരെ പ്രൊട്ടക്ട് ചെയ്യാൻ ആരുണ്ടിവിടെ എന്നാണ് ഞങ്ങൾക്ക് ചോദിക്കുവാനുള്ളത്. Frontline - ൽ ഒരു ലേഖകൻ എഴുതിയിട്ടുണ്ട്. 11-ാം ധനകാര്യകമ്മീഷന്റെ കാര്യം ഇവിടെ പറഞ്ഞു. ഇവിടെ ആൾക്കാർക്ക് സമയമില്ല. ഇവിടെ കണക്കുകൾ ഉദ്ധരിച്ച് തോൽപ്പിക്കാനുള്ള വ്യഗ്രതയാണ്. കണക്കുകൾ ഉദ്ധരിച്ച് എൽ. ഡി. എഫി നെ തോൽപ്പിക്കാനുള്ള വ്യഗ്രത കാട്ടുന്ന അവസരത്തിൽ ഈ രാജ്യം ആകെ നരകത്തിലേക്ക് പതിച്ചു കൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ കാണണം. സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് ചില ആളുകൾ ഇവിടെ പറഞ്ഞു. Media-കൾക്ക് ഇതിൽ യാതൊരു ശ്രദ്ധയുമില്ല. 11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളിലും പുത്തൻ സാമ്പത്തിക നയത്തിൽ എന്താണ് പറയുന്നത്. The general mood of the country is different. The focus of attention is on majorities on Ram Mandir at Ayodhya, Beauty queens, possible match fixing in Cricket. തുടങ്ങിയിട്ടുള്ള കാര്യങ്ങളിൽ ഈ നാട്ടിലെ ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാൻ മാധ്യമങ്ങൾ കൊണ്ടു പിടിച്ചു ശ്രമിക്കുന്നു. അതിനെ പിന്തിരിപ്പിക്കേണ്ടുന്ന കോൺഗ്രസ് പ്രവർത്തകർ, മുസ്ലീം ലീഗിന്റെ ആളുകളെ മറ്റ് പാർട്ടിയിലെ ആളുകളെ പിന്തിരിപ്പിച്ചുകൊണ്ട് മാതൃഭൂമിയെ രക്ഷിക്കുവാനുള്ള മഹത്തായ പോരാട്ടം ആരംഭിച്ചു. ഇതിനെ എതിർത്തു നിൽക്കുന്നതിനു പകരം നിങ്ങൾ കണക്കുകൾ കാണിച്ച് എൽ. ഡി. എഫ്. ഗവൺമെന്റ് ചെയ്യുന്ന ഈ ജനോപകാരപ്രദമായ നടപടികളെക്കൂടി മറക്കാൻ ശ്രമിക്കുകയാണ്. അത് രാജ്യദ്രോഹപരമായിട്ടുള്ള കാര്യമല്ലേ ? അങ്ങനെ ഞാൻ പറയുന്നതിൽ ക്ഷമിക്കണം. അതിന് പുറമേയാണ് കടുത്ത വർഗീയത വരാൻ പോകുന്നത്. എന്താണ് വർഗീയതയുടെ തനിനിറം ? ഗുജറാത്തിലെ ഭൂകമ്പ ബാധിത പ്രദേശങ്ങളിൽ കണ്ടില്ലേ ? ആർ. എസ്. എസും ബി. ജെ. പി. യും കേരളത്തിൽ വരണമെന്ന് ആഗ്രഹിക്കുന്ന മുസ്ലീം ലീഗിന്റെ നേതാക്കന്മാരുടെ മനക്കട്ടി അപാരമാണ്. എന്താണ് അവിടെയുണ്ടായത് ? ഭൂമി കുലുങ്ങിയിട്ട് ഭൂമിക്കടിയിൽ പെട്ടുപോയവർ ഹിന്ദുവെന്നോ മുസ്ലീം എന്നോ ക്രിസ്ത്യാനിയെന്നോ ഇല്ല. ശവസംസ്കാരത്തിന്റെ ആചാരംപോലും പാലിക്കാൻ കഴിയാതെ മനുഷ്യരെ ഒരു കുഴിയിലിട്ട് ദഹിപ്പിക്കുകയാണ് ചെയ്തത്. കീറിപ്പോയ സാരികളെല്ലാം കൂട്ടിക്കെട്ടി വീടുണ്ടാക്കി ഹിന്ദുവും ക്രിസ്ത്യാനിയും മുസൽമാനും അതിനകത്തുണ്ട്. അങ്ങനെ അവരെല്ലാം ഒന്നിച്ചു കൂടുമ്പോൾ ആ ക്യാമ്പിലേയ്ക്ക് ബി. ജെ. പി. യും ആർ. എസ്. എസും വരുന്നു. അവിടെ ഹിന്ദുവും മുസ്ലീമും വേറെ വേറെയാണോ ? നമ്മൾ ഇവിടെ നിന്നും പാട്ടപ്പിരിവ് എടുത്ത് കൊടുത്തയച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളും കമ്പിളിവസ്ത്രവും എല്ലാം തന്നെ ആർ. എസ്. എസും വിശ്വഹിന്ദുപരിഷത്തും ലൂട്ട് ചെയ്തിട്ട് പട്ടേലൻമാരുടെ ക്യാമ്പുകളിൽ എത്തിക്കുന്നു. അതിലും വർഗീയത. കേരളത്തിൽ വളർന്നുവന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ വികാരമല്ലാതെ വളരെ സ്നേഹസമ്പന്നമായിട്ടുള്ള വികാരം അവർ കാണിക്കുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ ? നിങ്ങൾ ഇപ്പോൾ തലോടുന്ന, പൂച്ചയുണ്ടല്ലോ, അത് പൂച്ചയല്ല കാട്ടുപൂച്ചയാണ്. നിങ്ങൾ തടവാൻ ചെല്ലുമ്പോൾ സാധുവാണ്. പക്ഷേ സമയവും സന്ദർഭവും വരുമ്പോൾ അതിന്റെ പല്ലും നഖവും പുറത്തെടുക്കാൻ കാത്തുനിൽക്കുന്ന കാട്ടുപൂച്ചയാണ്, ഫാസിസമാണ്. ബഡ്ജറ്റിനെപ്പറ്റി ഒരുപാട് കാര്യങ്ങൾ പറയാനുണ്ട് ഞാൻ പറയുന്നില്ല. ഏതായാലും കണക്കു വച്ചുള്ള തർക്കമല്ല വേണ്ടത് കേരളത്തെയും ഇൻഡ്യയെയും രക്ഷിക്കാനുള്ള പ്രായോഗികമായ മാർഗ്ഗം കണ്ടുപിടിക്കാൻ അതിനെ എതിർക്കുന്നവരെ എതിർക്കാൻ നമ്മൾ ഒന്നാകുകയാണ് വേണ്ടത്. അതിന് കേരളത്തിലെ പ്രതിപക്ഷം തയ്യാറാകുമോയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. ശ്രീ. ശിവദാസമേനോൻ പാവങ്ങൾക്കുവേണ്ടി അവതരിപ്പിച്ചിട്ടുള്ള സമഗ്രമായ ഈ ബഡ്ജറ്റ് നിർദ്ദേശത്തെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 6-ാമത് ബഡ്ജറ്റിനെ അനുകൂലിക്കുന്നത് ഒരുതരത്തിൽ ചിന്തിച്ചാൽ രാജ്യദ്രോഹമാണെന്ന് തോന്നിപ്പോവുകയാണ്. ശ്രീമതി ശൈലജ ടീച്ചർ കണക്കുകൾ ഉദ്ധരിച്ചതിനെക്കുറിച്ച് വ്യാകുലപ്പെടുകയുണ്ടായി. കണക്കുകൾ ഉദ്ധരിക്കുമ്പോൾ എന്തിനാണ് നെറ്റിചുളിക്കുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. ശ്രീമതി ശൈലജ ടീച്ചർ ഒരു അദ്ധ്യാപികകൂടിയാണല്ലോ കണക്കുകളെയല്ലാതെ പിന്നെ എന്തിനെയാണ് നമ്മൾ അംഗീകരിക്കുന്നത്. കണക്കുകൾ വസ്തുനിഷ്ഠമായി കണ്ടുകൊണ്ട് ഇക്കണോമിക് റിവ്യൂവും ബഡ്ജറ്റ് ഇൻ ബ്രീഫും അതുപോലെ തന്നെ മറ്റ് ഏജൻസികളിലും വരുന്ന കണക്കുകൾ വിശ്വസിക്കാൻ കഴിയുകയില്ലെങ്കിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് പ്രസിദ്ധീകരിച്ച കണക്കുകൾ ഉൾക്കൊള്ളാൻ നിങ്ങൾ തയ്യാറില്ലെങ്കിൽ ഞങ്ങൾക്കൊന്നും പറയാനില്ല. ഈ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം കമ്മിയും മിച്ചവുമായ ഒരു ബഡ്ജറ്റാണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഒരു മിച്ച ബഡ്ജറ്റുമാണ്. ഈ 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയും മാർക്സിസ്റ്റ് പാർട്ടിയുടെ സാമ്പത്തിക നിലയും താരതമ്യപ്പെടുത്താൻ ശ്രീമതി ശൈലജ ടീച്ചർ മുന്നോട്ടുവരാൻ തയ്യാറുണ്ടോ ? 5 വർഷങ്ങൾക്കു മുമ്പ് മാർക്സിസ്റ്റ് പാർട്ടിക്ക് സംസ്ഥാനത്തുണ്ടായിരുന്ന സ്വത്തും ആസ്തിയും നമ്മുടെ സംസ്ഥാന ഗവൺമെന്റിനുണ്ടായിരുന്ന സ്വത്തും ആസ്തിയും പരിശോധിക്കുകയാണെങ്കിൽ മാർക്സിസ്റ്റ് പാർട്ടിയുടെ സ്വത്തും ആസ്തിയും വർദ്ധിക്കുകയും കേരളത്തിലെ ജനങ്ങൾ കടക്കെണിയിൽ ആകുകയും ചെയ്തു. ഞാൻ ഈ നിയമസഭയിൽ പതിവായി കേൾക്കുന്ന ഒരു ശബ്ദമാണ് സ്പീക്കറുടെ ഓർഡർ, ഓർഡർ മറ്റൊന്ന് ഭരണപക്ഷത്തിന്റെ കേന്ദ്ര ആഗോളവൽക്കരണം, അതുപോലെ 'നിങ്ങളുടെകാലത്ത്, നിങ്ങളുടെ കാലത്ത്' എന്നു പറയുന്നതും അവസാനം പ്രസംഗിച്ച ശ്രീമതി ശൈലജ ടീച്ചർ പോലും ചോദിച്ചത് നിങ്ങളുടെ കാലത്തോ എന്നാണ്. ഞങ്ങളുടെ കാലത്തെ പോരായ്മകൾ നികത്താൻ വേണ്ടിയല്ലേ ജനങ്ങൾ നിങ്ങൾക്ക് അധികാരം നൽകിയത്. അതിനെക്കുറിച്ച് പറയാതെ നിങ്ങളുടെ കാലത്തോയെന്ന് ചോദിക്കുന്നത് ഇനിയെങ്കിലും അവസാനിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിരവധി

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാനുണ്ട്. ഗവൺമെന്റിനെക്കുറിച്ച് പറയുമ്പോൾ റൊമാനിയായിലെ ചെഷസ്ക്യൂവിനെയാണ് ഓർമ വരുന്നത്. ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ, പ്രയാസങ്ങൾ അനുഭവിക്കുമ്പോൾ ധൂർത്ത് നടത്തിയ കമ്മ്യൂണിസ്റ്റ് ഭരണാധികാരിയെ ജനങ്ങൾ പുറത്താക്കി. ഫിലിപ്പിയൻസിലെ മാർക്കോസിനും മാർക്കോസിന്റെ ഭാര്യയായ ഇമൽഡാ മാർക്കോസിനും, രാജ്യം പട്ടിണികിടക്കുമ്പോൾ മൂവായിരത്തോളം ഷൂസുകളാണ് ഉണ്ടായിരുന്നത്. ജനങ്ങൾ അവരെയും ആട്ടിയോടിച്ചു. ഈ 5 വർഷക്കാലംകൊണ്ട് കോടിക്കണക്കിന് രൂപയുടെ സ്വത്ത് സമ്പാദിച്ചു മണിസൗധങ്ങൾ ഉണ്ടാക്കി..... എന്തിനാണ് അധ്വാനിക്കുന്ന തൊഴിലാളി വർഗത്തിന്റെ നേതാക്കന്മാർക്ക് സമ്മേളനം കൂടാൻ എ. സി. കോൺഫറൻസ് ഹാൾ, നേതാക്കൾക്ക് തിരുവനന്തപുരത്തു വന്നാൽ താമസിക്കാൻ, ഓരോ സെക്രട്ടേറിയറ്റ് മെമ്പർമാർക്കും ഓരോ പ്ലാറ്റുകൾ, നിഷേധിക്കാൻ ശ്രീമതി ശൈലജ ടീച്ചർ തയ്യാർ ഉണ്ടോ ? എത്ര കോടികളാണ് മലയാളം ചാനലിനുവേണ്ടി ചെലവാക്കിയത്. ഞാൻ അതിനെ എതിർക്കുന്നില്ല. പക്ഷേ നമ്മുടെ രാജ്യത്തെ സാമ്പത്തിക സ്ഥിതി, കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക ഇല്ലേ, ഞാൻ ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമവകുപ്പു മന്ത്രിയോട് അനാഥശാലകൾക്ക് ഗ്രാന്റ് നൽകുന്നതിനെപ്പറ്റി ഒരു ചോദ്യം ചോദിച്ചു. മറുപടി നൽകിയത് വിവരം ശേഖരിച്ചു വരുന്നുവെന്നാണ്. അനാഥകുട്ടികൾക്ക് കൊടുക്കുന്ന ഗ്രാന്റിന്റെ കണക്ക് ചോദിച്ചപ്പോൾ അതിനെക്കുറിച്ച് അന്വേഷിച്ച് മറുപടി പറയാൻ നട്ടെല്ല് ഇല്ലാത്ത മന്ത്രിമാർ ആണ് അപ്പുറത്തിരുന്നുകൊണ്ട് ആദർശം പറയുന്നതെന്ന് ശ്രീമതി ശൈലജ ടീച്ചർ ഓർക്കണം. കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ ബാക്കിയില്ലേ ? വിധവാപെൻഷൻ കൊടുക്കാൻ ബാക്കിയില്ലേ, ടീച്ചർ എന്തുകൊണ്ട് ഈ കണക്കുകൾ പറയുന്നില്ല. ഞങ്ങളുടെ കാലത്ത് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ കുടിശ്ശിക ബാക്കി ഇല്ലായിരുന്നു. വിധവാ പെൻഷൻ കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞോ ? എന്തിനേറെ പറയുന്നു ഞാൻ ബഡ്ജറ്റ് പ്രൊവിഷനെക്കുറിച്ചും മറ്റ് കാര്യങ്ങളെകുറിച്ചും പറയുന്നതിനുമുമ്പ് ഒരു കാര്യം പറയാം നിയമസഭാ സാമാജികരുടെ ടി. എ. കഴിഞ്ഞ മാസം കിട്ടിയോ ? ചരിത്രത്തിലാദ്യമായിട്ടാണ് എം. എൽ. എ. മാർക്ക് ടി. എ. കിട്ടാത്ത ഒരു സ്ഥിതി വരുന്നത്. എന്തിനേറെ പറയുന്നു നിങ്ങൾ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും ജനകീയാസൂത്രണത്തെപ്പറ്റിയും കൊട്ടിഘോഷിച്ചതല്ലേ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു യു. ഡി. എഫ് ഗവൺമെന്റിന്റെ കാലത്ത് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ കുടിശ്ശികയില്ലായിരുന്നുവെന്ന്. അവർ 17 മാസത്തെ പൈസ കൊടുക്കാനുള്ളത് ഇട്ടിട്ടാണ് പോയത്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഞങ്ങളുടെ കാലത്ത് കുടിശ്ശികയില്ലെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. പക്ഷേ കുടിശ്ശിക തീർക്കുമെന്നു പറഞ്ഞ് അധികാരത്തിൽ വന്നവരാണ് നിങ്ങൾ. ടി. എ. യ്ക്കുവേണ്ടി എം. എൽ. എ. മാരും, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും പഞ്ചായത്ത് മെമ്പർമാരും ഈ പ്രാവശ്യം അധികാരത്തിൽ ഇരിക്കാത്ത പ്രസിഡന്റുമാരും കഴിഞ്ഞ പ്രാവശ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

ടി. എ. യ്ക്കു വേണ്ടിയും ശമ്പളത്തിനുവേണ്ടിയും ബ്ലോക്ക് ആഫീസിൽ കയറിയിറങ്ങി നടക്കുകയാണ്. ശ്രീമതി ശൈലജ ടീച്ചർ ഈ രാജ്യത്തെ സാമ്പത്തിക സ്ഥിതി മനസിലാക്കിയിട്ടുണ്ടോ ? ഈ പ്രശ്നങ്ങൾ വളരെ ഗൗരവമായി കണ്ടുകൊണ്ട് ബഡ്ജറ്റിലൂടെ ഈ പ്രയാസങ്ങൾ മറികടക്കാൻ നിർദേശം കൊണ്ടുവരേണ്ട ഒരു ഗവൺമെന്റ് അതിൽ നിന്നും ഒളിച്ചോടുകയാണ്. ഇതുപോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ ഒരു സംസ്ഥാനത്തെ നയിക്കേണ്ട ഗവൺമെന്റ്, സാമ്പത്തിക അച്ചടക്കം ഉണ്ടാക്കേണ്ട ഗവൺമെന്റ്, സാമ്പത്തിക വരുമാനമുണ്ടാക്കേണ്ട ഗവൺമെന്റ് അതിൽ നിന്നും ഒളിച്ചോടുകമാത്രമല്ല സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാൻ യാതൊരു ശ്രമവും നടത്തിയിട്ടില്ല. ഇന്നലെ കൈരളി ചാനലിൽ ഒരു കാര്യം ഞാൻ കണ്ടു അതായത് ട്രഷറിയിൽ ചെക്ക് മാറാൻ വന്ന കരാറുകാർ അടക്കമുള്ള ആളുകൾ ചെക്ക് മാറാതെ മടങ്ങി പോകുന്നു. ട്രഷറിബാൻ ഒഴിവാക്കിയിട്ടുണ്ടെന്നും നാളെ മുതൽ ട്രഷറിയിൽ ചെക്ക് മാറാമെന്നും പറഞ്ഞ് വാർത്ത വന്നു. എനിക്ക് പറയാനുള്ളത് ഐ. പി. സി വകുപ്പ് (420) പ്രകാരം ധനകാര്യ വകുപ്പു സെക്രട്ടറിയേയും വകുപ്പുമന്ത്രിയെയും ചെക്ക് മടങ്ങിയതിന്റെ പേരിൽ അറസ്റ്റ് ചെയ്തു പ്രോസിക്യൂട്ട് ചെയ്യണം. കള്ള ചെക്ക് കൊടുത്ത് ജനങ്ങളെ വഞ്ചിച്ച ഒരു ഗവൺമെന്റ്, പത്രങ്ങളിലൂടെ ട്രഷറി ബാൻ നീക്കിയെന്നു പറയുക, എന്നിട്ട് ആളുകൾ ട്രഷറിയിൽ ചെക്കുമായിട്ട് വന്നാൽ ചെക്ക് മാറാതെ മടങ്ങിപ്പോകുക. ഇതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥന്മാരെയും ശിക്ഷിക്കണ്ടെ സർ. എന്തിനേറെ പറയുന്നു ഞാൻ ചോദിക്കട്ടെ എന്തെങ്കിലും ക്ഷേമപ്രവർത്തനങ്ങൾ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ ? ഉൾപ്പെടുത്തിയാൽ അത് നടപ്പാക്കാൻ സാധിക്കുമോ ? 6 ബഡ്ജറ്റുകളുടെയും കോപ്പി ഞാൻ എടുത്തിട്ടുണ്ട്. ആദ്യം ബഹുമാനപ്പെട്ട ഖുർഷിദ് ആലംഖാൻ ഈ നിയമസഭയിൽ ഗവൺമെന്റിനുവേണ്ടി ചെയ്ത ഗവർണറുടെ നയപ്രഖ്യാപനത്തിന്റെ കോപ്പി എന്റെ കൈയിലുണ്ട്. നടക്കാതെ പോയ സ്വപ്നങ്ങൾ എന്നു പറഞ്ഞുകൊണ്ട് നാളെ ഏതെങ്കിലും എഴുത്തുകാർ അത് എഴുതുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഡെപ്യൂട്ടി സ്പീക്കർ ഇവിടെ സൂചിപ്പിച്ചു ആഗോളവൽക്കരണം ഇൻഡ്യാ രാജ്യത്തെ പ്രതിസന്ധിയിലാക്കിയെന്ന്. എനിക്ക് അദ്ദേഹത്തോടും അദ്ദേഹത്തിന്റെ പാർട്ടിയോടും പറയാനുള്ളത് മലർന്നുകിടന്ന് തുപ്പരുതെന്നാണ്. രണ്ടര വർഷക്കാലം കേന്ദ്രവും കേരളവും നിങ്ങളുടെ കൈകളിലായിരുന്നു. ഗാട്ട് കരാർ നടപ്പിലാക്കിയതിന് നിങ്ങൾക്ക് പങ്കില്ലെന്ന് പറയാൻ സാധിക്കുമോ ? രണ്ടര വർഷക്കാലം ശ്രീ. ചതുരാനൻമിശ്രയും ശ്രീ. ഇന്ദ്രജിത്ത് ഗുപ്തയും കേന്ദ്രത്തിൽ അധികാരത്തിലിരുന്നപ്പോൾ ഗാട്ട്കരാർ പിൻവലിക്കണമെന്ന് പറയാൻ സി.പി. ഐ. (എം) മുന്നോട്ടു വന്നിട്ടുണ്ടോ ?

1 P.M] കേന്ദ്ര കൃഷിവകുപ്പിന്റെ അധികാരം കിട്ടിയപ്പോൾ എന്തുകൊണ്ട് ശ്രീ ചതുരാനൻമിശ്ര അത് മറന്നുപോയി എന്നതിനെക്കുറിച്ച് ആലോചിക്കണം. അധികാരത്തിൽനിന്ന് പുറത്തിരിക്കുമ്പോൾ ഗാട്ട് കരാറിനെക്കുറിച്ച് പറയും. ഗാട്ട് കരാറിനെ നിർത്തലാക്കാനുള്ള അധികാരം കൈകളിൽ വരുമ്പോൾ അത് ഭംഗിയായി നടപ്പാക്കുന്ന വിരോധാഭാസമായ രാഷ്ട്രീയമാണ് അല്ലെങ്കിൽ ഭരണമാണ് അപ്പുറത്തിരിക്കുന്നവർ നടത്തുന്നതെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഇവിടെ ശ്രീമതി ശൈലജ ടീച്ചർ അവസാനമായി പറഞ്ഞു മുസ്ലീം ലീഗ് ബി. ജെ. പി. യെ സഹായിക്കുന്നുണ്ട് എന്ന്. ഞാൻ പറയട്ടെ ആദ്യമായി ബി. ജെ. പി. ക്ക് ഇൻഡ്യാരാജ്യത്ത് അധികാരത്തിൽ വരാനുള്ള വഴി വെട്ടിത്തുറന്നത് മാർക്സിസ്റ്റു പാർട്ടിയാണ്. രണ്ടു എം. പി. മാർ ഉണ്ടായിരുന്ന ബി. ജെ. പി. യെ 82-ലേക്ക് ഉയർത്തിയതിന് പങ്കില്ലെന്നു പറയാൻ സാധിക്കുമോ ? 1979 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. അദ്വാനിക്ക് താമര ചിഹ്നത്തിൽ വോട്ടു ചേയ്തവരാണ് അപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിക്കാർ. നിങ്ങൾക്ക് അത് നിഷേധിക്കാൻ സാധിക്കുമോ ? എന്നിട്ട് അപ്പുറത്തിരുന്നുകൊണ്ട് ബി. ജെ. പി. യെ എതിർക്കുകയും ബി. ജെ. പി. യെ സഹായിക്കുന്നവർ മുസ്ലീം ലീഗ് അടക്കമുള്ള കോൺഗ്രസാണെന്നു പറയുമ്പോൾ ഈ രാജ്യത്ത് ചിന്തിക്കുവാൻ കഴിവുള്ളവരുണ്ടെന്ന് നിങ്ങൾ മനസിലാക്കണം. ഞാൻ ചോദിക്കട്ടെ ബി. ജെ. പി. ഇത്രയും വലിയ ശക്തിയായി വളർന്നതിൽ കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങൾക്ക് പങ്കില്ലേ ? ശ്രീ. വി. പി. സിംഗിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഈ രാജ്യത്ത് അധികാരത്തിലിരുന്നപ്പോൾ കോൺഗ്രസിനെ മുഖ്യശത്രുവായി കാണുകയും ഇൻഡ്യാ രാജ്യത്ത് ഫാസിസ്റ്റ് സംഘടനയെ അധികാരത്തിൽ കയറ്റുവാൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് മുൻപന്തിയിൽ ഉണ്ടായിരുന്നതെന്ന് ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. മുസ്ലീം ലീഗ് ഒരിക്കലും ബി. ജെ. പി. യുമായി കൂട്ടുചേരുന്ന പ്രശ്നമില്ല. ഇൻഡ്യാ രാജ്യത്ത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ബി. ജെ. പി. യുമായി സഖ്യമുണ്ടാക്കി കൊണ്ട് ഒരു മണ്ഡലത്തിൽ ഒരു ബി. ജെ. പി. സ്ഥാനാർത്ഥിക്ക് വോട്ടു ചെയ്തുവെന്ന് ശ്രീമതി ശൈലജ ടീച്ചർക്ക് പറയാൻ സാധിക്കുമോ ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : അസംബ്ലി നിയോജക മണ്ഡലത്തിൽപ്പെട്ട പേരാവൂർ പഞ്ചായത്തിൽ ഒരു സ്ഥലത്ത് ബി. ജെ. പി. യുടെ മഹിളാ മോർച്ചയുടെ വർക്കർ ആയിട്ട് ഒരു പുഷ്പയുണ്ട്. അവിടെ സംയുക്തമായിട്ടാണ് ഇലക്ഷൻ വർക്ക് നടത്തിയത്. വോട്ട് ചെയ്ത് പുഷ്പയെ ജയിപ്പിച്ചതും ഞാൻ പറയുന്നത് മുഴുവൻ കേൾക്കണം പുഷ്പ ജയിച്ചു വന്നപ്പോൾ ഞങ്ങളെ വഞ്ചിച്ചു എന്നു പറഞ്ഞ് കുറെ ആളുകൾ രാജി വച്ചിട്ടുമുണ്ട്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഇൻഡ്യാ രാജ്യത്ത് കേന്ദ്ര ഗവൺമെന്റിനെക്കുറിച്ച് പറയുമ്പോൾ ടീച്ചർ പ്രാദേശികമായ വാർഡിലേക്ക് ചുരുങ്ങിപ്പോകുന്നതിൽ എനിക്ക് ദുഃഖമുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടി ബി. ജെ. പി.യുമായി ചേർന്നതുകൊണ്ടല്ലേ ബി. ജെ. പി. യുടെ സഹായത്തോടു കൂടി അധികാരത്തിൽ വന്ന പഞ്ചായത്ത് പ്രസിഡന്റുമാർ രാജി വയ്ക്കണമെന്ന് സി. പി. ഐ. (എം) തീരുമാനിച്ചിട്ടുണ്ടെങ്കിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുമായി കൂട്ടു ചേർന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കോൺഗ്രസിനെ വിമർശിക്കാൻ അവകാശമില്ല എന്നേ ഞാൻ പറഞ്ഞുള്ളു. സംസ്ഥാനത്തിന്റെ ഇന്നത്തെ കടക്കെണി ഞാൻ സൂചിപ്പിച്ചതുപോലെ സമസ്ത മേഖലയിലും പരാജയപ്പെട്ടു. ചരിത്രത്തിൽ ഇതുപോലെ ദുരിതപൂർണമായ ഒരു സാഹചര്യം സാമ്പത്തിക രംഗത്തുണ്ടായിട്ടില്ല. ഈ അഞ്ചു വർഷക്കാലം രാജ്യത്തെ ജനങ്ങളെ കടക്കെണിയിലേക്ക് തള്ളിവിട്ടിരിക്കുകയാണ്. അയൽ സംസ്ഥാനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പെർ ക്യാപിറ്റാ ഡെബ്റ്റ് 5000 രൂപ വരെ നിൽക്കുമ്പോൾ 9000 ത്തോളം രൂപ കേരളത്തിലെ ജനങ്ങളിൽ ഒരാൾ കടത്തിൽ കുടുങ്ങികിടക്കുകയാണ്. ആഗോളവൽക്കരണത്തെക്കുറിച്ചും ഗാട്ട്കരാറിനെക്കുറിച്ചുമൊക്കെ പറയുമ്പോൾ നമ്മൾ ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്. കമ്യൂണിസ്റ്റു പാർട്ടി ഭരിക്കുന്ന പശ്ചിമ ബംഗാൾ വളരെയധികം മുന്നോട്ടു പോയിരിക്കുന്നു. കേരളത്തിലെ ഈ ഗവൺമെന്റിന്റെ പോരായ്മകളെ മറച്ചു വയ്ക്കുമ്പോൾ പശ്ചിമ ബംഗാളിലെ നേട്ടങ്ങൾ ശ്രീ. ആര്യാടൻ മുഹമ്മദ് സൂചിപ്പിച്ചതുപോലെ അത് പറയുവാൻ ഞങ്ങൾക്ക് മടി ഉണ്ടായിട്ടല്ല. ഈ ഗവൺമെന്റിന്റെ കൊള്ളരുതായ്മയും ആസൂത്രണവും പ്ലസ് ടു അനുവദിക്കുന്നതിലുണ്ടായ കാര്യങ്ങളുമൊക്കെ നമുക്കറിയാം. 150 കോടി രൂപയാണ് പ്ലസ് ടു അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ കുടിശ്ശികയുള്ളത്. ധനകാര്യവകുപ്പ് ശമ്പളം കൊടുക്കാൻ കുടിശ്ശികയുണ്ടായി. ധനകാര്യവകുപ്പ് അറിയാതെ ഇവിടെ അദ്ധ്യാപക നിയമനങ്ങൾ നടക്കുന്നു. 3 കൊല്ലമായി അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല. പുതിയൊരു കാര്യം ഇപ്പോൾ നടക്കുന്നു. ഫൈനാൻസ് വകുപ്പറിയാതെ പൊതുമരാമത്തു വകുപ്പിൽ കോടിക്കണക്കിന് രൂപയുടെ പ്രവർത്തനങ്ങളാണ് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടക്കുന്നത്. ഞാൻ ചോദിക്കട്ടെ, ആസൂത്രണമില്ലായ്മ, പരസ്പരബന്ധമില്ലാത്ത ഒരു മന്ത്രിസഭ ഇഷ്ടംപോലെ ആ വകുപ്പുകൾ കൈകാര്യം ചെയ്യുന്നു. ചോദ്യം ചോദിച്ചാൽ പോലും ഉത്തരം നൽകാൻ കഴിയാത്ത അവസ്ഥ മന്ത്രിമാർക്കുണ്ട്. അതുപോലെ അനാഥശാലകൾക്കുള്ള ഗ്രാന്റും കർഷകത്തൊഴിലാളി പെൻഷനും വിധവാപെൻഷനും തടഞ്ഞു വയ്ക്കുന്നു. നമ്മുടെ രാജ്യത്തെ അവശ ജനവിഭാഗങ്ങൾക്കുള്ള പെൻഷൻപോലും കൊടുക്കാത്ത ഒരു ഗവൺമെന്റിനുവേണ്ടി കൊണ്ടു വന്ന ബഡ്ജറ്റിനെ അനുകൂലിക്കുന്നത് രാജ്യ ദ്രോഹപരമാണ്. അതുകൊണ്ട് അവസാനം യേശുക്രിസ്തു പറഞ്ഞതുപോലെ ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർക്ക് തന്നെ അറിയില്ല എന്നു ഞാൻ പറയുന്നില്ല. ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർക്ക് അറിയാം. എങ്കിലും ഇവർക്ക് മാപ്പു കൊടുക്കേണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. പി. എസ്. സുപാൽ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തികഞ്ഞ യാഥാർത്ഥ്യബോധത്തോടുകൂടി സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സമസ്ത മേഖലകളേയും പരിഗണിച്ചു കൊണ്ടാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഈ ബഡ്ജറ്റിനെ പരാമർശിച്ചുകൊണ്ട് പലരും ഇവിടെ പ്രസംഗിക്കുകയുണ്ടായി. പ്രതിപക്ഷത്തു നിന്ന് പ്രസംഗിച്ച പലരും ഏതോ മായാ ലോകത്തു നിന്നു പ്രസംഗിക്കുന്ന അനുഭവമാണ് നമുക്കെല്ലാവർക്കുമുണ്ടാകുന്നത്. അതായത് അവരുടെ ശരീരം ഇവിടെയാണെങ്കിലും മനസ് ട്രഷറി ബഞ്ചിലാണോ എന്ന് അവരുടെ ഭാവമാറ്റം കാണുമ്പോൾ നമുക്ക് തോന്നിപ്പോകും. നമ്മുടെ പ്രതിപക്ഷനേതാവ് എപ്പോഴും അസ്വസ്ഥനാകുന്ന ആളല്ല. അദ്ദേഹം വളരെ ക്രിയാത്മകമായി ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും സ്വാഗതം ചെയ്തിരുന്ന ആളാണ്. അദ്ദേഹം ഒരു മോചന യാത്ര നടത്തി. ആ മോചന യാത്രയിൽ അദ്ദേഹം നടത്തിയ പരാമർശങ്ങൾ പത്ര

LIBRARY ARCHIVES Kerala Legislative Assembly

മാധ്യമങ്ങളിലൂടെ നമ്മൾ വായിച്ചവരാണ്. അതായത് ആ യാത്ര കഴിഞ്ഞ് തിരുവനന്തപുരത്ത് എത്തുമ്പോൾ അദ്ദേഹം ഈ ട്രഷറി ബഞ്ചിൽ സ്ഥാനം പിടിക്കുമെന്നുള്ള നിലയ്ക്കുള്ള മനോഭാവത്തോടുകൂടിയായിരുന്നു പ്രസംഗിച്ചത്. ശ്രീമതി ശൈലജ ടീച്ചർ സംസാരിക്കുമ്പോൾ അദ്ദേഹം പെട്ടെന്ന് അസ്വസ്ഥനാകുന്നതു കണ്ടു. മോചന യാത്ര നടത്തി വളരെ വിജയകരമായി അദ്ദേഹം പറയുന്നതുപോലെ ഇവിടെ പര്യവസാനിപ്പിച്ചിട്ട് ഇനി ഞങ്ങൾക്കാണ് ഭരണമെന്നുള്ള ധാരണയിൽ നിൽക്കുന്ന ശ്രീമാൻ എ. കെ. ആന്റണി പെട്ടെന്ന് അസ്വസ്ഥനാകുന്നതിന്റെ കാരണം എന്താണ് ? നമുക്കെല്ലാവർക്കുമറിയാം. മോചനയാത്ര കൊണ്ട് ഫലമില്ല. കാരണം ശ്രീ. കരുണാകരനിൻ നിന്നു മോചനം ലഭിച്ചില്ല എന്നുള്ളത് ശ്രീ. കരുണാകരനുമായിട്ടുള്ള കൂടിക്കാഴ്ചയിലൂടെ മനസിലായി. ശ്രീ. കരുണാകരനിൽ നിന്നും ശ്രീമാൻ എ. കെ. ആന്റണിക്ക് മോചനമുണ്ടായോ ? അദ്ദേഹം ഒരു യോഗത്തിൽ സംസാരിച്ചത് എന്താണ് ? മോചനയാത്ര നടത്തുന്നത് എളുപ്പമാണ്. പക്ഷേ സീറ്റു ചർച്ച കോൺഗ്രസിൽ അത്ര എളുപ്പമുള്ള കാര്യമല്ല. അതുപോലെ യു. ഡി. എഫ്. ലെ പ്രമുഖനായ നേതാവ് ശ്രീ. ആര്യാടൻ മുഹമ്മദ് 1977-ൽ അദ്ദേഹം ആദ്യമായി സഭയിൽ വന്ന കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അദ്ദേഹം 1977-ൽ സഭയിൽ വരുമ്പോൾ അന്ന് എനിക്ക് ഏഴ് വയസ് മാത്രമേയുള്ളൂ. അദ്ദേഹം എത്രയോ അസംബ്ലികളിൽ അംഗമായിട്ടുള്ള ആളാണ്. അദ്ദേഹത്തിന്റെ പ്രസംഗം ഒരുപക്ഷേ നമ്മളെല്ലാവരും ശ്രദ്ധയോടുകൂടി കേൾക്കുന്ന ഒന്നാണ്. അദ്ദേഹം പ്രസംഗിച്ചത് എന്താണ് ? ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ അവതരിപ്പിച്ച ബഡ്ജറ്റ് ഗൗരവമില്ലാത്ത ഒരു ബഡ്ജറ്റാണ് എന്നുള്ള നിലയ്ക്ക് പ്രസംഗിച്ചു തുടങ്ങിയ അദ്ദേഹം അൽപ്പംപോലും ഗൗരവം കാണിക്കാതെ അല്ലേ ചില ഉദാഹരണങ്ങൾ എടുത്തു കാണിച്ചത് ? ധനകാര്യ കമ്മീഷന്റെ ചെയർമാനായ ശ്രീ. ഖുസുറു ഇവിടെ വന്നപ്പോൾ അദ്ദേഹത്തിന് ലഞ്ചു കൊടുക്കാത്തതു കൊണ്ടാണ് പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയത് എന്ന നിലയ്ക്ക് പ്രമുഖനായ ഒരു കോൺഗ്രസ് നേതാവ് പറയുകയെന്നുവച്ചാൽ അത് എത്ര ലാഘവത്തോടുകൂടിയാണ്. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം കാണുന്നത് ? അതായത് നിങ്ങൾക്ക് അടിമത്ത മനോഭാവമാണ് ഉള്ളത്. ഉദ്യോഗസ്ഥമേധാവിത്വത്തിൽ നിന്ന് നിങ്ങളുടെ മനസ് ഇതുവരെ മാറ്റി എടുക്കുവാൻ കഴിഞ്ഞിട്ടില്ല. അടിമത്ത മനോഭാവമാണുള്ളത്.

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. കെ. പി. രാജേന്ദ്രൻ]

ഇന്ത്യയെ പണയംവച്ച് മറ്റ് വിദേശരാജ്യങ്ങളിൽ നിന്നും എല്ലാ സാധനങ്ങളും ഇറക്കുമതി ചെയ്യുമ്പോൾ ഇതിന് നേതൃത്വം കൊടുക്കുന്ന ശ്രീ. ബിൽ ക്ലിന്റൺ കൂടുതൽ ഇറക്കുമതി ചെയ്യേണ്ട സാധനങ്ങളുടെ ലിസ്റ്റുമായിട്ടാണ് ഇന്ത്യാ സന്ദർശനം നടത്തിയത്. പാർലമെന്റിൽ വന്നപ്പോൾ കോൺഗ്രസിന്റെ എം. പി. മാർ നാണവും മാനവുമില്ലാതെ ശ്രീ. ബിൽ ക്ലിന്റന് കൈകൊടുക്കാൻ പ്രയാസപ്പെടുന്ന രംഗങ്ങൾ കണ്ടതാണ്. നിങ്ങളുടെ അടിമത്ത മനോഭാവം മാറ്റിയെടുക്കണം. കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്ന ഈ സംസ്ഥാനത്ത് സാമ്പത്തിക മാന്ദ്യതയാണ് നിലനിൽക്കുന്നത് എന്നുള്ള നിലയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആരോപണം ഉന്നയിക്കുമ്പോൾ അതിന്റെ യാഥാർത്ഥ്യം മനസിലാക്കുവാൻ നിങ്ങൾ തയ്യാറാകണമെന്നാണ് ഞങ്ങൾക്ക് നിങ്ങളോട് സൂചിപ്പിക്കാനുള്ളത്. ഗവൺമെന്റിന്റെ സാമ്പത്തിക സാദ്ധ്യതകളെ സംബന്ധിച്ച് പൊടിപ്പും തൊങ്ങലും വച്ചുള്ള പ്രസ്താവനകളാണ് പ്രതിപക്ഷം ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ ആരോപണം കേട്ടാൽ ഇന്ത്യാ മഹാരാജ്യത്തിന് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഏക ഗവൺമെന്റ് കേരള ഗവൺമെന്റ് എന്നുള്ള നിലയ്ക്കാണ് തോന്നുന്നത് ഈ സാമ്പത്തിക മാന്ദ്യതയ്ക്ക് ഒക്കെ ഉത്തരവാദി ഇന്ന് സംസ്ഥാനം ഭരിക്കുന്ന ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് എന്നതാണ് നിങ്ങളുടെ സംസാരം കേൾക്കുമ്പോൾ ഞങ്ങൾക്ക് തോന്നുന്നത്. യു. ഡി. എഫ്. നമ്മുടെ സംസ്ഥാനം ഭരിച്ചിരുന്ന അവസരത്തിൽ ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയെ നിങ്ങൾ നേരിട്ടില്ലേ ? നിങ്ങൾ ഭരിക്കുന്ന അവസരത്തിലല്ലേ ട്രഷറി പല ദിവസങ്ങൾ അടച്ചുപൂട്ടിയത്. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത് ? ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ യാഥാർത്ഥ്യങ്ങളിലേക്ക് കൂടി ശ്രദ്ധ തിരിക്കണം. നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണ് എന്ന് നിങ്ങൾ പറയുമ്പോൾ ഈ സംസ്ഥാന ഗവൺമെന്റ് മാത്രമാണോ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നത് ? ഇന്ന് ഇന്ത്യാ മഹാരാജ്യത്തെ നിരവധി സംസ്ഥാനങ്ങൾ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പല സംസ്ഥാനങ്ങളിലും ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ല. നിയമന നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. പല തരത്തിലുള്ള നിയന്ത്രണങ്ങൾ പല സംസ്ഥാന ഗവൺമെന്റുകളും ഏർപ്പെടുത്തിയിരിക്കുകയാണ്. ഇന്ന് കേന്ദ്ര ഗവൺമെന്റിന്റെ സ്ഥിതിയെന്താണ് ? കേരളത്തിൽനിന്നുള്ള കേന്ദ്ര മന്ത്രിയായ ശ്രീ. ഒ. രാജഗോപാൽ ഒരു പ്രസ്താവന നടത്തുകയുണ്ടായി. കേന്ദ്രഗവൺമെന്റിന് കടുത്ത സാമ്പത്തിക പ്രതിസന്ധിയുള്ളതുകൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല. അതായത് സാമ്പത്തിക പ്രതിസന്ധിയെന്ന് പറയുന്നത് നമ്മുടെ സംസ്ഥാനത്ത് മാത്രമുള്ള ഒരു പ്രതിഭാസമല്ല. എല്ലാ സംസ്ഥാന ഗവൺമെന്റുകളേയും ബാധിക്കുന്ന ഒരു വിഷയമാണ്. ആ സാമ്പത്തിക ബാദ്ധ്യതയുടെ കാരണങ്ങളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഉദാരവൽക്കരണനയവും ഇറക്കുമതിനയവും നമ്മുടെ രാജ്യത്ത് നടപ്പാക്കാൻ ശ്രമിച്ചതിന്റെ പരിണിതഫലമാണ് ഈ സാമ്പത്തിക പ്രതിസന്ധിയെന്ന് നമുക്ക് പറയാൻ കഴിയും. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ അദ്ദേഹത്തിന്റെ പ്രസംഗം ആരംഭിച്ചതുതന്നെ ഇടതുപക്ഷജനാധിപത്യമുന്നണിയിലെ ആളുകൾ പ്രസംഗിച്ചു തുടങ്ങിയാൽ ഉദാരവൽക്കരണത്തെ സംബന്ധിച്ചും ഇറക്കുമതിയെ സംബന്ധിച്ചും പറയുന്നുവെന്നാണ്. ഇവിടെ സാമ്പത്തിക മാന്ദ്യമുണ്ടാകാനും കാർഷികവിളകൾക്ക് വിലയിടിയുവാനും കാരണം പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുവാനുള്ള തീരുമാനങ്ങൾ എടുത്തുകൊണ്ടിരിക്കുന്നതും ഈ ഉദാരവൽക്കരണ സാമ്പത്തിക നയങ്ങളുടെ ഭാഗമായിട്ടാണ്. അത് പറയാതെ പോകുവാൻ ആർക്കെങ്കിലും പറ്റുമോ ? നമ്മുടെ വിപണിയാകെ സജീവമല്ലായെന്നുള്ള നിലയിൽ പ്രതിപക്ഷ നേതാക്കന്മാർ ആരോപിക്കുമ്പോൾ നമ്മുടെ കാർഷികോൽപ്പന്നങ്ങളായ റബ്ബർ, നാളികേരം, കുരുമുളക്, ഇഞ്ചി, ഏലം എന്നിവയ്ക്കൊന്നും വിലയില്ല. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്കൊന്നും തന്നെ തീരെ വിലയില്ല. കാർഷികോൽപ്പന്നങ്ങൾക്ക് വിലയില്ലാത്തത് എന്തുകൊണ്ടാണ് നിർബാധം ഈ ഉൽപ്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്തേക്ക് തീരദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നു. അങ്ങനെ ഇറക്കുമതി ചെയ്യുന്നതു കൊണ്ടല്ലേ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലയില്ലാതെ വരുന്നത്. അതിന് കാരണം ഉദാരവൽക്കരണത്തിന്റെ ഇറക്കുമതി നയമാണ് എന്നുപറഞ്ഞാൽ എന്തെങ്കിലും അതിശയോക്തിയുണ്ടോ ? അതുകൊണ്ട് ഇറക്കുമതിയെ സംബന്ധിച്ച് പറയുമ്പോൾ അതിൽ ബേജാറാകേണ്ട കാര്യമില്ല. നിങ്ങൾ ഈ പ്രശ്നങ്ങളുമായി താരതമ്യം പ്രാപിച്ചുകൊണ്ട് യഥാർത്ഥ പ്രശ്നം ഇതാണ് എന്ന് മനസിലാക്കിക്കൊണ്ട് അതിനെതിരായ സമരത്തിലും പ്രക്ഷോഭത്തിലും പങ്കെടുക്കുകയെന്നുള്ളതാണ് ഈ കാലഘട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കുവാൻ കേന്ദ്രസർക്കാർ സംസ്ഥാന ഗവൺമെന്റിന് കൊടുത്ത ചില നിർദേശങ്ങളുണ്ട്. അതായത്, സബ്സിഡികൾ നിർത്തലാക്കുക, സർക്കാർ ജീവനക്കാരുടെ എണ്ണം പടിപടിയായി കുറയ്ക്കുക, നിയമന നിരോധനം ഏർപ്പെടുത്തുക, വേതനവും ക്ഷാമബത്തയും മരവിപ്പിക്കുക, പൊതുമേഖലയെ സ്വകാര്യവൽക്കരിക്കുക, പദ്ധതിവിഹിതം വെട്ടികുറയ്ക്കുക, കഴിയുന്ത്ര നികുതികൾ ചുമത്തുക എന്നിവയാണ് കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ ഈ സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കാൻ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ. അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഉത്തരവാദപ്പെട്ട ഒരു ഗവൺമെന്റിന് നടപ്പാക്കാൻ കഴിയുമോ ? ജനാധിപത്യ കേരളത്തിൽ അത് നടപ്പാക്കാൻ കഴിയുമോ? സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ട് വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന് കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള ശുപാർശകൾ നടപ്പാക്കാൻ കഴിയുമോ ? തീർച്ചയായിട്ടും നടപ്പാക്കാൻ കഴിയുകയില്ല. അതിനെ സംബന്ധിച്ച് യു. ഡി. എഫ്.- ന്റെ അഭിപ്രായം വ്യക്തമാക്കാൻ നിങ്ങൾ തയ്യാറാകണം. നിയമനനിരോധനം നടത്തുന്ന കാര്യത്തിൽ, സബ്സിഡികൾ നിറുത്തലാക്കുന്ന കാര്യത്തിൽ, വേതനവും ക്ഷാമബത്തയും മരവിപ്പിക്കുന്ന കാര്യത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന കാര്യത്തിൽ കേന്ദ്രഗവൺമെന്റ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിക്കുന്നതാണ് സംസ്ഥാനത്തിന്റെ കട ബാദ്ധ്യത ഇല്ലാതാക്കുവാൻ പറ്റിയ മാർഗ്ഗമെന്നുള്ള നിലയ്ക്ക് നിങ്ങളുടെ നയം വ്യക്തമാക്കാൻ നിങ്ങൾ തയ്യാറാകണം. കാരണം, നിങ്ങളുടെ പാർട്ടി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ അത് വ്യക്തമാക്കിയിട്ടുണ്ട്. മധ്യപ്രദേശ് ഭരിക്കുന്നത് കോൺഗ്രസ് (ഐ) ആണ്. കേന്ദ്രഗവൺമെന്റിന്റെ ശുപാർശകൾ നടപ്പിലാക്കാൻ അവർ തീരുമാനമെടുത്തു കഴിഞ്ഞു. അതിനെ സംബന്ധിച്ച് യു. ഡി. എഫ് അഭിപ്രായം പറയണമെന്നുള്ളതുകൊണ്ടാണ് ഞാൻ ആ കാര്യം സൂചിപ്പിച്ചത്. ഈ ഗവൺമെന്റ് ആ ശുപാർശകൾ അംഗീകരിക്കുവാൻ തയ്യാറായിട്ടില്ല. ഈ സർക്കാർ ധാരാളം നിയമനങ്ങൾ നടത്തുകയുണ്ടായി. സബ്സിഡികൾ തുടരുവാൻ തീരുമാനിച്ച ഒരു ഗവൺമെന്റ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു പൊതുമേഖലയെ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു. നിയമന നിരോധനം നമ്മുടെ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടില്ല. ദുർബല വിഭാഗങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുവാൻ പദ്ധതി ആവിഷ്കരിച്ചു. അതുപോലെ ശമ്പള പരിഷ്കരണം നടപ്പിലാക്കി പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കാർഷിക മേഖലയെ പരിരക്ഷിക്കുവാൻ ധാരാളം പദ്ധതികൾ സംസ്ഥാനഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ജനകീയ സ്വഭാവമുള്ള ഒരു ഗവൺമെന്റിന്റെ കടമയും കർത്തവ്യവും അതാണ്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അത് നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. യു. ഡി. എഫ്. ഭരിക്കുന്ന അവസരത്തിൽ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിവച്ച കടബാദ്ധ്യതയെന്ന് പറയുന്നത് ചെറുതാണോ ? ആന കയറിയ കരിമ്പിൻ തോട്ടം പോലെ സംസ്ഥാനത്തെ സാമ്പത്തിക മേഖലയെ തകർക്കുന്ന ഒരു സമീപനമാണ് യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്നത്. സബ്സിഡികൾ പലതും വെട്ടിച്ചുരുക്കി ഈ ഗവൺമെന്റ് പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായി വിപണിയിൽ ഇടപെട്ടുകൊണ്ട് സാധാരണക്കാരെ സഹായിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന മാവേലി സ്റ്റോറുകൾ പലതും അടച്ചു പൂട്ടിയ ഗവൺമെന്റാണ്, യു. ഡി. എഫിന്റെ കാലത്ത് ഇങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഉണ്ടായിരുന്നത്. അതുപോലെ തന്നെ ആ ഗവൺമെന്റ് അധികാരം വിട്ടൊഴിഞ്ഞു പോയപ്പോൾ കരാറുകാർക്ക് 400 കോടി രൂപയുടെ കുടിശ്ശികയുണ്ടായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 150 കോടി രൂപ കൈമാറാനും ഉണ്ടായിരുന്നു. ദുർബല ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം 100 കോടി രൂപയുടെ കുടിശ്ശികയാണ് ആ ഗവൺമെന്റ് വരുത്തി വച്ചിട്ടുപോയത്. കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് ശ്രീ. ഇസ്ഹാക് കുരിക്കൾ ചോദിക്കുകയുണ്ടായി നിങ്ങളുടെ ഗവൺമെന്റ് ഭരണം വിട്ടൊഴിഞ്ഞു പോകുന്ന സന്ദർഭത്തിൽ 17 മാസത്തെ കുടിശ്ശികയാണ് കർഷകത്തൊഴിലാളികൾക്ക് കൊടുക്കാൻ ഉണ്ടായിരുന്നത്. തൊഴിലാളികളുടെ പേരിൽ ഊറ്റം കൊള്ളുന്ന നിങ്ങൾക്ക് ഇതിനെ സംബന്ധിച്ച് എന്തെങ്കിലും പറയാൻ കഴിയുമ്മോ ? അതുപോലെ ക്ഷാമബത്ത കുടിശ്ശിക 400 കോടിരൂപയായിരുന്നു നിങ്ങൾ അധികാരം വിട്ടൊഴിഞ്ഞുപോകുന്ന അവസരത്തിൽ കൊടുക്കാൻ ഉണ്ടായിരുന്നത്. അങ്ങനെ ഏതാണ്ട് 1200 കോടി രൂപയുടെ ബാധ്യതയാണ് നിങ്ങൾ ഭരണം വിട്ടുപോകുന്ന അവസരത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരം ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന കടബാധ്യത. ഈ കടബാധ്യത മുഴുവൻ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കാൻ നിങ്ങൾക്ക് ലജ്ജയില്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് വെറുതെയിരുന്നിട്ടാണോ ഈ കടബാധ്യതകൾ വന്നത് ? വെറുതെയിരുന്നിട്ടല്ല. ധൂർത്തടിച്ചിട്ടല്ല. മറിച്ച്, വികസനപ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോയതിന്റെ അടിസ്ഥാനത്തിലാണ് എന്തെങ്കിലും സാമ്പത്തിക ബാധ്യത വന്നിട്ടുണ്ടെങ്കിൽ ഉണ്ടായിട്ടുള്ളത്. ഇപ്പോൾ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ 1,065 കോടി രൂപ തദ്ദേശ സ്വയംഭരണ സമിതികൾക്ക്, വികസനപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്. നിങ്ങൾ ഭരിക്കുന്ന അവസരത്തിൽ അധികാരം താഴെത്തട്ടിലേക്ക് കൈമാറിയിട്ടില്ലായിരുന്നു തദ്ദേശ സ്വയംഭരണ സമിതികൾക്ക് അധികാരം കൊടുത്തിരുന്നില്ല. അധികാരവും അതുപോലെ സമ്പത്തും കൊടുക്കാതെ തദ്ദേശ സ്വയംഭരണ സമിതികളുടെ പ്രവർത്തനങ്ങൾക്ക് കൂച്ചുവിലങ്ങിട്ട ഗവൺമെന്റായിരുന്നു കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

യു. ഡി. എഫ്. ഗവൺമെന്റ്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രകടന പത്രികയിൽ പറഞ്ഞിരുന്ന വാഗ്ദാനങ്ങൾ അധികാര വികേന്ദ്രീകരണം നടപ്പാക്കികൊണ്ട്, ഓരോന്നായി നടപ്പാക്കികൊണ്ട് അതിനാവശ്യമായിട്ടുള്ള സമ്പത്തും തദ്ദേശ സ്വയംഭരണ സമിതികൾക്ക് കൈമാറിയിട്ടുണ്ട്. അങ്ങനെയാണ് നമ്മുടെ നാട്ടിൽ വികസനമുണ്ടായത്. എന്തു വികസനം ഉണ്ടായി എന്ന് നിങ്ങൾ നിയമസഭയിൽ ചോദിച്ചല്ലോ. നിങ്ങളുടെ നാടുകളിൽ, നിങ്ങളുടെ പ്രദേശങ്ങളിൽ, നമ്മുടെ പഞ്ചായത്ത് സമിതികളുടെ, അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുള്ള എത്രയോ വികസനപ്രവർത്തനങ്ങളുണ്ട്. നിങ്ങൾക്ക് പരിപാടികളിൽ പങ്കെടുക്കാൻ സയമം കിട്ടുന്നുണ്ടോ ? എത്രയേറെ വികസനപ്രവർത്തനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ഈ നാലഞ്ചു വർഷക്കാലം കൊണ്ട് തദ്ദേശ സ്വയംഭരണ സമിതിയുടെ നേതൃത്തിൽ നടത്തിയിട്ടുള്ളത്. അതുപോലെ തന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിയിട്ടുള്ള മറ്റ് വിവിധ മേഖലകളിലെ വികസനപ്രവർത്തനങ്ങൾ, നേട്ടങ്ങൾ ഈ സംസ്ഥാനത്തെ കൂരിരുട്ടിലേക്ക് തള്ളിയിട്ടിട്ട് നിങ്ങൾ പോയെങ്കിൽ ഞങ്ങൾ അധികാരം ഏറ്റെടുത്ത അവസരത്തിൽ ആ കൂരിരുട്ട് ഒഴിവാക്കികൊണ്ട് വെളിച്ചത്തിന്റെ ലോകത്തിലേക്ക് ഈ ഗവൺമെന്റിനെ കൊണ്ടു വന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. ലോഡ് ഷെഡ്ഡിംഗും പവർക്കട്ടും ഒഴിവാക്കി. നമ്മുടെ സംസ്ഥാനം ഇന്ന് വൈദ്യുതിരംഗത്ത് സ്വയംപര്യാപ്തതയിൽ എത്തിയിരിക്കുകയാണ്. മാത്രമല്ല ഒരു മിച്ച സംസ്ഥാനമായി മാറിയിരിക്കുകയാണ്. അതുപോലെ വിവരസാങ്കേതിക മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു നയസമീപനത്തിലേയ്ക്ക് കർമ്മ പരിപാടിയിലേക്ക് ഇടതുപക്ഷ ജനാധിപത്യ മുണന്നി ഗവൺമെന്റ് പോകാൻ തീരുമാനിച്ചിരിക്കുകയാണ്. വിവരസാങ്കേതിക മേഖലയിലും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് എന്തുചെയ്തു എന്ന് ചോദിക്കാറുണ്ട്. ഈ ഗവൺമെന്റിന്റെ കാലയളവിലാണ് എഞ്ചിനീയറിംഗ് മേഖലയിൽ 4000 സീറ്റുകൾ അധികമായി അനുവദിച്ചതിനെപ്പറ്റി പലപ്പോഴും നിങ്ങൾ പറയാറുണ്ടല്ലോ. സ്വകാര്യമേഖലയ്ക്ക് സീറ്റുകൾ കൊടുക്കുന്നതിനെ സംബന്ധിച്ചും പ്രൊഫഷണൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചുമുള്ള നയം വ്യക്തമാക്കണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് 5000 സീറ്റുകൾ എഞ്ചിനീയറിംഗ് മേഖലയിൽ കൊണ്ടുവന്നത്. നിങ്ങൾ അധികാരത്തിലിരിക്കുന്ന അവസരത്തിൽ എത്ര സീറ്റുകൾ വർദ്ധിച്ചിട്ടുണ്ട് എന്നുള്ളത് നിങ്ങൾക്ക് നെഞ്ചിൽ കൈ വച്ചു പറയാൻ കഴിയുമോ ? അതുപോലെ പാർപ്പിട പദ്ധതി ദുർബല ജനവിഭാഗങ്ങളെ സഹായിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് ഭവന നിർമ്മാണ പദ്ധതി എത്ര കാര്യക്ഷമതയോടു കൂടിയാണ് നടപ്പാക്കിയത് ? ഭവനരഹിതരായ ആളുകളെ സഹായിക്കുന്നതിനു വേണ്ടി 200 കോടി രൂപയുടെ ഭവനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് നിർമ്മിച്ചിട്ടുള്ളത്. സമ്പൂർണ്ണ പാർപ്പിട പദ്ധതി മാതൃകാപരമായി നടപ്പാക്കിയ ഒരു ജില്ലയാണ് കൊല്ലം ജില്ല. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പഞ്ചായത്തു സമിതികളേയും ബ്ലോക്ക് പഞ്ചായത്ത് സമിതികളേയും ഒക്കെ പരിഗണിച്ചുകൊണ്ട് ഏതാണ്ട്

LIBRARY ARCHIVES Kerala Legislative Assembly

50,000 ത്തിൽപ്പരം വീടുകളാണ് 2 വർഷക്കാലം കൊണ്ട് കൊല്ലം ജില്ലയിൽ പണി കഴിപ്പിച്ചത് എന്നു പറയുമ്പോൾ ഭവനരഹിതരായിട്ടുള്ള ലക്ഷകണക്കിന് ആളുകൾക്ക് പ്രതീക്ഷ നൽകിയ, അവരെ സഹായിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുണന്നി ഗവൺമെന്റ്. രാഷ്ട്രീയം നോക്കിയല്ല വീടുകൾ കൊടുത്തിട്ടുള്ളത്. കോൺഗ്രസിന്റെ ആളുകൾക്കും ബി. ജെ. പി. യുടെ ആളുകൾക്കും മുസ്ലീംലീഗിന്റെ ആളുകൾക്കും വീടുകൾ കൊടുത്തിട്ടുണ്ട്. ഭവനമില്ലാത്ത എല്ലാ പാർട്ടിയിൽപ്പെട്ട ആളുകൾക്കും കൊടുത്തിട്ടുണ്ട്. അവരെയെല്ലാം സഹായിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. പൊതുവിതരണ സമ്പ്രദായം ശക്തമാക്കി വൈദ്യുതി മേഖലയെ സ്വയംപര്യാപ്തതയിലേക്ക് കൊണ്ടുവന്നു. ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിനെ വിമർശിക്കാൻ, കഴിഞ്ഞ കാലങ്ങളിൽ ഒന്നും ചെയ്യാൻ കഴിയാത്ത നിങ്ങൾക്ക് യാതൊരു ധാർമ്മികമായിട്ടുള്ള അവകാശവുമില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീമതി സോണിയാഗാന്ധി കേരളത്തിൽ വന്ന് മോചനയാത്രയുടെ സമാപന സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് പ്രസംഗിച്ചത് ശ്രീമാൻ എ. കെ. ആന്റണിയും ശ്രീ. കെ. കരുണാകരനും ചെകിട്ടത്ത് അടികിട്ടിയതു പോലെയായില്ലേ ? അതായത് ശ്രീ. എ. കെ. ആന്റണി നടത്തിയ മോചന ജാഥയെ അനുഗമിച്ചു കൊണ്ട് യു. ഡി. എഫ്. ലെ ചില നേതാക്കന്മാർ പ്രസംഗിച്ചു നടന്നു. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇവിടെ പറഞ്ഞതുപോലെ ഈ സാമ്പത്തിക മാന്ദ്യതയ്ക്കും ഉദാരവൽക്കരണത്തിനും കാരണക്കാരായിട്ടുള്ള ആളുകൾക്കെതിരെ, ശക്തികൾക്കെതിരെ കേന്ദ്ര ഭരണാധികാരികൾക്കെതിരെ ഒരക്ഷരം നിങ്ങൾ ഉരിയാടാതിരുന്നപ്പോൾ പ്രതികൂട്ടിൽ നിർത്താൻ ശ്രമിച്ചത് കേരളത്തിലെകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെയാണ്. ശ്രീമതി സോണിയാ ഗാന്ധി എന്താണ് പറഞ്ഞത് ? നിങ്ങൾ പറയാത്ത കാര്യം അവർ പറഞ്ഞു. ഈ സാമ്പത്തിക മാന്ദ്യതയുടെ ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റിനാണെന്നുള്ള നിലയ്ക്ക് ശ്രീമതി സോണിയാ ഗാന്ധി പറഞ്ഞിട്ടു കൂടി അതിനെ സംബന്ധിച്ച് മിണ്ടാൻ ശ്രീമാൻ എ. കെ. ആന്റണി തയ്യാറായില്ല. അതുകൊണ്ട് നിങ്ങൾ നടത്തുന്ന ഈ സമരത്തിലൊന്നും യാതൊരു ആത്മാർത്ഥതയുമില്ല എന്ന് കേരളത്തിലെ ജനങ്ങൾക്ക് തിരിച്ചറിയാം. കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിന്റെ നിരവധി ഗുണകരമായ നേട്ടങ്ങൾ അനുഭവിച്ചവരാണ്. അവർ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യും എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഇടക്കാല ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എഫ്. തോമസ് : സർ, ശ്രീ. പി. എസ്. സുപാൽ പറഞ്ഞു അവസാനിപ്പിച്ചിടത്തുനിന്ന് ഞാൻ ആരംഭിക്കുകയാണ്. ശ്രീമതി സോണിയാ ഗാന്ധി സെൻട്രൽ സ്റ്റേഡിയത്തിൽ നടത്തിയ പ്രസംഗം എല്ലാവരും ശ്രദ്ധിച്ചു. പത്രങ്ങളും റിപ്പോർട്ടു ചെയ്തു. ഈ സംസ്ഥാനത്തിന്റെയും ഈ രാജ്യത്തിന്റെയും സാമ്പത്തിക പ്രതിസന്ധിയെ അവർ വിശകലനം ചെയ്തു. ഞങ്ങളുടെ ആർഗ്യുമെന്റ് അരക്കിട്ടുറപ്പിക്കുന്ന പ്രസംഗമാണ് ശ്രീമതി സോണിയാ ഗാന്ധി ഇവിടെ നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ഈ നിയമസഭയിൽ ഞങ്ങൾ പറയുന്നത് ? മോചനയാത്രയിൽ ശ്രീ. എ. കെ. ആന്റണിയും മറ്റ് പ്രതിപക്ഷ നേതാക്കളും പറഞ്ഞു, ഈ സംസ്ഥാനത്ത് ഇപ്പോൾ കാണുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി, അതിന്റെ ഉത്തരവാദിത്വം, അതിനു കൂട്ടുപ്രതികളായിട്ട് രണ്ടു പേരുണ്ട്, ആ രണ്ടു പേർ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരുമാണ് എന്ന് ആവർത്തിച്ചാവർത്തിച്ച് ഞങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ ഒരു കാര്യം വളരെ വിനീതമായി ചോദിക്കട്ടെ. ഇപ്പോൾ ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ ഇവിടെയില്ല. മറ്റ് രണ്ടു മന്ത്രിമാരുണ്ട്. 1994 ഏപ്രിൽ 15-ന് ഗാട്ടു കരാർ ഒപ്പിട്ടു. 1995 ജനുവരി 1-ന് ലോകവ്യാപാര സംഘടന നിലവിൽ വന്നു. നിങ്ങളുടെ ആർഗ്യൂമെന്റ് കേൾക്കാൻ തുടങ്ങിയിട്ട് 7 വർഷം കഴിഞ്ഞു. ഞാൻ പറയുന്നത്, ഈ ഒരു സാഹചര്യത്തിൽ നിങ്ങൾക്ക് സംസ്ഥാനം ഭരിക്കാൻ നിർവാഹമില്ലെങ്കിൽ ദയവായി ഈ സംസ്ഥാനത്തെ ജനങ്ങളോട് കാര്യം പറഞ്ഞ് ഇറങ്ങിപ്പോകുക. അടുത്ത തെരഞ്ഞെടുപ്പിൽ എന്താണ് നിങ്ങൾക്ക് പറയാനുള്ളത് ? ജനങ്ങളുടെ മുമ്പിൽ നിങ്ങൾ ഇറക്കുന്ന പ്രകടന പത്രിക എന്താണ് ? അടുത്ത 5 വർഷം എങ്ങനെ ഈ സംസ്ഥാനം ഭരിക്കും എന്നാണ് നിങ്ങൾ ഈ സംസ്ഥാനത്തെ ജനങ്ങളോട് പറയാൻ പോകുന്നത് ? ഞാൻ ചോദിക്കുന്നത് ഇങ്ങനെയാണ് നിങ്ങളുടെ ആർഗ്യൂമെന്റ് എങ്കിൽ അടുത്ത 5 വർഷത്തേക്കുള്ള പ്രകടന പത്രിക നിങ്ങൾ എങ്ങനെ തയ്യാറാക്കും ? ഈ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട ആളുകളോട് ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ചോദിച്ചാൽ ഒരക്ഷരം മിണ്ടുകയില്ല. ഇന്ന് ബഹുമാന്യനായ ഡെപ്യൂട്ടി സ്പീക്കർ മുതൽ ശ്രീ. പി. എസ്. സുപാൽ വരെ പ്രസംഗിച്ചത് കേരളം സെപ്പറേറ്റല്ല, കേരളം ഇൻഡ്യൻ സമ്പദ്ഘടനയുടെ ഭാഗമാണ്. അത് ശരി. പക്ഷേ എന്തിന് ഇവിടത്തെ മുഖ്യമന്ത്രിയും ക്യാബിനറ്റും ഇരിക്കുന്നു ? ഈ സംസ്ഥാനത്തെ രൂക്ഷമായ പ്രശ്നങ്ങളെപ്പറ്റി നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? ഈ ബഡ്ജറ്റ് പ്രസംഗത്തിന്റെ പതിനഞ്ചാമത്തെ പേരിൽ ശ്രീ. ടി. ശിവദാസമേനോൻ പറയുന്നതെന്താണ് ? കാർഷിക വിഭവങ്ങളുടെ വിലതകർച്ച മാത്രം കണക്കാക്കിയാൽ 500 കോടി രൂപയുടെ നികുതി നഷ്ടം പ്രതിവർഷം സംസ്ഥാനത്തിന് സംഭവിച്ചു കൊണ്ടിരിക്കുന്നു എന്ന്. അപ്പോൾ ജനങ്ങളുടെ നഷ്ടം എത്രയാണ്. ഇന്നു രാവിലെ സി. പി. ഐ. യുടെ ഉപവാസത്തെക്കുറിച്ച് ശ്രീ. സത്യൻമൊകേരി പറഞ്ഞത് 5,000 കോടിരൂപയുടെ നഷ്ടമെന്നാണ്. ശ്രീമതി ശൈലജ ടീച്ചർ പറഞ്ഞത് 3,000 കോടി രൂപയുടെ നഷ്ടമെന്നാണ്. കഴിഞ്ഞ 5 വർഷമായി ജനങ്ങൾക്കുവന്ന നഷ്ടം എത്രയാണ്. നികുതി വരുമാനത്തിൽ മാത്രം 500 കോടി രൂപയുടെ കുറവെന്നാണ് ശ്രീ. ടി. ശിവദാസമേനോൻ പറഞ്ഞത്. ഇപ്പോൾ പറഞ്ഞല്ലോ, പൊടിപ്പും തൊങ്ങലും വച്ച കഥകളാണ് സാമ്പത്തിക മാന്ദ്യത്തെക്കുറിച്ച് ഞങ്ങൾ പറയുന്നതെന്ന്. പൊടിപ്പും തൊങ്ങലും വച്ച കഥയാണോ ? ഇന്നലെ ട്രഷറി നിയന്ത്രണം മാറ്റിയെന്നു പറഞ്ഞിട്ട്, ഇന്നലെ ട്രഷറിയിൽ ബില്ലുകളും ചെക്കുകളുമായി ചെന്ന ആളുകൾ അവിടെ കൂട്ടത്തല്ലായിരുന്നു. ഈ സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷംകൊണ്ട് 8,000 കോടിരൂപയുടെ വരുമാനത്തകർച്ച ഉണ്ടായിട്ട് അതിന് ഫലപ്രദമായ എന്തെങ്കിലും നടപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോ, കേരള ക്യാബിനറ്റോ സ്വീകരിച്ചോ ? നിങ്ങൾ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

കാര്യമെന്താണ് ? തേയില, കാപ്പി, കുരുമുളക്, നാളികേരം തുടങ്ങിയ കാർഷിക വിളകൾക്ക് നികുതിസൗജന്യം അനുവദിച്ചുകൊടുത്തു. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വഴി റബ്ബർ സംഭരണംമൂലമുള്ള നഷ്ടം നികത്തുന്നതിനും സർക്കാർ തയ്യാറായിട്ടുണ്ട്. ഈ നടപടികളുടെയെല്ലാം ഫലമായി 500 കോടി രൂപയുടെ വരുമാനനഷ്ടമാണ് ഗവൺമെന്റിന് ഉണ്ടായിരിക്കുന്നത്. അത് നിങ്ങൾ ചെയ്ത കാര്യമാണ്. നികുതിയിൽ മാത്രം 500 കോടി രൂപയുടെ നഷ്ടം കേരള ഗവൺമെന്റിനുണ്ടായിരിക്കുന്നത്. 7,000 കോടിരൂപയുടെ സർക്കുലേഷൻ മാർക്കറ്റില്ലാതെ, കാർഷികമേഖലയിലെ ഈ ഗുരുതരമായ നഷ്ടം പരിഹരിക്കാൻ കഴിഞ്ഞോ ? ഒരു വർഷം 56 ആഴ്ചകളിൽ ക്യാബിനറ്റ് കൂടി 5 വർഷക്കാലമായി മുന്നൂറോളം ക്യാബിനറ്റ് കൂടിയിട്ട് എടുത്ത തീരുമാനം എന്താണ് ? അവിടെയാണ് നിങ്ങളുടെ ഭാവനാശക്തി പോയത്. ഞങ്ങളുടെ ആരോപണം അതാണ്. 5400 കോടിരൂപയുടെ വാർഷിക അടങ്കലാണ് ഒരു വർഷത്തേയ്ക്കെന്ന് പറഞ്ഞിരിക്കുന്നത്. (കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ) ഓരോ വർഷവും ഇങ്ങനെയല്ലേ പറയുന്നത്. അതിൽ നമ്മുടെ സമ്പദ് ഘടനയുടെ പ്രൈമറി സെക്ടറെന്ന് വിശേഷിപ്പിക്കുന്നത് കൃഷിയും വ്യവസായവുമാണല്ലോ. അവിടെയാണല്ലോ പ്രശ്നം. ശ്രീ. ഉമ്മൻചാണ്ടി ഇവിടെയുണ്ട്. അദ്ദേഹം നേരത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. ഞാൻ ഓർക്കുന്നു, ശ്രീ. ഉമ്മൻചാണ്ടി ഏറ്റവും ഒടുവിൽ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ അദ്ദേഹം ഒരു അപ്രോച്ച് കൊണ്ടു വന്നിരുന്നു. നമ്മുടെ സംസ്ഥാനത്തിനുവന്ന തകർച്ച, നമ്മുടെ സാമ്പത്തിക വിദഗ്ദ്ധന്മാരെല്ലാം യോജിക്കുന്ന ഒരു പോയിന്റുണ്ട്. നമ്മുടെ സാമൂഹിക ക്ഷേമ പദ്ധതികൾക്കുമാത്രം ഊന്നൽ കൊടുക്കുന്ന സമീപനത്തിൽ നിന്ന് മാറി അടിസ്ഥാന മേഖലകളിലേക്ക് തിരിഞ്ഞില്ലെങ്കിൽ കേരളത്തിന്റെ ഭാവി ശോഭന മല്ലെന്ന് യു. ഡി. എഫ്. ഗവൺമെന്റിനുവേണ്ടി അന്ന് അവതരിപ്പിച്ച ബഡ്ജറ്റിൽ ഞങ്ങൾ ഒരു സമീപനമെടുത്തിരുന്നു. ആ സമീപനവുമായെങ്കിലും പോകാൻ നിങ്ങൾ തയ്യാറായോ ? കാർഷിക മേഖലകളിൽ ഇത്രയേറെ തകർച്ചവന്നിട്ട് എന്തു നടപടിയുണ്ടായി ? ഞങ്ങൾ കണക്കാക്കി. ഇന്നലെ എസ്. റ്റി. സി. ഒരു കണക്ക് കേന്ദ്രത്തിനു കൊടുത്തു. പത്രത്തിൽ വന്നതാണ്. 20,000 ടൺ റബ്ബർ എസ്. ടി. സി. ശേഖരിക്കണമെന്നു പറഞ്ഞു. ആ 20,000 ടൺ ശേഖരിക്കണമെങ്കിൽ ഒരു കിലോയ്ക്ക് 8 രൂപ നഷ്ടം വന്നാലേ ശേഖരിക്കാനൊക്കൂ. നിങ്ങൾ ശ്രദ്ധിച്ചോ ? ഞാൻ നോക്കിയിട്ട് 16 കോടിരൂപയുടെ നഷ്ടം. 50,000 ടൺ വിദേശത്തു കയറ്റിയയ്ക്കണമെങ്കിൽ 40 കോടി രൂപമതി. ഈ സംസ്ഥാന ഗവൺമെന്റ് അതിനെങ്കിലും ആവശ്യമായ പണം ഈ വർഷം ഭരിച്ചിട്ട് ഉണ്ടാക്കിയോ ? നമ്മുടെ സമ്പദ്ഘടനയുടെ അടിത്തറ തകർത്തു. കാർഷിക മേഖലയിലെ ഏറ്റവും വലിയ വരുമാനമാർഗവും നാണ്യവിളയും റബ്ബറിനെ വിലതകർച്ചയിൽ നിന്നും രക്ഷിക്കാനാവശ്യമായ പണമെങ്കിലും ഈ ഗവൺമെന്റ് മാറ്റിവച്ചോ ? നിങ്ങൾ എങ്ങനെ പണം ചെലവഴിച്ചു ? നിങ്ങൾ കൃഷിക്കുവേണ്ടി നീക്കിവച്ചത് വെറും 40 കോടി രൂപയാണ്. ഞാൻ കൂട്ടിനോക്കി. ഇവിടെ കൃഷിവകുപ്പുമന്ത്രികൂടി വേണ്ടതായിരുന്നു. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായി 80,000 മെട്രിക് ടൺ കൊപ്ര സംഭരിച്ചിട്ടും വെളിച്ചെണ്ണയുടെ വില താഴ്ന്നു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക വിളയായ

LIBRARY ARCHIVES Kerala Legislative Assembly

നാളികേരത്തിന്റെ പ്രതിവർഷ നഷ്ടം 660 കോടി രൂപ. ഒരു നാളികേരത്തിന് 1 രൂപ കുറഞ്ഞപ്പോൾ കേരളത്തിന് നഷ്ടം ആയിരിക്കുന്നത് 660 -ൽ ചില്വാനം കോടിരൂപയല്ലേ. നിങ്ങൾ ഇവിടെ ചില കണക്കുകളൊക്കെ ഉദ്ധരിച്ചു. ഈ വർഷത്തെ ഉൽപ്പാദനം 700 കോടിരൂപയാണെന്ന്. അങ്ങനെയാണെങ്കിൽ ശ്രീ. ആന്റണി ഭരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു നാളികേരത്തിന് 6 രൂപ വിലയുണ്ടായിരുന്നു. ഇപ്പോൾ 2 രൂപ. ഒരു നാളികേരത്തിന് 4 രൂപയായി വില കുറയുമ്പോൾ കേരളത്തിന് കഴിഞ്ഞ രണ്ടു വർഷങ്ങളിലെ നഷ്ടം 2800 കോടി രൂപ. ഈ കണക്കു ശരിയാണോ ? നാളികേരത്തിന്റെ ഇനത്തിൽ മാത്രം 2,800 കോടി രൂപ വരുമാനത്തകർച്ച ഉണ്ടായിട്ട് എത്ര കോടി രൂപ നിങ്ങൾ മാറ്റിവച്ചു ? നിങ്ങൾ എന്താണു ചെയ്തത് ? ഈ ഗവൺമെന്റിന് എന്തെങ്കിലും ഭാവനയുണ്ടോ ? നിങ്ങൾ ആദ്യം പറഞ്ഞു, കൊപ്ര സംഭരിക്കുമെന്ന്. എവിടെ നിന്നാണ് കൊപ്ര സംഭരിച്ചത്. മുഴുവൻ ഇടനിലക്കാർ കൊണ്ടുപോയി. എന്തിനാണ് ഈ ക്യാബിനറ്റ്. സി. പി. ഐ (എം) ന്റെ സ്റ്റേറ്റ് കമ്മിറ്റി എന്തിനാണ്. സി. പി ഐ (എം) ന്റെ സ്റ്റേറ്റ് കമ്മിറ്റി ഈരണ്ടു ദിവസം യോഗം ചേരുമല്ലോ. അവിടെ ചർച്ചചെയ്യാൻ പാടില്ലായിരുന്നോ ? നിങ്ങൾക്ക് കൈരളി ചാനലായിരുന്നു വിഷയം. കെപ്രയും, റബ്ബറും ചർച്ച ചെയ്യണം. അല്ലാതെ കൈരളി ചാനൽ മാത്രം പോര.

ശ്രീ. സി. കെ. രാജേന്ദ്രൻ : സംസ്ഥാനത്തെ പല സഹകരണസംഘങ്ങളും സംഭരിച്ച കൊപ്ര 'നാഫെഡ്' ഏറ്റെടുക്കാത്തതുകൊണ്ടാണ് പ്രതിസന്ധിയുണ്ടായത് എന്ന് അങ്ങേയ്ക്കറിയാമോ ?

ശ്രീ. സി. എഫ്. തോമസ് : എനിക്ക് നല്ലവണ്ണമറിയാം. ഞാൻ ഈ പ്രശ്നം നല്ലവണ്ണം പഠിച്ചതാണ്. തമിഴ്നാട്, കർണാടക എന്നിവിങ്ങളിൽ ഇതിനേക്കാൾ വിലകുറഞ്ഞ റബ്ബർ കിട്ടുന്നുണ്ട്. ഇവിടെനിന്നും കൊപ്ര സംഭരിച്ച് അവിടെ കൊണ്ടുപോയി നിങ്ങൾ പറഞ്ഞ 3,250 രൂപയ്ക്ക് കൊടുത്തിട്ട് പാവപ്പെട്ട കൃഷിക്കാരന് 2,000 രൂപപോലും ഒരു ക്വിന്റലിന് കിട്ടുന്നില്ല. മുഴുവൻ ഇടനിലക്കാർ കൊണ്ടു പോകുന്നു. കഴിഞ്ഞ ഒരു വർഷമായി തുടരുന്ന ഈ പ്രതിഭാസം ക്യാബിനറ്റ് വിലയിരുത്തിയോ ? നിങ്ങൾക്ക് 'നാഫെഡ്'നു വേണ്ടി ഒരു ഗോഡൗണെങ്കിലും ഉണ്ടാക്കികൊടുക്കാൻ സാധിച്ചില്ലല്ലോ. നിങ്ങൾ കാര്യക്ഷമതയോടുകൂടി എന്തുഭരണമാണ് നടത്തിയത് ? കേരളത്തിലെ മന്ത്രിമാർക്ക് എന്തായിരുന്നു ജോലി. എന്തിനാണ് നിങ്ങളുടെ ക്യാബിനറ്റ്. നിങ്ങളുടെ നയരൂപീകരണ സമിതി എന്തിനാണ് ? നിങ്ങൾ 80,000 ടൺ കൊപ്ര ശേഖരിച്ചിട്ടുപോലും കൃഷിക്കാരന് 3,250 രൂപ ക്വിന്റലിന് മേടിച്ചുകൊടുക്കാൻ സാധിച്ചില്ലെങ്കിൽ എന്തു ഭരണമാണ് നിങ്ങൾ നടത്തുന്നത് ? നിങ്ങളുടെ പാർട്ടി കമ്മിറ്റികളും ക്യാബിനറ്റും കേരളത്തിലെ ജനങ്ങളോട് കാണിച്ചിരിക്കുന്ന വഞ്ചന കാര്യക്ഷമതയില്ലാത്തതാണ്. വെറും ധൂർത്തുമാത്രം. പിന്നെ വിദേശയാത്രകളും. ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി അവിടെയുണ്ട്. ഇതിൽ വ്യവസായത്തിന് 274 കോടിരൂപയാണ് മാറ്റിവച്ചിരിക്കുന്നത്. കേരളത്തിൽ 274 കോടിരൂപകൊണ്ട് വ്യവസായമുണ്ടാക്കാൻ ഇറങ്ങിപുറപ്പെട്ടവർ. ഇപ്പോഴത്തെ അവസ്ഥ എന്താണ്? നമ്മുടെ മുഖ്യമന്ത്രിക്ക് ഇവിടെ ശ്രീ. ക്ലിന്റന്റെ കാര്യമൊക്കെ പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

എന്തൊരു ധാർമ്മികരോഷമാണ്. എത്ര പ്രാവശ്യം അമേരിക്കയിൽ പോയി. പറയുന്നതിൽ മനഃസാക്ഷി വേണ്ടേ ? നമ്മൾ എതിർക്കുന്നതെങ്കിൽ എതിർക്കണം. രണ്ടുംകൂടെ പറയരുത്. അമേരിക്കയിൽപോയി ബിൽഗേറ്റിനേയും ശ്രീ. ക്ലിന്റനേയും കണ്ടിട്ട് ഇവിടെവന്ന് ശ്രീ. ക്ലിന്റനെതിരായി സംസാരിക്കുകയാണ്. 6 പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദേശയാത്ര നടത്തി. നമ്മുടെ വ്യവസായവകുപ്പുമന്ത്രിയും നടത്തി. മറ്റുമന്ത്രിമാർ ആറേഴുപ്രാവശ്യം വിദേശത്തുപോയി. ഞങ്ങൾ കണക്കെടുത്തുനോക്കി. ഇതൊക്കെ കണക്കല്ലേ. ഇതൊക്കെ പറയണ്ടേ ? ബഡ്ജറ്റ് ചർച്ചയിൽ കണക്കു പറയണ്ടേ ? രാഷ്ട്രീയമാണോ പറയേണ്ടത് ? ഇൻഡ്യ കൈവരിച്ച വിദേശമൂലധനം വ്യവസായ മേഖലയിൽ കർണാടക 7.55 ശതമാനമായും, തമിഴ്നാട് 6.71 ശതമാനവും മഹാരാഷ്ട്ര 13.58 ശതമാനവും, കേരളം 0.39 ശതമാനവുമാണ്. ഔദ്യോഗിക കണക്ക് കേൾക്കണോ ? Press Information Bureau. Released - Dated 28-02-2000. State wise break up. ഇതു നിങ്ങൾ കണ്ടില്ലേ ? നമ്മുടെ വ്യവസായ വകുപ്പുമന്ത്രി 274 കോടി രൂപയുടെ കണക്കിനെപ്പറ്റി സൂചിപ്പിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മാത്രം കണക്കാണ് ഞാൻ പറഞ്ഞത്. ഹരിയാന ഇതിനേക്കാൾ കൂടുതൽ വിദേശ മൂലധനം വാങ്ങി. ഇങ്ങനെ വിദേശ മൂലധനം നമ്മുടെ രാജ്യത്ത് വാങ്ങി കൊണ്ടിരിക്കുമ്പോൾ 274 കോടി കൊണ്ട് വ്യവസായ രംഗത്തെ രക്ഷപ്പെടുത്തുവാൻ പോകുന്നു. യുവജന സംഘടനയോട് എല്ലാ ബഹുമാനവും നിലനിർത്തികൊണ്ട് പറയുകയാണ്. എവിടെ പോയി നിങ്ങളുടെ മുദ്രാവാക്യം ? വ്യവസായവൽക്കരണത്തിന് ധാരാളം പണം കൊടുക്കാം എന്നുപറഞ്ഞ് കഴിഞ്ഞ അഞ്ചുവർഷം മുമ്പ് വോട്ട് വാങ്ങിയവർ എവിടെ പോയി ? പുതുതായി എത്ര തൊഴിലില്ലാത്തവർ ഈ സംസ്ഥാനത്ത് ഉണ്ടായി ? അതിനെക്കുറിച്ചൊന്നും പറഞ്ഞില്ല. ഈ സംസ്ഥാനത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ പ്രശ്നങ്ങളോടാണ് ഞങ്ങളുടെ സമീപനം. കാർഷികമേഖല, വ്യാവസായിക മേഖല ഈ മേഖലകളിലൊക്കെയുള്ള മിനിമം കാര്യങ്ങളെങ്കിലും പറയേണ്ടെ ? ഇനി രണ്ട് മാസമേയുള്ളു. പറഞ്ഞിട്ട് കാര്യമില്ല. എഞ്ചിനീയറിംഗ് കോളേജിനെ സംബന്ധിച്ച് ബംഗാളിൽപ്പോയി പഠിക്കുവാനാണ് തീരുമാനം. ഫോൺ ചെയ്താൽ പോരേ? ശ്രീ. സുപാലിനോട് ഞങ്ങൾ പറയുന്നു, എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യത്തിൽ നമുക്ക് നയമുണ്ട്. ഞങ്ങൾ തുറന്നുപറയുന്നു. യു. ഡി. എഫ്. അധികാരത്തിൽ വന്നാൽ പ്രൈവറ്റ് മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് കൊടുക്കും. കൊടുക്കുവാൻ പോവുകയാണ്. ഞങ്ങൾ ബംഗാളിൽ പഠിക്കുവാൻ പോകുന്നില്ല. നാണംകെട്ട ഇടപാട്. നിയമസഭ നടന്നുകൊണ്ടിരിക്കുമ്പോൾ ഇവിടെ നിന്നും വിളിച്ചു ചോദിച്ചാൽ മതിയല്ലോ ഇന്ന് ലോകത്ത് E-മെയിൽ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളൊക്കെയുണ്ട്. ബംഗാളിൽ പോയി നേരിട്ട് പഠിക്കണമെന്ന്. എന്താണ് ശ്രീ ജോർജേ ഇത് ? എന്ത് നാണക്കേടാണ് ഇത് ?

ശ്രീ. പി. സി. ജോർജ് : ഒന്ന് വഴങ്ങാമോ ?

മി. ചെയർമാൻ : പ്ലീസ് ..... പ്ലീസ് .....

ശ്രീ. സി. എഫ്. തോമസ് : ചെയർ സമ്മതിക്കില്ല. ഞാൻ ശ്രീ. പി. സി. ജോർജിന്റെ പാർട്ടിയുടെ നീക്കത്തെ തടസ്സപ്പെടുത്തുന്നില്ല. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭാഗമായിട്ട് പൊയ്ക്കോട്ടെ. എന്താണ് സംഭവിക്കുന്നതെന്ന് അടുത്ത ദിവസം അറിയാം. ഞാൻ ചോദിക്കട്ടെ.

മി. ചെയർമാൻ : പ്ലീസ് ..... പ്ലീസ് .....

ശ്രീ. സി. എഫ്. തോമസ് : ശ്രീ. പി. സി. ജോർജ് ശ്രീ. ടി. എം. ജേക്കബിനോട് ചോദിച്ചാൽ പറഞ്ഞുതരും. നിങ്ങൾ തമ്മിൽ ആകുമ്പോൾ ഒക്കെ ശരിയാകും. ഞങ്ങൾ തമ്മിലാകുമ്പോൾ ശരിയാവില്ല. ശ്രീ. ടി. എം. ജേക്കബ് വിചാരിച്ചാൽ ശ്രീ. പി. സി. ജോർജിനെ സഹായിക്കാം. ഈ ബഡ്ജറ്റിൽ വെറുതെ ആഗോളവൽക്കരണം ഉദാരവൽക്കരണം എന്നുപറയുന്നുണ്ട്. അതു പറയാതെ ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും എല്ലാ ദോഷ വശങ്ങളെയും അതിശക്തിയായി ഞങ്ങൾ വിമർശിക്കുന്നു. പക്ഷേ ഇലക്ഷൻ നടക്കുവാൻ പോകുന്ന കേരളത്തിൽ ഈ വാദമുഖങ്ങൾകൊണ്ട് നിങ്ങൾ എന്ത് പ്രകടന പത്രികയാണ് ഇറക്കുവാൻ പോകുന്നത് ? നിങ്ങൾക്ക് ഒന്നിനും കഴിയില്ല. അടിസ്ഥാന മേഖലകളെ പൂർണമായി തകർത്തു. കാർഷിക മേഖലയിൽനിന്നുള്ള വരുമാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രം എന്നുള്ള നില അവഗണിച്ചു കൊണ്ട് ഇവിടെ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ വ്യവസായ മേഖലയെയും ഈ രാജ്യത്തിന്റെ സമ്പദ്ഘടനയെയും തകർത്തുകൊണ്ട് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി മാത്രം വരുമാനം ഉണ്ടാക്കുവാൻ ഈ അഞ്ചുവർഷവും ഉപയോഗിച്ചു. അതിന്റെ കപടമുഖം മുഴുവൻ പുറത്തുവന്നിരിക്കുന്നു. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ശ്രീ. എ. കെ. ആന്റണിയോട് ചോദിച്ചു ശ്രീ നമ്പ്യാരെ വലിച്ചിഴയ്ക്കേണ്ട വല്ല കാര്യവും ഉണ്ടായിരുന്നോ എന്ന്. അതിന്റെ പേരിൽ അന്ന് വാക്കൗട്ട് നടത്തണമായിരുന്നോ എന്ന്. എൽ. ഡി. എഫ്. ന്റെ കൺവീനറും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മെമ്പറുമായ സഖാവ് വി. എസ്. അച്ചുതാനന്ദന്റെ അതിപ്രധാനമായ ഒരു വാചകം സി. പി. ഐ (എം) ശ്രദ്ധിക്കേണ്ടതാണ്. എന്താണ് അദ്ദേഹം പറഞ്ഞത്. ശ്രീ. എ. കെ. ആന്റണി അല്ല വലിച്ചിഴച്ചത്. ശ്രീ. കെ. പി. പി. നമ്പ്യാർക്കെതിരെയുള്ള വിജിലൻസ് കേസന്വേഷണം നടക്കുമ്പോഴും അദ്ദേഹം ഔദ്യോഗിക സ്ഥാനങ്ങളിൽ തുടരുന്നതിൽ പൊരുത്തക്കേടുണ്ട് എന്ന് ആരാണ് പറഞ്ഞത് ? ശ്രീ. വി. എസ്. അച്യുതാനന്ദൻ. ശ്രീ. എ. കെ. ആന്റണിയല്ല. അദ്ദേഹത്തിന്റെ ഇന്നത്തെ പ്രസ്താവനയാണ്. കഴിഞ്ഞ അഞ്ചുവർഷമായിട്ട് അദ്ദേഹത്തിന് എതിരായിട്ടുള്ള വിജിലൻസ് കേസന്വേഷണം ഇത്ര അനിശ്ചിതമായി നീണ്ടുപോകുന്നതിനെക്കുറിച്ച് എൽ. ഡി. എഫ്. ആലോചിക്കേണ്ടതാണ്.

മി. ചെയർമാൻ : പ്ലീസ് ..... പ്ലീസ് .....

ശ്രീ. സി. എഫ്. തോമസ് : അഞ്ചുവർഷമായി ഒരു തീരുമാനവും എടുത്തിട്ടില്ല. പറഞ്ഞത് ശ്രീ. എ. കെ. ആന്റണിയല്ല, ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന് ബുദ്ധിമുട്ടുണ്ട്. അഞ്ചുവർഷമായിട്ട് വിജിലൻസ് എൻക്വയറി എന്തുകൊണ്ട് നീട്ടി കൊണ്ട് പോകുന്നു ? ഇവിടത്തെ കേസുകളുടെ വിജിലൻസ് എൻക്വയറിയും അതുപോലെ മറ്റു കേസുകളുടെ ഒക്കെ ചുമതലയുള്ള മുഖ്യമന്ത്രിയോട് പരോക്ഷമായുള്ള ചോദ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : പ്ലീസ് ..... പ്ലീസ് .....

ശ്രീ. സി. എഫ്. തോമസ് : മറുപടി ഉണ്ടോ ? യു. ഡി. എഫ്. ന്റെ കാലത്ത് ആർ കേസ് ഫയൽ ചെയ്തു എന്നു ചോദിച്ചാൽ Indian Institute of Information Technology and management, Kerala - യുടെ ചെയർമാൻ സ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷക്കാലവും ശ്രീ. കെ. പി. പി. നമ്പ്യാരെ വച്ചുകൊണ്ട് കാര്യങ്ങൾ മുന്നോട്ടുപോകണമെങ്കിൽ അതിന് ആരാണ് ഉത്തരവാദി ? അഞ്ചു കൊല്ലമായി സംസ്ഥാനം ഭരിക്കുന്ന ശ്രീ. ഇ. കെ. നായനാരാണോ ഉത്തരവാദിയെന്ന് ശ്രീമതി ശൈലജ ടീച്ചർ ശാന്തമായി ആലോചിക്കണം. അനാവശ്യമായി നടുത്തളത്തിലേക്ക് പ്രതിപക്ഷ നേതാവ് ഇറങ്ങിയില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞ കാര്യങ്ങൾ സി. പി. ഐ. (എം) വളരെ ഗൗരവതരമായി എടുക്കണം. രാഷ്ട്രീയമായി പറയുവാനല്ല ഉദ്ദേശിക്കുന്നത്. ഞാൻ ചുരുക്കുകയാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഉണ്ടാകാത്ത തരത്തിലുള്ള ദുർഗതിയിലേക്ക് സംസ്ഥാനത്തെ കൊണ്ടുപോയി ജനങ്ങളെ മുഴുവൻ വഴിമുട്ടിക്കുന്നു. ഇനി ഒരു മോചനം യു. ഡി. എഫ്- ൽ കൂടെ മാത്രമേയുള്ളൂ എന്ന് കേരളത്തിലെ ജനലക്ഷങ്ങൾ വിധി എഴുത്തു നടത്തിയിരിക്കുന്ന ഈ സാഹചര്യത്തിൽ നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഈ പൊളിഞ്ഞ ബഡ്ജറ്റിനെ സമ്പൂർണ്ണമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇവിടെ ശ്രീ. സി. എഫ്. തോമസ് അടക്കം കാർഷികമേഖലയിൽ ഉണ്ടായിരിക്കുന്ന വലിയ ദുരന്തത്തെക്കുറിച്ച് ഇത്രയേറെ സങ്കടപ്പെടാൻ മുന്നോട്ടുവന്നതിൽ പ്രത്യേകമായി ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. അവർ ഉണ്ടാക്കിവച്ച വലിയൊരു പാപഭാരത്തിന്റെ കുറ്റപ്പെടുത്തലിൽ നിന്ന് പൊട്ടി താഴേയ്ക്ക് വന്നു. കേരളത്തിലെ കൃഷിക്കാർ ഈ യാത്രയിലൂടെ നിങ്ങളെ കൈകാര്യം ചെയ്യേണ്ട സ്ഥിതിയിലേക്ക് വന്നു എന്നുള്ളതുകൊണ്ടാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ പ്രകടിപ്പിച്ച വികാരത്തോടും കാർഷികമേഖലയിൽ ഉണ്ടായിരിക്കുന്ന പ്രശ്നത്തോടും കൃഷിക്കാർ അനുഭവിക്കുന്ന ദുരന്തത്തോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുവാൻ ബംഗാളിൽ പോകണ്ടേ ?

ശ്രീ. മോൻസ് ജോസഫ് : എഞ്ചിനീയറിംഗ് കോളേജിനെ സംബന്ധിച്ച് ഞാൻ പറയാം ശ്രീ. തിരുവഞ്ചൂരേ, ഇത്രമാത്രം വിഷമകരമായ സ്ഥിതി വിശേഷത്തിലേക്ക് കേരളത്തിലെ കൃഷിക്കാർ എത്തിച്ചേർന്നത് എങ്ങനെയാണെന്ന് ശ്രീ. സി. എഫ്. തോമസ് പറയാൻ വിട്ടുപോയി. കേരളത്തിലെ കൃഷിക്കാർ ഇത്രയും വലിയ ദുർഗതിയിലേക്ക് വന്ന സാഹചര്യം എന്താണ് ? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ബുദ്ധിമുട്ടനുഭവിക്കുന്ന കൃഷിക്കാരെ സഹായിക്കാനോ രക്ഷപ്പെടുത്തുവാനോ മുന്നോട്ടുവന്നില്ല എന്ന് പറഞ്ഞു കുറ്റപ്പെടുത്തി. ശ്രീ. സി. എഫ്. തോമസ് അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളെ ഞാൻ ഒരുപോലെ കുറ്റപ്പെടുത്തുന്നു എന്നു പറയുകയും

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു നിമിഷനേരംപോലും ഈ ദുരിതങ്ങൾക്കും ദുരന്തങ്ങൾക്കും കാരണം വിശദീകരിക്കുവാൻ അദ്ദേഹം തയ്യാറായിട്ടുമില്ല. എവിടെയാണ് വലിയ പൊള്ളത്തരം ? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റാണ് കർഷകരെ തകർത്തത് എന്നു വരുത്തി തീർക്കുവാൻ വേണ്ടി ഗൂഢശ്രമം നടക്കുന്നു എന്നുള്ളതിന്റെ അവസാനത്തെ തെളിവാണ് ശ്രീ. സി. എഫ്. തോമസിന്റെ പ്രസംഗം. കാർഷികമേഖലയെ തകർത്തതിന്റെ പൂർണമായ ഉത്തരവാദിത്വത്തെക്കുറിച്ച് നാം ചർച്ച ചെയ്യുമ്പോൾ, വിലയിരുത്തുമ്പോൾ കാണാൻ കഴിയുന്ന യാഥാർത്ഥ്യം, 1991 വരെ ഈ പ്രതിസന്ധി ഇല്ലല്ലോ ? 1991-നുശേഷം ഈ പ്രതിസന്ധി എങ്ങനെ ഉണ്ടായി. ഇവിടെ പ്രതിസന്ധിയെയും സാമ്പത്തിക നയങ്ങളെയും അതുമായി ബന്ധപ്പെട്ട മറ്റ് കരാറുകളെക്കുറിച്ചും പറയുമ്പോൾ അതിന്റെ ഭാഗമായി ഉണ്ടായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയും കേരളത്തിന്റെ കാർഷിക മേഖലയിൽ ഉണ്ടായിരിക്കുന്ന തകർച്ചയും ഈ വിഷയങ്ങളെക്കുറിച്ച് പൂർണമായി വിസ്മരിക്കുമ്പോൾ ഞങ്ങൾ അതു സജീവമാക്കികൊണ്ടിരിക്കുകയാണ്. ഈ പ്രതിസന്ധികളുടെ പേരിൽ, കാർഷികമേഖലയിൽ ഏറ്റവും വലിയ പ്രതിസന്ധി ഉണ്ടാക്കിയ യഥാർത്ഥ സാഹചര്യങ്ങൾക്കെതിരെ പടവെട്ടുവാൻ ബാധ്യതയുള്ള യു. ഡി. എഫ്. അടക്കമുള്ള പാർട്ടിമുന്നണികൾ ഈ വിഷയത്തിൽ മൗനം പാലിച്ചു. എന്താണ് കാണാൻ പോകുന്ന യാഥാർത്ഥ്യം. കേരളത്തിലെ ജനങ്ങൾ ഇതിനു തിരിച്ചടി കൊടുക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾ അവർ സ്വപ്ന ലോകത്താണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ സംഭവിച്ചത് എന്താണ് ? കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോട്ടയം, ഇടുക്കി തുടങ്ങിയ മണ്ഡലങ്ങളിൽപ്പോയി കാർഷികമേഖലയെ മുഴുവൻ തകർത്തത് സഖാവ് നായനാരുടെ ഗവൺമെന്റാണെന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്നും നിങ്ങൾ വാതോരാതെ പ്രസംഗിച്ചിട്ടും ജനങ്ങൾ വ്യക്തമായ ചിത്രത്തിൽ മറുപടി നൽകികൊണ്ടാണ് വോട്ട് രേഖപ്പെടുത്തിയിട്ടുള്ളത്. അവിടെ ഐക്യ ജനാധിപത്യ മുന്നണി കാർഷിക മേഖലയിലെ ദുരന്തത്തിന്റെ പേരിൽ തിരിച്ചുവരാൻ കഴിയുമെന്ന് പ്രതീക്ഷിച്ച കാർഷിക മേഖലകളായ കോട്ടയം, ഇടുക്കി പാർലമെന്റ് സീറ്റുകളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ജയിച്ചു എന്നുപറഞ്ഞാൽ കേരളത്തിലെ കൃഷിക്കാർ ആരാണ് ഈ ദുരന്തം ഉണ്ടാക്കുന്നതെന്ന് തിരിച്ചറിഞ്ഞു എന്നുള്ളതുകൊണ്ടാണ് അത്ര വലിയ വിജയത്തിലേക്ക് വരാൻ കഴിഞ്ഞത്. അതുകൊണ്ട് നിങ്ങൾ സ്വപ്നം കാണേണ്ടകാര്യമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ പരിധിക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് കേരളത്തിലെ കാർഷിക മേഖലയെ നന്നാക്കുവാൻ വേണ്ടി ചെയ്യുവാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യാൻ പരിശ്രമിച്ചിട്ടുണ്ട് എന്നുള്ളതുകൊണ്ടും ഈ വലിയ പ്രതിസന്ധി ഉണ്ടാക്കിയ കോൺഗ്രസ് (ഐ) യുടെ സമീപനങ്ങൾ ഇന്ന് ബി. ജെ. പി. തുടരുന്നതുകൊണ്ട് ബി. ജെ. പി അധികാരത്തിൽ വന്നാലും കോൺഗ്രസ് അധികാരത്തിൽ വന്നാലും രാജ്യത്തെ ജനങ്ങൾക്ക് രക്ഷയില്ല എന്ന് തിരിച്ചറിഞ്ഞതുകൊണ്ടും യു. ഡി. എഫ്. നെ അധികാരത്തിൽ കൊണ്ടുവരാൻ ആഗ്രഹിക്കാത്തതുകൊണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണി വീണ്ടും അധികാരത്തിൽ വരുമെന്നുള്ളതിൽ രണ്ടുപക്ഷമില്ല. യഥാർത്ഥത്തിൽ നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചുവരാത്തതുകൊണ്ടുള്ള അസ്വാസ്ഥ്യമാണ് പ്രഖ്യാപിക്കുന്നത്. ആ അസ്വാസ്ഥ്യങ്ങൾക്കിടയിലും ഇവിടെ പറഞ്ഞ പ്രശ്നങ്ങൾ എല്ലാം ചൂണ്ടിക്കാണിക്കുന്നത്, ഇവർ പറഞ്ഞത് അവസാനിപ്പിക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ 5 വർഷം ഭരിച്ചിട്ട് ഒന്നും ചെയ്തില്ല എന്നാണ്. എല്ലാം എൽ. ഡി. എഫ്. ആണ് എന്ന നിലയിൽ പറയുകയാണ്. എല്ലാം ചെയ്തത് യു. ഡി. എഫ്. ആണെന്ന് പറഞ്ഞ് കടന്നുപോകുമ്പോഴും കേന്ദ്രത്തെ പഴിചാരികൊണ്ട് രക്ഷപ്പെടുമ്പോഴും കേന്ദ്രത്തെ പഴിചാരികൊണ്ട് രക്ഷപ്പെടുകയല്ല കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായ ദോഷത്തെക്കുറിച്ച് പറയുവാനുള്ള കടമ ഞങ്ങൾക്കുണ്ട്. അതുപറയുകയും അതോടൊപ്പം കേരളത്തിൽ അധികാരത്തിൽ ഇരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി മെച്ചപ്പെട്ട ഭരണം കാഴ്ചവയ്ക്കുവാൻ പരിശ്രമിക്കുകയുമായിരുന്നു.

ബഹുമാനപ്പെട്ട ഇസ്ഹാക്ക് കുരിക്കളും ശ്രീ. സി. എഫ്. തോമസും മറ്റുള്ള പ്രതിപക്ഷമെമ്പർമാരും ഇവിടെ പറഞ്ഞത് കേരളത്തിൽ നിങ്ങളെന്ത് ചെയ്തു എന്നാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി അഞ്ചുവർഷക്കാലം കേരളം ഭരിച്ചിട്ട് കേരളത്തിന്റെ നന്മയ്ക്കുവേണ്ടി കാര്യമായി ഒന്നുംചെയ്തില്ല. കേരളത്തിലെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടി കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പാക്കിയെന്നുള്ളത് ആത്മാഭിമാനത്തോടുകൂടി പറയുന്നു. പാവപ്പെട്ടവർക്കുവേണ്ടി ഇവർ സംസാരിച്ചു. പാവങ്ങളുടെ കാര്യത്തിൽ, പാവപ്പെട്ട കർഷകതൊഴിലാളികളുടെ പെൻഷനടക്കമുള്ള കാര്യങ്ങൾ കൊടുത്തുതീർത്തു എന്നാണ് പറഞ്ഞത്. അതിന്റെ യഥാർത്ഥ ചിത്രം എന്താണ് ? കയർ തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ മാസങ്ങളോളം കുടിശ്ശികയുണ്ടായിരുന്നു. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശികയുണ്ട്. ഇവയെല്ലാം മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പാവങ്ങൾക്കുവേണ്ടിയുണ്ടായിരുന്ന നൂറുകോടി രൂപയുടെ കുടിശ്ശികയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യം തന്നെ കൊടുത്തു തീർത്തത്. പാവങ്ങളോട് ആർക്കാണ് ദയവുണ്ടായിരുന്നത് ? നിങ്ങൾ വരുത്തിവച്ച മുഴുവൻ കുടിശ്ശികയും പൂർണമായി കൊടുക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ് ചെയ്തത്. യു. ഡി. എഫ്. ഗവൺമെന്റും എൽ. ഡി. എഫ്. ഗവൺമെന്റും തമ്മിൽ താരതമ്യം ചെയ്തുകൊണ്ടുതന്നെ വിലയിരുത്തട്ടെ, ഇവിടെ പാവങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ, സാധാരണക്കാരായ ആളുകൾക്കുവേണ്ടി വീടുണ്ടാക്കിക്കൊടുക്കുന്ന കാര്യം സജീവമായി തന്നെ പറയുകയാണ്. യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എത്ര വീട് പൂർത്തിയാക്കിയിട്ടുണ്ട് ? എണ്ണായിരത്തിൽശിഷ്ടം വീടുകളാണ് യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പൂർത്തിയാക്കിയിട്ടുള്ളത്. ഏതാണ്ട് അഞ്ചു ലക്ഷത്തോളം വീടുകൾ ഈ അഞ്ചുവർഷക്കാലത്തെ ഭരണത്തിനുള്ളിൽ കേരളത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞു എന്നു പറഞ്ഞാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഏറ്റവും കൂടുതൽ അഭിമാനകരമാണ്. എൽ. ഡി. എഫ് - ഉം യു. ഡി. എഫ്- ഉം ഒന്നാണെങ്കിൽ ഈ പറയുന്ന രീതിയിലുള്ള വലിയ വ്യത്യാസത്തിലേക്ക് വന്നതിന്റെ യാഥാർത്ഥ്യം അതു തിരിച്ചറിയുമ്പോൾ തീർച്ചയായും ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് വ്യക്തമായ കാഴ്ചപ്പാടോടുകൂടി പോകാൻ കഴിയും. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിക്കുന്നുണ്ട്. കേരളത്തിലെ പാവങ്ങൾക്കുവേണ്ടി പരമാവധി വീടുകൾ ഇനിയും നിർമ്മിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി മൈത്രി ഭവനിർമ്മാണ പദ്ധതിക്കുവേണ്ടി മാത്രമായി 35 കോടി രൂപ മാറ്റി വയ്ക്കുകയാണ്. കേരളത്തിൽ ഏഴര ലക്ഷത്തോളം ആളുകൾ വീടില്ലാത്തവരാണ്. അതിൽ അഞ്ചുലക്ഷം ആളുകൾക്ക് വീടുണ്ടാക്കികൊടുക്കാൻ ഈ ഗവൺമെന്റിനു തന്നെ കഴിഞ്ഞിരിക്കുന്നു. അവശേഷിക്കുന്ന വീടുകൾ കൂടി പൂർത്തീകരിച്ചു കൊടുക്കാൻ വേണ്ടിയുള്ള ശ്രമം നടത്തുകയാണ്. വിദ്യാഭ്യാസ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജടക്കമുള്ള വിഷയങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചോദിക്കുകയുണ്ടായി. എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യത്തിൽ ഞങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. സ്വകാര്യമേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങണമെന്നു തന്നെയാണ് കേരളാ കോൺഗ്രസിന്റെ നിലപാട്. അതിനൊരു സംശയവുമില്ല. ഞങ്ങൾ ആ നിലപാട് തുറന്നു പറഞ്ഞവരാണ്. അതു പറയുന്നതോടൊപ്പം നിങ്ങൾ കാണാത്ത ഒരു മാന്യത ഇവിടെയുണ്ട്. ഐക്യജനാധിപത്യ മുന്നണിയിലെ ഓരോ കക്ഷികളും അവരുടെ സ്വാതന്ത്ര്യമനുസരിച്ച്, തോന്ന്യാസത്തിനാണ് പോകുന്നതെങ്കിൽ ഇടതുപക്ഷജനാധിപത്യ മുന്നണി കൂട്ടായ ചർച്ചയിലൂടെ ഒരു പൊതു തീരുമാനം എടുക്കാൻ പരിശ്രമിക്കുകയാണ്. ആ തീരുമാനത്തിന്റെ ഭാഗമായി ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ഓരോ കക്ഷികൾക്കും വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട് .....

<u>ശ്രീ. ജോണി നെല്ലൂർ</u> : ഇടതുപക്ഷ ജനാധിപത്യ മുന്നണി എല്ലാം ആലോചിച്ച് തീരുമാനിക്കുമെന്നാണല്ലോ ശ്രീ. മോൻസ് ജോസഫ് പറയുന്നത്. അങ്ങനെയെങ്കിൽ, സംസ്ഥാനത്തെ 32 എഞ്ചിനീയറിംഗ് കോളേജുകൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് എടുത്ത തീരുമാനം ഇടതുപക്ഷമുന്നണി ആലോചിച്ച് എടുത്ത തീരുമാനമാണോ ?

<u>ശ്രീ. മോൻസ് ജോസഫ്</u> : എഞ്ചിനീയറിംഗ് കോളേജുകൾ കേരളത്തിൽ തുടങ്ങണമെങ്കിൽ ഇടതുപക്ഷജനാധിപത്യമുന്നണി കൂട്ടായി ആലോചിച്ചു തന്നെയാണ് തീരുമാനമെടുക്കുന്നതെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. വിദ്യാഭ്യാസ വകുപ്പിൽ വന്ന അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറായി എന്നുള്ളതിന്റെ അപ്പുറത്തേയ്ക്ക്..... എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങാൻ വേണ്ടിയുള്ള തീരുമാനമല്ല വിദ്യാഭ്യാസ വകുപ്പ് എടുത്തത്. എഞ്ചിനീയറിംഗ് കോളേജ് കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ചർച്ചയിലിരിക്കുന്ന വിഷയമാണ്. അതു ഇടതുപക്ഷജനാധിപത്യമുന്നണി കൂട്ടായി ചർച്ച ചെയ്തു യുക്തമായ തീരുമാനമെടുക്കും നിങ്ങൾക്ക് ഈ കാര്യത്തിലുള്ള താൽപ്പര്യം കാണുമ്പോൾ ഞങ്ങൾ ഒരു കാര്യം ചോദിക്കുകയാണ്. നിങ്ങളുടെ കാലഘട്ടത്തിൽ കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യത്തിൽ നിങ്ങൾ കാണിച്ച ആത്മാർത്ഥത എന്താണ് ? ഇപ്പോൾ പറയുന്നതു കേൾക്കുമ്പോൾ നിങ്ങളുടെ താൽപ്പര്യമാണ് എന്നാണ് തോന്നുന്നത്. ശ്രീ. സി. എഫ്. തോമസ് ഇവിടെ പറഞ്ഞു. ഞങ്ങൾ അധികാരത്തിൽ വന്നാൽ ഇവിടെ മുഴുവൻ എഞ്ചിനീയറിംഗ് കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകളയുമെന്ന്. നിങ്ങൾ ഇവിടെ അധികാരത്തിലിരിക്കുന്ന കാലത്ത് സ്വകാര്യ മേഖലയോട് എന്തു ആത്മാർത്ഥത കാണിച്ചു ? എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യത്തിൽ നിങ്ങൾ കൊടുത്തിട്ടുള്ള മുഴുവൻ സീറ്റുകളുടെയും ചരിത്രം പറയാം. ഇവിടെ എഞ്ചിനീയറിംഗ് കോളേജ് വന്നപ്പോൾ സംസ്ഥാനത്തൊട്ടാകെ സമരമുണ്ടായി. കാരണമെന്താണ് ? കോഴ കോളേജുകളെന്നുള്ള നിലയിലാണ്. ഈ രാജ്യമൊട്ടാകെ കോഴ കോളേജുകൾക്കുള്ള നിർദ്ദേശം വന്നു. ഈ രാജ്യത്തെ ജനങ്ങൾ അതിനെ എതിർത്തു. 100 ശതമാനം സീറ്റ് കാശുള്ളവന്റെ മക്കൾക്ക് മാത്രം പഠിക്കാം എന്നുള്ള വിദ്യാഭ്യാസ നയം നിങ്ങൾ കൊണ്ടുവന്നു. ഞങ്ങൾ അതു തിരുത്തി. ഇവിടെ 50 ശതമാനം പേമെന്റ് സീറ്റും 50 ശതമാനം മെറിറ്റ് സീറ്റും ഞങ്ങൾ ഏർപ്പെടുത്തി. 50 ശതമാനം മെറിറ്റ് സീറ്റ് വന്നപ്പോൾ കേരളത്തിലെ പാവപ്പെട്ട 50 ശതമാനം കുട്ടികൾക്ക് പഠിക്കാൻ അവസരമുണ്ടാക്കുക എന്നുള്ളതിനുവേണ്ടി നിങ്ങൾ ചെയ്ത നടപടിയെ തിരുത്താൻ ഞങ്ങൾ മുന്നോട്ടുവന്നു. എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റിന്റെ കാര്യം മാത്രം പറഞ്ഞാൽ ഇവരുടെ പൊള്ളത്തരം വ്യക്തമാകും. യു. ഡി. എഫ് - ന്റെ ഭരണകാലത്ത് എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര സീറ്റുണ്ടായിരുന്നു ? നിങ്ങൾ എത്ര സീറ്റ് വർദ്ധിപ്പിച്ചു ? നിങ്ങൾ എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യം കേരളത്തിലൊട്ടാകെ പറഞ്ഞല്ലോ ? അഞ്ചു വർഷക്കാലം യു.ഡി.എഫ്. ഭരിച്ചപ്പോൾ 3709 സീറ്റുകളാണ് കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യത്തിൽ ഉണ്ടായിരുന്നത്. എന്നിട്ട് നിങ്ങൾ ഇപ്പോൾ ഈ ഗവൺമെന്റിനെ കുറ്റം പറയുന്നു. ഇപ്പോൾ എത്ര സീറ്റുണ്ടെന്ന് യു. ഡി. എഫ്. നേതാക്കന്മാർ അന്വേഷിക്കണം. ഇന്ന് 9,128 സീറ്റ് കേരളത്തിൽ ഉണ്ട്. 5419 സീറ്റ് വർദ്ധിപ്പിച്ചത് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റാണ്. ഇവിടെയുള്ള പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തത്. നിങ്ങൾ ഭരിക്കുന്ന സമയത്ത് 3709 സീറ്റായിരുന്നുവെങ്കിൽ ഇന്ന് 9128 സീറ്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ മാറ്റാൻ കഴിഞ്ഞു. എന്നുപറയുമ്പോൾ നിങ്ങളെപ്പോലെയല്ല, ഇടതുപക്ഷജനാധിപത്യമുന്നണി കേരളത്തിലെ കുട്ടികൾക്ക് പഠിക്കാനായി പരമാവധി പഠനാവസരം ഉണ്ടാക്കിക്കൊടുക്കാൻവേണ്ടി ആത്മാർത്ഥത കാണിച്ചിട്ടുണ്ട്. സ്വകാര്യമേഖലയ്ക്കുവേണ്ടി ഇപ്പോൾ നിങ്ങൾ വാദിക്കുന്നു. ഞങ്ങൾ ഈ കാര്യത്തിൽ സ്വകാര്യമേഖലയെ അവഗണിച്ചു എന്നു വരുത്തിത്തീർക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. കേരളത്തിൽ 9031 സ്കൂളുകളിൽ പ്ലസ് ടു ആരംഭിച്ചു. 4017 സർക്കാർ സ്കൂളുകളും 5014 സ്വകാര്യ സ്കൂളുകളും. 5014 സ്വകാര്യ സ്കൂൾ ഉൾപ്പെടുത്തികൊണ്ടാണ് കേരളത്തിൽ പ്ലസ് ടു വിദ്യാഭ്യാസം ആരംഭിച്ചത്. സ്വകാര്യ മേഖലയ്ക്കുവേണ്ടി മുഖ്യമായ പരിഗണന കൊടുക്കാൻ ഗവൺമെന്റ് ആത്മാർത്ഥത കാണിച്ചു. പുതിയ കോഴ്സുകളുടെ കാര്യത്തിലോ ? പല കോളേജുകളിലും പത്തു-പതിനാറു വർഷമായി ആദ്യമായിട്ടാണ് പുതിയ കോഴ്സുകൾ കിട്ടുന്നത്. 300 കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചു. 300 കോളേജുകളിലായി പുതിയതായി തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങാനുള്ള സാഹചര്യമുണ്ടാക്കി. വിദ്യാഭ്യാസ മേഖലയിൽ കേരളം 14-ാം സ്ഥാനത്തായിരുന്നുവെങ്കിൽ ഇന്ന് ഒന്നാം സ്ഥാനത്തേയ്ക്ക് വരുന്നുവെന്ന് ദേശീയ കമ്മീഷൻ ചൂണ്ടിക്കാണിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യം നിങ്ങൾ അംഗീകരിക്കാൻ തയ്യാറല്ലെങ്കിലും കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുമെന്നു പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. വൈദ്യുതി മേഖലയുടെ കാര്യത്തിൽ എന്തായിരുന്നു സ്ഥിതി ? നിങ്ങളിപ്പോൾ പറയുന്നതു കേട്ടാൽ കേരളം നിങ്ങളുടെ കാലത്ത് വലിയൊരു സുവർണകാലമായിരുന്നു എന്നു തോന്നിപ്പോകും. യു. ഡി. എഫ്. ന്റെ കാലത്ത് ഉൽപ്പാദിപ്പിച്ച വൈദ്യുതി എത്രയാണ് ? 17 മെഗാവാട്ട്. 17 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്താണ് എൽ. ഡി. എഫ്. ഗവൺമെന്റ് കാര്യക്ഷമതയുള്ള പ്രവർത്തനങ്ങളിലൂടെ വളരെയേറെ മുന്നോട്ടുവരാൻ കഴിയുന്ന സാഹചര്യമാണുണ്ടാക്കിയത്. 1086 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കാൻ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിനു കഴിഞ്ഞു. 1995-96 കാലഘട്ടത്തിൽ വൈദ്യുതി ഉൽപ്പാദനം 1505.50 മെഗാവാട്ട് ആയിരുന്നു. അത് രണ്ടായിരമാണ്ടിൽ എത്തിച്ചേരുമ്പോൾ 2381.60 മെഗാവാട്ട് ആകുകയാണ്. അഞ്ചുവർഷം കൊണ്ട് 58.19 ശതമാനം വർദ്ധനവ് വൈദ്യുതി ഉൽപ്പാദനരംഗത്ത് സംഭവിച്ചിരിക്കുന്നു. ഇത്രയും വലിയ മാറ്റം കേരളത്തിലെ ഓരോ മേഖലകളിലും നമുക്കു കാണാൻ കഴിയും. കേരളത്തിലെ സാധാരണക്കാരായിട്ടുള്ള ജനങ്ങളെ ബാധിക്കുന്ന ഇത്തരം വിഷയങ്ങളിൽ വളരെ സജീവമായി മുന്നോട്ടുവരാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് വളരെ ദീർഘവീക്ഷണത്തോടുകൂടിയാണ് മുന്നോട്ടുപോകുന്നത് എന്നുള്ളതിന് സൂചനയാണിത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിൽ ഐ. ടി. മേഖലയ്ക്ക് ഏറ്റവും വലിയ പ്രാധാന്യം കൊടുത്തിരിക്കുകയാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ കാര്യത്തിൽ ഇന്ത്യയിലെ ആളുകൾ മുഴുവൻ വളരെ പ്രതീക്ഷയോടെ നോക്കി കാണുമ്പോൾ, ഐ. ടി. മേഖലയ്ക്ക് മുഖ്യമായ പരിഗണന കൊടുത്ത്, തൊഴിലില്ലായ്മ പരിഹരിക്കാൻ ഏറ്റവും സഹായകരമായ മാർഗമായി ഈ ഗവൺമെന്റ് ഐ. ടി. മേഖലയെ ഉയർത്തിക്കൊണ്ടുവരികയാണ്. ഐ. ടി. മേഖലയിൽ ഇന്ന് നിലവിലുള്ള വരുമാനം ദേശീയതലത്തിൽ കണക്കാക്കുമ്പോൾ, 27,600 കോടി രൂപയാണ്. അടുത്ത എട്ടു വർഷത്തിനുള്ളിൽ എത് 40,000 കോടി രൂപയാകും എന്നാണ് കണക്കാക്കുന്നത്. പുതിയതായി 8,000 ഐ. ടി. സ്ഥാപനങ്ങൾ കൂടി രംഗത്തു വരുന്നുണ്ട്. ഇതോടെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം 70 ലക്ഷമായി മാറുകയാണ്. കേബിൾ ടി. വി. മേഖലയിൽ നിന്നുള്ള വരുമാനം 1999-ൽ 16,000 കോടി രൂപയായിരുന്നത് 2005 ആകുമ്പോൾ 60,000 കോടി രൂപയായി മാറുകയാണ്. ടെലികമ്മ്യൂണിക്കേഷൻ രംഗം പരിശോധിച്ചാൽ 80,000 കോടി രൂപയിലേക്ക് ഉയരുമെന്നാണ് ദേശീയ കണക്ക്. ആ ദേശീയ ചിത്രത്തിൽ നിന്നുകൊണ്ട് കേരളത്തിലെ വളരുന്ന തലമുറയ്ക്ക് അഖിലേന്ത്യാനിലവാരത്തിലേക്ക് ചേർന്നുകൊണ്ട് മുന്നോട്ടു പോകാൻ കഴിയുന്ന സാഹചര്യം ഈ ബഡ്ജറ്റിലൂടെ ഒരുക്കുകയാണ്. ഐ. ടി. മേഖലയിലുണ്ടാകുന്ന മുന്നേറ്റം തീർച്ചയായിട്ടും കേരളത്തിന്റെ പുരോഗതിക്ക് സഹായകരമാകുമെന്നുള്ളതിൽ സംശയമില്ല. എല്ലാ മേഖലകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന നിയോജക മണ്ഡലങ്ങൾ, നമ്മുടെയൊക്കെ മണ്ഡലങ്ങൾ വികസനരംഗത്ത് കടന്നുവരാൻ അവസരം കൊടുക്കാതെ അവഗണിക്കപ്പെട്ടിരുന്ന മണ്ഡലങ്ങൾ മാത്രമായി, വികസനപ്രവർത്തനങ്ങൾ നടക്കാത്ത കാലഘട്ടമാണ്

LIBRARY ARCHIVES Kerala Legislative Assembly

മുൻകാലങ്ങളിൽ ഉണ്ടായിരുന്നതെങ്കിൽ ഇന്ന് എത്രവലിയ പരിഗണനയാണ് ഗവൺമെന്റ് അവയ്ക്ക് നൽകിയിരിക്കുന്നത്. നമ്മുടെ മണ്ഡലങ്ങൾ മാത്രമല്ല, ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ, പരമാവധി മണ്ഡലങ്ങളുടെ പുരോഗതിക്കുവേണ്ടിയുള്ള സാഹചര്യങ്ങൾ ഉണ്ടാക്കുന്നു. കടുത്തുരുത്തിയിൽ ചുള്ളിത്തോട് പദ്ധതി, ഒട്ടേറെ കുടുംബങ്ങളെ സഹായിക്കാൻ കഴിയുന്ന പദ്ധതിയാണ്. ആ തരത്തിലുള്ള കാര്യങ്ങൾ കൂടി പരിഹരിക്കാൻ കഴിഞ്ഞാൽ പുരോഗതിയിലേക്ക് മുന്നോട്ടുപോകാൻ കഴിയുന്ന സാഹചര്യമുണ്ടാകും. അത്രയേറെ പരിഗണന എല്ലാ പ്രദേശങ്ങൾക്കും കൊടുക്കാൻ ഈ ഗവൺമെന്റ് താൽപ്പര്യം കാണിച്ചിരിക്കുന്നു. ശ്രീ. ആര്യാടൻ മുഹമ്മദ് കേരളത്തിലെ ജനങ്ങളുടെ മുഖത്ത് ടാർ അടിച്ചിരിക്കുന്നത് ഈ ഗവൺമെന്റാണെന്നു പറഞ്ഞു. യഥാർത്ഥത്തിൽ ശ്രീ. നരസിംഹറാവുവും ശ്രീ. മൻമോഹൻസിംഗും നേതൃത്വം കൊടുത്ത ഗവൺമെന്റ് തുടങ്ങിവച്ച നയങ്ങളുടെ ഭാഗമായിട്ടാണ് കേരളത്തിലെ ജനങ്ങളുടെ മുഖത്ത് ടാർ അടിച്ചത്. ആ ടാർ മാച്ചുകളയാൻവേണ്ടിയുള്ള ശ്രമം ആണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. ആ ശ്രമത്തിന് ശക്തി പകരാൻ ഈ ബഡ്ജറ്റിലൂടെ അവസരമുണ്ടാക്കുന്നു. ഈ ബഡ്ജറ്റിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് യാഥാർത്ഥ്യബോധം മനസിൽവച്ചുകൊണ്ട് അവതരിപ്പിച്ച ഒരു ബഡ്ജറ്റല്ല. അദ്ദേഹത്തെ ധനകാര്യ മാനേജുമെന്റിലെ ഒരു മുടിയനായ പുത്രനായിട്ടേ എനിക്ക് കാണാൻ കഴിയൂ. ഇനി ആര് ഭരിക്കാൻ വന്നാലും ഏതു ധനകാര്യ വകുപ്പുമന്ത്രി ആ കസേരയിൽ കയറിയിരുന്നാലും അവരാരും രക്ഷപ്പെടരുതെന്നാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. അത്രമാത്രം കടക്കെണിയിലേക്കും സാമ്പത്തിക തകർച്ചയിലേക്കും വഴിതെളിച്ച് 5 വർഷക്കാലം പിന്നിട്ടുകഴിഞ്ഞിരിക്കുകയാണ്. ഇവിടെ ഭരണകക്ഷിയിൽ നിന്നും പ്രസംഗിച്ച ചില ആളുകൾ യാഥാർത്ഥ്യം ഞങ്ങൾ കാണുന്നില്ലായെന്ന് പറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ വൈകുന്നേരമുള്ള ഏഷ്യാനെറ്റ് കേബിൾ ടെലിവിഷൻ കണ്ടുകാണുമെന്ന് വിചാരിക്കുന്നു. സിറ്റിക്കകത്തു നടക്കുന്ന കാര്യങ്ങളെല്ലാം വളരെ ഭംഗിയായിട്ട് ഇതിൽ കാണിക്കാറുണ്ട്. ഇന്നലെ ആലപ്പുഴയിൽ നിന്നും ഒരു ചെക്ക് മാറാൻ തിരുവനന്തപുരം ട്രഷറിയിൽ വന്ന ഒരാൾ അനുഭവിച്ച ബുദ്ധിമുട്ട് ടെലിവിഷനിൽ വന്നു. 1,500 രൂപയുടെ ഒരു ചെക്കുമായി വന്ന ആൾ കഷ്ടപ്പെടുന്ന ഒരനുഭവമാണ് ; അദ്ദേഹം പനിപിടിച്ച് കിടക്കുകയായിരുന്നു. ഇന്നു രാവിലത്തെ പത്രം കൂടി വായിച്ചപ്പോൾ കിട്ടുമെന്ന് പ്രതീക്ഷിച്ച് ഇവിടെ വന്നു എന്നാണ് അദ്ദേഹം പറയുന്നത്. ഇതെല്ലാം ഇവിടെ നടക്കുന്ന സംഭവങ്ങളല്ലേ ? നമ്മുടെ കെ. എസ്. ആർ. ടി. സി. ബസ് പലതും ഡീസലടിക്കാൻ കാശില്ലാതെ കട്ടപ്പുറത്തിരിക്കുകയാണ്. പോലീസ് വണ്ടികൾ ഓടുന്നില്ല. തൊടുപുഴയിൽ എനിക്ക് പരിചയമുള്ള ഒരു ബങ്കിന്റെ ഉടമയ്ക്ക് അവിടുത്തെ പോലീസ് സ്റ്റേഷനുതന്നെ ഡീസലടിച്ച വകയിൽ മൂന്നുലക്ഷം രൂപ കൊടുക്കാനുണ്ട്. അതിന്റെ മുതലാളി ഡീസലടിക്കുന്ന പയ്യനോട് ഇനി ഡീസൽ കൊടുക്കണ്ടായെന്ന് പറഞ്ഞു. രാത്രിയാണല്ലോ പോലീസുകാർ ഡീസലടിച്ചുകൊണ്ട് പോകുന്നത്. പോലീസുകാരൻ വന്നപ്പോൾ മുതലാളി ഇങ്ങനെ പറഞ്ഞിരിക്കുന്നുവെന്ന് പയ്യൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. അപ്പോൾ അവന്റെ കഴുത്തിന് കുത്തിപ്പിടിച്ച്, അവനെ തെറിയും വിളിച്ച്, അടിയ്ക്കാനും വന്നു. അത് ശരിയാണോയെന്ന് നിങ്ങൾ അന്വേഷിച്ചു നോക്കൂ. അപ്പോൾ ഈ നിലയിൽ നമ്മുടെ സംസ്ഥാനത്തെ കൊണ്ടുചെന്നെത്തിച്ചത്, ഒരു വണ്ടിക്ക് ഡീസലടിക്കാൻ പോലും കാശുകൊടുക്കാൻ നിങ്ങളെക്കൊണ്ട് കഴിയുന്നില്ല. പിന്നെ എന്തു ധനകാര്യ മാനേജുമെന്റ് നിങ്ങൾ ചെയ്തുവെന്നാണ് പറയുന്നത് ? നിങ്ങൾ പറയുന്നത് കേരളത്തിലെ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൃത്യമായി കൊടുക്കുന്നുണ്ടെന്നാണ്. എത്രയാണ് ഉദ്യോഗസ്ഥന്മാരുടെ എണ്ണം ? സർക്കാർ ജീവനക്കാർ 3,61,572 അധ്യാപകർ 1,13,679 ; മൊത്തം 4,75,251 ഇതാണ് നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ കൃത്യമായ കണക്ക്. ഇത് ഇവിടെ നിന്നും തന്നിരിക്കുന്ന കണക്കാണ്. അപ്പോൾ ആകെ ജനസംഖ്യയുടെ രണ്ടുമൂന്ന് ശതമാനത്തിൽ താഴെ മാത്രമേ ഇവരുടെ എണ്ണം വരുന്നുള്ളു. ഈ ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കുന്നത് ഞങ്ങളുടെ നേട്ടമെന്നാണ് പറയുന്നത്. ഞങ്ങൾ ട്രഷറി പൂട്ടണ്ട സാമ്പത്തിക മാനേജുമെന്റ് ഭംഗിയല്ലേ എന്നൊക്കെ അപ്പുറത്തിരുന്ന് പ്രസംഗിച്ചാൽ കേൾക്കാൻ എന്തെങ്കിലും ഭംഗിയുണ്ടോ ? ഒരു ഭംഗിയുമില്ല. ഇവിടെ ഇത്തരം കെടുകാര്യസ്ഥതയാണ് നടക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടി ട്രഷറി പൂട്ടിയില്ലേ എന്നു ചോദിച്ചു. നിങ്ങളുടെ ട്രഷറി തുറന്നുവച്ചാൽ കള്ളൻപോലും അതിൽ കയറില്ല, കാരണം അതിലൊന്നുമില്ല, അതാണ് സ്ഥിതി. പിന്നെ ആരാണ് അതിൽ കയറുന്നത് ? ട്രഷറി നിയന്ത്രണമില്ലെന്ന് നിങ്ങൾ പറഞ്ഞ് വെറുതെ മനുഷ്യനെ ഇങ്ങനെ പറ്റിക്കുന്ന സാഹചര്യത്തിൽ ഇതിൽ നിന്നും എന്തു മോചനമാണ് നിങ്ങൾക്കുണ്ടാക്കികൊടുക്കാൻ കഴിയുന്നത് ? നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക കടം എത്രയാണ് ? ധനകാര്യവകുപ്പുമന്ത്രിതന്നെ ഇവിടെ ഓരോ മന്ത്രിമാരുടേതായി കണക്കുപറഞ്ഞു. ഇ. എം. എസ്. ന്റെ ഭരണകാലത്ത് കേരളത്തിന്റെ പൊതുകടം 7.6 കോടി രൂപയായിരുന്നു. അതുകഴിഞ്ഞ് ശ്രീ. അച്ചുതാനന്ദൻ വന്നപ്പോൾ 565 കോടി രൂപയായി. ശ്രീ. പി. കെ. വി. യുടെ കാലത്ത് അത് 856 കോടി രൂപയായി ; ശ്രീ. കെ. കരുണാകരന്റെ കാലത്ത് 2,458 കോടി രൂപയായി. ശ്രീ. ഇ. കെ നായനാരുടെ ആദ്യ ഭരണകാലത്ത് 4,716 കോടി രൂപയായി. അതിനുശേഷം ഞങ്ങൾ ഇറങ്ങിപ്പോകുമ്പോൾ പൊതു കടം 10,113 കോടി രൂപ. ഇപ്പോഴത്തെ സ്ഥിതിയെന്താണ് ? നിങ്ങൾ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് 31-3-2000 ത്തിലെ സ്ഥിതി 20,176 കോടി രൂപയാണ്. യഥാർത്ഥത്തിൽ 28,000 കോടിയിൽ കൂടുതൽ രൂപവരും. അതിനു പലിശമാത്രം നിങ്ങൾ 2,000 കോടിരൂപ മാറ്റിവയ്ക്കുകയാണ്. നമ്മുടെ ആനുവൽ ബഡ്ജറ്റ് എത്രയാണ് ? കറന്റ് ഈയർ ബഡ്ജറ്റ് 3535 കോടി രൂപയാണ്. ആ കറന്റ് ഈയർ ബഡ്ജറ്റിൽ നിങ്ങൾ നടപ്പിലാക്കിയത്, ഇവിടെ വലിയ വികസനമാണെന്നാണല്ലോ പറയുന്നത്. കറന്റ് ഈയർ ബഡ്ജറ്റിനെ സംബന്ധിച്ച് ധനകാര്യവകുപ്പുമന്ത്രി കേരള നിയമസഭയിൽ തന്ന സ്ഥിതിവിവര കണക്കുകളനുസരിച്ച് ഡിസംബർ 31 വരെ നിങ്ങൾ ചെലവഴിച്ചിരുന്നത് 50 ശതമാനമായാണ്. ഈ മാർച്ച് 31 ആകുമ്പോൾ നിങ്ങൾ പറയുന്ന പ്ലാൻ എക്സ്പെൻഡിച്ചർ മുഴുവനും വരുമെന്ന് പറയാൻ കഴിയുമോ ? പറയാൻ നിങ്ങൾക്ക് സാധ്യമല്ല. അപ്പോൾ കേരളത്തെ ഇതുപോലെ കടക്കെണിയിലെത്തിച്ച ഒരു കാലഘട്ടം വേറെയില്ല. 1996-97 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 68-ാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

പേജ് ഒരു വിപ്ലവ ഗാനത്തോടുകൂടിയാണല്ലോ അങ്ങ് നിർത്തിയത്. അടിച്ചമർത്തപ്പെട്ടവരുടെ ഗാനങ്ങൾ പ്രഖ്യാപിക്കുന്നതു പോലെ അങ്ങു പറഞ്ഞു, ഞങ്ങൾ മറികടക്കും, ഒരുനാൾ ഞങ്ങൾ മറികടക്കും ഹൃദയത്തിന്റെ ആഴങ്ങളിൽ ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു ഒരുനാൾ എല്ലാ പ്രതിബന്ധങ്ങളേയും ഞങ്ങൾ മറികടക്കും. അങ്ങനെയാണ് നിങ്ങൾ തുടങ്ങിയത്. ഇപ്പോൾ നിങ്ങളുടെ ഈ പ്രസംഗം അവസാനിപ്പിച്ചത് എങ്ങനെയാണ് ? പ്രസംഗം നിങ്ങൾ അവസാനിപ്പിച്ചത് "വസ്തുതാപരമായി പറഞ്ഞാൽ, ഞങ്ങൾക്കു പ്രിയപ്പെട്ടവയും പ്രതിബദ്ധത ഉള്ളവയുമായ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് ഞങ്ങൾ ഈ കാലത്ത് ആത്മാർത്ഥമായി പ്രയത്നിച്ചിട്ടുണ്ട്" എന്നാണ്. മാർക്സിസ്റ്റ് പാർട്ടിക്ക് ഇഷ്ടമുള്ളതെല്ലാം ചെയ്തിട്ടുണ്ട്. ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. നിങ്ങൾ ഒന്നും മറികടന്നിട്ടില്ല, എന്നുമാത്രമല്ല മറികടക്കാൻ ശ്രമിച്ചിട്ടുപോലുമില്ല. കടത്തിന്റെ ആഴങ്ങളിലേക്ക്, കയങ്ങളിലേക്ക് കേരളത്തിലെ ജനങ്ങളെ നിങ്ങൾ തള്ളിയിട്ടിരിക്കുകയാണ്. നിങ്ങൾക്ക് അനുയോജ്യമായതെന്താണ് ? ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം. അതല്ലേയുള്ളത് ? ഇതൊരു ആഗോള പ്രതിഭാസമല്ലേയെന്ന് നിങ്ങളിവിടെ ചോദിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കട്ടെ, അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിലെ ആദ്യത്തെ പാരഗ്രാഫിൽ സർ, കഴിഞ്ഞ് അങ്ങു പറയുന്നതെന്താണ്? "വളരെയധികം സാമ്പത്തിക വിഷമതകൾക്കും കേന്ദ്രഗവൺമെന്റിന്റെ സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം, ആഗോളവൽക്കരണം തുടങ്ങിയ തെറ്റായ നയങ്ങൾ വാരിവിതറിയ ദുരിതങ്ങൾക്കുമിടയിൽ നിന്നുകൊണ്ടാണ് ഈ ഗവൺമെന്റിന് പ്രവർത്തിക്കേണ്ടി വന്നത് " എന്നാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മിക്കവാറും എല്ലാ സ്റ്റേജിലും കേൾക്കാമായിരുന്നത് നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ ടാറ്റാ, ബിർള, ഗോയങ്കെ ഇങ്ങനെ മൂന്നുനാല് സമ്പന്നന്മാരുടെ കൈകളിലായി കിടക്കുന്നു എന്നാണ്. അതിപ്പോൾ നിങ്ങൾ മാറ്റി, ടാറ്റയും ബിർളയും ഗോയങ്കെയും മാറ്റി അവിടെ സി. പി. ഐ (എം) ആയി. ഇപ്പോൾ നിങ്ങൾക്ക് രക്ഷപ്പെടാൻവേണ്ടി സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം, ആഗോളവൽക്കരണം എന്നൊക്കെ പറയുന്നു. എന്ന് നിങ്ങൾ ആ വാക്കുകൾ എടുത്തുകളയും ? ഇതൊരു യാഥാർത്ഥ്യമാണെന്ന് കണ്ടുകൊണ്ട് അതിനെ മറികടക്കാൻ നിങ്ങൾ ശ്രമിക്കുന്നുണ്ടോ ? ശ്രമിക്കുന്നില്ല. അപ്പോൾ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന ഇന്ന് താറുമാറാക്കി ഒരു ഭാഗത്ത്കൊണ്ട് എത്തിച്ചു. കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നുണ്ടോ ? വികലാംഗ പെൻഷൻ അതുപോലെതന്നെ വിധവാ പെൻഷൻ തുടങ്ങി എത്രയോ പെൻഷൻ കുടിശ്ശികയുണ്ട്. നിങ്ങൾ ഇതൊക്കെ കുടിശ്ശിക വയ്ക്കുകയില്ല എന്നുപറയുന്ന ആളുകളല്ലേ ? ഈ ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്ത അവസരത്തിൽ പത്രക്കാരോട് വളരെ വീമ്പായിട്ട് പറഞ്ഞു, ഞങ്ങളുടെ മന്ത്രിമാരുടെ എണ്ണം 14 ആയിട്ട് കുറച്ചു. എന്താണ് കുറച്ചത് ? ഈ കൊച്ചുകേരളത്തിൽ ഇത്രയും മന്ത്രിമാർ മതി. ആ മന്ത്രിമാരെക്കൊണ്ട് കാര്യങ്ങൾ മാനേജ് ചെയ്യുകയാണ്. പക്ഷേ ആ മന്ത്രിമാരുടെ ചെലവ് അതിനുമുമ്പ് 17-ഉം 19-ഉം മന്ത്രിമാരുണ്ടായിരുന്നപ്പോഴുള്ള ചെലവുമായി തുലനം ചെയ്യാമോ ? നിങ്ങളുടേത് കൂടുതൽ..... ബഹളം .... ഇവിടെ കണക്കുണ്ട്. കണക്കുവേണമെങ്കിൽ ഞാൻ വായിച്ചു കേൾപ്പിക്കാം. 14

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ കൂട്ടത്തിൽ മൊബൈൽ ഫോണിൽ 5 ലക്ഷം രൂപയുടെ കാൾ വരെ വിളിച്ച മന്ത്രിമാരുണ്ട്. 5 ലക്ഷം രൂപയുടെ കാൾ മൊബൈൽ ഫോണിൽ വിളിച്ച മന്ത്രി എന്നുവച്ചാൽ ആ മന്ത്രി ..... ബഹളം .....

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എളമരം കരീം]

ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് ഏതെങ്കിലും ഒരു കാര്യത്തിൽ ഒരു നിയന്ത്രണമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ ? റിസോഴ്സ് മൊബിലൈസേഷൻ ഇതുപോലെ തകർന്ന ഒരു ഗവൺമെന്റ് ഉണ്ടായിട്ടുണ്ടോ ? നിങ്ങളുടെ മാനേജ്മെന്റിനെക്കുറിച്ച് പറയുമ്പോൾ ടാക്സിന്റെ ഗ്രോത്ത് റേറ്റ് എത്രയാണ് ? 1995-96 -ൽ 21.5 ശതമാനം 1996-97-ൽ 15.5 ശതമാനം. 1997-98-ൽ 15.7 ശതമാനം കുറയുകയാണ് ചെയ്തത്. 1998-99 -ൽ 3.03 ശതമാനം, 1999-2000-ൽ 11 ശതമാനം. ഇത് കെടുകാര്യസ്ഥതമൂലമുണ്ടായതല്ലേ? അതുപോലെതന്നെ നിങ്ങൾ ഇവിടെ ഫെയർവാല്യൂ ഫിക്സേഷൻ നടത്തുമെന്ന് പറഞ്ഞു. ഈ സംസ്ഥാനത്തിലെ ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ സർക്കാരിന് വരുമാനമുണ്ടാക്കാൻ കഴിയുമായിരുന്ന ഫെയർവാല്യൂ ഫിക്സേഷൻ നടത്താൻ നിങ്ങളെകൊണ്ട് സാധിച്ചോ? ഇല്ല, പ്ലാൻ സൈസ് കട്ട് ചെയ്തു. അപ്പോൾ നിങ്ങളെക്കൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾപോലും ചെയ്യാൻ കഴിയുന്നില്ല. ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 16-ാമത്തെ പേജിൽ 24-ാമത്തെ പാരഗ്രാഫിൽ അങ്ങ് പറയുന്നുണ്ടല്ലോ ധനകാര്യ വകുപ്പുമന്ത്രിയായി ഞാൻ 1996-ൽ അധികാരമേൽക്കുമ്പോൾ ഭാരിച്ച കുടിശ്ശികയുടെ ബാദ്ധ്യതയാണുണ്ടായിരുന്നത്. കരാറുകാർക്ക് കൊടുത്തുതീർക്കേണ്ടിയിരുന്ന കുടിശ്ശിക ഏതാണ്ട് 400 കോടി രൂപയുടേതായിരുന്നു. ധനകാര്യവകുപ്പുമന്ത്രി എന്തായാലും അടുത്ത ഒരു ഫുൾ ബഡ്ജറ്റ് വരുമല്ലോ? അപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി എന്താണ് അവതരിപ്പിക്കേണ്ടത്? നിങ്ങൾ ഇവിടെ പറഞ്ഞിരിക്കുന്നു 400 കോടി രൂപയെന്ന്. എന്നാൽ ഇപ്പോൾ നിങ്ങൾ കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ളത് ആയിരം കോടിയിലേറെ രൂപവരും. ഞാൻ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ അന്വേഷിച്ചിട്ട് ഔദ്യോഗികമായി ഈ സഭയിൽ പറയുന്നതാണ്. നിങ്ങൾ ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ അന്വേഷിച്ച് നോക്കൂ. ആയിരം കോടിയിലധികം രൂപ കുടിശ്ശികയിനത്തിൽ കരാറുകാർക്ക് കൊടുക്കാനുണ്ട്. അതുപോലെതന്നെ സഹകരണമേഖലയിൽ നിന്നെടുത്തിരിക്കുന്ന വായ്പ 700 കോടിയിലേറെയുണ്ട്. അതിന്റെ പലിശയും വരും. അദ്ധ്യാപകരുടെ ശമ്പളം, ഇവിടെ പ്ലസ് ടുവിന്റെ കാര്യം പറഞ്ഞല്ലോ, ഓരോരുത്തരുടേയും അപകർഷതാബോധം കാണണമെങ്കിൽ, ശ്രീ. മോൻസ് ജോസഫ് പറഞ്ഞു 5,014 പള്ളിക്കൂടമെന്ന്. ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് എന്താണ് ? പുള്ളിക്ക് സ്വകാര്യ മേഖലയെന്ന് പറയാൻ മടിയാണ്. അതിന് പറഞ്ഞിരിക്കുന്നത് 4,017 സർക്കാർ സ്കൂളുകൾ ഉൾപ്പെടെ 9,031 വിദ്യാലയങ്ങൾ എന്നാണ്. യഥാർത്ഥത്തിൽ 5,014 അതിനേക്കാൾ കൂടുതൽ സ്വകാര്യ വിദ്യാലയങ്ങളാണ്. സ്വകാര്യ വിദ്യാലയങ്ങൾ അതെന്ന് പറഞ്ഞുകൂടേ ? സ്വകാര്യ വിദ്യാലയങ്ങളെന്ന് പറയാൻ ഉള്ളിൽ ഒരു തിക്കലാണ്, നമ്മൾ ഇങ്ങനെ പറഞ്ഞാലോ പറഞ്ഞാലോ എന്ന്. സ്റ്റാംമ്പ് ഡ്യൂട്ടിയും മറ്റുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കേണ്ടിയിരുന്നത് 150 കോടി രൂപ. ഞാൻ ചോദിക്കട്ടെ ധനകാര്യ വകുപ്പുമന്ത്രി അടുത്ത ധനകാര്യവകുപ്പുമന്ത്രി എന്ത് പറയണം. ഈ ആയിരം കോടി രൂപ ആര് കൊടുക്കും. അതായത് സഹകരണബാങ്കിൽ നിന്നെടുത്ത വായ്പയും പലിശയും ആര് കൊടുക്കും ? അദ്ധ്യാപകരുടെ ശമ്പളം, പ്ലസ്ടു കോളേജിലെ അദ്ധ്യാപകരുടെ ശമ്പളകുടിശ്ശിക 200 കോടി രൂപ കിടക്കുകയാണ്. കോളേജ് അദ്ധ്യാപകരുടെ യു. ജി. സി. യുടെ കുടിശ്ശിക ആര് കൊടുക്കണം ? പിന്നെ അടിസ്ഥാന വികസന സൗകര്യത്തിന് എടുത്തിരിക്കുന്ന 507 കോടി രൂപ അത് നിങ്ങൾ വേറെ കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തി. അതെല്ലാം കൂടിയാകുമ്പോൾ എവിടെ പോയി നിൽക്കും. ഞാൻ ഇവിടെ സൂചിപ്പിച്ചത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കെടുകാര്യസ്ഥത നിങ്ങളുടെ മുഖമുദ്രയാക്കി മാറ്റി. ഇവിടെ സാമ്പത്തിക മിസ് മാനേജ്മെന്റ് ഒരുപാട് ഉണ്ടാക്കി. നിങ്ങൾ പറഞ്ഞ ഏതെങ്കിലും ഒരു കാര്യത്തിൽ .....ഇവിടെ ബഡ്ജറ്റ് പ്രസംഗത്തിൽ നിങ്ങൾ പറഞ്ഞല്ലോ ഞങ്ങൾ വസ്തുതാപരമായി പറഞ്ഞാൽ ഞങ്ങൾക്ക് പ്രിയപ്പെട്ടവയും പ്രതിബദ്ധതയുള്ളതുമായ മൂല്യങ്ങൾ സംരക്ഷിക്കാൻ ഈ കാലത്ത് ആത്മാർത്ഥമായി ശ്രമിച്ചുവെന്ന്. നിങ്ങൾ അതിന് ശ്രമിച്ചില്ലെന്ന് ഞാൻ പറയുന്നില്ല. നിങ്ങൾ അതിന് ശ്രമിച്ചു, നിങ്ങളുടെ പാർട്ടിക്ക് നേട്ടമുണ്ടായി, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സാമ്പത്തികമായും മറ്റ് നിലയിലും വളർച്ചയുണ്ടായിട്ടുണ്ട്. നിങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ പൊതുതാൽപ്പര്യം മുഴുവൻ അവിടെ മറച്ചുവച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 1996-97-ൽ റവന്യൂ കമ്മി എത്രയായിരുന്നു? 643 കോടി രൂപ. 1997-98-ൽ 1,117 കോടി രൂപ, 1998-99-ൽ 2,027 കോടി രൂപ, 1999-2000 ത്തിൽ 2,481 കോടി രൂപ. ഇപ്പോഴത്തെ ബഡ്ജറ്റ് പ്രകാരം 3,622 കോടി രൂപയായി കമ്മി വർദ്ധിച്ചിരിക്കുന്നു. പുതുക്കിയ എസ്റ്റിമേറ്റും യാഥാർത്ഥ്യവും തമ്മിലുള്ള വ്യത്യാസം 46 ശതമാനം വരുന്നുണ്ട്. അതേ തോതിൽ 2000-2001 ലെ കണക്കിലും വ്യത്യാസം വന്നാൽ റവന്യൂ കമ്മി അയ്യായിരം കോടി രൂപയിൽ ചെന്നെത്തിനിൽക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകും. ഈ യാഥാർത്ഥ്യം നിങ്ങൾ മനസിലാക്കുമ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബഡ്ജറ്റ് പിൻവലിച്ച് പുതിയ ബഡ്ജറ്റ് ആവശ്യമല്ലേ ? അങ്ങുതന്നെ പറഞ്ഞു ഇതൊരു ഇടക്കാല ബഡ്ജറ്റാണെന്ന്. ഇടക്കാല ബഡ്ജറ്റാണെങ്കിലും ആ ഇടക്കാല ബഡ്ജറ്റിൽ സത്യം പറയാൻ അങ്ങ് കുറച്ചെങ്കിലും മെനക്കെടേണ്ടതായിരുന്നുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. സംസ്ഥാനത്തിന്റെ പൊതുക്കടം, വർദ്ധിപ്പിച്ച് ഈ നിലയിൽ കൊണ്ടെത്തിച്ചു. വിദ്യാഭ്യാസ രംഗത്തെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. ശ്രീ. മോൻസ് ജോസഫ് പറഞ്ഞു വിദ്യാഭ്യാസ രംഗത്ത് ഇൻഡ്യയിൽ ഒന്നാം സ്ഥാനത്ത് കേരളം എത്തിയെന്ന്. അത് എവിടെനിന്നും കിട്ടിയ കണക്കാണ് ? വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് പ്രഖ്യാപിച്ചാൽ ഒന്നാംസ്ഥാനത്ത് നാം എത്തുകയില്ല പൊന്നു ജോർജേ, അത് മനസിലാക്ക്. കേരളം ഇന്ന് വിദ്യാഭ്യാസ രംഗത്ത് ബഹുദൂരം പിന്നിട്ടു, പിൻതള്ളപ്പെട്ടു. നിങ്ങൾ ഇവിടെ കൊണ്ടുവന്ന പ്ലസ് ടു വികലമാക്കിയിട്ടില്ലേ ? ശ്രീ. പി. ജെ. ജോസഫും ഞാനുംകൂടി ഒരു മന്ത്രിസഭയിൽ ഇരിക്കുമ്പോൾ അന്നത്തെ മന്ത്രിസഭ അംഗീകരിച്ചതാണ് പ്രീഡിഗ്രി ബോർഡ്. അന്ന് ഞങ്ങളുടെ പത്ത് വർഷക്കാലം കൊണ്ടുള്ള ഒരു ശ്രമമായിരുന്നു. അന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഇരിക്കുന്ന ധനകാര്യവകുപ്പുമന്ത്രി കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് മെമ്പറാണ്. ഇവിടെ ചർച്ചയ്ക്ക് വിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞല്ലോ ഏറ്റവും വൈസ് ആയിട്ടുള്ള ഐഡിയ ആണെന്ന്. അതുകഴിഞ്ഞ് ആ ഗവൺമെന്റ് പോയി. ഞങ്ങൾ എടുത്ത തീരുമാനം ധൃതിപിടിച്ചായിരുന്നോ ? അതിനകത്ത് ഞാനും ശ്രീ. കെ. കരുണാകരനും പ്രതികാരബുദ്ധിയോടുകൂടി ഉദ്യോഗസ്ഥന്മാരോട് പെരുമാറിയോ ? അന്വേഷിക്കാൻ നിങ്ങൾ റിട്ടയേർഡ് ജസ്റ്റീസ് നരേന്ദ്രനെ വച്ചു. നരേന്ദ്രൻ റിപ്പോർട്ട് നിങ്ങൾക്ക് തന്നു. ഇതുരണ്ടും ശരിയാണെന്ന് പറഞ്ഞു. അതു കഴിഞ്ഞ് അന്നത്തെ മുഖ്യമന്ത്രി തന്നെയാണ് ഇന്നത്തേയും മുഖ്യമന്ത്രി. അദ്ദേഹം കേരള നിയമസഭയിൽ പ്രഖ്യാപിച്ചു ശ്രീ. കെ. കരുണാകരനെയും, ശ്രീ. ടി. എം. ജേക്കബിനെയും പ്രോസിക്യൂട്ട് ചെയ്യുമെന്ന്. വർഷം എത്ര കഴിഞ്ഞു ? നമ്മുടെ ഒരു രോമത്തെ തൊടാൻ നിങ്ങളെക്കൊണ്ട് സാധിച്ചോ ? സാധിച്ചില്ലല്ലോ ? ആ വർത്തമാനം ഒന്നും പറയണ്ട. അതൊന്നും പറയാരിതിക്കുകയാണ് നല്ലത്. അന്ന് നമ്മൾ കൊണ്ടുവന്ന ആ സ്കീം എത്രയോ ഐഡിയലായിരുന്നു. ഞാൻ ചോദിക്കട്ടെ ഈ ധനകാര്യവകുപ്പുമന്ത്രി അറിഞ്ഞിട്ടാണോ പ്ലസ് ടു സ്കൂളുകൾ മുഴുവൻ കൊടുത്തിരിക്കുന്നത്. ധനകാര്യ വകുപ്പ് കാണണ്ടേ ? സ്കൂളുകൾ കൊടുക്കുമ്പോൾ വരുന്ന സാമ്പത്തികഭാരം ആര് പേറും. ഞാൻ ശ്രീ. പി. സി. ജോർജിനോട് ചോദിക്കുന്നു നിങ്ങൾക്ക് അൺഎയിഡഡ് റെക്കഗനൈസ്ഡ് സ്കൂളുകളിൽ പ്ലസ് ടു കൊടുക്കാൻ പാടില്ലേ? ഈ പ്ലസ് ടു വിന്റെ തത്വമെന്താണ്? 12 വർഷത്തെ പൊതു വിദ്യാഭ്യാസം. അതല്ലേ അതിന്റെ പൊതു തത്വം. ഒന്നാം ക്ലാസിൽ ചേരുന്ന ഒരു കുട്ടിക്ക് 12-ാം ക്ലാസുവരെ പഠിക്കാനുള്ള സൗകര്യം വേണം. അംഗീകൃത സ്കൂളിൽ പഠിക്കുന്ന കുട്ടികൾ എന്താ രണ്ടാം തരക്കാരാണോ? ആ കുട്ടികൾക്കും പഠിക്കാൻ അവസരം കൊടുക്ക്. ആ കുട്ടികൾക്ക് പഠിക്കാൻ അവസരം കൊടുക്കാൻ ഈ ധനകാര്യവകുപ്പുമന്ത്രി ഒരു പൈസ കൊടുക്കണോ ?

ശ്രീ. പി. സി. ജോർജ് : ശ്രീ. ടി. എം. ജേക്കബ് പ്രൈവറ്റ് സ്കൂളിനും അൺ എയിഡഡ് സ്കൂളിനും പ്ലസ് ടു കൊടുത്ത കാര്യം പറഞ്ഞല്ലോ. ഒരു ഉദാഹരണം എനിക്ക് പറയാനുണ്ട്. ഞാൻ ഉത്തരവാദിത്വത്തോടുകൂടി ഈ സഭയിൽ പറയുകയാണ്. ഗവൺമെന്റ് സ്കൂളിനും പ്രൈവറ്റ് സ്കൂളിനും തുല്യമായി കൊടുക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. വ്യക്തിപരമായി ഈ അഭിപ്രായത്തിൽ യോജിക്കുന്നയാളാണ്. ഞാൻ ഒരു ഉദാഹരണം പറയുകയാണ് ഇത്തവണ ഒരു പ്രൈവറ്റ് സ്കൂളിന് പ്ലസ് ടു കൊടുത്തു. അവിടത്തെ അഡ്മിഷന് പതിനായിരം രൂപ ഫീസ്. ഈ സ്കൂളിന്റെ തൊട്ടടുത്ത് ഒരു ഗവൺമെന്റ് സ്കൂളുണ്ട് ആ സ്കൂളിന് പിറ്റേ ആഴ്ചതന്നെ പ്ലസ് ടു കൊടുത്തു. അതിൽ എന്താണ് ഫലമെന്നോ പ്രൈവറ്റുകാരന്റെ പതിനായിരം രൂപ ഫീസ് പോയി. അവിടെ രണ്ടിടത്തും അഡ്മിഷനായി. പിള്ളേരെ രക്ഷിക്കാൻ മനഃസാക്ഷിയോടെ ശ്രീ. ജേക്കബ് പറയണം ഗവൺമെന്റ് സ്കൂളിനെ മാറ്റിനിർത്തിയെന്ന് പറയുന്നത് ശരിയാണോ ? പ്രൈവറ്റ് മേഖല ഇതുപോലെ അഴിമതി നടത്തുമ്പോൾ അതിനോട് കൂട്ടുനിൽക്കുന്നത് മര്യാദയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ജോർജേ, എഴുതാപ്പുറം വായിക്കരുത്. ഗവൺമെന്റ് സ്കൂളുകൾക്ക് കൊടുക്കണം മറ്റു സ്കൂളുകൾക്കു കൊടുക്കാൻ പാടില്ലെന്ന അഭിപ്രായക്കാരനല്ല ഞാൻ. ഗവൺമെന്റ് സ്കൂളിന് കൊടുത്തേപറ്റൂ. നിങ്ങൾ ഇവിടെ ചെയ്തത് എന്താണ് ? അൺഎയിഡഡ് സ്കൂളുകളെ മാറ്റി നിർത്തി എയിഡഡ് സ്കൂളുകളിൽ മാത്രം കൊടുത്തു. ശ്രീ. പി. സി. ജോർജേ ഈ സഭയിൽ കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനം മുഴുവൻ സ്തംഭിച്ചു. അഴിമതിയാരോപണം വന്നു. നമ്മൾ 53 എം. എൽ. എ. മാർ എഴുതി മുഖ്യമന്ത്രിയുടെ കൈയിൽ കൊടുത്തു. ശ്രീ. പി. ജെ. ജോസഫിനെ മന്ത്രിസഭയിൽ നിന്നും മാറ്റി നിർത്തി ഹൈക്കോടതിയിലെ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പറഞ്ഞില്ലേ. ആ ഘട്ടംവരെ വിഷയങ്ങൾ എത്തിച്ചേർന്നു. ഈ അൺഎയിഡഡ് സ്കൂളുകളിൽ കൊടുത്താൽ ആര് കോഴവാങ്ങണം ആർക്ക് കോഴകൊടുക്കണം. ആർക്കും കൊടുക്കണ്ട.

ശ്രീ. പി. സി. ജോർജ് : ഇപ്പോൾ എൽ. കെ. ജി. അഡ്മിഷന് 25,000 രൂപയാണ് വാങ്ങുന്നത്. ഒരു കാര്യം മനസിലാക്കാനുള്ളത് നമ്മൾ പാസാക്കിയിരിക്കുന്ന ലോകായുക്ത നിയമം അനുസരിച്ച് മാനേജർമാരും ലോകായുക്ത നിയമത്തിന്റെ പരിധിയിൽ വരും. കോഴ വാങ്ങിക്കുന്ന, അഴിമതി നടത്തുന്ന മാനേജർക്കെതിരെ നിങ്ങൾ പരാതി കൊടുക്കണം. ശ്രീ. നായനാർ അതല്ലേ ഇപ്പോഴും പറയുന്നത് ? നിങ്ങൾ ലോകായുക്തിൽ പരാതി കൊടുക്കൂ. മാനേജർമാർ ലോകായുക്തിന്റെ പരിധിയിൽ വരുന്നവരല്ലേ ? നിങ്ങൾ എന്താ കേസ് കൊടുക്കാത്തത് ? ഞാൻ എന്റെ അഭിപ്രായം പറഞ്ഞുവല്ലോ.

(ബഹളം.....ബഹളം.....)

മി. ചെയർമാൻ : പ്ലീസ്, പ്ലീസ് .....

ശ്രീ. ടി. എം. ജേക്കബ് : ഞങ്ങൾക്ക് വളരെ ഖണ്ഡിതമായ അഭിപ്രായം ഉണ്ട്. ഇവിടെ ശ്രീ. ജോണി ശ്രീ. മോൻസ് ജോസഫിനോട് ഒരു ചോദ്യം ചോദിച്ചല്ലേ, എൻ. ഒ. സി കൊടുത്തത് നിങ്ങൾ എൽ. ഡി. എഫ്.-ൽ ആലോചിച്ചിട്ടാണോ ? അതിന് മറുപടി വേറെയാ പറഞ്ഞത്. ശ്രീ. ജോസഫ് എൻ. ഒ. സി കൊടുത്തു. ശ്രീ. ജോസഫ് ഇല്ലാത്ത ക്യാബിനറ്റിൽ ക്യാൻസലാക്കി. എന്നിട്ടും നിങ്ങൾ അവിടെ ഇരുന്നു. നിങ്ങൾ അവിടെ ഇരുന്നോളൂ, ഞങ്ങൾക്ക് അതിനകത്ത് പരാതിയൊന്നും ഇല്ല. ഞാൻ അതൊന്നും പറയാൻവേണ്ടി വന്നതല്ല. സാമ്പത്തിക രംഗത്തെ കെടുകാര്യസ്ഥതയെക്കുറിച്ച് ഇവിടെ പറഞ്ഞു. നിങ്ങൾ പറഞ്ഞുവല്ലോ. വർദ്ധിപ്പിച്ച ക്ഷാമബത്ത ഞങ്ങൾ രണ്ടു ഗഡു കൂടികൊടുക്കാൻ തീരുമാനിച്ചു. ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 36-ാമത്തെ പേജിൽ പറയുന്നുണ്ടല്ലോ ക്ഷാമബത്ത 2001 മേയ് മാസത്തിലെ ശമ്പളത്തിൽ വാങ്ങാൻ കഴിയുന്നതാണ്. ഇതിന്റെ അർത്ഥമെന്താ ? ആര് കൊടുക്കണമെന്നാ, അടുത്ത ജൂൺ മാസത്തിൽ നിങ്ങളുടെ ഡി. എ. കുടിശ്ശിക മേടിക്കാം. വരുന്ന സർക്കാർ കൊടുത്തോ, കൊള്ളാം ഇതല്ലേ അതിന്റെ അർത്ഥം. നിങ്ങൾ ആ കുടിശ്ശിക കൊടുക്കുന്നു എങ്കിൽ ഇപ്പോൾ പറയൂ, നിങ്ങൾ ഇപ്പോൾ പറയുന്നുണ്ടോ ? ഈ ഗവൺമെന്റിന്റെ മുഖമുദ്ര എന്താ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : കഴിഞ്ഞ യു. ഡി. എഫ്. ഗവൺമെന്റ് ഓർഡർ ഇട്ടുപോയ രണ്ടു ഗഡു ഡി. എ. എൽ. ഡി. എഫ് ഗവൺമെന്റാണ് കൊടുത്തത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. ടി. എം. ജേക്കബ് : ഞങ്ങൾ ചെയ്തതു തന്നെ ചെയ്യാനല്ലല്ലോ നിങ്ങൾ വന്നത്. നിങ്ങൾ വന്നത് എന്തിനാ ? നിങ്ങൾ വന്നത് എല്ലാം ഭംഗിയാക്കി നല്ല വൃത്തിയായിട്ട് ഭരിച്ച് നീറ്റായിട്ട് പോകാനല്ലേ ? നിങ്ങൾ വീണ്ടും ചത്ത കൊച്ചിന്റെ ജാതകം വായിക്കാതെ, ബഹുമാനപ്പെട്ട മന്ത്രി ചത്ത കൊച്ചിന്റെ ജാതകം വായിക്കണ്ട. ആ ഗവൺമെന്റ് പോയിട്ട് കാലം എത്രയായി ? ഞങ്ങൾ 1996-ൽ ഇറങ്ങിപ്പോയതാ, ഇപ്പോൾ നിങ്ങൾ 2001-ൽ നിൽക്കുകയാ. നിങ്ങൾ ചെയ്യാതിരുന്നതാ ഇപ്പോൾ പറയുന്നത്. അഞ്ചു വർഷം കഴിഞ്ഞു. നിങ്ങൾ ചെയ്യേണ്ടത് നിങ്ങൾ ചെയ്യൂ. ഞങ്ങൾ ചെയ്യാതിരുന്നത് നിങ്ങൾ ചെയ്തു എന്നുപറഞ്ഞു. ബഹുമാനപ്പെട്ട ഗവൺമെന്റിനോട് പറയാനുള്ളത് നിങ്ങളുടെ ഏർപ്പാട് എന്താ ? നിങ്ങൾ ഇപ്പോൾ ഇവിടെ പ്രതിമ സ്ഥാപിച്ചതിനെക്കുറിച്ചൊക്കെ പറഞ്ഞുവല്ലോ. സഖാവ് ഇ. എം. എസ് -ന്റെ പ്രതിമ സ്ഥാപിച്ചതിനൊന്നും ശ്രീ. ആര്യാടൻ എതിരായി പറഞ്ഞില്ല. അങ്ങനെ ആരും ധരിക്കണ്ട. ഇവിടെ ആരോ പറഞ്ഞു ഇ. എം. എസ്.ന് എതിരായിട്ടാണ് ശ്രീ. ആര്യാടൻ പറഞ്ഞതെന്ന്. അങ്ങനെ ആരും പറഞ്ഞിട്ടില്ല. ഞാൻ ഒരു കാര്യം പറയട്ടെ, നമ്മുടെ നിയമസഭാ കവാടത്തിലേക്ക് കയറുമ്പോൾ ഇടതുവശത്താണ് ഇ. എം. എസ്. ന്റെ പ്രതിമ. കുഴപ്പമില്ല. നന്നായി അവിടെ ഇരിക്കട്ടെ. അതിന് ആരാ തർക്കം പറഞ്ഞത് ? ഇരുന്നോട്ടെ, അവിടെ ഇരിക്കണം കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ പ്രതിമ അവിടെ ഇരിക്കുന്നതിൽ ഒരു തെറ്റുമില്ല. അപ്പോൾ അതിന്റെ വലതുവശത്ത് നമുക്ക് ഒരു പ്രതിമകൂടി വയ്ക്കണം. നല്ല കൊള്ളാവുന്ന യോഗ്യന്മാർ എത്രപേരുണ്ട് ഈ രാജ്യത്ത്. എന്നാലല്ലേ കേറിവരുമ്പോൾ കാണാൻ ഒരു ഭംഗിയുള്ളൂ. അപ്പുറവും ഇപ്പുറവും ഓരോ പ്രതിമ ഇരിക്കട്ടെ. ആദരിക്കപ്പെടേണ്ടവരെ ആദരിക്കണം. അല്ലാതെ ഇവിടെ ഞങ്ങളാരും ഇ. എം. എസ്. ന്റെ പ്രതിമ വച്ചതിന് എതിരല്ല. ഞങ്ങൾക്ക് അദ്ദേഹത്തോട് അനാദരവും ഇല്ല. ഞങ്ങൾ അനാദരവായിട്ട് പറയാനും പോകുന്നില്ല. പല മുഖ്യമന്ത്രിമാർ കേരളം ഭരിച്ചു. അതിനകത്ത് കമ്മ്യൂണിസ്റ്റു മന്ത്രിമാർ ഉണ്ടായിരുന്നു. ഇപ്പോൾ ഏറ്റവും അവസാനമായി ഭരിച്ചുകൊണ്ടിരിക്കുന്നത് നമ്മുടെ ബഹുമാനപ്പെട്ട ഇ. കെ. നായനാർ ആണ്. എന്താണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര ? നിങ്ങൾ ബ്ലാക്ക്മെയിൽ രാഷ്ട്രീയം അല്ലേ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രി, അദ്ദേഹം പല പ്രാവശ്യം പല സ്ഥലത്തും പ്രസംഗിച്ചു ഞങ്ങൾക്ക് ഈ വിധത്തിൽ അല്ലേ പറയാൻ പറ്റൂ എന്ന്. അദ്ദേഹം ചോദിക്കുന്നു, കഴിഞ്ഞ ഗവൺമെന്റിലെ മന്ത്രിമാർ അഴിമതിക്കാരല്ലേ, അവർക്കെതിരെയുള്ള കേസുകളിൽ വിചാരണ നടക്കുകയല്ലേ ? എന്റെ പേര് പറയുന്നുണ്ട്, ശ്രീ. കരുണാകരന്റെ പേരുണ്ട്, ശ്രീ. സി. വി. പത്മനാഭന്റെ പേരുണ്ട്, ശ്രീ. രഘുചന്ദ്രബാലിന്റെ പേരുണ്ട്, ശ്രീ. എം. വി. രാഘവന്റെ പേരുണ്ട് ഇങ്ങനെ എല്ലാവരുടെയും പേര് പറയുന്നു. നിങ്ങൾ ഇവിടെ നിന്നും പറയുന്നു, പുറത്തും പറയുന്നുണ്ടല്ലോ. ഞാൻ എന്റെ കാര്യം ആദ്യം പറയട്ടെ, ഈ ഗവൺമെന്റിന്റെ കാലാവധി തീരാൻ പോകുകയല്ലേ,

LIBRARY ARCHIVES Kerala Legislative Assembly

കൂടിവന്നാൽ 15 ദിവസം കൂടിയുണ്ട്. സാധാരണ പോലീസിന് ഒരു എഫ്. ഐ. ആർ. എടുക്കാൻ വിഷമമൊന്നും ഇല്ല. പോലീസ് എടുക്കുന്ന കേസ് കോടതിയിൽ കൊടുത്തു കഴിഞ്ഞാൽ കോടതി ആദ്യം അത് കേട്ടിട്ട് പ്രഥമ ദൃഷ്ട്യാ കേസ് ഉണ്ടെങ്കിൽ മാത്രമേ ആ പ്രതിക്ക് കുറ്റപത്രം കൊടുക്കൂ. നിങ്ങൾക്ക് അറിയോ, ഇന്നേ തീയതിവരെ കുരിയാർകുറ്റി- കാരപ്പാറ കേസിന്റെ പേരിൽ എനിക്ക് കുറ്റപത്രം തന്നിട്ടില്ല. ശ്രീ. നായനാരുടെ യോഗ്യത ഇവിടെ ഒന്നു പറയട്ടെ. മോന്റെയും മരുമക്കളുടെയും കഥ കൂടി വേണമെങ്കിൽ ഞാൻ പറയാം. ഇത് ജനാധിപത്യ രാജ്യമാണ്. കമ്മ്യൂണിസ്റ്റ് ചൈനയൊന്നും അല്ല, കമ്മ്യൂണിസ്റ്റു രാജ്യവും അല്ല നിങ്ങൾക്ക് ഇഷ്ടം ഇല്ലെങ്കിൽ വെടിവച്ചു കൊല്ലാനൊന്നും. നിങ്ങൾ കോടതിയിൽ കൊടുത്ത എഫ്. ഐ. ആർ - ൽ പ്രാഥമിക വിചാരണ നടത്തി പ്രഥമദൃഷ്ട്യാ കേസ് ഉണ്ടെങ്കിൽ മാത്രമേ കുറ്റപത്രം കൊടുക്കൂ. എനിക്ക് കുറ്റപത്രം ഒന്നും തന്നിട്ടില്ല. ശ്രീ. കരുണാകരനും ശ്രീ. സി. വി. പത്മരാജനും, ശ്രീ. രഘുചന്ദ്രബാലിനും ആർക്കുംതന്നെ കുറ്റപ്പത്രം കൊടുത്തിട്ടില്ല. നിങ്ങൾക്ക് പറയാൻ പറ്റുമോ, കുറ്റപത്രം കൊടുത്തു എന്ന്. മുഖ്യമന്ത്രി മറുപടി പറയട്ടെ. പ്രഥമദൃഷ്ട്യാ കേസ് ഉണ്ടോ ഇല്ലയോ എന്നുവരെ കോടതി തീരുമാനിച്ചിട്ടില്ല. എന്നിട്ട് നിങ്ങളുടെ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി ശശി, അദ്ദേഹം സർക്കാരിന്റെ ശമ്പളം പറ്റുന്ന ഒരു ഉദ്യോഗസ്ഥനാണ്. അവിടെ ഇരുന്നിട്ട് ആ ഉദ്യോഗസ്ഥന്റെ പണി എന്താ ? ജുഡീഷ്യറിയിൽ വരെ ഇന്റർഫിയർ ചെയ്യുകയാ, കൊള്ളാമോ ഇത് ? ഇത് ആർക്കെങ്കിലും കൊള്ളാമോ ? ആർക്കും ചേർന്ന ഏർപ്പാടല്ല.

(ബഹളം .....ബഹളം .....)

ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ ഇല്ലാത്ത, ചീഫ് മിനിസ്റ്ററുടെ പൊളിറ്റിക്കൽ സെക്രട്ടറിയെ സംബന്ധിച്ചുള്ള ഈ പരാമർശനം ശരിയല്ല. അദ്ദേഹത്തിന് മറുപടി പറയാൻ കഴിയില്ല.

ശ്രീ. ടി. എം. ജേക്കബ് : ഞാൻ പറഞ്ഞല്ലോ, സർക്കാരിന്റെ ശമ്പളം പറ്റുന്ന ഒരു ഉദ്യോഗസ്ഥനാണ്. സർക്കാരിന്റെ ശമ്പളം പറ്റുന്ന ഒരു ഉദ്യോഗസ്ഥനെക്കുറിച്ച് ഈ സഭയിൽ പറയാം, പറഞ്ഞിട്ടുമുണ്ട്. ഇഷ്ടംപോലെ പറഞ്ഞിട്ടുണ്ട്. കീഴ്വഴക്കമുണ്ട്. നിങ്ങൾക്ക് രാഷ്ട്രീയ വിരോധമുണ്ടെങ്കിൽ രാഷ്ട്രീയം രാഷ്ട്രീയമായി കാണൂ. നമുക്ക് അതിനെ അങ്ങനെ കാണാം. അതാണല്ലോ നാദാപുരത്ത് മുസ്ലീം ലീഗ് നിങ്ങളുടെ കൂടെ വരാത്തതിന് പാവപ്പെട്ട മുസ്ലീം സമുദായത്തിലെ ആളുകളെ കൊല്ലാനും, കൊള്ളയടിക്കാനും ബലാൽസംഗം ചെയ്യാനും പോയത്. ആ കഥയൊന്നും നിങ്ങൾ പറയിപ്പിക്കേണ്ട. നിങ്ങൾക്ക് രാഷ്ട്രീയം ഉണ്ടെങ്കിൽ രാഷ്ട്രീയം രാഷ്ട്രീയമായിട്ട് തീർക്ക്. നിങ്ങളുടെ ഇത്തരത്തിലുള്ള ഏർപ്പാടുകൾ ഇവിടെ പറഞ്ഞില്ലേ. നിങ്ങൾ ശ്രീ. നമ്പ്യാരുടെ പേരിൽ വിജിലൻസ് കേസ് എടുത്തു എന്താ രണ്ടുവർഷമായിട്ട് നിങ്ങൾ അനക്കാത്തത് ? ശ്രീ. ഇ. കെ. നായനാരല്ലേ കേരളത്തിന്റെ മുഖ്യമന്ത്രി. അദ്ദേഹമല്ലേ വിജിലൻസ് വകുപ്പ് കൈകാര്യം ചെയ്യുന്നത്. അനക്കിയോ ? ഇപ്പോൾ ഇവിടെ വന്നത് എന്താ ? ഇവിടെ ഈ പ്രശ്നങ്ങൾ എങ്ങനെ ഉണ്ടായി ? എന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ കേസ് എടുത്തത് എന്നാ, 29-01-1997-ൽ ആദ്യം എഫ്. ഐ. ആർ. കൊടുത്തു, അതുകഴിഞ്ഞ് 1997 അവസാനം ഈ നിയമസഭയ്ക്കകത്ത് മുഖ്യമന്ത്രിയുടെ മകൻ കൃഷ്ണകുമാറിനെതിരായിട്ട് വിതുര കേസുമായി ബന്ധപ്പെടുത്തി ഞാൻ പറഞ്ഞു. ഞാൻ ഈ സഭയിൽ പറഞ്ഞതാണ്, അതുകഴിഞ്ഞ ഉടനെ എന്നെ കേസിൽ പ്രതിയാക്കിക്കൊണ്ട് 6-01-1998-ൽ എനിക്ക് എതിരായിട്ട് അഡീഷണൽ റിപ്പോർട്ടു കൊടുത്തു, എന്നേയും അന്നത്തെ ഗവൺമെന്റ് സെക്രട്ടറി മാധവനേയും പ്രതിയാക്കി. അപ്പോൾ ഞാൻ നിയമസഭയിൽ മുഖ്യമന്ത്രിയുടെ മകൻ കൃഷ്ണകുമാറിന് വിതുരകേസുമായി ബന്ധമുണ്ട് എന്ന് പറഞ്ഞില്ലായിരുന്നുവെങ്കിൽ എന്നെ പ്രതിയാക്കുകയില്ലായിരുന്നു. അത് നിങ്ങൾ മനസിലാക്കുക, ഞാൻ അത് പറഞ്ഞതാണ് എന്നെ പ്രതിയാക്കാൻ കാരണം. നിങ്ങൾ ഇപ്പോൾ പറഞ്ഞല്ലോ ശ്രീ. കെ. പി. പി. നമ്പ്യാരുടെ കേസ് നിങ്ങൾ തന്നെ അന്വേഷിച്ചു നോക്കൂ. നിങ്ങൾ അന്വേഷിക്കണ്ടേ ? ഞങ്ങൾ പറഞ്ഞില്ലേ നിയമസഭാകമ്മിറ്റിയെകൊണ്ട് അന്വേഷിപ്പിക്കാൻ. 75 കോടി രൂപയുടെ ആരോപണം വന്നു, ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകനുമായി ബന്ധപ്പെടുത്തിയാ വന്നത്. മുഖ്യമന്ത്രിയുടെ മരുമകൻ രവീന്ദ്രൻ ശ്രീ നമ്പ്യാരെക്കുറിച്ച് ഈ സഭയിൽ ആക്ഷേപം പറഞ്ഞില്ലേ ? ഞാൻ പറഞ്ഞല്ലോ, വനത്തിൽ നിന്ന് മണൽ വാരിയ കേസ്. മുഖ്യമന്ത്രിയുടെ ഇളയമകളെ കെട്ടിയ ആള് പ്രവീൺ മേനോൻ. 1998 മാർച്ച് 24-ലെ ബഡ്ജറ്റ് സ്പീച്ച്, അതിനകത്ത് എന്താ പറഞ്ഞിരിക്കുന്നത് 30-ാമത്തെ പാരഗ്രാഫ്, ജപ്പാനിലെ ഒ. ഇ. സി. എഫ്. കേരളത്തിൽ 1,787 കോടി രൂപ ഉമാത്തം അടങ്കൽ ഉള്ള 5 വൻകിട കുടിവെള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തിയാകുമ്പോൾ തിരുവനന്തപുരം, കൊല്ലം, ചേർത്തല, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിലെ ഏകദേശം 36 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കും. ധനകാര്യവകുപ്പുമന്ത്രി, അങ്ങ് ലാസ്റ്റ് ബഡ്ജറ്റ് റിപ്ലേക്ക് ഇരിക്കുകയല്ലേ, ഈ പദ്ധതി എവിടെ. ഈ പദ്ധതി പോയത് പ്രവീൺ മേനോന്റെ കമ്മീഷനുമായി ബന്ധപ്പെട്ടാണ്. ഈ സഭയിൽ ഞങ്ങൾ പറഞ്ഞു, നിങ്ങൾ അന്വേഷിച്ചോ ? സി. ബി. ഐ. അന്വേഷിക്കാൻ വേണ്ടി ഫയൽ നിങ്ങൾ കൊടുത്തോ ? ഒ. ഇ. സി. എഫ്. ന്റെ 1,787 കോടി രൂപയുടെ പദ്ധതി നിങ്ങൾ മുടിച്ചില്ലേ ? ഈ രാജ്യത്തെ മുടിച്ചില്ലേ ? ബഡ്ജറ്റിൽ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിട്ടുള്ള കാര്യം ഈ സഭാവേദിയിൽ വന്ന വിഷയം. പറയുമ്പോൾ നിങ്ങൾ ചൂടാകണ്ട, ഞങ്ങൾ പറയുന്നതിന് നിങ്ങൾ മറുപടി പറഞ്ഞോ, ഞങ്ങൾ ഇരുന്ന് കേൾക്കാം. ഞാൻ ചോദിക്കുന്നത് 1,787 കോടിയുടെ ഒരു പ്രോജക്ട് 1999-ൽ തുടങ്ങി 2000-ത്തിൽ തീരേണ്ടതാണ്. ധനകാര്യവകുപ്പുമന്ത്രി, നമുക്ക് ഇത് കിട്ടിയാൽ എന്താ മോശം. നമ്മുടെ സർക്കാരിന്റെ കൈയിൽ കാശുണ്ടോ ആളുകൾക്ക് വെള്ളം കൊടുക്കാൻ. അങ്ങയുടെ ഇപ്പോഴത്തെ ഈ പ്രസംഗത്തിന്റെ ചില പേജുകളിൽ അങ്ങ് അവസാനം പറയുന്നില്ലേ, വിദേശ സഹായത്തെ സംബന്ധിച്ച്. കിട്ടിയ വിദേശ സഹായങ്ങൾ നിങ്ങൾ പാഴാക്കിയില്ലേ ? എന്തുകൊണ്ട് പാഴാക്കി, ജപ്പാനിലെ ഒരു പ്രൈവറ്റ് കമ്പനിക്ക് ഇവിടെ കൺസൾട്ടന്റ് ആയിട്ട് പ്രവർത്തിക്കണം. അതിന്റെ ഇന്ത്യയിലെ ഏജന്റല്ലേ പ്രവീൺ മേനോൻ ? അദ്ദേഹത്തിന് കമ്മീഷൻ കിട്ടാൻ വേണ്ടിയല്ലേ ഈ പ്രോജക്ട് നിങ്ങൾ നാശമാക്കിയത്. നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെക്കുറിച്ച് എന്താ മറുപടി പറയാനുള്ളത് ? കേരളത്തിനു കിട്ടേണ്ട വൻകിട പ്രോജക്ടുകൾ, കേരളത്തിന്റെ വൈദ്യുതി ആണെങ്കിലും, ശുദ്ധജലവിതരണം ആണെങ്കിലും കാർഷിക രംഗത്തെ മുഴുവൻ തരിപ്പണം ആക്കിയല്ലോ. ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾ നിങ്ങൾക്ക് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കെടുകാര്യസ്ഥതമൂലം കടക്കെണിയിൽ കേരളത്തെപ്പെടുത്തി. കേരളത്തിന്റെ കാർഷിക മേഖല ശ്രീ. കണിയാംപറമ്പിലും മറ്റു പല മന്ത്രിമാരും ഇവിടെ ഇരിപ്പുണ്ട്. എല്ലാവരും പ്രഗൽഭൻമാരാണെന്ന് ഞാൻ പറയുന്നില്ല, കാര്യങ്ങൾ മനസ്സിലാക്കാനുള്ള പ്രാപ്തി വേണം. ആട്ടിൻകാട്ടവും, കാപ്പിക്കുരുവും നമ്മൾ തിരിച്ചറിയണം. തിരിച്ചറിയുന്നില്ല എന്നു പറഞ്ഞിട്ട് കാര്യം ഇല്ലല്ലോ. ഇങ്ങനെയൊന്നും പോയാൽ കാർഷികരംഗം രക്ഷപ്പെടാൻ പോകുന്നില്ല. കാർഷികരംഗം രക്ഷപ്പെടുകയില്ല. കേരളത്തെ തകർത്ത ഒരു ഗവൺമെന്റ്, കൃഷിക്കാർ ഇന്ന് കണ്ണീരുമായിട്ടല്ലേ കഴിയുന്നത് ? ഞങ്ങൾ നടത്തിയ മോചനയാത്രയെ നിങ്ങൾ കളിയാക്കി, നിങ്ങൾ കളിയാക്കിക്കോ. മഞ്ചേശ്വരം മുതൽ ശ്രീ. ആന്റണി നേതൃത്വം കൊടുത്ത ജാഥയിൽ ഞാനും ഉണ്ടായിരുന്നു. ഞാൻ ഈരാറ്റുപേട്ടയിൽ പ്രസംഗിച്ചു. ഞാൻ മഞ്ചേശ്വരം മുതൽ അദ്ദേഹത്തിന്റെ കൂടെ യാത്രചെയ്ത ഒരാളാണ്. ഒരു കാര്യം ഞാൻ പറയട്ടെ, ജനലക്ഷങ്ങൾ ആവേശത്തോടുകൂടി ശ്രീ. ആന്റണിയേയും, യു.ഡി.എഫ്. നേയും സ്വാഗതം ചെയ്തു. ഏപ്രിൽ അവസാനം ഇലക്ഷൻ കഴിഞ്ഞ് ആ ട്രഷറി ബഞ്ചിൽ ഇരിക്കുന്നത് ഐക്യജനാധിപത്യ മുന്നണിയായിരിക്കും എന്നുള്ള കാര്യത്തിൽ നിങ്ങൾക്ക് സംശയമൊന്നും വേണ്ട. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. നിങ്ങൾ മുടിച്ച ഈ ഖജനാവും നശിപ്പിച്ച ഈ ഭരണവും താറുമാറാക്കിയ ഇന്നത്തെ ഈ സംവിധാനവും പുനഃസംവിധാനം ചെയ്യാനും നല്ല ഒരു സൂര്യോദയത്തിനും വേണ്ടിയിട്ടാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. കേരളത്തിലെ ജനങ്ങൾ ഞങ്ങളോടൊപ്പമുണ്ട്. അതുകൊണ്ടു തന്നെ നിങ്ങളുടെ കെടുകാര്യസ്ഥതയുടെ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു. പ്രതിപക്ഷത്തുനിന്ന് ചർച്ച തുടങ്ങിവച്ച ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് മുതൽ ചർച്ച അവസാനിപ്പിച്ച ശ്രീ. ടി. എം. ജേക്കബ് വരെയുള്ളവർ പ്രധാനമായിട്ടും പറഞ്ഞത് ഈ സർക്കാർ അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും നിറഞ്ഞതാണ് എന്നാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് ഇ. എം. എസ്-ന്റെ പ്രതിമ സ്ഥാപിച്ചതിനെ എതിർത്തില്ല എന്നുപറഞ്ഞു. പക്ഷേ ഈ ഗവൺമെന്റിന്റെ ആർഭാടത്തിനുള്ള ഒരു ഉദാഹരണമായിട്ടാണ് ബഹുമാനപ്പെട്ട ആര്യാടൻ അത് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഒന്ന് ഇ. എം. എസ്-ന്റെ പ്രതിമ സ്ഥാപിക്കുന്നത് ആർഭാടമാണോ എന്നതാണ് പ്രശ്നം. ഇവിടെ ഇ. എം. എസ്.ന്റെ പ്രതിമ സ്ഥാപിച്ച ഒരു ആർഭാടം മാത്രമേ ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളൂ എന്ന് പറയേണ്ട സ്ഥിതിയിൽ പ്രതിപക്ഷം എത്തിയിരിക്കുകയാണ്. വേറെ ഒരു ആർഭാടവും പ്രതിപക്ഷത്തിന് ചൂണ്ടിക്കാണിക്കാൻ കഴിയുകയില്ല. ഈ സംസ്ഥാനത്തെ സാമ്പത്തിക കടക്കെണിയിൽപ്പെടുത്തിയിരിക്കുന്നു എന്നാണ് ശ്രീ. ജേക്കബ് വരെ പറഞ്ഞ് നിർത്തിയിരിക്കുന്നത്. നമ്മുടെ ഈ കടന്നുപോയ കാലഘട്ടം യു.ഡി.എഫ്. ഉം എൽ.ഡി.എഫ്. ഉം ഭരണം നടത്തിയ കാലഘട്ടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ രണ്ടു കാലഘട്ടത്തിലും നമ്മുടെ കടത്തിന്റെ വളർച്ചാനിരക്ക് 18 ശതമാനം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ യു. ഡി. എഫ്.ന്റെയും എൽ. ഡി. എഫ്. ന്റെയും രണ്ടു ഭരണക്കാലം കൂട്ടുമ്പോഴും കടത്തിന്റെ വളർച്ചാ നിരക്ക് 18 ശതമാനം മാത്രമാണ്. അപ്പോൾ ഈ കാലയളവിൽ കടം വാങ്ങിച്ച് വാങ്ങിച്ച് ഈ സംസ്ഥാനത്തെ താറുമാറാക്കിയെന്നു പറയുന്നത് എത്ര യുക്തിരഹിതമാണ്. അതിൽതന്നെ 1994-95-ൽ 22.53 ശതമാനമാണ് വളർച്ചാ നിരക്ക് കാണിച്ചിട്ടുള്ളത്. അത് യു.ഡി.എഫ്.ന്റെ ഭരണകാലത്താണ്. എൽ.ഡി.എഫ്. ന്റെ ഭരണകാലത്ത് 1996-97-ൽ കടത്തിന്റെ വളർച്ചാ നിരക്ക് 12.9 ശതമാനമായി താഴോട്ടു വരികയാണ്. അത് 1997-98-ൽ 12.67 ശതമാനമായി വീണ്ടും താഴുകയാണ്. അപ്പോൾ അനിയന്ത്രിതമായി കടം വാങ്ങിച്ചു, ആർഭാടമായി ചെലവു ചെയ്തു എന്നു പറയുന്ന നിങ്ങളുടെ ആരോപണം യുക്തിക്ക് നിരക്കുന്നതല്ല. സംസ്ഥാന സർക്കാരിനെ സ്ഥാനത്തും അസ്ഥാനത്തും കുറ്റപ്പെടുത്താനല്ലാതെ കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങളെക്കുറിച്ച് ഒന്നും പറയാൻ പ്രതിപക്ഷത്തിന് കഴിയുകയില്ല. കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങളെ അവലംബിച്ചുകൊണ്ട് രക്ഷപ്പെടുന്ന നിങ്ങൾ എന്താണ് സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട സി. എഫ്. തോമസ് സൂചിപ്പിച്ചു, ക്ഷേമപദ്ധതികൾ വെട്ടിച്ചുരുക്കികൊണ്ട് ഉൽപ്പാദന രംഗത്ത് പ്രാധാന്യം കൊടുക്കുക എന്നതാണ് യു. ഡി. എഫ് ന്റെ നയം. ഞങ്ങൾ അതിനെക്കുറിച്ചാണ് ആലോചിക്കുന്നതെന്ന് പറഞ്ഞു. ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ട്. യു.ഡി. എഫും എൽ. ഡി. എഫും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ട്. ക്ഷേമപദ്ധതികൾ മുന്നോട്ടുകൊണ്ടു പോകണം എന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. 1991-ൽ കൊണ്ടുവന്ന സാമ്പത്തിക പരിഷ്കാരങ്ങളുടെയും ഉദാരവൽക്കരണത്തിന്റെയും മറ്റും അടിത്തറയെന്നു പറയുന്നത് ക്ഷേമപദ്ധതികളുടെ നിഷേധമാണ്. അപ്പോൾ നരസിംഹറാവു ഗവൺമെന്റിന്റെയും ശ്രീ. അദ്വാനിയുടെയും ശ്രീ. വാജ്പേയിയുടെയും സ്വരത്തിലാണ് ബഹുമാനപ്പെട്ട സി. എഫ്. തോമസ് സംസാരിക്കുന്നത്. ആ ക്ഷേമ പദ്ധതികൾ ആകെ നിർത്തലാക്കികൊണ്ട് ഉൽപ്പാദനരംഗത്ത് കേന്ദ്രീകരിക്കണമെന്ന വാദത്തോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയുകയില്ല. രാജ്യത്തെ സാമ്പത്തിക പ്രതിസന്ധികളിൽ കൊണ്ടുചെന്ന് എത്തിച്ച സാഹചര്യത്തെക്കുറിച്ച് ഞങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാട് ഉണ്ട്. അത് കേന്ദ്ര സാമ്പത്തിക നയം തന്നെയാണ്. കോൺഗ്രസ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നയത്തെക്കുറിച്ച് പറഞ്ഞതീരൂ. അത് പറഞ്ഞുകൊണ്ടേ മുന്നോട്ടുപോകാൻ കഴിയൂ. അതുപോലെ ബി.ജെ. പി. ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയം - - ബഹുമാനപ്പെട്ട കുരിക്കൾ ചോദിച്ചു എന്തുകൊണ്ട് അതിൽ നിന്ന് പിൻമാറാൻ കഴിഞ്ഞില്ല എന്ന്. അന്താരാഷ്ട്ര രംഗത്ത് ഒരു രാജ്യം ഏർപ്പെടുന്ന കരാറിൽനിന്ന് ഒരു ഗവൺമെന്റ് മാറിവരുമ്പോൾ പിൻമാറാൻ കഴിയുകയില്ല. ശ്രീ. കുരിക്കൾ ആ കാര്യം മനസ്സിലാക്കണം. പക്ഷേ ശ്രീ. ദേവഗൗഡയും ശ്രീ. ഗുജറാളും ഭരിച്ചു കൊണ്ടിരുന്നപ്പോൾ വ്യത്യസ്തമായ ചില സമീപനങ്ങൾ ഞങ്ങൾ സ്വീകരിച്ചു, നിങ്ങൾക്ക് അറിയാം, ശ്രീ. ദേവഗൗഡ ഇൻഡ്യയുടെ പ്രധാനമന്ത്രി ആയിരിക്കുമ്പോഴാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 40 ശതമാനം ആളുകൾക്ക് പകുതിവിലയ്ക്ക് റേഷൻ കൊടുക്കാനുള്ള തീരുമാനമെടുത്തത്. അപ്പോൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക സഹായങ്ങൾ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന ദുരിതം അതൊരളവുവരെ ഇല്ലാതാക്കാനുള്ള സമീപനം ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വളത്തിന്റെ സബ്സിഡി വർദ്ധിപ്പിച്ചുകൊണ്ട് വില കുറയ്ക്കാനും അതിലൂടെ കൃഷിക്കാരെ സഹായിക്കാനും ദേവഗൗഡ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. ആ ഒരു സമീപനം സ്വീകരിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. ഈ സാമ്പത്തിക പ്രതിസന്ധിയുടെ നടുവിൽ നിന്നുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. കേന്ദ്രസർക്കാരും മറ്റ് സംസ്ഥാന ഗവൺമെന്റുകളും ഈ പ്രതിസന്ധിയെ മറികടക്കുന്നത് എങ്ങനെയാണെന്ന് സൂചിപ്പിച്ചു. ശമ്പളം വെട്ടിക്കുറയ്ക്കുക, ശമ്പളപരിഷ്കരണം നടപ്പാക്കാതിരിക്കുക, ശമ്പളം തന്നെ കൊടുക്കാതിരിക്കുക, നിയമനം നടത്താതിരിക്കുക, അങ്ങനെ പല കാര്യങ്ങളിലൂടെയാണ് ഇതിനെ മറികടക്കാൻ ഉദ്ദേശിക്കുന്നത്. ഈ പ്രതിസന്ധിയുടെ നടുവിലും നമ്മുടെ സംസ്ഥാനഗവൺമെന്റ് ജനങ്ങളോടുള്ള ബാദ്ധ്യത നിറവേറ്റിയിട്ടുണ്ട്. നിങ്ങൾ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളം വർദ്ധിപ്പിച്ചതിനെ ആക്ഷേപിച്ചു സംസാരിച്ചു, 5-ാം ശമ്പള കമ്മിഷന്റെ ശുപാർശയെക്കാൾ ശമ്പളവർദ്ധനവിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. ഇടതുമുന്നണി ഗവൺമെന്റിന് ഇത് ചെയ്തേ തീരൂ. കാരണം പണിയെടുക്കുന്ന ആളുകളുടെ താൽപ്പര്യം സംരക്ഷിക്കാൻ ഈ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. പക്ഷേ ഇവിടെ നിങ്ങൾ ആ ശമ്പള വർദ്ധനവ് തെറ്റാണെന്നാണ് പറയുന്നത്. മറ്റു പല സംസ്ഥാനങ്ങളും, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ ഉൾപ്പെടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. നിങ്ങൾ തന്നെ 1992-ലെ ശമ്പള പരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ പെൻഷൻ വർദ്ധിപ്പിച്ചുകൊടുത്തില്ല. ആ ശമ്പള പരിഷ്ക്കരണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽപോലും പെൻഷൻപ്പെടുത്തിയിരുന്നില്ല. ഇവിടെ വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തി വച്ചുഎന്ന് പറയുന്നു. പദ്ധതിയേതര ചെലവിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സാമ്പത്തിക സർവീസുകളിൽ 43.56 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതിൽ തന്നെയാണ് പഞ്ചായത്തുകൾക്കുള്ള സഹായം വരുന്നത് എന്ന് നമുക്ക് അറിയാം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി ഇവിടെ സൂചിപ്പിച്ചു, പഞ്ചായത്തുകൾക്കുള്ള സഹായം പ്രത്യുൽപ്പാദന രംഗത്താണ് ചെലവഴിക്കുന്നത് എന്ന്. അല്ലെങ്കിൽ വികസന രംഗത്താണ് ആ പണമാകെ ചെലവഴിക്കുന്നത്. അവിടെ 80 ശതമാനം കണ്ട് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സാമ്പത്തിക സർവ്വീസുകളിൽ 43.56 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പക്ഷേ നമ്മുടെ സംസ്ഥാനത്തിന്റെ വികസനം ത്വരിതപ്പെടുത്തി എന്നുള്ള യാഥാർത്ഥ്യം പ്രതിപക്ഷം കാണാതെ പോവുകയാണ്. ധനകാര്യവകുപ്പ് അറിയാതെ പൊതുമരാമത്ത് വകുപ്പിൽ കോടിക്കണക്കിന് രൂപയുടെ വികസനം നടക്കുന്നു എന്നാണ് പ്രതിപക്ഷത്തിന്റെ ആക്ഷേപം. അപ്പോൾ ഇവിടെ ധനകാര്യ വകുപ്പും പൊതുമരാമത്ത് വകുപ്പും തമ്മിലുള്ള തർക്കത്തിലേക്കാണ് പ്രതിപക്ഷം വരുന്നത്. പക്ഷേ അത് പറയുമ്പോഴും കോടിക്കണക്കിന് രൂപയുടെ വികസനം നമ്മുടെ സംസ്ഥാനത്ത് നടക്കുന്നു എന്ന് ഭംഗ്യന്തരേണ പ്രതിപക്ഷം സമ്മതിക്കുകയാണ്. ഈ കഴിഞ്ഞ കാലത്തൊന്നും ഉണ്ടാകാത്ത വികസനം നമ്മുടെ സംസ്ഥാനത്ത്, എന്റെ ജില്ലയിലും എന്റെ മണ്ഡലത്തിലും ഈ അഞ്ചു വർഷത്തെ ഭരണകാലത്ത്,

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ കാൽ നൂറ്റാണ്ടിലേക്കാൾ വികസനം ഉണ്ടായിട്ടുണ്ട്. വികസനം ഉണ്ടായിട്ടില്ല എന്ന വാദം ശരിയല്ല. ഈ പ്രശ്നത്തിൽ ഈ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം ഈ സാമ്പത്തിക പ്രതിസന്ധിക്ക് ബുദ്ധിമുട്ടുകൾക്കു നടുവിലും പണം കടമെടുത്തു കൊണ്ടാണെങ്കിലും ഈ സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യമാക്കി മുന്നോട്ട് പോകുകയാണ്. കടമെടുത്ത തുക മറ്റേതെങ്കിലും ആർഭാടത്തിനുവേണ്ടി ചെലവാക്കിയെങ്കിൽ അത് പ്രതിപക്ഷ അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയാണ് വേണ്ടത്. സാമ്പത്തിക മാന്ദ്യം ദേശീയ തലത്തിൽ അനുഭവപ്പെടുന്ന സാഹചര്യത്തിൽ അതിൽ നിന്നും ഒരു സംസ്ഥാനം എന്നുള്ള നിലയിൽ കേരളത്തിന് വിട്ടുനിൽക്കാൻ കഴിയാത്ത പശ്ചാത്തലത്തിലും വളരെ ശ്രമകരമായ അദ്ധ്വാനത്തിലൂടെയും പരിശ്രമത്തിലൂടെയുമാണ് ഈ സംസ്ഥാനത്തെ വികസനപ്രവർത്തങ്ങളുമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുള്ളത്. അത് കണ്ടുകൊണ്ട് പ്രതിപക്ഷം ഈ ബഡ്ജറ്റിനെ അംഗീകരിക്കാൻ തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്. യാഥാർത്ഥ്യബോധത്തോടുകൂടി ഈ പ്രശ്നങ്ങളെ കണ്ടുകൊണ്ട് ഈ ഗവൺമെന്റ് ശ്രമകരമായി നടത്തുന്ന വികസനപ്രവർത്തനങ്ങളെ ബോദ്ധ്യപ്പെട്ടുകൊണ്ട് ഈ ബഡ്ജറ്റിനെ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ പിൻതുണയ്ക്കുന്നു.

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, കാലാവധി കഴിയുന്നതിന് നാളുകൾ മാത്രം ബാക്കി നിൽക്കെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റാണിത്. പുതിയ നികുതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്താത്തത് പോലെതന്നെ ജനോപകാരപ്രദങ്ങളായ പദ്ധതികളും പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുംപോലെ ഏതാനും മാസങ്ങൾക്കകം തെരഞ്ഞെടുപ്പിനെ നേരിടേണ്ടതായിട്ടുണ്ട്. ആഗോളവൽക്കരണത്തെയും, സ്വകാര്യവൽക്കരണത്തേയും, ഉദാരവൽക്കരണത്തേയും എതിർത്ത് വാതോരാതെ പറയുമ്പോഴും ലോക ബാങ്കിന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ഈ സർക്കാർ വാങ്ങിക്കൂട്ടിയ കടം എത്ര കോടിയാണെന്ന് വ്യക്തമാക്കാമോ ? വിഭവസമാഹരണം നടത്തുന്നതിന് ആരും തന്നെ ഈ സർക്കാരിന് എതിരല്ല. എന്നാൽ എന്ത് ആവശ്യത്തിന് വേണ്ടിയാണ് വിഭവ സമാഹരണം നടത്തുന്നത്, അതേ ആവശ്യത്തിന് വേണ്ടി തുക വിനിയോഗിക്കാത്തതിനെ മാത്രമേ പ്രതിപക്ഷം എതിർത്തിട്ടുള്ളു. അധികാര വികേന്ദ്രീകരണം നടപ്പിലാക്കി എന്ന് വീമ്പിളക്കുമ്പോൾ അതിന്റെ ഫലപ്രാപ്തി എന്തെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ? അത് ഇല്ലാത്തത് കാരണം അധികാര കൈമാറ്റം ചെയ്യപ്പെട്ട വകുപ്പുകൾ എല്ലാം തന്നെ നാഥനില്ലാകളരിയായി മാറിയിരിക്കുകയാണ്. സമ്പദ്ഘടന മെച്ചപ്പെട്ടു എന്ന അവകാശവാദം വെറും പൊള്ളയാണ്. മാസത്തിൽ 25 ദിവസവും പൂട്ടികിടക്കുന്ന ട്രഷറിയാണ് അതിന് ഉദാഹരണമായി പറയാനുള്ളത്. 1100 കോടി രൂപ കരാറുകാർക്ക് കൊടുക്കാനുണ്ട്. ഇന്നലെ സംസ്ഥാനത്തെ ട്രഷറിയിൽ നടന്ന സംഭവത്തെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഈ ഗവൺമെന്റ് പദ്ധതി ചെലവുകൾ പൂർത്തിയാക്കി എന്ന് പറയുന്നത് യൂട്ടിലൈസേഷൻ പരിശോധിക്കാതെ ആണ്. പൂർത്തീകരണം കാണിക്കുന്നത് മാർച്ച് 31 വച്ച് കണക്ക് അവസാനിപ്പിച്ചു എന്നാണ് മനസ്സിലാക്കേണ്ടത്. ഇടക്കാല ബഡ്ജറ്റ് അവതരിപ്പിച്ചു എന്ന് പറയുമ്പോൾ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2001 മേയ് മുതൽ രണ്ട് ഗഡു ക്ഷാമബത്ത അനുവദിച്ചതിന്റെ ഔചിത്യം എന്താണ് ? തൊഴിൽ തരൂ പട്ടിണി മാറ്റൂ എന്നിട്ടാകാം കമ്പ്യൂട്ടർ എന്ന പഴയ മുദ്രാവാക്യം മറന്ന് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നത് സ്വാഗതാർഹം തന്നെയാണ്. ജലസേചന പദ്ധതികൾ പുനരുദ്ധരിച്ചു എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ റീവാംമ്പിംഗ് സ്കീമിൽ 50 ലക്ഷം രൂപ അനുവദിച്ചതാണ്. ഭാഗ്യവശാൽ കഴിഞ്ഞ സെഷനിൽ സബ്മിഷൻ അവതരിപ്പിച്ചതിന്റെ ഫലമായി എന്റെ നിയോജക മണ്ഡലത്തിൽ 6 ജോലികൾ കരാറുകാർക്ക് കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. ഇടക്കാല ബഡ്ജറ്റ് എന്ന പിടിവള്ളിയിൽ കടിച്ചു തൂങ്ങി അവതരിപ്പിച്ചിട്ടുള്ളതും ജനോപകാരപ്രദങ്ങളായ പദ്ധതികൾ ഒന്നുപോലും പ്രഖ്യാപിച്ചിട്ടില്ലാത്തതുമായ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. നാണുമാസ്റ്റർ : സർ, ഈ ബഡ്ജറ്റിനെ ഞാൻ പിൻതുണയ്ക്കുന്നു. വികസന രംഗത്ത് വിപുലമായ മുന്നേറ്റം, അതിന് വഴിയൊരുക്കുന്ന ഒരു ബഡ്ജറ്റാണ് ഇതെന്ന് അപ്പുറത്തുള്ള ആളുകളുടെ പ്രസംഗം പോലും തെളിയിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ കോൺഗ്രസ് കൊണ്ടു വന്നിട്ടുള്ളതും ബി. ജെ. പി. ഗവൺമെന്റ് നടപ്പാക്കുന്നതുമായ പുത്തൻ സാമ്പത്തിക നയത്തിന്റെ തിക്തഫലങ്ങൾ അതിൽ നിന്നും നമുക്ക് രക്ഷപ്പെടാൻ കഴിയില്ല. ആ നയങ്ങൾ നടപ്പാക്കുന്നതിന്റെ ഫലമായി ഉണ്ടായ തകർച്ചയെ നേരിടുന്ന റബ്ബർ, കാപ്പി, തേയില, ഏലം തുടങ്ങിയവയുടെ നാട്ടിൽ നിന്നുവരുന്ന ശ്രീ. ജേക്കബിന് അത് അംഗീകരിക്കാൻ കഴിയുമോ ? അദ്ദേഹം പറയുന്നത്, കേന്ദ്ര ഗവൺമെന്റിന്റെ നയം കൊണ്ടല്ല ഒരു ഫെഡറൽ സംവിധാനം ഉള്ള നമ്മുടെ രാജ്യത്ത് ഒരു സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളുടെ ചുവടു പിടിച്ചേ മുന്നോട്ട് പോകാൻ പറ്റൂ. ആ പശ്ചാത്തലത്തിലല്ല പ്രതിപക്ഷാംഗങ്ങൾ ഈ ബഡ്ജറ്റിനെ വിലയിരുത്തുന്നത്. അതിന് ശ്രീ. ആര്യാടൻ ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു, അദ്ദേഹം പറഞ്ഞത് കേട്ടാൽ നമ്മുടെ ധനകാര്യ കമ്മീഷന് പലതും ഒരുക്കി കൊടുത്തതുകൊണ്ടാണ് യു. ഡി. എഫ്. ഭരിക്കുന്ന കാലത്ത് ധനകാര്യ കമ്മീഷൻ നമുക്ക് കൂടുതൽ ഗ്രാന്റ് തന്നിട്ടുള്ളത് എന്നാണ്. ശ്രീ. നായനാർ ഏതാണ്ട് ഒരുക്കി കൊടുത്തില്ല ശാസിച്ചു എന്നുള്ളതുകൊണ്ട് കുറഞ്ഞു പോയി അങ്ങനെയാണോ ? ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെപ്പറ്റി മനസ്സിലാക്കാതെ ധനകാര്യകമ്മീഷന്റെ ഗ്രാന്റിനെ സംബന്ധിച്ച് പരാമർശിക്കുന്നത് ശ്രീ. ആര്യാടന് ഭൂഷണമാണോ ? അത് ആലോചിച്ച് നോക്കേണ്ടതാണ്. ശ്രീ. ആര്യാടൻ തന്നെ പറഞ്ഞ ഒരു കാര്യം ഉണ്ട്. 461 കോടി രൂപ മിച്ചം വച്ചിട്ട് ചെലവാക്കാൻ കഴിയാതെ വിഷമിച്ചാണ് ഞങ്ങൾ ഇറങ്ങിപോയത്. 461 കോടി രൂപ എങ്ങനെ ചെലവാക്കണമെന്ന് ഒരു വഴിയും കാണാതെയാണ് യു. ഡി. എഫ്. 1996-ൽ ഇറങ്ങിപ്പോയതെന്നാണ് ശ്രീ. ആര്യാടൻ ഇവിടെപ്പറഞ്ഞത്. അങ്ങേയ്ക്ക് അറിയാമല്ലോ ? ഞാൻ ചോദിക്കട്ടെ, നിങ്ങൾ കർഷകത്തൊഴിലാളി പെൻഷൻ എത്ര രൂപ ബാക്കിയാക്കി, അതും തീർത്ത് കൊടുത്തിട്ടാണോ പോയത് ? നിങ്ങൾക്ക് പറയാമോ ? ഇല്ല. തൊഴിലില്ലായ്മ വേതനം നിങ്ങൾ കൂടിശ്ശിക വരുത്തിയില്ലേ ? വികലാംഗപെൻഷനും കൂടിശ്ശിക വരുത്തിയില്ലേ ? അതുപോലെ അഗതി പെൻഷനും, വിധവാ പെൻഷനും കൂടിശ്ശിക വരുത്തിയില്ലേ ? ഈ രംഗങ്ങളിൽ

104 കോടി രൂപയുടെ കുടിശ്ശിക നിൽക്കെ 461 കോടി രൂപ എങ്ങനെ ചെലവാക്കാം എന്ന് അന്തംവിട്ടു നിന്നു യു. ഡി. എഫ്. ഗവൺമെന്റ്. അതല്ലേ ശ്രീ. ആര്യാടൻ പറഞ്ഞത്, ഇത് ജനങ്ങൾ കാണുന്നു. കണ്ടത് കൊണ്ടാണ് ശ്രീ. ആര്യാടൻ ഇപ്പറഞ്ഞ 461 കോടി രൂപ മിച്ചം വച്ചെങ്കിൽ ഈ അഗതികളായ കർഷക തൊഴിലാളികളെ, തൊഴിലില്ലാതെ അലയുന്ന യുവജനങ്ങളുടെ തൊഴിലില്ലായ്മ വേതനം ഇത്രയും കോടി രൂപ ഖജനാവിൽ ഇട്ടിട്ട് 22 മാസമായി ഞങ്ങളെ പറ്റിച്ച വരാണെങ്കിൽ അവർ പ്രതിപക്ഷത്ത് ഇരിക്കട്ടെ എന്നല്ലേ അന്ന് ജനങ്ങൾ വിധിയെഴുതിയത്. അതെല്ലാം മറച്ചു വച്ചുകൊണ്ടാണ് നിങ്ങൾ സംസാരിക്കുന്നത്. വിമോചനയാത്ര നടത്തി നിങ്ങൾ സ്വപ്നം കാണണ്ട. നിങ്ങളുടെ ആ സ്വപ്നം മലർപ്പൊടിക്കാരന്റെ സ്വപ്നം പോലെയാണ്. ഗസറ്റ് ഹൗസിൽ മിനിഞ്ഞാന്ന് വൈകിട്ട് തെളിഞ്ഞ കാര്യമാണ്. ശ്രീ. ഗുലാം നബി ആസാദ് വന്നു, ശ്രീമതി സോണിയാഗാന്ധി വന്നു, എല്ലാവരും വന്നു യാത്ര നടത്തി. തർക്കം തീരുന്നില്ല. അടിയന്തിരമായ തർക്കം. രണ്ട് അടയ്ക്കാ പക്ഷി നേരം വെളുത്തെന്നും വെളുത്തില്ലെന്നും (എ) യിൽ നിന്നും മോചനം (ഐ) ക്ക് (ഐ) യിൽ നിന്നും മോചനം (എ) ക്ക്. ഈ തർക്കം തീരാതെ ശ്രീ. ഗുലാം നബി ആസാദ് ഇന്നലെ വെളുപ്പിനുപോയി. ഇതാണ് ഉണ്ടായത്. മലർപ്പൊടിക്കാരന്റെ ദിവാസ്വപ്നവും കണ്ട് മുന്നോട്ട് പോകാം എന്ന് വിചാരിക്കണ്ട. യു.ഡി.എഫ്. ന്റെ കള്ളക്കളികളൊക്കെ ഞങ്ങൾ കാണുന്നുണ്ട്. ശ്രീ. ആര്യാടനും ശ്രീ. ജേക്കബും പറഞ്ഞു, 17,713 കോടി രൂപയുടെ കടമായിരുന്നു അന്ന് ഇപ്പോൾ ഇരുപതിനായിരത്തോളം കോടിയിലധികം രൂപവരും. സ്വാഭാവികമായും വികസനരംഗം അതാണ് കാണുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഞെരുക്കവും നീരാളിപ്പിടിത്തവും ഒക്കെ ഉണ്ടായിട്ടും നമ്മുടെ സംസ്ഥാനത്തെ വിവിധ വിഭാഗം ആളുകൾക്ക് എല്ലാ കുഴപ്പങ്ങളിൽ നിന്നും ആശ്വാസം നൽകികൊണ്ടുള്ള ഒരു സാമ്പത്തിക നയം ഇവിടെ നടപ്പാക്കുമ്പോൾ കടം വരും. കടം ഇനിയും വർദ്ധിക്കും. ജനോപകാരപ്രദങ്ങളായ നടപടികൾ, കാർഷിക നയത്തിന്റെ ഫലമായി .....ശ്രീ. ജേക്കബ് ഇവിടെയുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗ സമയത്ത് ഞാൻ ഇവിടെ ഉണ്ടായിരുന്നു. കേന്ദ്ര നയത്തെ അതിജീവിക്കാൻ നമ്മൾ നടപ്പിലാക്കിയിട്ടുള്ള നയങ്ങൾ, അതുപോലെ തന്നെ കാർഷികരംഗത്ത് ഈ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള നയങ്ങൾ, പാഡി ബോർഡിന്റെ വികസനം, തെങ്ങ് രോഗത്തിൽ നിന്ന് കർഷകർക്ക് ആശ്വാസം നൽകുവാൻ 28.77 കോടി രൂപ ചെലവഴിച്ചത് കാർഷിക രംഗത്തെ രോഗങ്ങൾ, കൊപ്ര സംഭരണം, വാട്ടർ ഷെഡ് പ്രോഗ്രാം, കശുവണ്ടി വികസന രംഗത്ത് നടപ്പാക്കിയിട്ടുള്ള പരിപാടികൾ ടെക്നോളജി മിഷൻ മുഖേന കുരുമുളക് കൃഷിക്ക് നടപ്പിലാക്കിയിട്ടുള്ള പരിപാടികൾ, ജലസേചന രംഗത്ത് പൂർത്തിയാക്കിയ 15 പദ്ധതികളും പൂർത്തിയാക്കാൻ ബാക്കിയുള്ള 12 പദ്ധതികളും അടക്കം 27 പദ്ധതികളുടെ ആകെ കൂടി നടത്തിയിട്ടുള്ള ജലസേചന വികസന രംഗത്തുള്ള മുന്നേറ്റം, കുടിവെള്ളത്തിന് വേണ്ടി 221.27 കോടി രൂപ ചെലവഴിച്ചിട്ടുള്ള പുതിയ സ്കീമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങികൊണ്ടിരിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ, ടെക്നോളജി മിഷൻ പദ്ധതികൾ, എൽ. ഐ.സി. ഹഡ്കോ തുടങ്ങിയവയുടെ സഹായത്തോടെയുള്ള കുടിവെള്ളം കിട്ടുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയിട്ടുള്ള പദ്ധതികൾ മുതലായവ ആവിഷ്കരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഞെരുക്കത്തിന് ഇടയ്ക്കും ഈ ഗവൺമെന്റ് മുന്നോട്ട് നീങ്ങുന്നത് വികസന രംഗത്തെ മുന്നേറ്റമല്ലേ ? അതുപോലെ തന്നെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമേ റേഷൻ കടയിൽ നിന്ന് പഞ്ചസാര കൊടുക്കൂ, റേഷനരി കൊടുക്കൂ, എന്ന് നിങ്ങൾ പിന്തുണയ്ക്കുന്ന കേന്ദ്ര ഗവൺമെന്റ് പറയുന്നു. അതിൽ നിന്ന് കേരളത്തിലെ എല്ലാ വിഭാഗം ആളുകളേയും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തിന്റെ പരിധിയിൽ തന്നെ നിലനിർത്തി മുന്നോട്ട് പോകാനുള്ള ബാദ്ധ്യത വരും. കടം വർദ്ധിക്കും. അത് നിങ്ങൾ കാണുന്നില്ല. ആ കാര്യങ്ങളെ അതിജീവിച്ചുകൊണ്ടാണ് ഈ സംസ്ഥാനം മുന്നോട്ട് നീങ്ങുന്നത്. വ്യവസായിക വികസന കോർപ്പറേഷന്റെ നവീന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യാവസായിക മേഖലയിലെ മുന്നേറ്റം ആണെന്ന് പ്രതിപക്ഷം മനഃപൂർവം കാണാതിരിക്കുകയാണ്. നിരവധി പദ്ധതികൾ ആവിഷ്കരിച്ച് വമ്പിച്ച നേട്ടം വ്യാവസായിക രംഗത്ത് കൈവരിക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പട്ടികജാതി - പട്ടികവർഗവിഭാഗങ്ങൾ, പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ അവരുടെയെല്ലാം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ വല്ല വീഴ്ചയും വരുത്തിയിട്ടുണ്ടോ ? പട്ടികജാതി/പട്ടികവർഗവികസനത്തിനുവേണ്ടി 1995-96-ൽ 153 കോടി രൂപ ചെലവഴിച്ചു. ഞാൻ സമ്മതിക്കുന്നു. എന്നാൽ ഈ കഴിഞ്ഞ 5 വർഷംകൊണ്ട് 315 കോടി രൂപ എസ്. സി. പി. യിൽ ഈ ഗവൺമെന്റ് ചെലവഴിച്ചു. വികസനരംഗത്ത് പട്ടികജാതിക്കാർക്ക് സമൂലമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പട്ടികജാതിക്കാർക്കും പാവപ്പെട്ടവർക്കും തലചായ്ക്കാൻ ഇടമില്ലാത്ത അവസ്ഥയായിരുന്നു. 'പാമ്പുകൾക്ക് മാളമുണ്ട് പറവകൾക്ക് ആകാശമുണ്ട് മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല' എന്നതിന് ഈ കഴിഞ്ഞ 5 കൊല്ലം കൊണ്ട് അതിനൊരു പരിഹാരമുണ്ടാക്കി കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അതുകൊണ്ട് കടം വരും. ഈ ബഡ്ജറ്റിൽ ഭവനനിർമ്മാണത്തിന് 20 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വികസന പ്രക്രിയയുമായി മുന്നോട്ടുപോകുമ്പോൾ കടം വരും. ആ കടം സ്വജനപക്ഷപാതമാണോ ധൂർത്താണോ, അഴിമതിയാണോ ? ആണെന്നാണ് നിങ്ങൾ പറയുന്നത്. അതുകൊണ്ടാണല്ലോ 5 കൊല്ലത്തിനിടയിൽ ഈ ഗവൺമെന്റിനെതിരെ അവിശ്വാസം നിങ്ങൾ കൊണ്ടുവരാത്തത്. നിങ്ങൾ കൊണ്ടു വരാത്തത് എന്തുകൊണ്ട് ? പ്രതിപക്ഷം പറഞ്ഞത് സത്യമാണെങ്കിൽ എന്തുകൊണ്ട് അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല. വികസനരംഗത്ത് ജനങ്ങളെ കൈയിലെടുത്തുകൊണ്ട് അധികാര വികേന്ദ്രീകരണത്തിലൂടെ മുന്നോട്ടു നീങ്ങുന്ന ഈ ഗവൺമെന്റ് ഇൻഡ്യയ്ക്ക് മാതൃക കാണിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. അടുത്ത തിരഞ്ഞെടുപ്പിനുശേഷം പൂർവ്വാധികം ശക്തിയോടുകൂടി ഈ ഗവൺമെന്റ് തിരിച്ചുവരും എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, 2001-2002 സാമ്പത്തിക വർഷത്തേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു. ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ തികഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ആത്മവിശ്വാസത്തോടുകൂടിയും സാമാന്യം സംതൃപ്തിയോടുകൂടിയുമാണ് ഈ ഇടക്കാല ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ദേശീയ തലത്തിൽ സാമ്പത്തിക തകർച്ച രൂക്ഷമായപ്പോഴും താരതമ്യേന സാമ്പത്തിക രംഗത്ത് വളർച്ചയാണ് കാണുന്നത്. അതിന് കാരണം തീർച്ചയായും സമതുലിതമായ ഗൗരവപൂർണ്ണമായ സാമ്പത്തിക വിനിയോഗ പ്രവർത്തനങ്ങൾ തന്നെയാകണം. ആഭ്യന്തര രംഗത്ത് ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. പ്രതിശീർഷ വരുമാനത്തിലും മാറ്റമുണ്ടായിട്ടുണ്ടെന്നുള്ളത് വളരെ ശുഭോതർക്കമായിട്ടുള്ള കാര്യമാണ്. അടുത്ത കാലത്ത് കേരളത്തിലെ മാത്രമല്ല ലോകത്തിലെതന്നെ ഗ്രാമീണ ജീവിതത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട ഒരു സംഘം ഇൻഡ്യയിലെത്തി. അവർ കേരളത്തിലുമെത്തി. കേരളത്തിലെ ഗ്രാമീണ ജീവിതത്തെക്കുറിച്ച് പഠിച്ചപ്പോൾ അവർക്ക് അതിശയം തോന്നിയെന്നാണ് റിപ്പോർട്ട്. വികസിന രാജ്യങ്ങളിലെ ജീവിത നിലവാരത്തോടൊപ്പം എത്തിയിട്ടുള്ള ഗ്രാമീണ ജീവിതമാണ് കേരളത്തിൽ കൈവരിച്ചിട്ടുള്ളത്. പ്രതിശീർഷ വരുമാനത്തിൽ കുറവുള്ളപ്പോഴും ജീവിത നിലവാരത്തിൽ മുന്നിട്ടു നിൽക്കാൻ കേരളത്തിന് സാദ്ധ്യമായി എന്നുള്ളത് ഇവിടത്തെ സാമ്പത്തിക ക്രമീകരണത്തിന്റെ പ്രത്യേകത കൊണ്ടു മാത്രമാണ്. ഏതെല്ലാം മേഖലകളിലാണ് ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കേണ്ടതെന്ന് നോക്കി അത് ശ്രദ്ധിച്ചു നടത്തിയതു കൊണ്ടു മാത്രമാണ് എല്ലാ വിഭാഗങ്ങൾക്കും ഇത് അനുഭവിക്കാൻ കഴിഞ്ഞത്. കുടുംബശ്രീ പരിപാടികൾ, അയൽക്കൂട്ട പരിപാടികൾ എന്നിവയിൽ നിരന്തരം പങ്കെടുക്കുന്ന എനിക്ക് ബോദ്ധ്യമായ പ്രധാനപ്പെട്ട വസ്തുത ഗ്രാമീണ ജീവിതം പുതിയ ഉണർവിന്റെ തലത്തിൽ തന്നെയാണ് എന്നാണ്. സംസ്ഥാനത്തിനതീതമായ കാരണങ്ങളാൽ കാർഷിക മേഖലയ്ക്കു സംഭവിച്ചിരിക്കുന്ന തകർച്ച, അത് സംഭവിച്ചില്ലായിരുന്നുവെങ്കിൽ ഈ സംസ്ഥാനത്തിന്റെ അവസ്ഥ എത്രയോ മെച്ചമായിരുന്നേനെ. ദീർഘമായി പ്രതിപാദിക്കാനുള്ള സമയമില്ല. മറ്റ് സംസ്ഥാനങ്ങൾ സാമ്പത്തിക പ്രതിസന്ധിമൂലം അവരുടെ പദ്ധതിയുടെ വലിപ്പം വെട്ടികുറയ്ക്കാൻ നിർബന്ധിതമാകുമ്പോഴും ക്രമാനുഗതമായി കേരളത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുക മാത്രമല്ല ലക്ഷ്യം പ്രാപിക്കാനും ലക്ഷ്യം സാക്ഷാൽക്കരിക്കാനും അത് പൂർത്തിയാക്കാനും നമുക്കു കഴിയുന്നുവെന്നുള്ളത് ശ്രദ്ധിക്കേണ്ട കാര്യമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴിയുള്ള വികസനമാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയനേട്ടം കൈവരിക്കാൻ നമ്മെ സഹായിക്കുന്നത്. ഈ മൂന്നരകൊല്ലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയാസൂത്രണം വഴി നടപ്പാക്കുന്ന വികസനം ഇവിടത്തെ സാമ്പത്തികമേഖലയിൽ, സാധാരണക്കാരന്റെ ജീവിതത്തിൽ പൊതുവായിട്ടുള്ള വികസനത്തിൽ കാര്യമായ മാറ്റം വരുത്തിയിട്ടുണ്ടെന്നുള്ളതാണ് സത്യം.

3 P.M] ഏതാണ്ട് 1431 കോടിയോളം രൂപയാണ് ഈ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാകത്തക്കവണ്ണം ഏർപ്പാടാക്കിയിട്ടുള്ളത്. അതുപോലെതന്നെ എല്ലാ മേഖലയിലും. അതിനെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. വൈദ്യുതി മേഖലയിൽ 611 കോടി രൂപ. സാമൂഹ്യ വികസനത്തിന് 632.42 കോടി രൂപ കാർഷിക അനുബന്ധമേഖലയ്ക്ക് 251 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വാർത്താ വിനിമയ മേഖലയ്ക്ക് 274.35 കോടി രൂപ. ജലസേചനത്തിനും വെള്ളപ്പൊക്കനിയന്ത്രണത്തിനും 275 കോടി രൂപ എന്നിങ്ങനെ ഗണ്യമായ തുക 2000-2001 വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ നമ്മുടെമേൽ അശനിപാതംപോലെ വന്നു വീഴുന്ന കേന്ദ്ര ഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയം ആഗോളവൽക്കരണത്തെക്കുറിച്ചുമാത്രമല്ല സമീപനത്തെപ്പോലും അതായത് സാമ്പത്തിക ഫെഡറലിസം പാലിക്കേണ്ടുന്ന സംസ്ഥാന-കേന്ദ്ര ബന്ധങ്ങളിൽ മാറ്റം വരുത്തുന്നു. സാമ്പത്തിക ഫെഡറലിസം നടപ്പിലാക്കുന്നതിനു പകരം അതിനെ തകർക്കുന്ന തരത്തിലുള്ള നീക്കങ്ങളാണ് കേന്ദ്രഗവൺമെന്റ് ഭാഗത്തുനിന്നും വരുന്നത്. സാധാരണക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതും വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതുമായ നിർദ്ദേശങ്ങളാണ് സാമ്പത്തിക പ്രതിസന്ധിക്ക് പ്രതിവിധിയായി കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളോട് നിർദേശിക്കുന്നത്. കേരളത്തിനത് അംഗീകരിക്കാവുന്നതല്ല. ഒരിക്കലും നമുക്ക് അംഗീകരിക്കാൻ പറ്റാത്ത നിർദ്ദേശങ്ങളാണവ. സബ്സിഡികൾ നിർത്തലാക്കുക, സർക്കാർ ജീവനക്കാരുടെ എണ്ണം പടിപടിയായി കുറയ്ക്കുക, നിയമന നിരോധനം ഏർപ്പെടുത്തുക, വേതനവും ക്ഷാമബത്തയും മരവിപ്പിക്കുക, പൊതുമേഖലകളെ സ്വകാര്യവൽക്കരിക്കുക, പദ്ധതിവിഹിതം വെട്ടിക്കുറയ്ക്കുക, കഴിയുന്നത്ര നികുതികൾ ചുമത്തുക എന്നിവയാണ് ഈ സാമ്പത്തിക രോഗത്തിന് പ്രതിവിധിയായിട്ട് കേന്ദ്രം നമ്മോട് നിർദ്ദേശിക്കുന്നത്. അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്താണ് ? അത് നമ്മൾ മനസ്സിലാക്കേണ്ടതാണ്. ഈ നിർദേശങ്ങൾ അംഗീകരിക്കാൻ നമുക്ക് സാധ്യമല്ല. ഭരണ-പ്രതിപക്ഷ കക്ഷികൾ ഒത്തൊരുമിച്ച് ഇത്തരം നീക്കങ്ങളെ ശക്തിയുക്തം എതിർക്കേണ്ടതാണ്. 11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ സംസ്ഥാന താൽപ്പര്യത്തിനെതിരാണ്. അതുമൂലം ഉണ്ടായ നഷ്ടം നികത്താൻ കേന്ദ്രസർക്കാർ തയ്യാറാകുമോ ? തയ്യാറാകണം എന്ന് നമുക്കൊന്നിച്ച് നിന്ന് നിർബന്ധിക്കാം. ആവശ്യം നേടിയെടുക്കാൻ ശ്രമിക്കണം. പദ്ധതിയേതര ചെലവുകൾക്കും റവന്യൂചെലവുകൾക്കും, ശമ്പളം, പെൻഷൻ, പലിശ എന്നിവയിൽ വൻതോതിൽ വർദ്ധനവുണ്ടായിട്ടും കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കാൻ നമുക്ക് കഴിഞ്ഞു എന്നുള്ളത് ശ്രദ്ധേയമാണ്. ഊർജ്ജമേഖലയിലെയും വിവരസാങ്കേതിക മേഖലയിലെയും മുന്നേറ്റം.... എനിക്ക് വളരെ സന്തോഷത്തോടുകൂടി ചൂണ്ടിക്കാണിക്കാവുന്ന ഒരു കാര്യമുണ്ട്. വിവര സാങ്കേതികവിദ്യയുടെ പ്രയോജനം ഗ്രന്ഥശാലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ഒരു പദ്ധതി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്, ഗ്രാമീണ ഗ്രന്ഥശാലകളിൽ വിവര സാങ്കേതിക വിദ്യയുടെ സേവനം വ്യാപിപ്പിക്കാൻ ഒരു കോടി രൂപയാണ് ബഡ്ജറ്റിൽ മാറ്റി വച്ചിരിക്കുന്നത്. അത് വളരെയേറെ പ്രയോജനം ചെയ്യുന്ന ഒന്നാണ്. ആരും അധികം പരാമർശിച്ചിട്ടില്ലാത്ത അത്ഭുതാവഹമായ ഒരു മേഖലയാണ് വിനോദസഞ്ചാരമേഖല. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ദേശീയ അവാർഡ് കരസ്ഥമാക്കാൻ ആ മേഖലയ്ക്കു കഴിഞ്ഞു. ലോകത്തിൽ നിർബന്ധമായും കണ്ടിരിക്കേണ്ട 50 സ്ഥലങ്ങളിൽ ഒന്ന് കേരളം തന്നെയാണ്. വിനോദസഞ്ചാര മേഖലയിൽ നമുക്ക് മുന്നേറാൻ കഴിഞ്ഞതിന്റെ തെളിവാണിത്. പുകയില്ലാത്ത വ്യവസായം കാലുഷ്യമില്ലാത്ത വ്യവസായം - അങ്ങനെ ഒരവസ്ഥ സൃഷ്ടിക്കാൻ നമ്മുടെ ടൂറിസം ഉതകുന്നതാണ്. അതുപോലെ തന്നെ മുമ്പുണ്ടാകാത്ത അത്ര

LIBRARY ARCHIVES Kerala Legislative Assembly

കാര്യക്ഷമമായ പുരോഗതിയാണ് പിന്നോക്ക-പട്ടികജാതി- പട്ടികവർഗ്ഗ വികസന മേഖലയിൽ ഉണ്ടായിട്ടുള്ളത്. വിദ്യാഭ്യാസ രംഗത്തും ഭവന നിർമ്മാണ രംഗത്തും തൊഴിൽ മേഖലയിലും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ ഒരു കാലത്തും ഉണ്ടാകാത്ത അത്ര ശ്രദ്ധേയമായിട്ടുള്ളതാണ്. അതുപോലെ വിദ്യാഭ്യാസം പിന്നോക്കാവസ്ഥയിൽ കിടക്കുന്ന മേഖലകളിൽ ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏറെ ഉയർന്നിട്ടുള്ളത് ഈ കാലത്ത് മാത്രമാണ് എന്ന് അനുഭവത്തിൽ നിന്നും എനിക്ക് പറയാൻ കഴിയും. പൊതുമരാമത്ത് വകുപ്പ് റോഡുകളായാലും പാലങ്ങളായാലും അവയുടെ പണികൾ ത്വരിതഗതിയിൽ നടക്കുന്നുണ്ട്. ഏത് മേഖല പരിശോധിച്ചാലും മുമ്പ് ഉണ്ടാകാത്ത ഒരു ഉണർവോടുകൂടി അനുഭവേദ്യമായ തരത്തിലുള്ള വികസന പ്രവർത്തനവും അതിന് അനുഗുണമായ സാമ്പത്തിക സംവിധാനവും ആണ് ഏർപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ തുടർച്ചയായിട്ട് അഞ്ചുകൊല്ലവും ബഡ്ജറ്റ് അവതരിപ്പിക്കാനും ജനങ്ങളുടെ ഹൃദയസ്പന്ദനം മനസ്സിലാക്കാനും കഴിഞ്ഞ ശ്രീ. ശിവദാസമേനോന് എന്തുകൊണ്ടും അഭിമാനിക്കാൻ വകയുണ്ട്. ഇടതുപക്ഷ സർക്കാരിനും അതിൽ അഭിമാനിക്കാൻ കഴിയും. ഇനിയും തുടരാൻ കഴിയും എന്നുള്ള കാര്യത്തിൽ ആർക്കും സംശയം വേണ്ട. അടുത്ത തവണയും അധികാരത്തിൽ വരും എന്നുള്ള പ്രതീക്ഷയോടുകൂടി ബഡ്ജറ്റിനെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : നമ്മുടെ നാട്ടിനെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജനങ്ങളോട് പ്രതിബദ്ധത പുലർത്തുന്ന ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റിനെ വിലയിരുത്തുമ്പോൾ കണക്കുകളും താരതമ്യപഠനങ്ങളും ആവശ്യമാണ്. ഈ ബഡ്ജറ്റ് ജനജീവിതത്തെ എപ്രകാരം സ്വാധീനിച്ചു എന്നതും പ്രധാനപ്പെട്ടതാണ്. മഹാനായ ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ വിശ്വമഹാകവിയായ ഡാന്റെയുടെ ഒരു വാചകം ഉദ്ധരിക്കുകയുണ്ടായി. അക്കങ്ങളും സിദ്ധാന്തങ്ങളും ചിലപ്പോൾ ശുഷ്കമായിരിക്കാം. പക്ഷേ സുഹൃത്തേ, ജീവിത വൃക്ഷം പച്ചയാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. ബഡ്ജറ്റ് ജനജീവിതത്തെ ബാധിക്കും. ജനജീവിതത്തെ മുന്നോട്ടു നയിക്കാൻ ബഡ്ജറ്റ് എപ്രകാരം സഹായകരം ആയിരിക്കും എന്നതാണ് ഒരു ബഡ്ജറ്റിനെ വിലയിരുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 1991-ൽ നടപ്പിലാക്കിയ ഉദാരവൽക്കരണത്തിന്റെയും പുത്തൻ സാമ്പത്തിക നയത്തിന്റെയും ഫലമായി, ഇന്ന് ഇന്ത്യയുടെ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ വൻ തകർച്ചയുണ്ടായിട്ടുണ്ട്. അത് ആർക്കും നിഷേധിക്കാനാകില്ല. മാതൃഭൂമിയുടെ മുഖപ്രസംഗത്തിൽ വന്നിട്ടുള്ള..... വളരെ ഹൃദയസ്പർശിയായ അതിന്റെ ചില ഭാഗങ്ങൾ ..... അതിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതിന് അവർ കൊടുത്ത തലവാചകം "ഭാരതത്തിന്റെ ദയനീയമായ ചിത്രം" എന്നാണ്. ലോകത്ത് ഏറ്റവുമധികം കടബാദ്ധ്യതയുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇൻഡ്യയ്ക്ക് ഒൻപതാം സ്ഥാനമുണ്ട്. അത് ഒന്നാം സ്ഥാനമാകാൻ അധികകാലം വേണ്ടിവരില്ല. 2000-2001 സാമ്പത്തിക സർവ്വേയിൽ നിന്നും മനസ്സിലാകുന്നത് സർവ്വേയിലെ കണക്കുകൾക്കും സാമ്പത്തിക പഠനങ്ങൾക്കും അപ്പുറത്ത് കടം വാങ്ങി ചെലവഴിക്കുന്ന ഒരു രാജ്യത്തിന്റെ ദയനീയ

LIBRARY ARCHIVES Kerala Legislative Assembly

ചിത്രമാണ്. സാമ്പത്തിക വളർച്ചാനിരക്ക് തുടർച്ചയായി രണ്ടാം വർഷവും ഇടിഞ്ഞ് ആറു ശതമാനത്തിലെത്തിയിരിക്കുന്നു. 1999-2000-ത്തിൽ ഇത് 6.4 ശതമാനവും അതിന് മുമ്പ് 6.6 ശതമാനവും ആയിരുന്നു. ഈ അധോഗമനം നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷം ആണെന്നു കാണിക്കുന്നു. നാണയപെരുപ്പം 8.2 ശതമാനത്തിലെത്തികഴിഞ്ഞു. കഴിഞ്ഞ ആറു വർഷത്തിനിടയ്ക്ക് ഇത്രയും വർദ്ധിക്കുന്നത് ഇത് ആദ്യമായിട്ടാണ്. സർക്കാർ പിൻതുടരുന്ന ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും അതിലധിഷ്ഠിതമായ സാമ്പത്തികനയം രാജ്യത്തെ പ്രതിസന്ധിയിലാണെത്തിച്ചിരിക്കുന്നതെന്നത് ശ്രദ്ധേയമാണ്. വരുന്ന ഏപ്രിൽ ഒന്നിന് നിയന്ത്രണങ്ങൾ മുഴുവനും എടുത്തു കളയുന്നതോടെ സർക്കാരിന്റെയും ബ്യൂറോക്രസിയുടെയും നിയന്ത്രണമില്ലാത്ത അന്താരാഷ്ട്ര വിപണന കേന്ദ്രമായി ഇൻഡ്യ മാറും എന്നത് തീർച്ചയാണ്. ഒന്നും ചെയ്യാനില്ലാത്ത ഒരു അധികാരവുമില്ലാത്ത മേൽനോട്ടക്കാരനില്ലാത്ത ഒരു ചന്തയിൽ സർക്കാർ നിലകൊള്ളുമ്പോൾ രാജ്യത്തെ ചെറുകിട കർഷകരുടെയും വ്യവസായികളുടെയും ദരിദ്രകോടികളുടെയും ജീവിതം കൂടുതൽ ദുരിതമയമാകും. വിലയില്ലാത്ത കാർഷിക ഉൽപന്നങ്ങളും മൂല്യമില്ലാത്ത രൂപയും ബഹുരാഷ്ട്ര കുത്തകകളുടെ മാനവികത മറന്ന മൽസരവും ചേരുമ്പോൾ ഇൻഡ്യയിലെ സാമ്പത്തിക വളർച്ചാനിരക്കല്ല ആത്മഹത്യാ നിരക്കായിരിക്കും വർദ്ധിക്കുക. ആർക്കോ വേണ്ടിയുള്ള ഉദാരവൽക്കരണവും ഉപേക്ഷിച്ച് ഇൻഡ്യൻ കാർഷിക സമ്പദ് വ്യവസ്ഥയ്ക്ക് ഇണങ്ങിയ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറയ്ക്കാനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞാലേ യഥാർത്ഥത്തിൽ രാഷ്ട്ര പുരോഗതിയുണ്ടാകൂ. ഞാൻ ചൂണ്ടിക്കാണിക്കുന്നത് 1991 മുതൽ നമ്മുടെ നാട്ടിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന തെറ്റായ സാമ്പത്തിക നയത്തിന്റെ ഫലമായി നമ്മുടെ നാട്ടിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെ ഹൃദയം തുറന്ന് കാണാൻ പ്രതിപക്ഷം തയ്യാറാകുമോ ? അത് തുടങ്ങിവച്ചത് കോൺഗ്രസ് (ഐ) ആണ്. കൂറ്റസമ്മതം നടത്തുന്നില്ലെങ്കിലും ഇപ്പോഴും അത് ജനങ്ങളുടെ മുമ്പിൽ തുറന്നുപറയാനും തിരുത്താനും സ്വാതന്ത്ര്യസമരകാലത്ത് കോൺഗ്രസ് എടുത്ത സമീപനങ്ങളിൽ ഒന്നെങ്കിലും സ്വീകരിക്കാനും കോൺഗ്രസ് തയ്യാറാകുന്നില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് 1996-ൽ ഉദാരവൽക്കരണത്തെക്കുറിച്ച് പറഞ്ഞ വാചകമുണ്ട്. നെഹ്റുവിന്റെ ചേരിചേരാനയം പോലെ മഹത്തരമാണ് ഈ ഉദാരവൽക്കരണ നയമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി ഈ സഭയിൽ പറഞ്ഞത്. ആ നയത്തെ അത്രമാത്രം സഹായിക്കുകയാണ് ചെയ്തത്. അതിന്റെ ഫലമായിട്ടാണ് ഈ ദുരന്തം അനുഭവിക്കുന്നത്. ആ ദുരന്തത്തിനിടയിലും കേരളം പിടിച്ചു നിൽക്കുന്നു. അതിന്റെ പേരിലാണ് ഈ നാട്ടിലെ ജനങ്ങൾ ബഹുമാനപ്പെട്ട ശിവദാസമേനോനെ അഭിനന്ദിക്കുന്നത്. കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനം ഈ പ്രതിസന്ധികൾക്കിടയിലും 1999-2000-ൽ മുൻവർഷത്തെക്കാൾ 16.81 ശതമാനം വർദ്ധിച്ചു. ഈ പ്രതിശീർഷ വരുമാനം 15.76 ശതമാനം വർദ്ധിച്ചു. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളിലൊന്നായ പാർപ്പിട പ്രശ്നം, കുടിവെള്ള പ്രശ്നം തുടങ്ങിയവ പരിഹരിക്കുന്നതിൽ ഈ ഗവൺമെന്റ് സർവ്വകാല റിക്കാർഡ് കൈവരിച്ചു. കാസർഗോഡ് ജില്ല പിന്നോക്ക ജില്ലയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സമ്പൂർണ സാക്ഷരതാ പദ്ധതി എന്നു പറഞ്ഞുകൊണ്ട് ഇത്തവണ 46 കോടി രൂപ ഉപയോഗപ്പെടുത്തികൊണ്ടും ഒരു സമ്പൂർണ്ണ കുടിവെള്ള പദ്ധതി വരികയാണ്. അവിടത്തെ അഞ്ചു നിയോജകമണ്ഡലങ്ങളിലും എൽ. ഡി. എഫ്. / യു. ഡി. എഫ്. വ്യത്യാസമില്ലാതെ 37 പഞ്ചായത്തുകളും രണ്ടു മുനിസിപ്പാലിറ്റിയുമുൾപ്പെടെ 39 സ്ഥാപനങ്ങളുള്ള ആ മണ്ഡലത്തിൽ ഈ 46 കോടി രൂപ കൊണ്ട് സമ്പൂർണ്ണമായി കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ പോവുകയാണ്. പട്ടികജാതി വകുപ്പിന്റെ പ്രവർത്തനം തന്നെ എടുക്കാം. ആ ഒരൊറ്റകാര്യം മതി. കേരളത്തിൽ പട്ടികജാതി വകുപ്പിലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയ പ്രവർത്തന-പരിവർത്തനങ്ങളിൽ ഒരു ഉദാഹരണം മാത്രമേ ഞാൻ പറയുന്നുള്ളു. 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നമ്മുടെ ജില്ലയിലുണ്ട്. ആ സ്കൂളുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന കുട്ടികൾ മനോഹരമായ ഉടുപ്പുകൾ ധരിച്ച് സന്തോഷത്തോടുകൂടി പഠിക്കുന്നു. അത് ചരിത്രത്തിൽ ആദ്യമായിട്ടുള്ള സംഭവമാണ്. ശ്രീമതി സുഗതകുമാരിയുടെ കവിതയുണ്ടല്ലോ. ഉത്തരേന്ത്യയിൽ വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികളേയും കേരളത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ മുമ്പിൽ ടൈയും കോട്ടും കെട്ടി 'സാരേജഹാംസേ അഛാ' എന്നു പാടുന്ന കുട്ടികളേയും താരതമ്യപ്പെടുത്തികൊണ്ട് പാടിയ കേരളത്തിന്റെ പ്രീയപ്പെട്ട കവയിത്രി ശ്രീമതി സുഗതകുമാരിയുടെ ഒരു കവിത ഞാനോർക്കുന്നു. സ്കൂളിന്റെ പടിവാതിൽ കാണാത്ത കുട്ടികളെ നോക്കി കവയിത്രി പാടുന്നു. ഇവരെ കുളിപ്പിച്ച് വാർമുടി ഒതുക്കി കരതാരിലാക്കി പാഠപുസ്തകകെട്ടും തൂക്കി നിർത്തുവിൻ ഉഷസ് പോലെ ഇവരും പ്രകാശിക്കും അവരും കൈകൊട്ടി ചിരിക്കും, കൊഞ്ചിപ്പാടും ഇത് ലോകത്തേക്കും സുന്ദരമാം ദേശം, എന്ന് പാടിയതുപോലെ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്ക് ഏറ്റവും ഉന്നതമായ വിദ്യാഭ്യാസം കേരളത്തിൽ കിട്ടുകയാണ്. എന്റെ ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ച് മാത്രമേ ഞാൻ പറയുന്നുള്ളു. അഞ്ചു വർഷത്തിനകം ഒരു എഞ്ചിനീയറിംഗ് കോളേജ്, ഒരു അപ്ലൈഡ് സയൻസ് കോളേജ്, ഒരു പോളിടെക്നിക്, ഒരു ഐ. ടി. ഐ. 32 പ്ലസ് ടു സ്കൂളുകൾ ഒക്കെ ആ കൊച്ചു ജില്ലയിൽ മാത്രം അനുവദിക്കാൻ കഴിഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞു അദ്ദേഹത്തിന്റെ കാലത്ത് ഒരു എൽ. ബി. എസ്. എഞ്ചിനീയറിംഗ് കോളേജുണ്ടായിരുന്നു എന്ന്. അത് 100 ശതമാനവും കോഴ ആയിരുന്നു. മുഴുവൻ വിദ്യാർത്ഥികൾക്കും ഒരു ലക്ഷം രൂപ കൊടുക്കണമായിരുന്നു. അത് തിരിച്ച് കൊടുക്കില്ലായിരുന്നു. ഈ സർക്കാർ സാധാരണക്കാരുടെ നേതൃത്വത്തിലും ഐ. എച്ച്. ആർ. ഡി. യുടെ നേതൃത്വത്തിലും എഞ്ചിനീയറിംഗ് കോളേജ് കൊണ്ടു വന്നപ്പോൾ 100 ശതമാനം മെറിറ്റടിസ്ഥാനത്തിൽ സീറ്റ്. 50 ശതമാനം കുഞ്ഞുങ്ങൾക്ക് നയാപൈസ കൊടുക്കണ്ട. ബാക്കി 50 ശതമാനം കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതം കൊടുത്താൽ ആ ഒരു ലക്ഷം രൂപ കൃത്യമായും അഞ്ചുകൊല്ലം കഴിഞ്ഞാൽ തിരിച്ചു നൽകാൻ കഴിയുന്ന ഒരു സമ്പ്രദായം കൊണ്ടു വന്നു. ഇങ്ങനെ വ്യത്യസ്ത മേഖലകളിൽ ഈ ഗവൺമെന്റ് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. അതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വിമർശിക്കാൻ ആർജ്ജവമില്ലാത്ത പ്രതിപക്ഷം ഏത് കാരണമുപയോഗപ്പെടുത്തി ഈ ഗവൺമെന്റിനെ ആക്രമിക്കാൻ ശ്രമിക്കുന്നു. അതിനൊരു ഉദാഹരണമാണ് ഇന്നലെ ഇവിടെ ഇറങ്ങിപ്പോക്ക് നടത്തിയത്. ശ്രീ. കെ. പി. പി. നമ്പ്യാരുടെ പ്രശ്നം പത്രവാർത്ത ഉദ്ധരിച്ചുകൊണ്ട് നെറികെട്ട ആരോപണങ്ങൾ ഉന്നയിക്കുന്നതിനുവേണ്ടി തയ്യാറായി. 1995-ൽ ബഹുമാനപ്പെട്ട കാർത്തികേയൻ വിദ്യുച്ഛക്തിവകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ ശ്രീ. കെ. പി. പി. നമ്പ്യാരുമായി പവർ പർച്ചേസ് എഗ്രിമെന്റുണ്ടാക്കിയത് ശരിയല്ലേ സർ ? ആ എഗ്രിമെന്റിനെക്കുറിച്ച് പറയുമ്പോൾ എന്റോണുമായിട്ടുള്ള കരാറിനെ ആത്മബോധമുള്ള ഏതെങ്കിലും കോൺഗ്രസുകാർ ന്യായീകരിക്കുമോ ? ഞാൻ ഇൻഡ്യൻ എക്സ്പ്രസിൽ വന്ന ഒറ്റ വാർത്തയെ വായിക്കുന്നുള്ളൂ.

No one denies this today. That the Maharashtra State Electricity Board (M.S.E.B) is bankrupt. No one denies this also that the Enron Power Project at Dabhol has single-handedly bankrupted the M.S.E.B. The M. S. E. B. was the richest of all State Electricity Boards. Three years back, not today. How did this disaster overtake the M. S. E. B ? Just two signatures on dotted lines, one dated 1992 and the other dated 1996 ..... who are responsible for this ? obviously the Congress Government then led by Sharad Pawar.....

അതിന്റെ കണക്കുകൾ സമയമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല. ഞെട്ടിപ്പിക്കുന്ന കണക്കുകളാണ്. മഹാരാഷ്ട്ര ഗവൺമെന്റ് കുത്തുപാള എടുക്കുന്ന ഒരു സ്ഥിതി ഉണ്ടായി. കരാർ പ്രകാരം എന്റോണിന് നൽകേണ്ട വൈദ്യുതി വില നൽകാൻ മഹാരാഷ്ട്ര വൈദ്യുതി ബോർഡിന് കഴിഞ്ഞില്ലെങ്കിൽ ആ വില നൽകാൻ മഹാരാഷ്ട്ര ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. മഹാരാഷ്ട്ര നൽകിയില്ലെങ്കിൽ ആ പണം നൽകാൻ കേന്ദ്ര ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. മഹാരാഷ്ട്ര പദ്ധതി അടങ്കൽ 1,880 കോടി രൂപ. എന്റോണിന് കേന്ദ്രം കൊടുക്കാൻ പോകുന്നത് 1,800 കോടി രൂപ. മഹാരാഷ്ട്രയ്ക്ക് 2000-2001-ൽ പദ്ധതി അടങ്കൽ ഇല്ല. എന്റോണുമായിട്ടുള്ള കരാറിൽ ഇന്ന് മഹാരാഷ്ട്ര വൈദ്യുതി ബോർഡ് പിൻമാറിയാൽ നഷ്ടപരിഹാരം 35,500 കോടി രൂപയാണ്. ഇതാണ് വസ്തുത. ഇങ്ങനെയൊരു എഗ്രിമെന്റ് കേരളത്തിൽ നടപ്പിലാക്കുന്നതിനെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കൺവീനർ ശ്രീ. വി. എസ്. അച്ചുതാനന്ദൻ എതിർത്തപ്പോൾ അതിനെ മുതലെടുത്തുകൊണ്ടാണ് ഒരുപത്രവാർത്തയുടെ പേരിൽ ഇവിടെ വാക്കൗട്ട് നടത്തിയത്. ഞാൻ ചോദിക്കട്ടെ, പത്രവാർത്തയുടെ പേരിൽ, പത്രത്തിൽ വന്ന പ്രസ്താവനയുടെ പേരിലാണെങ്കിൽ എത്ര തവണ ഇവിടെ ഭൂകമ്പമുണ്ടാകണം. പഴയ കാര്യങ്ങൾ മറക്കാനാണ്. മറവി അനുഗ്രഹമല്ല. പഴയ കാര്യങ്ങൾ പറയണം. യു. ഡി. എഫ്. ഗവൺമെന്റ് നാലുവർഷം പൂർത്തിയാക്കിയപ്പോൾ അങ്ങനെയൊരു കാലമുണ്ടായിരുന്നല്ലോ. ആ കാലത്ത് ഇപ്പോഴത്തെ ശ്രീ. കെ. പി. പി. നമ്പ്യാരെന്നു പയുന്നത് മൂന്നാമത്തെ കക്ഷിയാണ്. എൽ. ഡി. എഫ്. ഉം യു. ഡി. എഫും അല്ല. മറ്റൊരാളാണ്. ഞാൻ പറയുന്നത് യു. ഡി. എഫ്. ലെ പ്രമുഖ നേതാക്കൾ, ശ്രീ. കെ. സി. വേണുഗോപാലും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാർത്തികേയനുമുൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾ അന്ന് യു. ഡി. എഫ്. നേതാക്കൾക്കെതിരായി പറഞ്ഞു നടന്ന ആരോപണങ്ങൾ വെള്ളം ചേർക്കാതെ വിഴുങ്ങിയിില്ലേ ? 27-9-1994 -ലെ മാതൃഭൂമി. ശ്രീ. വി. എം. സുധീരൻ പറഞ്ഞതാണ്. അതിന്റെ തലക്കെട്ടു തന്നെ 'കേരളം കണ്ട ഏറ്റവും മോശപ്പെട്ട ഭരണം' എന്നാണ്. അതിന് മറുപടി പറയണം. അഴിമതിയിൽ മൽസരിക്കുന്ന മന്ത്രിമാർ, ചുരുക്കം ചിലരൊഴിച്ച് മറ്റു യു. ഡി. എഫ്. മന്ത്രിമാർ അഴിമതിക്ക് മൽസരിക്കും. അതിനെക്കുറിച്ച് ആര് അന്വേഷിക്കും ? ജനവിശ്വാസം നഷ്ടപ്പെടുത്തി വൈരനിര്യാതന ബുദ്ധിയാൽ നയിക്കപ്പെട്ട സ്വാർത്ഥ താൽപ്പര്യങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരിക്കുകയാണ് ശ്രീ. കരുണാകരൻ തൊട്ടുള്ള ഭരണം. ഈ ഭരണം ജനഹിതത്തിനും ജനതയ്ക്കും ഒരു വിലയിരുത്തൽ കിട്ടുന്നില്ല. മന്ത്രിസഭയേയും നിയമസഭയേയും നോക്കുകുത്തികളാക്കിയിരിക്കുന്നു. മാത്രമല്ല, ബഹുമാനപ്പെട്ട കാർത്തികേയൻ - കെ. പി. സി. സി., ഐക്യജനാധിപത്യമുന്നണി, കോൺഗ്രസ് പാർലമെന്ററി പാർട്ടി എന്നിവയെ വന്ധ്യംകരിച്ചിരിക്കുന്നു. എത്ര മനോഹരമായ പദപ്രയോഗം ? മന്ത്രിസഭയിൽ കൂട്ടുത്തരവാദിത്വമില്ല. മന്ത്രിസഭയിൽ ചർച്ച ചെയ്യാത്ത കാര്യങ്ങൾ തീരുമാനമായി. പിന്നീട് എഴുതിച്ചേർക്കുകയുണ്ടായി. ആരോപണം ഉന്നയിക്കുന്നു. അദ്ദേഹം തുടർന്നു. കേരളത്തിൽ ഇന്ന് ഭരണത്തിന്റെ നിയന്ത്രണം, ഭരണഘടനാ വിധേയമല്ലാത്തതും ജനങ്ങളോടോ, പാർട്ടിയോടോ ഉത്തരവാദിത്വമില്ലാത്തതുമായ ഒരു ദല്ലാൾ സംഘത്തിന് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു. ആ ദല്ലാൾ സംഘം വീണ്ടും ഇവിടെ വരുമെന്നാണോ നിങ്ങൾ കരുതുന്നത് ? ഒരിക്കലും വരാൻ പോകുന്നില്ല. ആ ദല്ലാൾ സംഘം ഭരണഘടനാ വിധേയമല്ലാത്തതും ജനങ്ങളോടോ, പാർട്ടിയോടോ ഉത്തരവാദിത്വമില്ലാത്ത ദല്ലാൾ സംഘമെന്ന് നിങ്ങളുടെ നേതാക്കൾ ശ്രീ. വി. എം. സുധീരൻ, ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. കാർത്തികേയൻ ഉൾപ്പെടെയുള്ളവർ അന്ന് വിശേഷിപ്പിച്ച ദല്ലാൾ സംഘം വീണ്ടും കേരളത്തിൽ ഭരണത്തിൽ വരാൻ പോകുന്നില്ല. അങ്ങനെ സ്വപ്നം കാണുന്നുണ്ടെങ്കിൽ അത് കേവലം ദിവാസ്വപ്നം മാത്രമാണ്. അതുകൊണ്ട് ഞാൻ പറയുന്നത് ഈ ബഡ്ജറ്റ് കേരളത്തിന്റെ സമഗ്രമായ വികസനത്തിനുള്ള ഒരുപാട് കാര്യങ്ങൾ ഉൾപ്പെടുത്തിയ ഒരു ബഡ്ജറ്റാണ്. ഇവിടെ ബഹുമാനപ്പെട്ട ടി. എം. ജേക്കബും ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദുമൊക്കെ മൊബൈൽ ഫോണിന്റെ കാര്യവും ഇ. എം. എസ്. ന്റെ പ്രതിമയെകുറിച്ചുമൊക്കെ പറഞ്ഞു. ഒറ്റ ചോദ്യത്തിന് മറുപടി പറഞ്ഞാലോ ? ബഹുമാന്യനായ എ. കെ. ആന്റണി മുഖ്യമന്ത്രി ആകുന്നതിനുവേണ്ടി ഡൽഹിയിൽ നിന്നും കേരളത്തിലേക്ക് പറന്നു വിമാനത്തിൽ വന്നത് 40 ലക്ഷം രൂപ ചെലവാക്കിയാണ്. ആധുനിക കാലഘട്ടത്തിൽ ഒരു മന്ത്രി ഒരു മൊബൈൽ ഫോണിന് അഞ്ചു ലക്ഷം രൂപ ചെലവാക്കിയത് വലിയ കാര്യമാണോ ? ആ 40 ലക്ഷം രൂപയെക്കുറിച്ച് നിങ്ങൾ പറയൂ. അതിനെക്കുറിച്ച് പറയുന്നില്ല. ബജനാവ് പൂട്ടിയത് ശ്രീ. ടി. ശിവദാസമേനോന്റെ കാലഘട്ടത്തിലല്ല. ഇത് പഴയ പത്രവാർത്തയാണ്. ബജനാവ് വീണ്ടും പൂട്ടി. 1-1-1993, മാതൃഭൂമി 75.48 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് തിരിച്ചടയ്ക്കാൻ വൈകിയതുകൊണ്ട് കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റുമായുള്ള പണമിടപാട് സ്തംഭിപ്പിച്ചു ട്രഷറിയുടെ പ്രവർത്തനം നിർത്തിവച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇത് രണ്ടാമത്തെ തവണയാണ് ട്രഷറിയുടെ പ്രവർത്തനം സ്തംഭിപ്പിച്ചത്. ട്രഷറി പൂട്ടാതിരിക്കാൻ നെട്ടോട്ടം. അന്നത്തെ കാലത്തും സഹകരണ ബാങ്കിൽ നിന്നും പണം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതൊന്നുമറിയാതെ ഇതെല്ലാം ജനങ്ങളുടെ മറവിയാണെന്ന് കരുതി മുന്നോട്ടുവന്നാൽ ഒരിക്കലും ഐജ്യജനാധിപത്യ മുന്നണി രക്ഷപ്പെടാൻ പോകുന്നില്ല എന്നു പറയാൻ ഈ നാട്ടിലെ ജനങ്ങൾ മുന്നോട്ടു വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ നാട്ടിലെ ജനങ്ങളുടെ പുരോഗതിക്കുവേണ്ടിയുള്ള ഒരു ബഡ്ജറ്റായതുകൊണ്ട് ഇതിനെ പിൻതാങ്ങികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ജെ. പൗലോസ് : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യവകുപ്പുമന്ത്രി അകമഴിഞ്ഞ സംതൃപ്തിയോടുകൂടിയാണ് ഇടതുപക്ഷ ജനാധിപത്യമുണന്നി സർക്കാരിന്റെ ആറാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്നത് എന്നാണ് പറഞ്ഞത്. ഇത് എങ്ങനെ അദ്ദേഹത്തിന് പറയാൻ കഴിയുന്നു എന്നുള്ളത് ഞാൻ പലവട്ടം ആലോചിച്ചിട്ടും എനിക്ക് ഉത്തരം കിട്ടുന്നില്ല. ശ്രീ. ശിവദാസമേനോനല്ലാതെ മറ്റൊരാൾക്കും ഇത് പറയാൻ കഴിയുകയില്ല. കാരണം പല കാര്യങ്ങളും പറയാനുള്ള നല്ല തൊലിക്കട്ടി അദ്ദേഹത്തിനുണ്ട്. അതുകൊണ്ടു മാത്രമാണ് അദ്ദേഹത്തിനു ഇത് പറയാൻ കഴിയുന്നത്. ആറാമത്തെ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ട് സാമ്പത്തിക സ്ഥിതിയെപ്പറ്റി അദ്ദേഹം ഒറ്റവാക്കിൽ പറഞ്ഞു. ഒരു കീറിപ്പറിഞ്ഞ 5 രൂപ നോട്ട് പഞ്ചർ ഒട്ടിച്ചതുപോലെയാണ് ധനകാര്യവകുപ്പുമന്ത്രിയുടെ മുഖം തന്നെ, അത്ര വികൃതമായിരിക്കുകയാണ്. കേരളത്തിലെ സാമ്പത്തിക രംഗം അഴിമതിയിലൂടെ അക്രമത്തിലൂടെ വികസന സംരംഭങ്ങളിലൂടെ സാമ്പത്തിക കെടുകാര്യസ്ഥതയിലൂടെ ധൂർത്തിലൂടെ ഇടതുപക്ഷജനാധിപത്യമുന്നണി ഭരണം കേരളത്തെ നാശങ്ങളുടെ ശവപറമ്പായി മാറ്റിയിരിക്കുന്നു. ബഹുമാനപ്പെട്ട ശിവദാസമേനോന്റെ ബഡ്ജറ്റ് ശവപറമ്പിലെ വെള്ളപുശിയ കുഴിമാടം പോലെയാണ്. ഈ തകർച്ചയ്ക്ക് ആരാണ് ഉത്തരവാദി ? 1991 - ൽ ഇടതുപക്ഷമുന്നണി സർക്കാർ യു. ഡി. എഫ്. നെ ഭരണം ഏൽപ്പിക്കുമ്പോൾ ഉണ്ടായിരുന്ന കമ്മി കേവലം 100 കോടി രൂപ മാത്രമാണ്. 1996 - ൽ ഇടതുപക്ഷജനാധിപത്യമുന്നണി അധികാരമേൽക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഖജനാവ് ഏൽപ്പിക്കുമ്പോൾ 480 കോടിയുടെ മിച്ചമുണ്ടായിരുന്നു. 57 മാസം ഈ സംസ്ഥാനം ഈ ഗവൺമെന്റ് ഭരിച്ചപ്പോൾ നമ്മുടെ റവന്യൂ കമ്മി, ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച കണക്കുകൾ അനുസരിച്ചുതന്നെ 3600 കോടിയിലധികം വരികയാണ്. 27000 കോടി രൂപയുടെ കടബാദ്ധ്യത അതുവേറെയുണ്ട്. ട്രഷറി തുറക്കുന്നില്ല എന്നുള്ളത് തന്നെ ഇന്നത്തെ നമ്മുടെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നു. ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കുന്നത് ഒഴിച്ചാൽ ട്രഷറിയിൽ ഒരു ഇടപാടും നടക്കുന്നില്ല. കോൺട്രാക്ടർമാർക്ക് പണം കൊടുക്കുന്നില്ല. വായ്പ തിരിച്ചടയ്ക്കുന്നില്ല, പലിശപോലും കൊടുക്കുന്നില്ല. വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, ക്ഷയരോഗ പെൻഷൻ ആദ്യ ഗഡു കൊടുത്തിട്ട് നിരവധി മാസങ്ങൾ കഴിഞ്ഞു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഒറ്റ രൂപപോലും കൊടുക്കാത്ത സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ടായി. എന്തുകൊണ്ടാണ് ഈ സംസ്ഥാനത്ത് ഇത് സംഭവിക്കുന്നത്. യാതൊരു തത്വദീക്ഷിതയുമില്ലാതെയാണ് സാമ്പത്തികരംഗം ഈ സർക്കാർ കൈകാര്യം ചെയ്തത്. മാനവീയത്തിനും ജനകീയാസൂത്രണത്തിനുമായി കോടികണക്കിന് രൂപ വാരിക്കോരി ചെലവഴിച്ചു. അത് എങ്ങനെയെന്നുള്ളതുനെക്കുറിച്ച് യാതൊരു അന്വേഷണവുമില്ല. പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലയിലേക്കാണ് പണം അധികവും ഒഴുക്കിയത്. കേരളത്തിലെ എല്ലാ മേഖലകളെക്കുറിച്ചും ഇവിടെ സംസാരിച്ചവർ പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റബ്ബറിന്റെ വില കിലോഗ്രാമിന് 65.70 രൂപയായിരുന്നു. ഇപ്പോൾ 20 രൂപയ്ക്ക് പോലും റബ്ബർ വാങ്ങാൻ കേരളത്തിൽ ആളില്ല. അതാണ് കേരളത്തിന്റെ ഇന്നത്തെ സ്ഥിതി വിശേഷം. അതുപോലെ നാളികേരം വാങ്ങാൻ ആളില്ല. കേരളത്തിൽ നമ്മൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാന്യമായ വില ലഭിക്കാത്ത ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായതിന്റെ കാലദൈർഘ്യം പരിശോധിച്ചാൽ ഈ ഗവൺമെന്റോളം പഴക്കമുണ്ട്. 5 വർഷക്കാലമായി ആ ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. വ്യവസായങ്ങൾ പൂട്ടിയിരിക്കുകയാണ്. വ്യവസായങ്ങൾ കൊണ്ടുവരാൻ വേണ്ടി നിരവധി വിദേശയാത്രകൾ നടത്തി കോടി കണക്കിന് രൂപ ഖജനാവിൽ നിന്നും ചെലവഴിച്ചതൊഴിച്ചാൽ ഒരു വ്യവസായവും കേരളത്തിൽ വന്നിട്ടില്ല. തൊഴിലില്ലായ്മയുടെ കാര്യത്തിൽ നിയമസഭയിൽ തന്ന കണക്കനുസരിച്ച് 10 ലക്ഷം പേർ തൊഴിലില്ലാത്തവരുടെ പട്ടികയിൽ വന്ന് കഴിഞ്ഞിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ഒന്നിനും പണമില്ലാതെ വലയുന്ന സമയത്ത് കേരളത്തിലെ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് എല്ലാത്തിനും പണമുണ്ടെന്നുള്ളതാണ് വിചിത്രമായ സംഭവം. ജൻമിത്തവും മുതലാളിത്തവും അവസാനിപ്പിക്കാൻവേണ്ടി കേരളത്തിൽ പ്രവർത്തിച്ച മാർക്സിസ്റ്റ് പാർട്ടി ഈ സംസ്ഥാനത്ത് ഏറ്റവും വലിയ ജൻമിയും മുതലാളിയുമായി മാറികഴിഞ്ഞിരിക്കുന്ന സ്ഥിതിവിശേഷമാണ് ഈ സംസ്ഥാനത്തുള്ളത്. ഇന്ന് പണം എവിടെയാണ് സൂക്ഷിക്കേണ്ടതെന്നുള്ളതാണ് മാർക്സിസ്റ്റ് പാർട്ടിയുടെ ഏറ്റവും വലിയ പ്രശ്നം. രാഷ്ട്രീയ പാർട്ടിയായ സി. പി. ഐ (എം) ഇന്ന് വലിയ വ്യവസായ സാമ്രാജ്യം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ടി. വി. ചാനൽ, ടൂറിസ്റ്റ് കോംപ്ലക്സ്, മണിമന്ദിരങ്ങൾ, വൈരക്കൽ ഫാക്ടറികൾ, മസാജ് സെന്ററുകൾ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, ക്യാൻസർ സെന്റർ, വ്യവസായ സംരംഭങ്ങൾ, ഇങ്ങനെ നിരവധി പുതിയ പുതിയ സംരംഭങ്ങൾക്ക് മുതൽ മുടക്കുന്നതിന് മാർക്സിസ്റ്റ് പാർട്ടിക്ക് പണമുണ്ട് എന്നുള്ളതിലേക്ക് ഇന്ന് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. ഇന്ത്യയിലെ കുത്തക മുതലാളിമാരുടെ പേരുകൾ പോലും ഞങ്ങൾ കേൾക്കാൻ തുടങ്ങിയത് മാർക്സിസ്റ്റ് പാർട്ടിയുടെ സാധാരണ നേതാക്കന്മാരുടെ നാവുകളിൽ നിന്നാണ്. ടാറ്റ, ബിർല, ഡാൽമിയ, ഗോയങ്ക ഇതെല്ലാം പറഞ്ഞ് ആക്ഷേപിച്ചിരുന്ന മാർക്സിസ്റ്റ് പാർട്ടി ആ കുത്തക മുതലാളിമാരുടെ പട്ടികയിലേക്ക് ഇന്ന് ഉയർന്നുകഴിഞ്ഞിരിക്കുന്നു. കുത്തക മുതലാളിമാരായിട്ടുള്ള ആളുകൾ മുതൽ മുടക്കാൻ മടി കാണിക്കുന്ന പല സംരംഭങ്ങളിലും ഇന്ന് മുതൽമുടക്കാൻ മാർക്സിസ്റ്റ് പാർട്ടിക്ക് ഒരു ബുദ്ധിമുട്ടുമില്ല. കാരണം, മാർക്സിസ്റ്റ് പാർട്ടിയുടെ കൈവശം ഇന്ന് യഥേഷ്ടം പണമുണ്ട്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനം ഇന്ന് സാമ്പത്തിക ഞെരുക്കങ്ങളിലൂടെ മുന്നോട്ടുപോകുമ്പോൾ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഈ സംസ്ഥാനത്തിന്റെ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന മാർക്സിസ്റ്റ് പാർട്ടി ഏറ്റവും വലിയ ജൻമി മുതലാളി ബൂർഷ്വാ പാർട്ടിയായി മാറിയിരിക്കുകയാണ്. അവരുടെ എല്ലാ സമീപനങ്ങളിലും ആ ഒരു കാഴ്ചപ്പാട് നിഴലിക്കുന്നുണ്ട്. മാർക്സിസ്റ്റ് പാർട്ടിയുടെ സഹപ്രവർത്തകരായിട്ടുള്ള ആളുകൾ നിയമസഭയിൽ പ്രസംഗിക്കുമ്പോഴൊക്കെ - ഇപ്പോൾ ശ്രീ സതീശ് ചന്ദ്രൻ 5 ലക്ഷം രൂപ മൊബൈൽ ഫോണിന് ചെലവാക്കിയതിനെ എത്ര ലാഘവത്തോടുകൂടിയാണ് ന്യായീകരിച്ചത്. കമ്മ്യൂണിസ്റ്റുകാരിൽവന്ന ഒരു വലിയ മാറ്റമാണിത്. ആ മാറ്റത്തെ സംബന്ധിച്ച് ഒരു ചെറിയ കാര്യം സൂചിപ്പിക്കുകയാണ്. 5 വർഷംകൊണ്ട് സി. പി. ഐ (എം) എങ്ങനെയാണ് കോടീശ്വരനായത് ? എങ്ങനെ ഈ പാർട്ടി ഒരു കോടീശ്വര പാർട്ടിയായി ? എങ്ങനെ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വം കോടീശ്വരൻമാരായി ? അഴിമതിയും സ്വജനപക്ഷപാതവും കമ്മീഷനും ഇല്ലാത്ത ഒരു ഏർപ്പാടും ഇന്ന് മാർക്സിസ്റ്റ് പാർട്ടിക്കില്ല. *** ഇന്നലെയും ഇന്നുമായി പത്രങ്ങളിൽ വന്ന വാർത്ത

.....

മി. ചെയർമാൻ : ബഹുമാനപ്പെട്ട പൗലോസ് പ്ലീസ് ..... അവിടെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ : ഒരംഗം നിയമസഭയിൽ എഴുതികൊടുക്കാതെ വായിൽ തോന്നിയതു മുഴുവൻ കോതയ്ക്ക് പാട്ട് എന്ന രീതിയിൽ വിളിച്ചുപറയുന്നത് ഓർഡറിലാണോ ? *** ഇങ്ങനെ എന്ത് വ്യത്തികേടും പറയാനുള്ള ഒരു വേദിയായി ഈ സഭയെ മാറ്റാമോ ? ഇത് ഓർഡറിൽ ആണോ ?

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം പരിശോധിച്ചിട്ട് പറയാം.

ശ്രീ. വി. ജെ. പൗലോസ് : ഞാൻ ആരോപിച്ചത് പുതിയ ഒരു അഴിമതി ആരോപണമല്ല. *** കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇത് ഉന്നയിച്ച ശ്രീ. ടി. എം. ജേക്കബ് സഭയിലുണ്ട്. അര മണിക്കൂറിന് മുൻപ് ശ്രീ. ടി. എം. ജേക്കബ് സംസാരിച്ചപ്പോൾ പറഞ്ഞല്ലോ, ഞാൻ മുഖ്യമന്ത്രിക്ക് എതിരായി അഴിമതി ആരോപണം ഉന്നയിച്ചതാണ്. അദ്ദേഹത്തിന്റെ മകനും മരുമകനും എതിരായിട്ട് ആരോപണം ഉന്നയിച്ചിട്ട് എന്തുകൊണ്ട് അന്വേഷിക്കാൻ തന്റേടം കാണിക്കുന്നില്ല എന്നിവിടെ പ്രസംഗിച്ചത് ശ്രീ. ജയരാജൻ കേട്ടില്ലേ ? ഇവിടെ അഴിമതി ആരോപണത്തിന് വിധേയരാകാത്ത മന്ത്രിമാർ ആരാണുള്ളത് ? മുഖ്യമന്ത്രിക്ക് എതിരായി അഴിമതി ആരോപണം ശ്രീ. ജേക്കബ് നേരത്തെ ഉന്നയിച്ചത് ഞാൻ ആവർത്തിക്കുന്നില്ല. മുഖ്യമന്ത്രിയുടെ മകനും മരുമകനും എതിരായി എന്നെക്കൊണ്ട് പറയിക്കാൻ വേണ്ടിയാണോ? അടിവരയിട്ട് എന്നെക്കൊണ്ട് പറയിപ്പിക്കുന്നെങ്കിൽ ഞാൻ പറയാം. മുഖ്യമന്ത്രിക്ക് എതിരായി, മകനും മരുമകനും എതിരായി വ്യക്തമായ അഴിമതി ആരോപണം

*** ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവിൽപ്രകാരം നീക്കം ചെയ്തു (ഫ.നം. 596 /EB/2001/Leg.)

*** ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവിൽപ്രകാരം നീക്കം ചെയ്തു (ഫ.നം. 596 /EB/2001/Leg.)

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്ത് വന്നിട്ടുണ്ട്. പി. ആർ. കുറുപ്പിനെതിരായി അഴിമതി ആരോപണം ഉന്നയിച്ചത് ഞങ്ങൾ അല്ലല്ലോ. അദ്ദേഹത്തിന്റെ പാർട്ടിക്കാർ തന്നെ അഴിമതി ആരോപണങ്ങൾ ഉന്നയിച്ച് അദ്ദേഹത്തെ പുറത്താക്കി. അവസാനം പകരം മന്ത്രിയായി ഡോ. നീലലോഹിതദാസൻ നാടാർ വന്നു. ശ്രീ. നാടാർ ലൈംഗികാപവാദ കേസിൽപ്പെട്ട് പുറത്തുപോയി. ശുദ്ധജലവിതരണ വകുപ്പു കൈകാര്യം ചെയ്യുന്ന ശ്രീ. വി. പി. രാമകൃഷ്ണപിള്ളയ്ക്കെതിരായി അഴിമതിയാരോപണം ഉണ്ടായില്ലേ ? ശ്രീ. പി. ജെ. ജോസഫിനെതിരായി ഞങ്ങൾ അഴിമതിയാരോപണം ഉന്നയിച്ച് സമരം ചെയ്തതാണ്. 387 പ്ലസ് ടു സ്കൂളുകൾ അനുവദിച്ചതിനകത്ത് ഗുരുതരമായ അഴിമതി നടന്നിട്ടുണ്ട് എന്നുള്ള കാര്യം ഞങ്ങൾ ആരോപിച്ചതാണ്. അത് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞങ്ങൾ സമരം നടത്തിയതാണ്. പക്ഷേ ഞങ്ങൾക്കിപ്പോൾ ബോധ്യമായി ഞങ്ങൾ ഉന്നയിച്ച ആരോപണം ശരിയായിരുന്നു എന്ന്. മുഖ്യമന്ത്രിയുടെ 2 പ്രസംഗങ്ങൾ വായിച്ചപ്പോഴാണ് മനസ്സിലായത്. നമ്മുടെ ബഹുമാന്യനായ പി. ജെ. ജോസഫിന്റെ 25 വർഷക്കാലത്തെ നിയമസഭാ പ്രവർത്തനത്തെക്കുറിച്ച് അദ്ദേഹത്തെ അനുമോദിക്കുന്നതിനുവേണ്ടി ചേർന്ന യോഗത്തിൽവച്ച് ശ്രീ. പി. ജെ. ജോസഫിനെ ഇരുത്തിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഇവിടെ പ്ലസ് ടു അനുവദിച്ചതിൽ അഴിമതിയുണ്ടായിട്ടുണ്ട് എന്ന്. ശ്രീ. ജോസഫ് വാങ്ങിയിട്ടില്ല, ശ്രീ. ജോസഫിന്റെ പാർട്ടിക്കാർ വാങ്ങി എന്ന് മുഖ്യമന്ത്രി പറയുമ്പോൾ നാളെ മുഖ്യമന്ത്രി വീണ്ടും പറയും, പറയേണ്ട സന്ദർഭത്തിൽ പറയും .....

മി. ചെയർമാൻ : ബഹുമാനപ്പെട്ട വി. ജെ. പൗലോസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സംസാരിക്കാൻ അവസരം കൊടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, തനി അസംബന്ധമാണ് ഈ പറഞ്ഞത്. അങ്ങനെയല്ല ഞാൻ പ്രസംഗിച്ചത്. ഇത് തനി അസംബന്ധമാണ്.

ശ്രീ. വി. ജെ. പൗലോസ് : ഞങ്ങൾ മാധ്യമത്തിലൂടെ വായിക്കുന്നത് തെറ്റാണെന്ന് എങ്ങനെയാണ് വിശ്വസിക്കുന്നത് ? അദ്ദേഹം പറഞ്ഞിട്ടില്ല എന്നു പറയുന്നു. മിനിഞ്ഞാന്ന് എസ്. എഫ്. ഐ. യുടെ സംസ്ഥാന സമ്മേളനം തിരുവല്ലായിൽ നടക്കുമ്പോൾ ഇതേ പ്രസംഗം തന്നെ അദ്ദേഹം ആവർത്തിച്ചു.

മി. ചെയർമാൻ : ബഹുമാനപ്പെട്ട വി. ജെ. പൗലോസ്, ഒരു പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ശ്രീ. വി. ജെ. പൗലോസ് പറഞ്ഞതിനെ പ്രതികരിച്ചു പറഞ്ഞത് അസംബന്ധമാണ് എന്നാണ്. അത് പാർലമെന്ററിയല്ല. രണ്ടാമത്തെ പ്രശ്നം, ഞാൻ അങ്ങനെയല്ല പറഞ്ഞിട്ടുള്ളത് എന്നും പറഞ്ഞു. പിന്നെ എന്താണ് പറഞ്ഞിട്ടുള്ളത് എന്നറിയാൻ ഈ സഭയ്ക്ക് അവകാശമുണ്ട്.

ശ്രീ. ഇ. കെ. നായനാർ : രണ്ടാമത് പറഞ്ഞത് തനി അസംബന്ധമാണ്. തനി അസംബന്ധമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. പൗലോസ് : അങ്ങ് പ്രസംഗിച്ചത് കേരളത്തിലെ എല്ലാ വർത്തമാന പത്രങ്ങളിലും അച്ചടിച്ചുവന്നത് ഒരുപോലെയാണ്. മിനിഞ്ഞാന്ന് ഏഷ്യാനെറ്റിൽ അദ്ദേഹത്തിന്റെ തിരുവല്ലായിലെ ഇതേ പ്രസംഗം ആവർത്തിച്ചു. ശ്രീ. പി. ജെ. ജോസഫും വാങ്ങി എന്ന് ഇനിയൊരിക്കൽ അദ്ദേഹം പറയും. വാങ്ങിയവരുടെ ലിസ്റ്റ് അദ്ദേഹത്തിന്റെ കൈയിലുണ്ട്. കേരളാ കോൺഗ്രസിൽ അന്ന് ലയനത്തെക്കുറിച്ച് വന്നപ്പോൾ ജോസഫ് ഗ്രൂപ്പിലെ കുറച്ച് നേതാക്കന്മാർ ലയനത്തിനെതിരായി മുന്നോട്ട് വന്നത് ഒരു പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൈവശമുള്ള കടലാസിൽ അവരുടെ പേരുകൾ ഉണ്ടായിരുന്നതു കൊണ്ടായിരിക്കാമെന്ന് സംശയിക്കാൻ ന്യായമുണ്ട്. ഏതായിരുന്നാലും മുഖ്യമന്ത്രിക്കറിയാം. അഴിമതി നടന്നിട്ടുണ്ട്. ആരാണ് വാങ്ങിയത് എന്നൊക്കെ അദ്ദേഹത്തിനറിയാം. ശ്രീ. പി. ജെ. ജോസഫ് വാങ്ങിയിട്ടില്ല എന്ന് അദ്ദേഹം ഇപ്പോൾ പറയുന്നുണ്ടെങ്കിലും ചിലപ്പോൾ ശ്രീ. ജോസഫും വാങ്ങിയിട്ടുണ്ടാകാം. അദ്ദേഹം വാങ്ങിയിട്ടില്ല എങ്കിൽ വാങ്ങിയിട്ടുള്ളവരുടെ ലിസ്റ്റ് അദ്ദേഹത്തിന്റെ ജുബ്ബായുടെ പോക്കറ്റിൽ നിന്നെടുത്ത് ഒന്നു വെളിപ്പെടുത്തികൂടെ ? എന്തുകൊണ്ട് വെളിപ്പെടുത്തുന്നില്ല മാർക്സിസ്റ്റു പാർട്ടി എങ്ങനെ കോടീശ്വരനായി എന്നുള്ളതാണ് ഞാൻ പറഞ്ഞുകൊണ്ടുവന്നത്. ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവായിട്ടുള്ള, ഇടതുപക്ഷ മുന്നണിയുടെ കൺവീനർ ആയിട്ടുള്ള ശ്രീമാൻ അച്ചുതാനന്ദനെ കുറിച്ചും അദ്ദേഹത്തിന്റെ മകനെക്കുറിച്ചും വലിയൊരു ആരോപണം ഉയർന്നു വന്നിരിക്കുന്നു. ആ ആരോപണം ഉന്നയിച്ചത് ആരാണ് ? മാർക്സിസ്റ്റ് പാർട്ടിയുടെ സന്തതസഹചാരിയായ മുഖ്യമന്ത്രിയുടെ ഏറ്റവുമടുത്ത ബന്ധുവായ വ്യവസായ പ്രമുഖൻ ശ്രീമാൻ കെ. പി. പി. നമ്പ്യാർ ആണ്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വേളയിൽ അദ്ദേഹം ഈ ആരോപണം ഉന്നയിച്ചപ്പോൾ ലക്ഷ്യമാക്കിയിരുന്നത് ശ്രീ. ശർമ്മയെയായിരുന്നു. ഇപ്പോൾ ശ്രീ. എസ്. ശർമ്മയുടെ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദനെയാണ് പിടിച്ചിരിക്കുന്നത്. ശ്രീ. വി. എസ്. അച്യുതാനന്ദൻ 75 കോടി രൂപ ആവശ്യപ്പെട്ടത് മകനിലൂടെ. മകൻ അത് ആവശ്യപ്പെട്ടത് മസ്ക്കറ്റിൽ സ്ഥിര താമസമാക്കിയിട്ടുള്ള ശൈലേശ്വരനോട്. 75 കോടി രൂപയുടെ അഴിമതിയാണ് നടത്തിയിട്ടുള്ളത് ..... (ബഹളം) .....

മി. ചെയർമാൻ : ബഹുമാനപ്പെട്ട പൗലോസാണ്. ശ്രീ. സി. പി. ബാലൻ വൈദ്യർ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ ആവശ്യപ്പെടുന്നുണ്ട്.

ശ്രീ. വി. ജെ. പൗലോസ് : സർ, എനിക്ക് സമയം കൂട്ടിത്തരണം.

ശ്രീ. സി. പി. ബാലൻ വൈദ്യർ : നിയമസഭയിൽ ഒരു ആരോപണം ഉന്നയിക്കണമെങ്കിൽ അതിന് ചില നടപടിക്രമങ്ങളും വ്യവസ്ഥകളുമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം എഴുതിതന്നിട്ടുണ്ടോ? ശ്രീ. വി. എസ്. അച്യുതാനന്ദൻ 75 കോടി രൂപ വാങ്ങി എന്ന് അദ്ദേഹം ഇവിടെ ഉന്നയിച്ചിരിക്കുന്നു. എഴുതി തന്നിട്ടുണ്ടോ ? ..... (ബഹളം)..... അദ്ദേഹം പറഞ്ഞത് രേഖയിൽ നിന്നും നീക്കം ചെയ്യണം ..... (ബഹളം) .....

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഈ അസംബ്ലി ഗൗരവമായ ചർച്ചകൾ നടത്തുന്ന ഒരു സ്ഥലമാണ്. ഈ സഭയിൽ ഹാജരില്ലാത്ത ആളുകളെപ്പറ്റി വായിൽത്തോന്നുന്നത് വിളിച്ചു പറയാമോ ? തോന്ന്യാസം പറയുകയാണ്. ഇതെന്താണ് സർ ?..... (ബഹളം) .....

ശ്രീ. വി. ജെ. പൗലോസ് : ശ്രീ. വി. എസ്. അച്യുതാനന്ദനെതിരായി അഴിമതിയാരോപണമുന്നയിച്ചത് മിനിഞ്ഞാന്നാണ്. ഇന്നലെ പ്രതിപക്ഷം ഒന്നടങ്കം അതിനെക്കുറിച്ച് ബഹളം വച്ചപ്പോൾ

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ബഡ്ജറ്റ് സമ്മേളനമായതുകൊണ്ട് ഇത്തരം വിഷയങ്ങൾ അടിയന്തിര പ്രമേയരൂപേണ കൊണ്ടുവരേണ്ടതില്ല. നിങ്ങൾക്ക് ബഡ്ജറ്റ് പ്രസംഗത്തിൽ ഉന്നയിക്കാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയതാണ്. ..... (ബഹളം) ..... ഇന്നലെ ശ്രീ. വി. എസ്. അച്യുതാനന്ദൻ പത്രസമ്മേളനം നടത്തി ആരോപണം നിഷേധിച്ചു. ഈ ആരോപണം നിഷേധിച്ചിരിക്കുന്ന സാഹചര്യത്തിൽ യു. ഡി. എഫ്. നേതൃത്വം ഇതു സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ട്. യു. ഡി. എഫ്. നേതൃത്വം അന്വേഷണം ആവശ്യപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ചാണ്, ഞാൻ ഈ നിയമസഭയിൽ ഉന്നയിച്ചത്.

ശ്രീ. എം. വി. ജയരാജൻ : സർ, ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വീണ്ടും വീണ്ടും ആവർത്തിക്കുന്ന ഒരു കാര്യം, ഇവിടെ എഴുതിക്കൊടുക്കാതെ ആരോപണങ്ങൾ ഉന്നയിക്കുന്നുവെന്നുള്ളതാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ഉദ്ധരിച്ചുകൊണ്ട് ചട്ടവിരുദ്ധമായി, ക്രമവിരുദ്ധമായി നിയമസഭയിൽപ്പോലുമില്ലാത്ത ഒരു നേതാവിനുനേരെ അദ്ദേഹം ആരോപണം ഉന്നയിക്കുകയാണ്. അങ്ങനെവന്നാൽ ഒരു കാര്യം ഇവിടെ പറയാൻ കഴിയും ശ്രീ. വി. ജെ. പൗലോസിന്റെ നേതാവ് ശ്രീ. കെ. കരുണാകരൻ 100 കോടി രൂപയുടെ അഴിമതി നടത്തിയിട്ടുണ്ട് എന്ന് ഞാൻ പറയുകയാണ്.

മി. സ്പീക്കർ : ഞാൻ ചെയറിൽ ഇല്ലായിരുന്നു. ഇപ്പോൾ വന്നതേയുള്ളൂ. കാര്യം എന്താണെന്ന് മനസിലാക്കിയിട്ടില്ല. സഭയിൽ അലിഗേഷൻസ് ഉന്നയിക്കുന്നത് ചട്ടപ്രകാരമേ ആകാവൂ. അല്ലാതെ ഉന്നയിച്ചിട്ടുണ്ടെങ്കിൽ അത് രേഖയിൽ നിന്നും നീക്കം ചെയ്യും.

ശ്രീ. വി. ജെ. പൗലോസ് : ഞാൻ ആരോപണം ഉന്നയിച്ചിട്ടില്ല. മിനിഞ്ഞാന്ന് ശ്രീ. കെ. പി. പി. നമ്പ്യാർ, ശ്രീ. വി. എസ്. അച്യുതാനന്ദന് എതിരെ നടത്തിയ ആരോപണത്തെ സംബന്ധിച്ച് ഇന്നലെ പ്രതിപക്ഷനേതാവ് ഉൾപ്പെടെ സഭയിൽ ഈ വിഷയം ..... (ബഹളം) ..... അടിയന്തിര പ്രമേയമായി അവതരിപ്പിക്കാൻ അനുമതി ചോദിച്ചപ്പോൾ അങ്ങ് നൽകിയ റൂളിംഗ് അനുസരിച്ച് .....

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ജെ. പൗലോസ് : ഞാൻ പറഞ്ഞ ഒരു വാചകത്തെപ്പിടിച്ചാണ് തർക്കം വന്നത്. അത് പൂർത്തിയാക്കണ്ടേ ? ഞാൻ പുതിയ ഒരു ആരോപണം

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിക്കുന്നില്ല. ഇതിനുമുമ്പ് ആരോപണമായി ഉന്നയിച്ച കാര്യം ഞാൻ ഒന്ന് പരാമർശിച്ചുവെന്നേയുള്ളൂ. ഇന്നലത്തെ അങ്ങയുടെ റൂളിംഗ്, ബഡ്ജറ്റ് പ്രസംഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ നിങ്ങൾക്ക് പ്രതിപാദിക്കാൻ അവസരമുണ്ടല്ലോ എന്നാണ് പ്രതിപക്ഷ നേതാവിനും ഞങ്ങൾക്കും അങ്ങു തന്ന മറുപടി. ഏതായാലും ശ്രീ. വി. എസ്. അച്യുതാനന്ദൻ പത്രസമ്മേളനം നടത്തി ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് .....

മി. സ്പീക്കർ : ഞാൻ പറഞ്ഞ കാര്യത്തെ ദയവു ചെയ്ത് വളച്ചൊടിക്കരുത്. ബാക്കിയുള്ള കാര്യങ്ങൾ നടക്കട്ടെ. വളരെ വ്യക്തമായിട്ടാണ് ഞാൻ പറഞ്ഞത്. റൂൾ 50 അനുസരിച്ച് അലിഗേഷൻസ് ഉന്നയിക്കാൻ അവസരമില്ല. റൂൾ 50-ൽ തന്നെ അത് പറയുന്നുണ്ട്. ആ സന്ദർഭത്തിൽ അതിനുള്ള അവകാശമില്ല. അതേ സമയത്ത് അലിഗേഷൻസ് ചട്ടപ്രകാരം ഉന്നയിക്കാൻ അവസരങ്ങൾ വേറെയുണ്ട്. ഇതുപോലുള്ള പൊതു ചർച്ചയിൽ ചട്ടപ്രകാരം നിങ്ങൾക്ക് ഉന്നയിക്കാം. അതാണ് പറഞ്ഞത്. അല്ലാതെ ആ സമയത്ത് ഉന്നയിക്കാൻ സമ്മതിക്കില്ല. ഈ സമയത്ത് ഉന്നയിച്ചുകൊള്ളാൻ, അങ്ങനെ വ്യാഖ്യാനിക്കരുത്. ചെയറിനെ സംബന്ധിച്ച് അത് പാടില്ല. നിങ്ങൾക്കു തമ്മിൽ ആകാം.

ശ്രീ. വി. ജെ. പൗലോസ് : ഈ സഭയിൽ ഞാൻ പ്രസംഗിക്കുന്നതിനുമുമ്പ് ബഹുമാന്യനായ ടി. എം. ജേക്കബ് പ്രസംഗിച്ചപ്പോൾ പരാമർശിച്ച കാര്യങ്ങൾ മാത്രമേ ഞാൻ പരാമർശിച്ചുള്ളൂ. അദ്ദേഹം ഇതേ കാര്യങ്ങൾ പരാമർശിച്ചു.

മി. സ്പീക്കർ : അങ്ങേയ്ക്ക് എന്തെങ്കിലും പുതുതായി പറയാനുണ്ടോ ? ശ്രീ. എം. ദാസൻ..... ശ്രീ. വി. ജെ. പൗലോസ് എത്ര നേരം കൊണ്ട് ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു ?

ശ്രീ. വി. ജെ. പൗലോസ് : അങ്ങ് അനുവദിച്ചാൽ രണ്ടു വാചകം കൊണ്ട് തീരും. ഞാൻ പറഞ്ഞുവന്നത്, ഈ ആരോപണത്തെ സംബന്ധിച്ച് അന്വേഷണം വേണമെന്ന് യു.ഡി.എഫ്-ലെ നേതാക്കൾ ആവശ്യപ്പെട്ടതുവച്ചാണ് ഞാൻ പരാമർശിച്ചത്. ഒരു കാര്യംകൂടി, ഗൂഢാലോചന നടത്തിയത് ഇവിടെവച്ച്, പണം കൊടുക്കണമെന്ന് ആവശ്യപ്പെട്ടത് മസ്ക്കറ്റിൽ വച്ച്. അയാൾ മസ്ക്കറ്റിലെ സ്ഥിരം താമസക്കാരൻ ആകുമ്പോൾ കേരളത്തിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിച്ചാൽ മതിയാകുമോ ? അതിന്റെ കൂട്ടത്തിൽ ഇന്റർപോളിനെക്കൂടി അന്വേഷണച്ചുമതല ഏൽപ്പിക്കേണ്ടതില്ലേ എന്ന് ഗൗരവത്തോടുകൂടി ആലോചിക്കണ്ടേ എന്നുള്ള അഭിപ്രായം കൂടി ഞാൻ പറയുന്നു.

ശ്രീ. എം. ദാസൻ : സർ, ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിനെ ഞാൻ ശക്തമായി പിൻതാങ്ങുന്നു. ഇതൊരു ജനപ്രിയ ബഡ്ജറ്റല്ല. തെരഞ്ഞെടുപ്പ് അടുത്തുവന്ന ഈ ഘട്ടത്തിൽ ഒരു ജനപ്രിയ ബഡ്ജറ്റ് എൽ. ഡി. എഫ് -ന് അവതരിപ്പിക്കാമായിരുന്നു. പക്ഷേ തികച്ചും യാഥാർത്ഥ്യബോധത്തോടുകൂടി കേരളത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് ഒരു ഇടക്കാല ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഈ ബഡ്ജറ്റ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ആറാമത്തെ ബഡ്ജറ്റാണ്. 1996-ൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ശ്രീ. ശിവദാസമേനോൻ ആദ്യമായി ബഡ്ജറ്റ് അവതരിപ്പിച്ചത്. അപ്പോൾ ഈ സഭയിൽ പ്രതിപക്ഷ നേതാക്കന്മാരും പ്രതിപക്ഷാംഗങ്ങളും പറഞ്ഞ കാര്യം നമ്മൾ ഓർമ്മിക്കുന്നുണ്ട്. അന്ന് സഖാവ് ഇ. കെ. നായനാർ നിയമസഭാംഗമല്ലാതെ കേരളത്തിന്റെ മുഖ്യമന്ത്രിയായതിനെക്കുറിച്ചുള്ള ആക്ഷേപമായിരുന്നു അവർ മുഖ്യമായും ഉന്നയിച്ചത്. 1996-നുശേഷം കഴിഞ്ഞ 57 മാസക്കാലം ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്ത ജനക്ഷേമ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലെ ബഹുജനങ്ങളിൽ നിന്ന് ഗണനീയമായ രൂപത്തിലുള്ള പിൻതുണ നേടാൻ സാധിച്ചു. ഈ കഴിഞ്ഞ 57 മാസക്കാലത്തിനിടയിൽ കേരളത്തിൽ നടന്ന 6 ഉപതെരഞ്ഞെടുപ്പുകളിലും ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അഭിമാനകരമായ വിജയം കൈവരിക്കാൻ സാധിച്ചു. ഇവിടെ സംസാരിച്ച ശ്രീ. ആര്യാടൻ മുഹമ്മദ് മുതൽ ശ്രീ. വി. ജെ. പൗലോസ് വരെയുള്ള മെമ്പർമാർ മോചനയാത്രയുടെ ഹാങ്ങ്ഓവറിൽ നിൽക്കുകയാണ്. ചില മാന്യമെമ്പർമാർ ഇവിടെ പ്രസംഗിക്കുമ്പോൾ മന്ത്രിമാരായി എന്നാണ് കണക്കാക്കുന്നത്. പ്രതിപക്ഷനേതാവും ആ നിലയിൽ ചില പ്രസ്താവനകൾ നടത്തിയിട്ടുണ്ട്. ഈ കഴിഞ്ഞ 57 മാസക്കാലത്തിനിടയിൽ കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായി ഒരു അവിശ്വാസപ്രമേയം പോലും അവതരിപ്പിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞില്ല. അവരാണിപ്പോൾ വില കുറഞ്ഞ ആക്ഷേപങ്ങളുമായി രംഗത്തുവരുന്നത്. ഇവിടെ ശ്രീ. വി. ജെ. പൗലോസ് വിലകുറഞ്ഞ ചില ആക്ഷേപങ്ങളുന്നയിച്ചു. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കൺവീനർക്കെതിരായി ശ്രീ. പൗലോസ് ഇവിടെ സംസാരിച്ചപ്പോൾ ഒരു കാര്യം വളരെ വ്യക്തമായി. ശ്രീ. കെ. പി. പി. നമ്പ്യാർ ഉന്നയിച്ച ആരോപണത്തിനു പിന്നിൽ വ്യക്തമായ രാഷ്ട്രീയ ഗൂഢാലോചനയുണ്ട്. ആ ഗൂഢാലോചനയ്ക്ക് നേതൃത്വം കൊടുത്തത് കേരളത്തിലെ യു. ഡി. എഫ്. - ആണ്. കേരളത്തിലെ യു. ഡി. എഫും ബി. ജെ. പി. യും ചേർന്നുകൊണ്ട് വ്യക്തമായ രൂപത്തിലുള്ള രാഷ്ട്രീയ ഗൂഢാലോചന നടത്തിക്കൊണ്ടാണ് ഈ ആക്ഷേപമുന്നയിച്ചത്. അങ്ങനെ ആക്ഷേപമുന്നയിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണിയെ ദുർബലപ്പെടുത്താൻ കഴിയുമെന്ന് നിങ്ങൾ കണക്കാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. ശിവദാസമേനോൻ ഇൻഡ്യയുടെ യാഥാർത്ഥ്യങ്ങളെ കൃത്യമായ രൂപത്തിൽ അവലോകനം ചെയ്തുകൊണ്ടാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ സംസാരിച്ച ശ്രീ. ആര്യാടൻ മുഹമ്മദും പ്രതിപക്ഷത്തിലെ പല മെമ്പർമാരും പറഞ്ഞത്, അവരുടെ പ്രസംഗം കേട്ടാൽ തോന്നുന്നത് കേരളം ഒരു പ്രത്യേക രാജ്യമാണെന്നാണ്. അവർ ഇൻഡ്യയെക്കുറിച്ച് മനസ്സിലാക്കുന്നില്ല. ഇൻഡ്യയിൽ 28 സംസ്ഥാനങ്ങളുള്ളതിൽ ഒന്നാണ് കേരളം. ഈ രാജ്യം നേരിടുന്ന ഗൗരവമായ സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് പ്രതിപക്ഷത്തിരിക്കുന്ന ഒരു മെമ്പറും ഒരാക്ഷേപം പോലും ഉരിയാടിയില്ല. കേന്ദ്ര ബഡ്ജറ്റിന്റെ മുന്നോടിയായി ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സർവ്വേ വന്നിട്ടുണ്ട്. ആ സാമ്പത്തിക സർവ്വേ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികാവസ്ഥയെക്കുറിച്ച് വ്യക്തമായ രൂപത്തിലുള്ള ചിത്രം നൽകുകയാണ്. നമ്മുടെ രാജ്യത്തിന്റെ വളർച്ചാ നിരക്ക് തുടർച്ചയായ രണ്ടാം വർഷവും ഇടിയുകയാണ്. ആഭ്യന്തര ഉൽപ്പാദന വളർച്ചാനിരക്ക് 2000-2001 സാമ്പത്തിക വർഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

6 ശതമാനമായി ചുരുങ്ങിയിരിക്കുകയാണ്. 1999-2000-ൽ 6.4 ശതമാനമായിരുന്നു. 1998-99 സാമ്പത്തികവർഷം 6.6 ശതമാനമായിരുന്നു. ഈ വർഷം 7 ശതമാനം വളർച്ചാനിരക്ക് കൈവരിക്കുമെന്നാണ് പ്രഖ്യാപിച്ചത്. ആ വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചിട്ടില്ല. ഒരുശതമാനം കുറഞ്ഞു. സർവ്വീസ് രംഗത്തെ വളർച്ചാനിരക്ക് കുറയുകയാണ്. അത് 9.6-ൽ നിന്ന് 8.3 ശതമാനമായി ഇടിഞ്ഞു. നമ്മുടെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് കാർഷികമേഖല. കാർഷികരംഗത്തും ഉദ്ദേശിച്ച അത്ര വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചിട്ടില്ല. കാലാവസ്ഥ അനുകൂലമായിട്ടും ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം ഈ വർഷം ഒരു കോടി ടൺ കുറഞ്ഞുവെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സർവ്വേ വ്യക്തമാക്കുന്നത്. വ്യാവസായിക വളർച്ചാനിരക്ക് 6.4 ശതമാനത്തിൽ നിന്ന് 5.7 ശതമാനമായി കുറഞ്ഞു. സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളിലും ദോഷകരമായ സൂചനകളാണ് ഈ സാമ്പത്തികസർവ്വേ പരിശോധിച്ചു നോക്കിയാൽ കാണാൻ കഴിയുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 5.5 ശതമാനമായി ധനകമ്മി വർദ്ധിച്ചിരിക്കുകയാണ്. പണപ്പെരുപ്പം 7 ശതമാനമായി വർദ്ധിച്ചു. വിലവർദ്ധനവിന്റെ നിരക്ക് ഗണ്യമായ രൂപത്തിൽ ഉയരുകയാണ്. കേന്ദ്രഗവൺമെന്റ് തുടരുന്ന സാമ്പത്തിക ഉദാരവൽക്കരണനയം മൂലമാണ് ഈ ഗുരുതരമായ അവസ്ഥ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുള്ളത്. നേരത്തെ പ്രതീക്ഷിച്ചത് ആഗോളവൽക്കരണനയങ്ങൾ നടപ്പിലാക്കിയാൽ വിദേശനിക്ഷേപം ഗണ്യമായി കൂടുമെന്നായിരുന്നു. വിദേശ നിക്ഷേപം കൂടിയിട്ടില്ല എന്നുമാത്രമല്ല കുറയുകയാണ് ചെയ്തത്. 1997-ൽ വികസ്വരരാജ്യത്തേക്കുള്ള വിദേശനിക്ഷേപത്തിന്റെ 2 ശതമാനം ഇൻഡ്യയിലായിരുന്നു. എന്നാലിപ്പോൾ അത് ഒരു ശതമാനമായി ചുരുങ്ങിയിരിക്കുകയാണ്. ഉൽപ്പാദന രംഗത്തുനിന്ന് ഗവൺമെന്റ് പൂർണ്ണമായി പിൻമാറണമെന്നാണ് സാമ്പത്തിക സർവ്വേ പറയുന്നത്. ഉൽപ്പാദനരംഗത്തുനിന്ന് ഗവൺമെന്റ് പിൻമാറി, അത് സ്വകാര്യമേഖലയെ ഏൽപ്പിക്കുക എന്നുവന്നാൽ ഉൽപ്പാദന മേഖല പൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതോടെ രാജ്യത്തിന്റെ സമ്പദ്മേഖല സ്വകാര്യമുതലാളിമാർ നിയന്ത്രിക്കുന്ന അവസ്ഥ വരും. അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തെ കുറിച്ച് കാണാനോ അതിനെക്കുറിച്ച് എന്തെങ്കിലും സംസാരിക്കാനോ കോൺഗ്രസ് (ഐ) പോലും തയ്യാറാകുന്നില്ല. ശ്രീ. ടി. എം. ജേക്കബ് അതിനെ കുറിച്ച് പറയുന്നില്ലെങ്കിൽ അത് മനസ്സിലാക്കാം. അദ്ദേഹത്തിന്റെ പാർട്ടി കേരളത്തിൽ മാത്രം പ്രവർത്തിക്കുന്ന പാർട്ടിയാണ്. ശ്രീ. കാർത്തികേയന്റെ പാർട്ടി ഇൻഡ്യയിലെ പ്രധാന പ്രതിപക്ഷ കക്ഷിയാണ്. ആ കക്ഷി ഗൗരവമായ ഈ സാഹചര്യത്തെക്കുറിച്ച് ഒരക്ഷരംപോലും പറയുന്നില്ല. ശ്രീ. ആന്റണിയുടെ നേതൃത്വത്തിലുള്ള മോചനയാത്രയെക്കുറിച്ചാണല്ലോ ഇപ്പോൾ എല്ലാവരും പ്രസംഗിക്കുന്നത്. ജനലക്ഷങ്ങൾ തടിച്ചുകൂടി, ഞങ്ങൾ സെക്രട്ടേറിയറ്റിനടുത്ത് എത്തിയിരിക്കുന്നു. ഈ വീരവാദമാണല്ലോ മുഴക്കുന്നത്. ഇൻഡ്യയിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ ഈ മോചനയാത്രയിൽ എവിടെയെങ്കിലും സംസാരിക്കാൻ ഈ പ്രതിപക്ഷനേതാക്കന്മാർ തയ്യാറായോ ? ഇല്ല. കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ ഗൗരവമേറിയതാണ്. ഇവിടെ ഭരണപക്ഷത്തു നിന്ന് സംസാരിച്ച പല മെമ്പർമാരും ആ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. കേരളത്തിന്റെ കാർഷിക മേഖലയിൽ മാത്രം പുതിയ ഇറക്കുമതി ഉദാരവൽക്കരണ നയംമൂലം കാർഷിക വിളകളുടെ വിലയിടിവിന്റെ ഫലമായി 6,000 കോടിരൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ഇത് കേരളത്തിന്റെ സമ്പദ്ഘടനയേയും ബാധിക്കുകയില്ലേ ? അതിനെക്കുറിച്ച് യാഥാർത്ഥ്യബോധത്തോടുകൂടി കാണാൻ എന്തുകൊണ്ട് പ്രതിപക്ഷം തയ്യാറാകുന്നില്ല ? ഒരു കിലോ റബ്ബറിന് നേരത്തെ 65 രൂപ വില കിട്ടിയിരുന്നു. ഇപ്പോൾ 23 രൂപയായി ചുരുങ്ങിയില്ലേ ? ഒരു കിലോ കൊപ്രയ്ക്ക് 44 രൂപ വിലയുണ്ടായിരുന്നു. അത് 18 രൂപയായി ചുരുങ്ങിയില്ലേ ? ഒരു കിലോ കുരുമുളകിന് 260 രൂപ വിലയുണ്ടായിരുന്നു. ഇപ്പോൾ 130 രൂപയായി ചുരുങ്ങിയില്ലേ. ഒരു കിലോ കാപ്പിയുടെ വില 90 രൂപയായിരുന്നു. അത് 30 രൂപയായി ചുരുങ്ങിയില്ലേ. ഒരു കിലോ കൊക്കോയുടെ വില 75 രൂപയായിരുന്നു. അത് 15 രൂപയായി ചുരുങ്ങിയില്ലേ ഇത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണനയംമൂലം ഉണ്ടായ വിലത്തകർച്ചയാണോ, അതാണ് ഞങ്ങൾ പറയുന്നത്, നിങ്ങൾക്ക് രാഷ്ട്രീയ തിമിരം ബാധിച്ചതുകൊണ്ടാണ് ഈ പ്രശ്നങ്ങളെ ഇങ്ങനെ കാണുന്നത്. ഏതുവിധവും കേരളത്തിന്റെ ഭരണ കസേര കിട്ടണം. അതിനുവേണ്ടി നികൃഷ്ടമായ രൂപത്തിലുള്ള പ്രചരണങ്ങളാണ് നിങ്ങൾ സംഘടിപ്പിക്കുന്നത്. ഈ നാട്ടിലെ കൃഷിക്കാരെ ബാധിക്കുന്ന പ്രശ്നങ്ങൾക്കോ ജനങ്ങളെ ബാധിക്കുന്ന പ്രസംഗങ്ങൾക്കോ പരിഹാരം കാണാൻ യാതൊരു താൽപ്പര്യവും നിങ്ങളുടെ മുൻപിലില്ല. ഇവിടെ ശ്രീ. ശിവദാസമേനോൻ പറഞ്ഞു, 'കേരളത്തിന്റെ വാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഇൻഡ്യൻ സമ്പദ് സ്ഥിതി കാണാതെ ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുകയില്ല' എന്ന്. എന്തെല്ലാം വിചിത്രമായ വാദങ്ങളാണ് ഇവിടെ പ്രതിപക്ഷനേതാക്കന്മാർ ഉയർത്തിയിട്ടുള്ളത്. ശ്രീ. ആര്യാടൻമുഹമ്മദ് രാവിലെ കുറെ കണക്കുകളുമായിവന്നു. അദ്ദേഹം 11-ാം ധനകാര്യ കമ്മീഷനെക്കുറിച്ച് പറഞ്ഞു. 11-ാം ധനകാര്യകമ്മിഷൻ ചെയർമാൻ ഇവിടെ വന്നപ്പോൾ അദ്ദേഹത്തെ വേണ്ടത്ര പരിഗണിക്കാത്തതുകൊണ്ടാണ് കേരളത്തിനു സാമ്പത്തിക നഷ്ടമുണ്ടായത്. ഞാൻ ശ്രീ. ആര്യാടൻ മുഹമ്മദിനോടും, പ്രതിപക്ഷ നേതാക്കന്മാരോടും ചോദിക്കട്ടെ, കർണാടക ആരാണ് ഭരിക്കുന്നത് ? കോൺഗ്രസ് (ഐ) അല്ലേ ? കർണാടകയിലെ കോൺഗ്രസ് (ഐ) മുഖ്യമന്ത്രി ശ്രീ. കൃഷ്ണ ഈ ധനകാര്യകമ്മീഷനെ വേണ്ടതുപോലെ പരിചരിക്കാത്തതുകൊണ്ടാണോ 1,540 കോടിരൂപ കുറവുവന്നത് ? മഹാരാഷ്ട്ര ഭരിക്കുന്നത് ആരാണ് ? കോൺഗ്രസ് (ഐ) അല്ലേ ? മഹാരാഷ്ട്രയ്ക്ക് 5,622 കോടിരൂപയാണ് 11-ാം ധനകാര്യകമ്മീഷൻ ശുപാർശയിലൂടെ നഷ്ടമായത്. എന്താണ് അതിനെക്കുറിച്ച് ശ്രീ. ആര്യാടൻ മുഹമ്മദും പ്രതിപക്ഷത്തെ മറ്റു നേതാക്കന്മാരും പറഞ്ഞത് ? തൊട്ടടുത്തുള്ള തമിഴ്നാടിന് 4,711 കോടിരൂപയാണ് നഷ്ടമായത്. ഹൈടെക് മുഖ്യമന്ത്രി ആണല്ലോ ശ്രീ. ചന്ദ്രബാബു നായിഡു. ഹൈടെക് മുഖ്യമന്ത്രിയായ ശ്രീ. ചന്ദ്രബാബു നായിഡുവിന്റെ നാട്ടിൽ 2,875 കോടിരൂപയാണ് നഷ്ടം. ഗുജറാത്ത്, പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലെല്ലാം ധന നഷ്ടം സംഭവിച്ചിരിക്കുകയാണ്. 11-ാം ധനകാര്യകമ്മീഷനെ വേണ്ടതുപോലെ പരിചരിക്കാത്തതുകൊണ്ടല്ല. 11-ാം ധനകാര്യകമ്മീഷന്റെ മാനദണ്ഡങ്ങൾ ഫെഡറൽ സംവിധാനത്തെ തകർക്കുന്നതാണ്. അതിന്റെ ഭാഗമായിട്ടാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

ധനനഷ്ടം വന്നിട്ടുള്ളത്. അതിനെ തെറ്റായ രീതിയിലേക്ക് വ്യാഖ്യാനിക്കുന്ന നിലപാടാണ് ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ സ്വീകരിച്ചത്. അതു കഷ്ടമായിപ്പോയി എന്നാണ് എനിക്ക് അതു സംബന്ധിച്ച് പറയുവാനുള്ളത്. പൊതുവേ നമ്മുടെ രാജ്യം വമ്പിച്ച കടക്കെണിയിലേക്കാണ് പോകുന്നത്. റിസർവ് ബാങ്കിന്റെ കണക്കനുസരിച്ച് 1996-ൽ നിന്ന് 2001 -ൽ എത്തിയപ്പോൾ 2.12 ലക്ഷം കോടിരൂപ ആയിരുന്ന കടം 4.99 ലക്ഷം കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. അഖിലേന്ത്യാ കടത്തിൽ 135 ശതമാനം വർദ്ധനവ് ഉണ്ടായി. സ്വാഭാവികമായിട്ട് ഇതിന്റെ പ്രതിഫലനം കേരളത്തിൽ ഉണ്ടാവുകയില്ലേ ? ഗുരുതരമായ ഈ അവസ്ഥയിൽ നിന്നുകൊണ്ടാണ് ശ്രീ. ടി. ശിവദാസമേനോൻ ഈ ഇടക്കാല ബഡ്ജറ്റ് അവതരിപ്പിച്ചത്. ഇത്രയും ഗുരുതരമായ സാമ്പത്തികാവസ്ഥ ഉണ്ടായിട്ടും കേരളത്തിലെ വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നതിനുവേണ്ടി എൽ. ഡി. എഫ്. നു സാധിച്ചിട്ടുണ്ടെന്നാണ് ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായ മെച്ചപ്പെട്ട രീതിയിലുള്ള സാമ്പത്തിക വികസനം കേന്ദ്രീകരിക്കുവാൻ ഈ സംസ്ഥാനത്തിനു സാധിച്ചിട്ടുണ്ട്. അതുപോലെതന്നെ മറ്റ് സംസ്ഥാനങ്ങളിൽ വികസനസ്തംഭനം ഉണ്ടാകുമ്പോൾ വികസന രംഗത്ത് വലിയ രീതിയിലുള്ള കുതിച്ചുച്ചാട്ടം തന്നെ നടത്തുവാൻ ഈ കഴിഞ്ഞ 57 മാസക്കാലത്തിനിടയിൽ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട് എന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാന ജീവനക്കാരെക്കുറിച്ച് നേരത്തെ ശ്രീ. ടി. എം. ജേക്കബ് ഒരു കണക്ക് പറഞ്ഞു. കേരളാ ജനസംഖ്യയിൽ ആകെ 3 ശതമാനം മാത്രമേ സംസ്ഥാന ജീവനക്കാരുള്ളൂ എന്നു പറഞ്ഞു. അവരുടെ കാര്യം മാത്രം ഇത്ര ഗൗരവതരമായി പറയേണ്ടതുണ്ടോ ? അഖിലേന്ത്യാ അടിസ്ഥാനത്തിൽ സംസ്ഥാന ജീവനക്കാരുടെ സ്ഥിതി എന്താണ് ? ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റേറ്റാണ് ഉത്തർപ്രദേശ്. ഉത്തർപ്രദേശിൽ സിവിൽ സർവ്വീസിൽ 50 ശതമാനം ജീവനക്കാരെ വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഹൈടെക് മുഖ്യമന്ത്രിയുടെ നാട്ടിൽ ജലസേചനം ഉൾപ്പെടെയുള്ള ആറു സർക്കാർ ഡിപ്പാർട്ടുമെന്റുകൾ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കോൺഗ്രസ് മുഖ്യമന്ത്രി ശ്രീ. കൃഷ്ണ അധികാരത്തിൽ ഇരിക്കുന്ന കർണ്ണാടകത്തിൽ സിവിൽ സർവ്വീസ് ജീവനക്കാരുടെ എണ്ണം വെട്ടിച്ചുരുക്കുവാൻ ഒരു പ്രത്യേക കമ്മിറ്റിയെവച്ചിരിക്കുകയാണ്. പല സംസ്ഥാനങ്ങളിലും ജീവനക്കാർക്ക് ശമ്പളം കിട്ടുന്നില്ല ഒറീസ ഗവൺമെന്റ് ജീവനക്കാർക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾക്ക് ബോണ്ടാണ് നൽകുന്നത്. ഈ ഒരു സാഹചര്യത്തിൽ കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കാനും അവർക്ക് ന്യായമായ പരിഗണന നൽകുവാനും തയ്യാറായ ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പരിധിക്കകത്തു നിന്നുകൊണ്ടുതന്നെ വ്യക്തമായ ദിശാബോധത്തോടുകൂടി കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകാണ്. ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി 1,065 കോടി രൂപ നീക്കിവച്ചിരിക്കുന്നു. മറ്റു പദ്ധതി വിഹിതങ്ങളും പദ്ധതിയേതര വിഹിതങ്ങളും ചേർന്ന് ഇത് 1,431 കോടി രൂപയാണ് ഇതിനുവേണ്ടി നീക്കിവച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി മേഖലയ്ക്ക് ഈ ഗവൺമെന്റ് നൽകിയ മുന്തിയ പരിഗണന ഇതിനകം തന്നെ കേരളത്തിലെ ജനങ്ങൾക്ക് മനസിലായിട്ടുള്ളതാണ്. 1996-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നമ്മുടെ സംസ്ഥാനം കൂരിരുട്ടിലായിരുന്നു. 57 മാസക്കാലത്തിനുശേഷം അഭിമാനത്തോടുകൂടി എൽ. ഡി. എഫ്. നു ഇന്ന് പറയാൻ സാധിക്കും കേരളത്തിൽ പവർകട്ട് ഇല്ല, ലോഡ് ഷെഡ്ഡിംഗ് ഇല്ല. ഈ ബഡ്ജറ്റിൽ വൈദ്യുതി മേഖലയ്ക്ക് 611 കോടി രൂപയാണ് ധനകാര്യവകുപ്പുമന്ത്രി നീക്കിവച്ചിട്ടുള്ളത്. സാമൂഹ്യ വികസനത്തിനു 632.42 കോടിരൂപ നീക്കിവച്ചിരിക്കുന്നു. കാർഷിക മേഖലയ്ക്ക് 251 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഗതാഗത വാർത്താ വിനിമയ മേഖലയ്ക്ക് 274.35 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ജലസേചനം, വെള്ളപ്പൊക്ക നിവാരണം ഇതിനായി 275 കോടിരൂപ നീക്കി വച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പരിധിക്കകത്തുനിന്നുകൊണ്ട് വികസന രംഗത്തും മറ്റെല്ലാ മേഖലകളിലും ശ്രദ്ധേയമായ രൂപത്തിലുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നുള്ള കാഴ്ചപ്പാടോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ബഡ്ജറ്റിനെ വ്യത്യസ്ത രീതിയിലാണ് മാധ്യമങ്ങൾ സമീപിച്ചത്. സാമ്പത്തികമായി വളരെയധികം പ്രയാസങ്ങളുണ്ടെങ്കിലും സമൂഹത്തിൽ താഴെത്തട്ടിലുള്ളവരോടുള്ള പ്രതിബദ്ധത തെളിയിച്ച ബഡ്ജറ്റാണ് ഇതെന്ന് മാതൃഭൂമി പത്രം അഭിപ്രായപ്പെട്ടു. ആട്ടോ മൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധിയും കൈത്തറി തൊഴിലാളികൾക്ക് വൃദ്ധസംരക്ഷണ ഭവനവും മത്സ്യത്തൊഴിലാളികൾക്ക് ഉത്സവകാലബത്തയും ഈ ബഡ്ജറ്റിലൂടെ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്രയേറെ സാമ്പത്തികപ്രതിസന്ധിയുള്ള സാഹചര്യത്തിലും കേരളത്തിലെ പൊതുവിതരണ സമ്പ്രദായം നിലനിർത്തും എന്നുള്ള പ്രഖ്യാപനവും അതിനായി 161 കോടിരൂപ നീക്കിവച്ച നടപടിയും അഭിനന്ദനം അർഹിക്കുന്നു. അതൊന്നും കേരളത്തിലെ പ്രതിപക്ഷത്തിന് കാണാൻ കഴിയുന്നില്ല. മാതൃഭൂമി പത്രത്തിന്റെ മുഖപ്രസംഗത്തിലാണ് ഇതു പറഞ്ഞത്. പൊതുവിതരണ സമ്പ്രദായം തകർക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പൊതുവിതരണ സമ്പ്രദായം തകർക്കാൻവേണ്ടി കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ സാമ്പത്തികമായി എന്തെല്ലാം ബുദ്ധിമുട്ടു ഉണ്ടായാലും കേരളത്തിലെ പൊതുവിതരണ സമ്പ്രദായം നിലനിർത്താൻ ആവശ്യമായ രീതിയിലുള്ള നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ച, അതിനാവശ്യമായ തുക വകയിരുത്തിയിട്ടുള്ള ബഡ്ജറ്റാണ് ഇവിടെ ശ്രീ. ടി. ശിവദാസമേനോൻ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ 57 മാസക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്തിന്റെ അധികാര പരിധിയ്ക്കകത്തുനിന്നുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ചെയ്യാൻ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്തിട്ടുണ്ട്. അതിന്റെയൊക്കെ ഭാഗമായിട്ടാണ് ഈ കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അഭിമാനകരമായ വിജയം കൈവരിക്കാൻ കഴിഞ്ഞത്. കേരളത്തിലെ 140 അസംബ്ലി നിയോജകമണ്ഡലങ്ങളിൽ 89 മണ്ഡലങ്ങളിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഭൂരിപക്ഷം നേടാൻ കഴിഞ്ഞിട്ടുണ്ട്. നിങ്ങളുടെ പ്രചരണമൊന്നും കേരളത്തിലെ ജനങ്ങളുടെ മനസിനെ സ്വാധീനിക്കാൻ ഇടയായിട്ടില്ല. മലയാള മനോരമ പത്രം എഴുതുന്ന വാർത്തകൾ

LIBRARY ARCHIVES Kerala Legislative Assembly

വായിച്ചാൽ ആളുകൾ അതു വിശ്വസിച്ചാൽ കേരളത്തിലെ എൽ. ഡി. എഫ്.ന്റെ കൂടെ ആരും ഉണ്ടാവുകയില്ലല്ലോ. ദേശാഭിമാനിയെ ആളുകൾ വിശ്വസിക്കുന്നുണ്ട്. മലയാളമനോരമയെ ആരെങ്കിലും വിശ്വസിക്കുമോ ? കേരളത്തിലെ ജനങ്ങൾക്ക് ശരിയായ കാര്യങ്ങൾ തിരിച്ചറിയാനുള്ള കഴിവുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ എൽ. ഡി. എഫ്. നെ തോൽപ്പിക്കുന്നതിനു വേണ്ടി എന്തെല്ലാം മാർഗ്ഗങ്ങൾ നിങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അതൊന്നും ഞാൻ വിശദീകരിക്കുന്നില്ല. എന്റെ ജില്ലയിൽ ചില സ്ഥലങ്ങളിൽ യു. ഡി. എഫ്.ന് സ്ഥാനാർത്ഥി ഉണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട ചീഫ് വിപ് പ്രതിനിധാനം ചെയ്യുന്ന ബേപ്പൂർ നിയോജകമണ്ഡലത്തിലെ കൊളത്തറയിൽ യു. ഡി. എഫ്.നു സ്ഥാനാർത്ഥി ഉണ്ടായിരുന്നില്ല. എൽ. ഡി. എഫ്. ഉം ബി. ജെ. പി. യും തമ്മിൽ നേരിട്ട് മൽസരിക്കുകയായിരുന്നു. എൽ. ഡി. എഫ്. ഇവിടെ 19,000 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. ഫറൂക്ക് മണ്ഡലത്തിൽ ബി. ജെ. പി. സ്ഥാനാർത്ഥി ഉണ്ടായിരുന്നില്ല. അവിടെ എൽ. ഡി. എഫ് ഉം യു. ഡി. എഫ്. ഉം തമ്മിൽ നേരിട്ട് മൽസരമായിരുന്നു. പല പഞ്ചായത്തുകളിലും നിങ്ങൾ ബി. ജെ. പി. യുമായി പരസ്യമായി സഖ്യം ഉണ്ടാക്കി. പക്ഷേ പരസ്യമായ സഖ്യം കൊണ്ടൊന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ പരാജയപ്പെടുത്തുന്നതിൽ യു. ഡി. എഫി. നു വിജയം നേടാൻ കഴിഞ്ഞില്ല.

മി. ചെയർമാൻ : പ്ലീസ് .....പ്ലീസ് .....

ശ്രീ. എം. ദാസൻ : ഈ കഴിഞ്ഞ 57 മാസക്കാലത്തിനിടയിൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ചെയ്ത ജനക്ഷേമ പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ ഇടയിൽ നല്ല രീതിയിലുള്ള പ്രതികരണം ഉണ്ടെന്നാണ് തെളിഞ്ഞത്. മോചന യാത്ര നടത്തിയാലും ഏതെല്ലാം രീതിയിലുള്ള പ്രചരണങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് എതിരായി നടത്തിയാലും ഈ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വീണ്ടും വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. കാരണം നിങ്ങളുടെ കൈയിൽ കേരളത്തെ ഏൽപ്പിച്ചാൽ എന്തുണ്ടാകും ? ശ്രീ. ടി. എം. ജേക്കബ് സംസാരിച്ചപ്പോൾ ഇവിടെ ഒരു പുതിയ കേരളത്തിനു വേണ്ടി..... ശ്രീ. ജേക്കബിന്റെ കൈയിൽ കേരളം കുറെക്കാലം ഉണ്ടായിരുന്നല്ലോ ? ശ്രീ. ജേക്കബും കൂട്ടരും കേരളം ഭരിച്ചത് ഈ നാട്ടിലെ ജനങ്ങൾ കണ്ടതല്ലേ ? ശ്രീ. ജേക്കബിന്റെ കൈയിൽ വീണ്ടും ഈ നാട്ടിലെ ജനങ്ങൾ ഭരണം ഏൽപ്പിച്ചു കൊടുക്കുമോ ? ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും കേരളത്തിൽ അധികാരത്തിൽ വരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഭരണമോഹം കൊണ്ട് എന്തൊക്കെയാണ് പ്രതിപക്ഷ നേതാവ് പ്രസംഗിച്ചത് ? പ്രതിപക്ഷ നേതാവിനു എന്തുപറ്റിയിരിക്കുകയാണ് ? അദ്ദേഹം മുഖ്യമന്ത്രി ആയ മട്ടിലാണ് നടക്കുന്നത്. മുഖ്യമന്ത്രി ആവുകയില്ല എന്നുള്ള കാര്യം വേറെ. ഭൂരിപക്ഷം കിട്ടിയാൽ മുഖ്യമന്ത്രിയാകുമെന്ന്. അതു നടക്കാൻ പോകുന്നില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഇന്നത്തെ നമ്മുടെ പരിതാപകരമായ സാമ്പത്തികാവസ്ഥ കണ്ടുകൊണ്ട്.....

മി. ചെയർമാൻ : പ്ലീസ്.....പ്ലീസ്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ദാസൻ : കേരളത്തിലെ മൂന്നുകോടി ജനങ്ങളുടെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുവാൻ ഉതകുന്ന രീതിയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഇടക്കാല ബഡ്ജറ്റിനെ ഞാൻ സന്തോഷപൂർവം സ്വാഗതം ചെയ്യുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പിന്നിൽ കേരളത്തിലെ ബഹുജനങ്ങൾ വൻതോതിൽ അണിനിരക്കും എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. ഈ വരുന്ന തെരഞ്ഞെടുപ്പിൽ എൽ. ഡി. എഫ്. വീണ്ടും അധികാരത്തിൽ തീർച്ചയായും വരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ
4 PM] എതിർക്കുന്നു. എന്റെ കയ്യിലൊരു പുസ്തകമുണ്ട്. 1996 ജൂലായ് മാസത്തിൽ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി നടത്തിയ പ്രസംഗത്തിലെ 56-ാമത്തെ പേജ് ഞാൻ വായിക്കുകയാണ്. അന്ന് അദ്ദേഹത്തിന് സിംഹഗർജ്ജന മായിരുന്നു. മേനോൻ സാറിന്റെ ഇംഗ്ലീഷ് അതിമനോഹരമാണ്. നല്ല ലാംഗ്വേജാണ്. ബ്യൂട്ടിഫുൾ ഇംഗ്ലീഷിൽ അദ്ദേഹം പ്രസംഗിക്കും. അന്ന് അദ്ദേഹം ഒരു കവിത ചൊല്ലി. As the "song of the Oppressed" declares :

"We shall overcome, We shall overcome
We shall overcome one day,
Deep in our hearts, we do believe
We shall overcome one day!"

1996 -ൽ അങ്ങനെ പ്രസംഗിച്ച, സിംഹഗർജ്ജനം നടത്തിയ നമ്മുടെ ധനകാര്യവകുപ്പു മന്ത്രിയുടെ കഴിഞ്ഞ വെള്ളിയാഴ്ചത്തെ പ്രസംഗം ഒരു മാർജ്ജാരന്റെ കരച്ചിലായി പോയില്ലേ? ഒരു വിടവാങ്ങൽ പ്രസംഗമല്ലേ ? എന്തായിരുന്നു അങ്ങയുടെ പ്രസംഗം ? സാധാരണ ഉറഞ്ഞുതുള്ളുന്ന ശ്രീ. ശിവദാസമേനോൻ, അങ്ങേയ്ക്ക് എന്തുപറ്റി ? അങ്ങേയ്ക്ക് വിഷമമുണ്ട് എന്നെനിക്കറിയാം. 1991 ഇവിടെ ആവർത്തിക്കല്ലേ എന്നു ഞാൻ ആശിച്ചു പോകുകയാണ്. ധനകാര്യവകുപ്പുമന്ത്രി ശ്രീ. വിശ്വനാഥമേനോനെ മാറ്റി ഇടതു മുന്നണി കൺവീനർ ശ്രീ. എം. എം. ലോറൻസിനെ തൃപ്പൂണിത്തുറയിൽ മൽസരിക്കാൻ കൊണ്ടുവന്നു. അദ്ദേഹം അന്ന് അവിടെ പറഞ്ഞത്, അടുത്ത ആഭ്യന്തരവകുപ്പു മന്ത്രി ആണെന്നാണ്. ഇപ്പോൾ 2001 ആണ്. സാക്ഷാൽ ശ്രീ. ശിവദാസമേനോനെ മാറ്റി ഇപ്പോഴത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കൺവീനർ ശ്രീ. വി. എസ്. അച്യുതാനന്ദനെ മലമ്പുഴയിൽ മുഖ്യമന്ത്രിയാക്കാനായി മൽസരിക്കാൻ കൊണ്ടുവരുന്നു. ചരിത്രം ആവർത്തിക്കാതിരിക്കട്ടെ എന്നു ഞാൻ പറയുകയാണ്. ആ ഒരു ബുദ്ധിമുട്ട് അദ്ദേഹത്തിനുള്ളതുകൊണ്ടാണ് ഇതിനു മുമ്പുള്ള പ്രസംഗമല്ല ..... അദ്ദേഹം ധാരാളം കവിതകൾ ചൊല്ലിയിട്ടുണ്ട്. അദ്ദേഹത്തിന് ഡ്രീംസുണ്ട്. രണ്ടായിരത്തിലും അദ്ദേഹം കവിത ചൊല്ലി. ഈ പ്രസംഗങ്ങളിലുമെല്ലാം മനോഹരമായ കവിതചൊല്ലി അവതരിപ്പിച്ച ബഡ്ജറ്റുകളെവിടെ ? ഇപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗം എവിടെ ? ബഡ്ജറ്റിൽ അദ്ദേഹത്തിന് കാര്യമായി ഒന്നും പറയാനില്ലാത്തതുകൊണ്ടാണ് ചില കാര്യങ്ങളൊക്കെ പറഞ്ഞുവിട്ടത്. ഗ്ലോബലൈസേഷനും പ്രൈവറ്റൈസേഷനും

LIBRARY ARCHIVES Kerala Legislative Assembly

ലിബറലൈസേഷനുമൊക്കെ തട്ടി വിട്ടിരിക്കുകയാണ്. മട്ടാഞ്ചേരി പാലത്തിന്റെ കാര്യം വളരെ അഭിമാനപൂർവം ഇവിടെ പറയാറുണ്ടല്ലോ ? ഗ്ലോബലൈസേഷന്റെ ഏറ്റവും നല്ല വശമായ ബി. ഒ. ടി. (ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ) കേന്ദ്രത്തിൽ നയംമാറ്റം ഉണ്ടാകുമായിരുന്നില്ലെങ്കിൽ നിങ്ങൾക്ക് അവിടെ പാലം പണിയാൻ കഴിയുമായിരുന്നോ ? ഗ്ലോബലൈസേഷന്റെയും പ്രൈവറ്റൈസേഷന്റെയും ലിബറലൈസേഷന്റെയുമൊക്കെ ഗുണഫലങ്ങളാണ് നിങ്ങളുടെ ചാനൽ. നിങ്ങളുപയോഗിക്കുന്ന മൊബൈൽ ഫോണും അതു തന്നെ. ഗ്ലോബലൈസേഷന്റെ നല്ല ഫലങ്ങളെ നിങ്ങൾ എന്തുകൊണ്ട് കാണുന്നില്ല ചീത്ത ഫലങ്ങളെ എതിർക്കുന്നുമില്ല. പക്ഷേ നിങ്ങൾ നല്ല ഫലങ്ങൾ കാണാത്തതിൽ ദുഃഖമുണ്ട്. ഇത്തവണ ബഡ്ജറ്റ് പ്രസംഗത്തിലുള്ള പദ്ധതികൾ ഏതൊക്കെയാണ് ? ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക്, വേൾഡ് ബാങ്ക്, ഡച്ച് ഗവൺമെന്റ് സഹായം എന്നിവയല്ലാതെ സംസ്ഥാന ഗവൺമെന്റ് മുതൽമുടക്കി എന്തു വ്യവസായം ഇവിടെ നടത്തുന്നു ? വ്യവസായത്തിനുവേണ്ടി ഉണ്ടാക്കിയ പണംപോലും നിങ്ങൾ വേറെ ചെലവാക്കി. ഞാൻ അതിലേക്ക് പോകുന്നില്ല. ആംഗ്ലോ ഇൻഡ്യൻസിന് പ്രൊഫഷണൽ കോഴ്സിന് ഓരോ സീറ്റ് സംവരണം ചെയ്തിരുന്നു. ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് കൊടുത്തതാണ്. നിങ്ങളിപ്പോൾ അതെടുത്തുമാറ്റി 23 അംഗങ്ങൾ മാത്രമുള്ള ജൂതന്റെ കൂടെ കൊടുത്തിരിക്കുകയാണ്. റൊട്ടേഷനാണ്. ജൂതസമൂഹത്തിനു കൊടുക്കേണ്ട എന്നു പറയുന്നില്ല. പക്ഷേ അവരുടെ അപേക്ഷകളുണ്ടാകുമ്പോൾ സ്പെഷ്യൽ ഓർഡർ കൊടുത്താൽ മതി. മൽസ്യത്തൊഴിലാളികൾക്ക് ബോണസ് പ്രഖ്യാപിച്ചിട്ടുണ്ട്. അവർ ജീവിച്ചിരിക്കുമ്പോൾ വല്ലതും കൊടുക്ക് ശ്രീമതി മെഴ്സിക്കുട്ടീ അവരുടെ പെൻഷൻ കൊടുക്കുന്നുണ്ടോ ? എത്ര മാസത്തെ പെൻഷൻ മുടങ്ങി ? പെൻഷൻ കൊടുത്തിട്ട് 9 മാസമായി. അവരുടെ ഏറ്റവും വലിയ പ്രശ്നമാണ് കടലാക്രമണം. കടലാക്രമണ നിരോധനത്തിനു വേണ്ടി ബഡ്ജറ്റിൽ എത്ര പണം വച്ചു എന്നു നോക്കിയോ ? ഏറ്റവുംകുറവു പണം വച്ചിരിക്കുന്നത് ഇറിഗേഷൻ വിഭാഗത്തിൽപെടുന്ന കടലാക്രമണ നിരോധനത്തിനാണ്. കെ. ടി. ഡി. സി. ഇപ്പോൾ ഒരു പണി ചെയ്തിട്ടുണ്ട്. അവർ പാതിരാമണലിൽ കെട്ടിടം പണിയുന്നതിനായി ഒബ്റോയ് ഹോട്ടലുകാരുമായി കരാറുണ്ടാക്കി. വേറെ ആരെയും അറിയിക്കാതെ വളരെ രഹസ്യമായി കെ. ടി. ഡി. സി. ഒബ്റോയ് ഹോട്ടലുകാരുമായി കരാറുണ്ടാക്കിയിരിക്കുന്നു. എനിക്ക് അതിനെ സംബന്ധിച്ചുള്ള ചോദ്യത്തിന് മറുപടി കിട്ടിയിട്ടുണ്ട്. അതു വരുന്നതിൽ ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ അങ്ങനെ കൊടുക്കുമ്പോൾ മറ്റുള്ള വരുമായി കോംപീറ്റ് ചെയ്യാനുള്ള അവസരം എല്ലാവർക്കും കൊടുക്കണ്ടേ ? ഒബ്റോയ്ക്കാരെ മാത്രം വിളിച്ചുകൂട്ടി ഒരു ട്രാൻസ്പേരൻസിയുമില്ലാതെ കരാറുണ്ടാക്കിയത് ശരിയല്ല. അതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെടുകയാണ്. രണ്ടു-മൂന്നു ദിവസമായി നമ്മുടെ പത്രങ്ങളിൽ നിറഞ്ഞു നിൽക്കുന്നത് കണ്ണൂർ നിലയത്തെക്കുറിച്ചുള്ള ആരോപണങ്ങളാണ്. ശ്രീ. കെ. പി. പി. നമ്പ്യാർ മിനിഞ്ഞാന്ന് ഒരു ആരോപണം പത്രസമ്മേളനത്തിൽ, ഉന്നയിച്ചു ശ്രീ നമ്പ്യാർ പത്രക്കാർക്ക് കൊടുത്ത ഹാൻഡ് ഔട്ടിന്റെ കോപ്പി എന്റെ കൈവശമുണ്ട്. അദ്ദേഹം പറഞ്ഞിരിക്കുന്നു 'കണ്ണൂർ താപനിലയത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിന്നും ക്ലിയറൻസ് കിട്ടാത്തത്

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷജനാധിപത്യ മുന്നണി കൺവീനർ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പുത്രന് 75 കോടി രൂപയുടെ കമ്മിഷൻ കൊടുക്കാത്തതുകൊണ്ടാണ്' എന്നാണ്. ഇന്നലെ ശ്രീ. വി. എസ്. അച്യുതാനന്ദൻ ആ ആരോപണം നിഷേധിച്ചിട്ടുണ്ട്. പക്ഷേ അത് നിഷേധിച്ചിട്ട് അദ്ദേഹം പറഞ്ഞിരിക്കുന്നത് എന്താണ് ? 'കണ്ണൂർ പദ്ധതി നടപ്പാക്കാത്തതിന് താനൊരുത്തൻ മാത്രമാണ് കാരണക്കാരനെന്ന് ആരോപിക്കുമ്പോൾ താൻ അധികാരത്തിലില്ല എന്ന യാഥാർത്ഥ്യം മാധ്യമങ്ങൾ കാണാത്തത് എന്താണ്' അദ്ദേഹത്തിന് അധികാരസ്ഥാനമില്ലേ ? ക്യാബിനറ്റ് എടുത്ത തീരുമാനംപോലും റദ്ദാക്കി, അദ്ദേഹം കൺവീനറായ കമ്മിറ്റിക്ക് റിവ്യൂ അയയ്ക്കുന്ന സംസ്ഥാനമാണ് കേരളം. അങ്ങനെ വരുമ്പോൾ അദ്ദേഹത്തിന് അധികാരസ്ഥാനമില്ലേ ? ശ്രീ. കെ. പി. പി. നമ്പ്യാർ ആരാണ് ? അദ്ദേഹത്തിന് അറിയാത്ത പോളിറ്റ്ബ്യൂറോ മെമ്പർമാരില്ല. അദ്ദേഹത്തിന് എല്ലാവരുമായി അടുപ്പമുണ്ട്. I had met and discussed with polit bureau members including Shri Jyothi Basu in October, 1997 and discussed the objections of the polit bureau with leading Members including Shri Harkishan Singh Surjith, Seetharam yetchuri and others.

അതിന്റെയർത്ഥം, ശ്രീ. കെ. പി. പി. നമ്പ്യാർ ഇടതുപക്ഷ മുന്നണിയിലെ പ്രമുഖപാർട്ടിയായ മാർക്സിസ്റ്റുപാർട്ടിയുമായി ഏറ്റവും അടുപ്പമുള്ള ആളാണ് എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാര്യയുടെ അമ്മാവനാണ് ശ്രീ. നമ്പ്യാർ അദ്ദേഹം പറഞ്ഞിരിക്കുന്നു, ഈ പദ്ധതിയുടെ ആദ്യസ്പോൺസർ എൻറോൺ ആയിരുന്നു. അതു മാറ്റി പിന്നീട് എൽപാസോയെ കൊണ്ടുവന്നു. ഇലക്ട്രിസിറ്റി ബോർഡ് അംഗീകാരം കൊടുത്തു. ബോർഡ് അംഗീകാരം കൊടുത്ത ഫയൽ മന്ത്രിയുടെ ഓഫീസിൽ തടയപ്പെട്ടിരുന്നു. ഇതു തന്നെയാണ് മുൻ ചെയർമാൻ ശ്രീ. സുകുമാർ ഉമ്മനും പറഞ്ഞത്. ഞങ്ങളുടെ സംശയം അവിടെയാണ്. ആ തടസ്സത്തിനു കാരണം, ശ്രീ. അച്യുതാനന്ദന്റെ പുത്രൻ അരുൺകുമാർ, ശൈലേശ്വരൻ വഴി ആവശ്യപ്പെട്ട 75 കോടി രൂപ കൊടുക്കാത്തതുകൊണ്ടാണ് എന്നാണ്. അവിടെയാണ് .....:..(ബഹളം).....ശൈലേശ്വരൻ .....

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, ഇതെന്താണ് .... ബഹളം.....

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പുത്രൻ അരുൺകുമാർ, ഞാൻ തിരുത്തുന്നു. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പുത്രനും കയർഫെഡ് എം. ഡി. യുമായ അരുൺകുമാറിന്റെ സുഹൃത്ത് ശൈലേശ്വരൻ കഴിഞ്ഞ രണ്ടു വർഷം കൊണ്ട് .....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, റൂൾ 285 അനുസരിച്ച് ഒരു ക്രമപ്രശ്നം ഉന്നയിക്കുകയാണ്. ഈ സഭയിൽ തന്നെ ഇതിനുമുമ്പും സഭയിൽ അംഗമല്ലാത്ത ആളുകളെ സംബന്ധിച്ച് വിവാദപരമായിട്ടുള്ള പ്രസംഗങ്ങളുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട സോണിയാഗാന്ധിയെ സംബന്ധിച്ച് ക്വത്റോച്ചിയുമായി ബന്ധപ്പെട്ട ആക്ഷേപം സഭയിൽ ഉന്നയിക്കപ്പെട്ടു. അന്ന് അങ്ങുതന്ന റൂളിംഗ് ഞാൻ ഓർക്കുകയാണ്. ഈ സഭയിലില്ലാത്ത ശ്രീമതി സോണിയാഗാന്ധിയെപ്പോലുള്ള ആളിനെക്കുറിച്ച് അത്തരത്തിലുള്ള ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുകൊണ്ട് അന്നു തന്ന റൂളിംഗ് ഞാൻ ഓർക്കുകയാണ്. ഇപ്പോൾ സഭയിൽ ഇല്ലാത്ത ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ കൺവീനറും കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യാ മാർക്സിസ്റ്റിന്റെ പോളിറ്റ്ബ്യൂറോ അംഗവുമായിട്ടുള്ള സഖാവ് വി. എസ്. അച്യുതാനന്ദനെക്കുറിച്ച് അനാവശ്യമായിട്ടുള്ള ആക്ഷേപം ഉന്നയിക്കുന്നത് ഓർഡറിലാണോ ? ഇത് അനുവദിക്കാമോ ? ഇതു ശരിയാണോ ? അങ്ങയുടെ റൂളിംഗ് ഈ കാര്യത്തിൽ ആവശ്യമാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഞാൻ ആരോപണമുന്നയിച്ചത് ഇടതുമുന്നണിയുടെ കൺവീനർ .....

മി. സ്പീക്കർ : അലിഗേഷൻ ഉന്നയിക്കുന്നതിനെക്കുറിച്ച് റൂൾ 285-ൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അലിഗേഷൻ ഉന്നയിക്കുന്ന ആൾ ബന്ധപ്പെട്ട മന്ത്രിക്കു മറുപടി പറയുന്നതിനുവേണ്ടി മുൻകൂട്ടി എഴുതികൊടുക്കണമെന്നുണ്ട്. അതിനെക്കുറിച്ച് എക്സ്പ്ലനേഷൻ കൊടുത്തിട്ടുണ്ട്. ഒരംഗം സഭയിൽ ഒരു കാര്യം ഉന്നയിക്കുക എന്നു പറഞ്ഞാൽ ഉത്തമ വിശ്വാസത്തോടുകൂടി, വ്യക്തമായ തെളിവുകളോടുകൂടിയായിരിക്കണം ഉന്നയിക്കേണ്ടത് എന്ന് പലപ്പോഴും ഇവിടെ ആവർത്തിച്ചിട്ടുണ്ട്. അത് വീണ്ടും റിപ്പീറ്റ് ചെയ്യുന്നില്ല. വെറും പത്രവാർത്തയെ സംബന്ധിച്ചും ഇവിടെ വാദപ്രതിവാദങ്ങൾ ഉണ്ടായി. റൂളിംഗ് ഉണ്ടായിട്ടുണ്ട്. പത്രവാർത്തകളെ ആശ്രയിച്ച് മാത്രം ആരോപണമുന്നയിക്കുന്നതിന് അടിസ്ഥാനമില്ലെന്നുള്ള റൂളിംഗും ഉണ്ടായിട്ടുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. നമ്മുടെ സഭാ ചട്ടപ്രകാരം മാത്രമല്ല, നിയമപരമായ കാര്യങ്ങളും ക്രിമിനൽ പ്രൊസീഡുവർ കോഡും നാച്വറൽ ജസ്റ്റീസുമെല്ലാം പരിശോധിച്ചാൽ ആരോപണത്തിന് വിധേയനാകുന്ന ആളിന് മറുപടി പറയാനുള്ള അവസരം കൊടുക്കണമെന്നാണ്. ഇതൊരു ഇൻഡിപ്പെൻഡന്റ് കേസായിരുന്നുവെങ്കിൽ അങ്ങനെയൊരു റൂളിംഗ് എനിക്ക് നൽകാമായിരുന്നു. ഇതൊരു കണക്റ്റഡ് കേസായതുകൊണ്ട് ഞാൻ അതിനെ വേർതിരിക്കുന്നില്ല. കണ്ണൂർ പവർ പ്രോജക്ടുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു കണക്റ്റഡ് കേസായിട്ടാണ് ഇതു പറയുന്നത്. അതുകൊണ്ടുതന്നെ വേർതിരിക്കുന്നില്ല. പക്ഷേ ആരോപണം ഉന്നയിക്കുമ്പോൾ ആരോപണവിധേയനാകുന്ന ആളിന് നാച്വറൽ ജസ്റ്റീസ് ഉണ്ട്, അതിന് പരിമിതിയുണ്ട് എന്നുള്ള കാര്യം അങ്ങു മനസ്സിൽ വയ്ക്കണം. (.....ബഹളം.....)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഇവിടെ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പുത്രൻ സർക്കാർ ഉദ്യോഗസ്ഥനാണ്. അദ്ദേഹം കയർഫെഡിലെ എം. ഡി. യാണ്. ആരോപണം ഉന്നയിച്ച ശ്രീ. കെ. പി. പി. നമ്പ്യാർ നിങ്ങളുടെ സർക്കാരിന്റെ Indian Institute of Information Technology and Management, Kerala യുടെ ചെയർമാനല്ലേ ? രണ്ടുപേരും ഉത്തരവാദപ്പെട്ടവരാണ്. ഒരാൾ കയർഫെഡിന്റെ എം. ഡി. യും ശ്രീ. കെ. പി. പി. നമ്പ്യാർ എന്നു പയുന്ന ആൾ ഗവൺമെന്റ് ഉദ്യോഗസ്ഥനുമാണ്. അങ്ങനെയുള്ള ഒരുദ്യോഗസ്ഥൻ തന്നെ മറ്റൊരു ഉദ്യോഗസ്ഥനെതിരായിട്ട് ആരോപണം ഉന്നയിക്കുന്നു. ഭാഗ്യവശാലോ നിർഭാഗ്യവശാലോ അരുൺകുമാർ ശ്രീ. അച്യുതാനന്ദന്റെ പുത്രനായിപ്പോയി.

LIBRARY ARCHIVES Kerala Legislative Assembly

അത് ശ്രീ. അച്യുതാനന്ദൻ തന്നെ പറഞ്ഞതാണല്ലോ, അദ്ദേഹം അത് ഡിനൈ ചെയ്തു. പക്ഷേ അദ്ദേഹത്തിന്റെ ആ defence feeble അല്ലേ ? അത് വളരെ ഫീബിളാണ് ..... ബഹളം..... അതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷണം വേണം. അന്വേഷണം വേണ്ടേ ? ബഹുമാനപ്പെട്ട മന്ത്രി ശർമ്മയ്ക്ക് ഉത്തരവാദിത്വമില്ലേ ? കണ്ണൂർപോലെ വൈദ്യുതിയുടെ കാര്യത്തിൽ ഇപ്പോഴും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശത്ത് വളരെ ആറ്റുനോറ്റിരുന്ന ഒരു പദ്ധതി ഒരു പ്രധാനപ്പെട്ട നേതാവിന്റെ പുത്രൻ 75 കോടി രൂപ കമ്മിഷൻ കൊടുക്കാത്തതുകൊണ്ട് ആ പദ്ധതി കേരളത്തിന് നഷ്ടപ്പെടുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എസ്. ശർമ്മയുടെ ഓഫീസിൽ ഫയൽ തടഞ്ഞുവച്ചിരിക്കുന്നു എന്നാണ് ആരോപണം വന്നിരിക്കുന്നത്. അതുകൊണ്ട് ഇതിനെക്കുറിച്ച് അന്വേഷിക്കണം. ആരോപണമുന്നയിച്ച ആൾ നിസ്സാരക്കാരനല്ലല്ലോ ? നമ്മുടെ മുഖ്യമന്ത്രി എപ്പോഴും പറയുമല്ലോ നമ്മുടെ നമ്പ്യാർ എന്ന്, അദ്ദേഹത്തിന്റെ സ്വന്തമാളല്ലേ ? അങ്ങനെയുള്ള, മുഖ്യമന്ത്രിയുമായി ഏറ്റവും അടുപ്പമുള്ള, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മെമ്പറുമായിട്ട് അടുപ്പമുള്ള, നിങ്ങളുടെ ഗവൺമെന്റ് ഉദ്യോഗസ്ഥനായ ശ്രീ. കെ. പി. പി. നമ്പ്യാരെക്കുറിച്ച് അങ്ങനെയൊരു ആരോപണമുന്നയിക്കുമ്പോൾ സ്വാഭാവികമായും അതിൽ സംശയമുണ്ട്. അതുകൊണ്ടുതന്നെ ഇതിനെക്കുറിച്ച് ഒരു അസംബ്ലി കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകണം. എന്തിന് ഭയക്കുന്നു ? .....ബഹളം..... നിങ്ങൾക്ക് ഭൂരിപക്ഷമുള്ള കമ്മിറ്റിയെ വച്ചോ. നിങ്ങൾക്ക് ഭൂരിപക്ഷമുള്ള ഒരു അസംബ്ലി കമ്മിറ്റിയെ വച്ച് അന്വേഷിക്കാൻ തയ്യാറുണ്ടോ ? .....ബഹളം..... വേണമെങ്കിൽ ശ്രീ. കടകംപള്ളി സുരേന്ദ്രനെയും വച്ചോ, ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ആളല്ലേ. അദ്ദേഹത്തേയും വച്ച് അന്വേഷിച്ചോട്ടെ. ഞങ്ങൾക്ക് എതിർപ്പില്ല. ഇത് സർവ്വത്ര അഴിമതിയിൽ മുങ്ങിക്കുളിച്ച ഗവൺമെന്റിനെതിരായ ആരോപണമല്ലേ ? ശ്രീ. കെ. പി. പി. നമ്പ്യാർ ഞങ്ങളുടെ ആളൊന്നുമല്ലല്ലോ. നിങ്ങളുടെ ആളല്ലേ ? അദ്ദേഹം ഒരു ഇടതുപക്ഷക്കാരനാണെന്ന് ഇപ്പോഴും പറയുന്നു. ശൈലേശ്വരൻ എന്നുപറയുന്ന മസ്ക്കറ്റുകാരനെ തനിക്കറിയാമെന്ന് ശ്രീ. വി. എസ്. അച്യുതാനന്ദൻ പറഞ്ഞിട്ടുണ്ട്. ഞാൻ ഈ സഭയിൽ ഉത്തരവാദത്തോടുകൂടി പറയുന്നു, നിങ്ങൾ അത് അന്വേഷിക്കണം. 1998 മുതൽ 2000 വരെയുള്ള രണ്ടരവർഷം കൊണ്ട് ശൈലേശ്വരൻ മസ്ക്കറ്റിലും ഇന്ത്യയിലുമായി 87 തവണ യാത്രചെയ്തു. മസ്ക്കറ്റ്-ഇന്ത്യ ഷട്ടിൽ സർവ്വീസ് പോലെയാണ്. അദ്ദേഹവുമായി മാർക്സിസ്റ്റ് പാർട്ടിയുടെ കൺവീനർക്കുള്ള ബന്ധമെന്താണ് ? ശ്രീ. അരുൺകുമാറിനുള്ള ബന്ധമെന്താണ് ? അങ്ങനെയൊരു സംശയം ജനങ്ങളുടെ മുമ്പിൽ നിൽക്കുന്നു. അതുകൊണ്ട് ഈ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ നിങ്ങൾ തയ്യാറാകണം. അഴിമതിയിൽ മുങ്ങിക്കൊണ്ടിരിക്കുന്ന ഈ ഗവൺമെന്റ് കൊണ്ടുവന്ന ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, ഈ ഗവൺമെന്റിനു വേണ്ടി അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളും ഓരോന്നോരോന്നായി പൂർത്തിയാക്കി. 5 വർഷം പൂർത്തിയാക്കാൻ പോകുന്ന ഒരു ഗവൺമെന്റാണിത്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് ജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രീഭൂതമായിരിക്കുന്നു. എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

മുമ്പ് അവിടെനിന്നും സംസാരിച്ച ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ കുറെ കാര്യങ്ങളൊക്കെ നിരത്തി. പക്ഷേ അദ്ദേഹത്തിനുതന്നെ ഈ കാര്യങ്ങൾ വളരെ വ്യക്തമായി അറിയാം. 1995-ൽ യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ ഇരിക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ്. അന്ന് വിദ്യുച്ഛക്തി വകുപ്പു മന്ത്രിയായിരുന്നത് ഉപനേതാവ് ബഹുമാനപ്പെട്ട ജി. കാർത്തികേയനാണ്. അന്ന് 9 പവർ പർച്ചേസ് എഗ്രിമെന്റിൽ ആ ഗവൺമെന്റ് ഒപ്പുവച്ചു. അതിന്റെ അടിസ്ഥാനത്തിൽതന്നെ ശ്രീ. കെ. പി. പി. നമ്പ്യാർക്ക് കണ്ണൂർ പ്രോജക്ട് കൊടുക്കണമെന്ന ഒരാവശ്യവുമായി മുന്നോട്ടുവന്നു. ബഹുരാഷ്ട്ര കുത്തകകളെ എതിർക്കുന്ന ഒരു പാർട്ടി എന്ന നിലയിൽ ഞങ്ങളുടെ പാർട്ടി Enron project നെ ശക്തിയായി എതിർത്തിരുന്നു .....ബഹളം..... പക്ഷേ ഇന്ന് ശ്രീ. കെ. പി. പി. നമ്പ്യാർക്കുവേണ്ടി വക്കാലത്തുപിടിക്കുന്ന അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ ഒരു കാര്യം മനസ്സിലാക്കണം. കെൽട്രോണിൽ ശ്രീ. കെ. പി. പി. നമ്പ്യാരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ട് നിങ്ങൾ വിജിലൻസ് അന്വേഷണം ഏർപ്പെടുത്തിയിരുന്നു. അതുപോലെതന്നെ ശ്രീ. കെ. പി. പി. നമ്പ്യാരുടെ മകന് നാംടെക് പ്രോജക്ടുമായി 4.5 കോടി രൂപയുടെ അഴിമതിയുണ്ടെന്നു പറഞ്ഞ് അന്വേഷണം നടക്കുകയാണ്. ഈ അന്വേഷണമെല്ലാം നടക്കുന്ന അവസരത്തിലാണ് നിങ്ങൾ ഇവിടെ വിമോചനയാത്രയെല്ലാം നടത്തി ക്ലച്ച് പിടിക്കില്ലെന്ന് ബോധ്യമായപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരെയും ഇടതുപക്ഷ ജനാധിപത്യമുന്നണി കൺവീനറായ സഖാവ് വി. എസ്. അച്യുതാനന്ദനെതിരെയും അദ്ദേഹത്തിന്റെ മകനെതിരെയും ശ്രീ. കെ. പി. പി. നമ്പ്യാരെ നിങ്ങളുടെ മെഗാഫോണായിട്ട് ഉപയോഗിച്ചത്..... ബഹളം..... നിങ്ങൾ വളരെ താമസിയാതെ കാര്യങ്ങൾ മനസിലാക്കും. അദ്ദേഹം ദൃശ്യമാധ്യമങ്ങൾക്കുമുമ്പിൽ ഉറഞ്ഞുതുള്ളിയല്ലോ, ഓംബുഡ്സ്മാനിൽ പരാതി കൊടുക്കാൻ തയ്യാറുണ്ടോയെന്ന് പത്രക്കാർ ചോദിച്ചു. തയ്യാറില്ല. എന്താണ് തയ്യാറല്ലാത്തത് ? പൊതുപ്രവർത്തകർ അടക്കമുള്ള ആളുകളാരെങ്കിലും അഴിമതി നടത്തിയാൽ അവരെ കയ്യാമം വച്ച് ജയിലിലടയ്ക്കുവാൻ നിയമപരമായി കോടതിയുണ്ടാക്കി, ലോകായുക്തിലും ഉപലോകായുക്തിലും ജഡ്ജിമാരെ നിയമിച്ചവരാണ് ഞങ്ങൾ. പരാതി കൊടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ ? ആരോപണമുന്നയിച്ച ശ്രീ. ഡൊമിനിക് പ്രസന്റേഷൻ തയ്യാറുണ്ടോ ? തയ്യാറില്ല .....ബഹളം..... അപ്പോൾ നിങ്ങൾ പുകമറ സൃഷ്ടിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി, അതിനെ നിയന്ത്രിക്കുന്ന നേതാക്കന്മാർക്കെതിരായി ആരോപണമുന്നയിക്കുന്നു. ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ മനസ്സിലാക്കണം. 17-ാമത്തെ വയസിൽ സർ സി. പി. രാമസ്വാമി അയ്യരുടെ 'അമേരിക്കൻ മോഡൽ ഭരണം അറബിക്കടലിൽ' എന്നുപറഞ്ഞുകൊണ്ട് വാരിക്കുന്തവുമായി പീരങ്കിയുടെ മുന്നിലേക്ക് എടുത്തു ചാടിയ കേരളത്തിലെ ഉരുക്കുമനുഷ്യനാണ് സഖാവ് വി. എസ്. അച്യുതാനന്ദൻ. അതു മനസ്സിലാക്കാതെ എന്തെങ്കിലും അനാവശ്യമായ ആരോപണങ്ങൾ ഉന്നയിച്ച് അധികാരത്തിൽ വരാമെന്നാണ് വ്യാമോഹിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 1957 -ൽ വിമോചനസമരം നടത്തി. ആ വിമോചനസമരം ഇപ്പോൾ മോചന സമരമായി. പക്ഷേ ക്ലച്ചു പിടിക്കില്ല. അദ്ദേഹം അവിടവിടെ പോയി ഓരോ കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു, അദ്ദേഹം പറഞ്ഞു, മേയ് മാസമാകുമ്പോൾ യു. ഡി. എഫ്. പായസം വയ്ക്കാൻ തയ്യാറായിക്കൊള്ളണമെന്ന്. മേയ് മാസമാകുമ്പോൾ യു. ഡി. എഫ്.ന്റെ പട്ടിണിക്കഞ്ഞി വയ്ക്കാൻ ഞങ്ങൾ തയ്യാറാകും. അതുപോലെ തന്നെ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. മലയിൻകീഴിൽ വന്നു നിങ്ങൾ പറഞ്ഞതെന്താണ് ? ഇവിടെ ജൈവവള ഫാക്ടറിയുടെ പുക കൊണ്ട് എല്ലാവരും ഹൃദ്രോഗികളായി എന്ന്. അതുകൊണ്ട് വരുന്ന തെരഞ്ഞെടുപ്പിൽ രാജ്ഭവനു മുമ്പിൽ സത്യപ്രതിജ്ഞ ചെയ്യുമ്പോൾ നേമത്തുനിന്നും ഒരു എം. എൽ. എ. ഉണ്ടാകണമെന്ന്. എം. എൽ. എ. ഉണ്ടാകും. അതു ഭരണകക്ഷിയുടെ എം. എൽ. എ. തന്നെയായിരിക്കും. അതിൽ യാതൊരു സംശയവും വേണ്ട. എൽ. ഡി. എഫ്. ന്റെ തന്നെ എം. എൽ. എ. ഉണ്ടാകും. നിങ്ങൾ ഇപ്പോൾ മോചന ജാഥ നടത്തി ഇവിടെ ജനങ്ങളെ കണ്ട് മോഹാലസ്യം വന്നുവെന്ന് അപ്പുറത്തിരുന്ന ചില സുഹൃത്തുക്കൾ പറഞ്ഞു. ഞങ്ങൾ ജനമുന്നേറ്റ ജാഥ നടത്തി. ഞങ്ങൾ 28-ാം തീയതി ഒരു ജാഥ നടത്തുന്നുണ്ട്. ആ ജാഥ തിരുവനന്തപുരത്തും വരുന്നുണ്ട്. തിരുവനന്തപുരത്ത് നിങ്ങൾ നാലു ജില്ലകളിലെ ആളുകളെ കൂട്ടിയെങ്കിൽ ഞങ്ങൾ മൂന്നു നിയോജകമണ്ഡലങ്ങളിലെ ആളുകളെ കൂട്ടും. നിങ്ങൾ വന്നൊന്ന് കാണണം. ആർക്കാണ് ജനപിന്തുണയെന്ന് നിങ്ങൾ മനസ്സിലാക്കണം. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഒരു കാര്യം മനസ്സിലാക്കണം. കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. എം. എസ്. ന്റെ പ്രതിമ ഇവിടെ സ്ഥാപിച്ചു. ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം തിരുവനന്തപുരത്തുകാരെ എടുത്തുപറഞ്ഞു. കേരളത്തിലെ എല്ലാ മുഖ്യമന്ത്രിമാരുടെയും പ്രതിമകൾ സ്ഥാപിക്കണമെന്ന ആഗ്രഹമാണ് എനിക്കുള്ളത്. നിങ്ങൾ പട്ടം താണുപിള്ളയ്ക്ക് വലിയ ഒരു പരിവേഷം ഇവിടെ കൊടുക്കുകയുണ്ടായി ഞങ്ങൾ പറയുന്നത് സി. കെ. കേശവനും ആർ. ശങ്കറിനും പട്ടം താണുപിള്ളയ്ക്കും പ്രതിമ സ്ഥാപിക്കണം. എല്ലാ മുഖ്യമന്ത്രിമാരുടെയും പ്രതിമകൾ സ്ഥാപിക്കണം. അദ്ദേഹം ചോദിച്ചല്ലോ പാട്ട കുലുക്കി നാലരക്കോടി രൂപ സമ്പാദിച്ചില്ലേ എന്ന്. ഞങ്ങൾ സമ്മതിക്കുന്നു. കാശ് ഞങ്ങൾ പുട്ടടിച്ചില്ല. നിങ്ങൾ സ്റ്റീഫന്റെയും ദാമോദരൻ പോറ്റിയുടെയും കേളപ്പന്റെയും പേരിൽ പിരിച്ച കാശ് എവിടെ ? എവിടെയെങ്കിലും ഒരു തറക്കല്ലിട്ടിട്ടുണ്ടോ ? തറക്കല്ലിട്ടിട്ടില്ലല്ലോ ? ഈ മാർച്ച് 19-ാം തീയതി നിങ്ങൾ വിളപ്പിൽശാലയിലേക്ക് വരണം. ഇ. എം. എസ്. അക്കാഡമിയുടെ ആദ്യഘട്ടം അന്ന് ഉദ്ഘാടനം ചെയ്യുകയാണ്. നിങ്ങളെ ഞങ്ങൾ ക്ഷണിക്കുന്നു. ഞങ്ങൾ ഈ പിരിച്ച കാശ് എന്ത് ചെയ്തുവെന്ന് ഈ രാജ്യത്തെ ജനങ്ങളോടു ഞങ്ങൾ പറയും. നിങ്ങൾ ഞങ്ങളെല്ലാം കോടീശ്വരന്മാരാണെന്നു പറയുന്നു. നിങ്ങൾക്കറിയാമല്ലോ കയ്യൂർസമരത്തിന്റെ നായകനാണ് സഖാവ് ഇ. കെ. നായനാർ. അദ്ദേഹം ഇന്നു മുഖ്യമന്ത്രി പദത്തിൽ നിന്ന് ഒഴിഞ്ഞാൽ തിരുവനന്തപുരത്ത് വാടക വീട്ടിൽ താമസിക്കണം. ഞങ്ങളുടെ ഓരോ നേതാക്കളെയായി നിങ്ങൾ നോക്കുക. ഞങ്ങൾ ഫ്ളാറ്റുണ്ടാക്കുന്നു എന്നാണ് നിങ്ങളുടെ ആരോപണം. കോൺഗ്രസ് നേതാക്കന്മാർക്ക് ആർക്കൊക്കെയാണ് തിരുവനന്തപുരത്ത് മനോഹരങ്ങളായ മന്ദിരങ്ങൾ ഇല്ലാത്തത് ? നിങ്ങൾ തന്നെ പറയുക. എവിടെ നിന്നുണ്ടായി ഈ പണം ? തിരുവനന്തപുരത്തുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

യു. ഡി. എഫ്. നേതാക്കന്മാർക്കും ഫ്ളാറ്റുകളുണ്ട്. ഞങ്ങളുടെ ശ്രീ. നായനാർ മുതൽ ഓരോ നേതാക്കന്മാരേയും പരിശോധിച്ചു നോക്കൂ. ആർക്കെങ്കിലും തിരുവനന്തപുരത്തു സ്വന്തമായി വീടുണ്ടോ ? ഞങ്ങൾ ഒരു ഫ്ളാറ്റ് കെട്ടിയാലുള്ള കുഴപ്പമെന്താണ് ? ശ്രീ. ആര്യാടൻ പറഞ്ഞതെന്താണെന്നറിയാമോ ? ചവിട്ടി കയറിപ്പോയ വഴികൾ അദ്ദേഹം മറന്നുപോകുന്നു. നിങ്ങൾക്കറിയാമല്ലോ കുഞ്ഞാലിക്കുട്ടിയുടെ വിധവയായ ഭാര്യയെക്കൊണ്ടുപോലും വോട്ട് ചെയ്യിപ്പിച്ച് ഈ നിയമസഭയിലേക്ക് ശ്രീ. ആര്യാടനെ കൈപിടിച്ചു കൊണ്ടുവന്ന പാർട്ടിയാണിത്. അതു നിങ്ങൾ മറന്നുപോകരുത്. 1991-1996 കാലയളവിൽ അഴിമതിക്ക് വിധേയമല്ലാത്ത ഏതെങ്കിലുമൊരു മന്ത്രി ഉണ്ടായിരുന്നോ ? മുഴുവൻ ആളുകളും ആരോപണത്തിന് വിധേയരാണ്. എല്ലാവരും കോടതി കയറിയിറങ്ങുകയല്ലേ ? അന്നത്തെ മുഖ്യമന്ത്രി ശ്രീ. കരുണാകരനടക്കം പാമോയിൽ കച്ചവടത്തിൽ അഴിമതിയുണ്ടെന്ന് ആഡിറ്റ് ജനറൽ പറഞ്ഞതല്ലേ ? എന്നിട്ട് എന്തിനാണ് നിങ്ങൾ നിഷേധിക്കുന്നത്. അപ്പുറത്തുണ്ടായിരുന്ന ഓരോരുത്തരെയായിട്ടു പരിശോധിച്ചാൽ ഇതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. നേരെ മറിച്ച് ഇപ്പുറത്തുള്ള ആരെയെങ്കിലും കുറിച്ച് ഒരു ആരോപണം ഉന്നയിക്കാൻ ഇന്നുവരെ നിങ്ങൾ തയ്യാറായിട്ടുണ്ടോ ? ഒരു കേസ്പോലും എഴുതിക്കൊടുക്കാൻ നിങ്ങൾ തയ്യാറായിട്ടില്ല. നിങ്ങളുടെ കെടുകാര്യസ്ഥത എല്ലാ ആളുകൾക്കും അറിയാം. നിങ്ങൾ ഇറങ്ങിപ്പോയപ്പോൾ നടത്തിയ കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞല്ലോ നിങ്ങൾ ഒരുപാട് കാര്യങ്ങൾ ചെയ്തു. ബുദ്ധിമുട്ടുകൾക്ക് ഇടയിലാണെങ്കിൽപോലും ഈ ഗവൺമെന്റ് വികസന പ്രവർത്തനങ്ങളോ ക്ഷേമപ്രവർത്തനങ്ങളോ അതുപോലെ തന്നെ ജനങ്ങളുടെ നന്മയ്ക്ക് ഉതകാത്ത എന്തെങ്കിലും കാര്യം ചെയ്യുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യാൻ ഞങ്ങൾ തയ്യാറായിട്ടില്ല. ഏതു മേഖല എടുത്തു പരിശോധിച്ചാലും അതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഈ ഗവൺമെന്റ് നടപ്പാക്കിയ കാര്യങ്ങൾ നിങ്ങൾക്കറിയാം. ഇവിടെകാർഷിക മേഖലയെക്കുറിച്ച് എല്ലാവരും പറഞ്ഞു. പക്ഷേ കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് നാണ്യവിളകളുടെ രംഗത്ത് ഇത്രയേറെ തകർച്ചയുണ്ടായിട്ടും ത്രിതല പഞ്ചായത്തുകൾ വഴി 500 കോടി രൂപ ഈ ബഡ്ജറ്റിൽ നീക്കി വച്ചുകൊണ്ട് കാർഷിക മേഖലയെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. ആന്ധ്രയിൽ നടക്കുന്നതുപോലെ പട്ടിണിമരണങ്ങൾ ഇവിടെ നടക്കുന്നില്ല. 111 കൃഷിക്കാർ ആത്മഹത്യ ചെയ്തു. 50 ആളുകൾ അവരുടെ കിഡ്നി വിറ്റു ബാങ്കിൽ പണം അടച്ചു. നിങ്ങൾ ഭരിക്കുന്ന കർണ്ണാടകയിൽ കപ്പലണ്ടികൃഷിക്കാർ സമരരംഗത്താണ്. അവരുടെ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കണമെന്നും ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കൃഷിക്കാർ സമരത്തിലാണ്. നിങ്ങൾ അതു കാണുന്നില്ല. പക്ഷേ കേരളത്തിൽ മാത്രം അത്തരത്തിലുള്ള സംഭവങ്ങൾ നടക്കാത്തത് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് കൃഷിക്കാരെ രക്ഷിക്കുന്നതിനു വേണ്ടി ബോധപൂർവമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിയതുകൊണ്ടാണ്. ത്രിതല പഞ്ചായത്തുകൾ വഴി 500 കോടി രൂപ അതിനുവേണ്ടി മാറ്റി വച്ചിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഈ ഗവൺമെന്റ് കൃഷിക്കാരെ രക്ഷിക്കുന്നതിന് 5921 പമ്പു സെറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ നിലം ഉഴുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

4431 ട്രാക്ടറുകളും വിതരണം ചെയ്തു. വികസനം വഴിമുട്ടി നിൽക്കുന്ന ഒരു ഗവൺമെന്റാണ് ഇതെന്ന് യു. ഡി. എഫ്. ഇവിടെ പറഞ്ഞു. നിങ്ങളുടെ നേതാവ് എന്താണ് ഇവിടെ പ്രസ്താവിച്ചത് ? നിങ്ങൾക്കറിയാമല്ലോ ഈ ഗവൺമെന്റ് 17,188 കിലോമീറ്റർ റോഡുകൾ പുതിയതായി നിർമ്മിച്ചു ടാർ ചെയ്യുകയുണ്ടായി. 4,873 കിലോമീറ്റർ ദൂരം പഞ്ചായത്തുറോഡുകൾ ടാർ ചെയ്തു. 1,725 പുതിയ പാലങ്ങൾ 5 വർഷംകൊണ്ട് പൂർത്തിയാക്കി. 4,010 കൺവെർട്ടുകൾ നിർമ്മിച്ചു. ഇത്രയും ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടുപോലും തൊഴിൽ മേഖലയിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേരസുധ അടക്കം വിതരണം ചെയ്തു കൊണ്ട് 10 ലക്ഷം പേർക്ക് ആ മേഖലയിൽ തൊഴിൽ കൊടുക്കാൻ നടപടി സ്വീകരിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെയും പി. എസ്. സി. വഴിയും രണ്ടു ലക്ഷത്തി എഴുപതിനായിരം പേർക്ക് തൊഴിൽ നൽകി.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്ര പ്രാവശ്യം ട്രഷറി അടച്ചിട്ടു ? ഇപ്പോൾ ഒരു ദിവസം പോലും ട്രഷറി അടച്ചിടാതെ ട്രഷറി നിയന്ത്രണമേർപ്പെടുത്തി കൊണ്ട് എല്ലാ മേഖലകളും ഒരുപോലെ കണ്ടുകൊണ്ട് കേരളത്തിലെ ധനസ്ഥിതി മെച്ചപ്പെടുത്തുന്ന ഒരു ഭരണം നടത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കഴിഞ്ഞു എന്നതുതന്നെ വളരെ അനുഗ്രഹമായ സ്ഥിതിയാണ്. കേന്ദ്രം അനുവർത്തിച്ചിട്ടുള്ള നയങ്ങൾ നിങ്ങൾക്ക് അറിയാമല്ലോ? 11-ാം ധനകാര്യ കമ്മിഷൻ ഓരോ സംസ്ഥാനങ്ങളോടും എടുത്ത നടപടികളൊക്കെ ഇവിടെ മെമ്പർമാർ പറഞ്ഞു. അതുകൊണ്ടുതന്നെ ഈ വക കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. വികസന രംഗത്ത് എല്ലാ ആനുകൂല്യങ്ങളും വെട്ടിക്കുറച്ചിട്ടു പോലും വിദ്യാഭ്യാസ രംഗത്തും, ആരോഗ്യരംഗത്തും നിരവധി ഗുണകരമായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. കഴിഞ്ഞ അഞ്ചുവർഷക്കാല ഭരണം നിങ്ങൾക്കറിയാം. അതുകൊണ്ടാണ് ഐക്യരാഷ്ട്ര സഭയിലെ സെക്രട്ടറി ജനറൽ കോഫി അന്നനും, ഇൻഡ്യൻ രാഷ്ട്രപതി ശ്രീ. കെ. ആർ. നാരായണനും, ലോക സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യാസെന്നുമൊക്കെ കേരളം ഇൻഡ്യയ്ക്ക് മാതൃകയാണെന്ന് പറഞ്ഞത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ കേരളത്തിലെ ജനങ്ങൾ വമ്പിച്ച ഭൂരിപക്ഷത്തോടെ അടുത്ത തെരഞ്ഞെടുപ്പിൽ അധികാരത്തിലേറ്റുമെന്നതിന് യാതൊരു സംശയവും വേണ്ട. അടുത്ത തെരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി വിജയിച്ച് അധികാരത്തിൽ വന്ന് ഇവിടെ നിങ്ങൾ ഉന്നയിച്ച പ്രശ്നങ്ങൾക്കായാലും പ്ലസ് ടു അദ്ധ്യാപകർക്കായാലും മറ്റെല്ലാ രംഗത്തുമുള്ള മുഴുവൻ ആളുകൾക്കും അർഹതപ്പെട്ടതെല്ലാം കൊടുത്തുകൊണ്ട് മെച്ചപ്പെട്ട തരത്തിലുള്ള ഒരു പ്രകടന പത്രികയും കാഴ്ചവച്ചുകൊണ്ട് ജനങ്ങളുടെ അംഗീകാരത്തോടുകൂടി വരുന്ന തെരഞ്ഞെടുപ്പിൽ മൽസരിച്ച് വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിൽ വരുമെന്നതിന് യാതൊരു സംശയവും വേണ്ടെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ ഒന്നുകൂടി പിൻതാങ്ങി കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. മുനീർ : സർ, ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. ഒരു ചെറിയ ഭേദഗതി തുടക്കത്തിലെ വാചകത്തിലാകാം

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ്. അകമഴിഞ്ഞ സംതൃപ്തിയോടുകൂടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ആറാമത്തെ ബഡ്ജറ്റ് ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നത് എന്നാണ് ശ്രീ. ശിവദാസമേനോൻ പറഞ്ഞിരിക്കുന്നത്. എന്നാൽ 'അകമഴിഞ്ഞ' എന്ന പദത്തിനുപകരം 'അകമൊഴിഞ്ഞ' എന്നതായിരിക്കും കൂടുതൽ നല്ലത്. ബജനാവ് ഇത്രമാത്രം അകമൊഴിഞ്ഞതാക്കിയശേഷം സംതൃപ്തിയോടുകൂടി അദ്ദേഹത്തിന് ഇറങ്ങിപ്പോകാൻ സാധിക്കുമെന്നുപറയുന്നതു തന്നെ നമ്മുടെ സാമ്പത്തികാവസ്ഥ എവിടെ നിൽക്കുന്നുയെന്നതിലേയ്ക്കുള്ള ഒരു ചൂണ്ടുപലകയാണ്. നമ്മുടെ പ്രിയങ്കരനായ എന്റെ സുഹൃത്ത് ശ്രീ. എം. ദാസൻ പറയുകയുണ്ടായി കേരളത്തിന്റെ മാത്രമായിട്ടുള്ള ഒരു പ്രതിഭാസമല്ല ഇൻഡ്യാ രാജ്യത്തിന്റെ ഭാഗമായതുകൊണ്ടാണ് കേരളത്തിലും ഇതുപോലുള്ള സംഭവങ്ങളുണ്ടാകുന്നതെന്ന് പറഞ്ഞു. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഭാഗമായിട്ടാണ് നാം ഈ സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നത്. ഗവൺമെന്റ് തന്നെ നമ്മുടെ മുമ്പിൽ അച്ചടിച്ചിറക്കിയിട്ടുള്ള Percapita Debt Outstanding എന്ന ഭാഗം ഇവിടെ വായിക്കുകയാണ്. കേരളത്തിൽ 1991-ൽ പെർക്യാപിറ്റാ Debt 1491 ആയിരുന്നു. 2001 ആകുമ്പോഴേയ്ക്കും 6,771 കോടി രൂപ ആകുകയാണ്. ഭാരതത്തിന്റെ തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിൽ കേവലം 4,375 കോടിയേയുള്ളൂ. ആന്ധ്രാപ്രദേശിൽ 5,000 കോടിയേയുള്ളൂ. തമിഴ്നാട്ടിൽ നാലായിരം കോടിയേയുള്ളൂ. എന്തിനധികം പറയുന്നു ബീഹാറിലും ആസ്സാമിലും പോലും മൂവായിരം കോടിയേയുള്ളൂ.ഇൻഡ്യയുടെ ഭാഗമായിട്ടുള്ള ഈ സംസ്ഥാനങ്ങളിലൊക്കെ തന്നെ percapita Debt വളരെയധികം നിയന്ത്രിച്ച് നിർത്താൻ അവർക്ക് സാധിച്ചിട്ടുണ്ടെങ്കിൽ ഇത് ഭാരതത്തിന്റെ ഭാഗമല്ലേ ? ഇത് ഭാരതത്തിന്റെ സാമ്പത്തിക രംഗത്തുള്ള മാനേജ്മെന്റിലുള്ള കെടുകാര്യസ്ഥതയാണോ എന്ന് നമ്മൾ പരിശോധിക്കണം. ഇൻഡ്യാ ഗവൺമെന്റിനെ ഒരിക്കലും നമുക്ക് വെള്ളപൂശാൻ സാധിക്കുകയില്ല. അവരുടെ വിഫലമായ നയങ്ങൾ മൂലം നമ്മൾ ഏറെ കഷ്ടപ്പെടുന്നുവെന്നുള്ളതിനെ ഞാൻ പിൻതുണയ്ക്കുന്നു. പക്ഷേ അതോടൊപ്പം തന്നെ നമുക്ക് നമ്മുടേതായി ചെയ്യേണ്ട ചില കാര്യങ്ങൾ ഇല്ലേ എന്നതിലേക്കാണ് percapita Debt Outstanding ബഡ്ജറ്റ് ഇൻ ബ്രീഫിലെ പ്രസ്തുത പേജ് സൂചിപ്പിക്കുന്നത്. ഇവിടെ പഴയ ഗവൺമെന്റുമായി താരതമ്യം ചെയ്തുകൊണ്ട് കുറെ കാര്യങ്ങൾ സംസാരിച്ചു. ഞങ്ങൾ തന്നെ ഇവിടെ ചോദിച്ച ഒരു ചോദ്യമുണ്ട്. 2000-2001 സാമ്പത്തിക വർഷത്തിൽ എത്രപ്രാവശ്യം എത്ര രൂപ ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ എന്ന ചോദ്യത്തിന് 2000 ഡിസംബർ വരെ 16 തവണകളിലായി 2,133.50 കോടി രൂപ എടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം എത്ര പ്രാവശ്യം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ടെന്ന് പറയാമോ എന്ന ചോദ്യത്തിന് 2001 ജനുവരി വരെ ആകെ 69 പ്രാവശ്യം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ട്. 1995-96 സാമ്പത്തിക വർഷം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് ഗവൺമെന്റ് എടുത്തിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നുമാണ് മറുപടി. ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ കടം എത്ര കോടിയായി വർദ്ധിച്ചുവെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചപ്പോൾ ഇരുപതിനായിരത്തി ഒരുനൂറ്റി എഴുപത്തിയാറ് കോടിയായി എന്ന് പറയുന്നുണ്ട്. നിയമസഭയ്ക്ക് നൽകിയ മറുപടിയിൽ പറയുന്നത് വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ പണം ചെലവാക്കേണ്ടി വരുന്നത് റവന്യൂ വരുമാനത്തിലുണ്ടാകുന്ന കുറവ് അതുപോലെ സാമ്പത്തിക മാന്ദ്യം നാണ്യവിളകളുടെ കുറവ് ഇതൊക്കെയാണ് കടബാദ്ധ്യതയുടെ കാരണമെന്നാണ്. പക്ഷേ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ ഡോ. വൈ. വി. റെഡ്ഡിയെയടക്കം ഉദ്ധരിച്ചുകൊണ്ട് പറയുന്നത് ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്ക് ചെലവാക്കേണ്ടിവന്നതു കൊണ്ടാണ് ഈ പ്രശ്നമുണ്ടായിട്ടുള്ളത് എന്നാണ്. ഇതിൽതന്നെ പരസ്പര വൈരുദ്ധ്യം നമ്മൾ കാണുന്നുണ്ട്. എന്തോ എവിടെയോ മറച്ചുവച്ചു കൊണ്ട് ഈ ഒരു കെണിയിൽ നിന്ന് രക്ഷപ്പെടുന്ന ഒരു അവസ്ഥയാണ്. അതുകൊണ്ട് സംതൃപ്തിയോടുകൂടിയാണ് ഞാൻ ഒഴിഞ്ഞുപോകുന്നതെന്ന് പറയേണ്ടി വന്നത്. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് നമ്മുടെ സംസ്ഥാനം മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ മേഖലയിൽ വളരെ മുന്നോട്ടുപോകേണ്ടതായിരുന്നു. കാരണം ടെക്നോപാർക്ക് എന്ന് നമ്മൾ അഭിമാനത്തോടെ പറയുന്ന ആ സ്ഥാപനം എത്രയോ വർഷങ്ങൾക്കുമുമ്പ് നമുക്ക് സ്ഥാപിക്കാൻ സാധിക്കുമായിരുന്നു. പക്ഷേ ആ മേഖലയിൽ നമ്മൾ ഒരിഞ്ചുപോലും മുന്നോട്ട് പോയിട്ടില്ല എന്നുള്ളതാണ് സത്യം. തൊട്ടടുത്ത സംസ്ഥാനങ്ങൾ നമ്മുടെ കൺമുന്നിൽവച്ച് വളരുകയാണ്. കർണ്ണാടകം, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ പരിശോധിച്ചാൽ വിവര സാങ്കേതിക രംഗത്ത് നമ്മുടെ മുഖ്യമന്ത്രിയുടെ ഭാഷയിൽ 'It' മേഖലയിൽ ആന്ധ്രാപ്രദേശിലെ മുഖ്യമന്ത്രി കയ്യിൽ ലാപ്ടോപ്പുമായി നടക്കുകയാണ്. നമുക്ക് വികസിക്കാൻ സാധിച്ചിട്ടില്ല. മുഖ്യമന്ത്രിയോട് ചോദിക്കാം എന്നുള്ള പരിപാടിയിൽ ഇ-മെയിൽ എന്നതിന്റെ അർത്ഥമെന്താണെന്ന് ചോദിക്കുന്നത് നമുക്ക് കേൾക്കേണ്ടേ ? ആ ഗതികേടുപോലുമുണ്ടായി. ഇവിടെ വിവര സാങ്കേതികരംഗത്ത് എത്രമാത്രം വികസനമുണ്ടാകും. നിങ്ങൾ അതിനുവേണ്ടി അഞ്ച് കോടി രൂപമാത്രമാണ് മാറ്റിവച്ചിട്ടുള്ളത്. അതിൽതന്നെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് ഓഫ് കേരളയുടെ ചെയർമാൻ അവിടെ വേണമോ വേണ്ടയോ എന്നുള്ള വിഷയത്തിലേയ്ക്കെത്തിയിരിക്കുന്നു ഇന്നത്തെ ചർച്ച. അപ്പോൾ ഇൻഫർമേഷൻ ടെക്നോളജി ഈ അടുത്തകാലത്തൊന്നും വളരാൻ സാദ്ധ്യതയില്ല. അതിന്റെ കുമ്പടഞ്ഞുപോയി എന്ന് ഈ രണ്ട് പേജ് വായിച്ചുനോക്കിയാൽ മനസ്സിലാകും. അമേരിക്കയിലെ ബിൽ ക്ലിന്റൺ പോലും പറഞ്ഞത് ഞങ്ങളുടെ കൈയിൽ സോഫ്ട്വെയറും ഹാർഡ്വെയറും മാത്രമേയുള്ളൂ, ഹ്യൂമൻ വെയർ കേരളത്തിലുണ്ടെന്നാണ്. ആ ഹ്യൂമൻ വെയർ എന്നുപറയുന്ന കേരളത്തിന്റെ വിഭവത്തിൽ മാനവവിഭവശേഷിയെ ഉപയോഗിക്കാൻ കഴിയാതെ അതിനെ അന്യൽ സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വിട്ടുകൊടുക്കുന്ന ഒരവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. അതിന്റെ കാരണമെന്താണെന്ന് നമ്മൾ പരിശോധിക്കണം. ഇതിനെക്കുറിച്ചുള്ള വിവരം ഇല്ലെന്നുള്ളതുതന്നെയാണ്. ഓരോ മേഖലയും എടുത്ത് നോക്കിയാൽ ആരോഗ്യരംഗത്ത് ഒരു വളർച്ചയും ഉണ്ടായില്ല എന്നു മാത്രമല്ല ഇപ്പോൾതന്നെ ഇതുവരെ വിതരണം ചെയ്ത മരുന്നുകളുടെ കുടിശ്ശിക കിട്ടാതെ ഇനി മരുന്ന് നൽകില്ലെന്ന് കമ്പനിയുടെ നിലപാട് ഗുരുതരമാക്കിയത്

LIBRARY ARCHIVES Kerala Legislative Assembly

നൂറ് കോടിയിലധികം രൂപയാണ് ഈ ഇനത്തിൽ നൽകാനുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രം മരുന്ന്, ആഹാരം എന്നിവ നൽകുന്നതിന് പോയ വർഷത്തെ കുടിശ്ശിക എട്ടുകോടി രൂപയാണ്. ഇന്ന് ആതുരശുശ്രൂഷാ കേന്ദ്രങ്ങൾ നോക്കുകുത്തികളായി മാറാനുള്ള സാദ്ധ്യതയുണ്ട്. പ്രത്യേകിച്ച് ഗാട്ട് കരാറിന്റെ ഭാഗമായി പ്രശ്നങ്ങളുണ്ട്. മരുന്നുകളുടെ വില കൂട്ടാൻ പോകുന്നു. പക്ഷേ ഈ ആതുര ശുശ്രൂഷാ കേന്ദ്രങ്ങളെ ഭാവിയിൽ എങ്ങനെ നിലനിർത്തി സാധുക്കളെ ചികിത്സിക്കാനുള്ള അവസ്ഥയുണ്ടാക്കുമെന്ന് നമ്മൾ പരിശോധിക്കണ്ടേ ? സാധാരണ വൈറൽ ഫീവർ വന്നാൽ, മുഖ്യമന്ത്രിയുടെ ഭാഷയിൽ വയർലസ് ഫീവർ വന്നാൽ ചികിത്സിക്കാനുള്ള അവസ്ഥപോലും ഇന്ന് കേരളത്തിൽ ഇല്ല. ആശുപത്രിയിൽ ചെന്നുകഴിഞ്ഞാൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുന്നു. ആരോഗ്യരംഗത്തെ അവസ്ഥ ഇതാണെങ്കിൽ ട്രാൻസ്പോർട്ട് രംഗത്ത് ഏറ്റവും കൂടുതൽ നഷ്ടമുണ്ടാക്കിയ കാലഘട്ടം ഇതായിരുന്നുവെന്ന് പത്രങ്ങൾപോലും പറയുന്നു. ട്രാൻസ്പോർട്ടിന്റെ നഷ്ടം അഞ്ചു വർഷത്തിനിടെ അഞ്ചിരട്ടിയായി എന്നാണ് പത്രങ്ങളിൽ പറയുന്നത്. ഏത് മേഖലയിലാണ് വളർച്ച ഉണ്ടായിട്ടുള്ളത് ? ഈ ബഡ്ജറ്റ് കൊണ്ടുള്ള ഗുണമെന്നു പറയുന്നത് ഇതിൽ പുതിയതായി ഒന്നും പറഞ്ഞിട്ടില്ല. പുതിയ നികുതി നിർദ്ദേശങ്ങളില്ല. അതുപോലെ സംസ്ഥാനത്ത് എന്തെങ്കിലും ചെയ്യാനുള്ള ഉദ്ദേശം ഇല്ലായെന്ന് വ്യക്തമാക്കുന്ന ബഡ്ജറ്റാണ്. ഇതിനെ എങ്ങനെ പിന്തുണയ്ക്കും ? ഇവിടെ അപ്പുറത്തുള്ള സുഹൃത്തുക്കളിൽ ചിലർ രാഷ്ട്രീയം പറയുകയുണ്ടായി. അതിനുള്ള മറുപടി ഞാൻ പറയാം. കേരളത്തിന്റെ വികസനത്തെക്കുറിച്ച് നമുക്ക് ഒരുമിച്ചിരുന്ന് ആലോചിക്കേണ്ട കാര്യങ്ങളില്ലേ ? പോലീസ് വണ്ടികൾ പോലും പെട്രോൾ അടച്ചിട്ട് പൈസ കൊടുത്തിട്ടില്ലായെന്ന് പത്രങ്ങൾ പറയുന്നു. അത് കുടിശ്ശികയായി കിടക്കുകയാണ്. പോലീസ് ഭീഷണിപ്പെടുത്തുമെന്ന് ഭയന്ന് പെട്രോൾ പമ്പുകാർ കാശ് ചോദിക്കുന്നില്ല. ഇതെല്ലാം ഒരു ഭാഗത്ത് നടക്കുമ്പോൾ മറുഭാഗത്ത് ധൂർത്ത് എത്രമാത്രം ഉണ്ടെന്നതിനെ സംബന്ധിച്ചാണ് എനിക്ക് പറയാനുള്ളത്. മൊബൈൽ ഫോണിന്റെ കാര്യം ചെറുതായി കാണരുത്. സെല്ലുലാർ ഫോൺ, മുഖ്യമന്ത്രിയുടെ ഭാഷയിൽ സെക്കുലാർ ഫോൺ ഉപയോഗിച്ച വകയിൽ നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി എത്ര പണം ചെലവഴിച്ചുവെന്നുള്ളതല്ല ഇവിടത്തെ പ്രശ്നം. ബോണക്കാട് പോലുള്ള പ്രദേശങ്ങളിൽ പട്ടിണി മരണം നടക്കുന്ന സമയത്ത് ഈ ധൂർത്ത് പാടുണ്ടോ എന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്. മാനവീയത്തിന്റെ പേരിൽ നമ്മൾ ഇവിടെ ചെലവഴിച്ചുകൊണ്ടിരിക്കുന്ന പണം, സാധാരണക്കാരന്റെ പണം, അത് ധൂർത്തല്ലേ ? കോഴിക്കോട് വച്ച് കുറെയധികം ചിത്രപ്രദർശനം, അല്ലെങ്കിൽ ലൈറ്റ് പെയിന്റിംഗിനുവേണ്ടി ഇവിടെനിന്നും ഒരു ക്യാൻവാസ് കൊണ്ടുപോയത് എത്ര രൂപ ചെലവഴിച്ചാണ് ? ക്യാൻവാസ് കൊണ്ടു പോകുന്ന വഴിക്കൊക്കെ സ്വീകരണമായിരുന്നു. മാനവീയത്തിന്റെ പേരിൽ എത്ര രൂപ ധൂർത്തടിച്ചുവെന്ന് പരിശോധിക്കണ്ടേ ? ഇന്നലെ വന്ന പത്രവാർത്താ കോഴകളെക്കുറിച്ചുള്ളതൊന്നും ഞാൻ വായിക്കുന്നില്ല. സി. പി. ഐ (എം) നേതാക്കന്മാരുടെ മക്കൾ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജിൽ കോഴ സീറ്റിൽ. ഇതൊന്നും ഞാൻ പറയുന്നില്ല. കോളേജുകളിൽ കോഴ കൊടുത്തുവെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോൾ എന്തിനാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൂത്തുപറമ്പിൽ പാവപ്പെട്ട നാല് ആളുകൾ വെടിയേറ്റ് മരിച്ചത് ? ആ വിഷയത്തിലേക്ക് വരാനുള്ള കാരണമെന്തായിരുന്നു ? അന്ന് നമ്മുടെ മന്ത്രിമാരെ വഴിയിൽ തടഞ്ഞതാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വകാര്യ മേഖലയിൽ സ്വാശ്രയ കോളേജുകൾ കൊടുത്തു. എം. ബി. എസ്. കുറ്റിപ്പുറം കോളേജ് കൊടുത്തു എന്ന കാരണത്താലാണ് വഴി തടഞ്ഞത്. അത് വെടിവയ്പ്പിൽ കലാശിച്ചു എങ്കിൽ കുറ്റിപ്പുറത്തെ എഞ്ചിനീയറിംഗ് കോളേജ് ഉത്ഘാടനം ചെയ്യാൻ പോയത് നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാരാണെന്ന് പറയുമ്പോൾ, ഈ നാല് ആളുകളുടെ മരണത്തെ, അല്ലെങ്കിൽ അവർ രക്തസാക്ഷികളായതിന്റെ കാരണങ്ങളെക്കുറിച്ച് ചിന്തിക്കണ്ടേ ? നിങ്ങൾ ചെയ്യുന്ന സമയത്ത് എല്ലാം ശരിയും ഞങ്ങൾ ചെയ്യുമ്പോൾ എല്ലാം തെറ്റുമെന്ന് വരുത്തിത്തീർക്കുന്നത് ശരിയാണോ ? ഇപ്പോൾ സഹകരണ മേഖലയിൽ നിങ്ങൾ കോളേജുകൾ തുടങ്ങുന്നില്ലേ ? ഏതായാലും നിങ്ങളുടെ അവസ്ഥ എത്രമാത്രം അപകടകരമാണെന്നതിലേക്ക് വഴിചൂണ്ടുന്നതാണ് കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ നിങ്ങൾക്ക് സ്വതന്ത്ര സ്ഥാനാർത്ഥികളെ പിന്തുണക്കേണ്ടി വന്നിട്ടുള്ളത്. നിങ്ങൾ അരിവാൾ ചുറ്റിക നക്ഷത്രം ഇപ്പോൾ പുറത്തെടുക്കുന്നില്ല. കണ്ണട, കുട, വടി, സെറ്റ്പല്ല് തുടങ്ങിയ ചിഹ്നങ്ങളിൽ ആളുകളെ നിർത്തേണ്ട അവസ്ഥാവിശേഷം വന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണം. നിലമ്പൂർ പഞ്ചായത്തിൽ സി. പി. ഐ (എം) സ്ഥാനാർത്ഥിയെ നിർത്തി മത്സരിപ്പിച്ചു. അവിടെ ബി. ജെ. പി. ക്ക് സ്ഥാനാർത്ഥി ഉണ്ടായിരുന്നില്ല. യു. ഡി. എഫ്. തോറ്റു. അതിന്റെ വിശദീകരണം ഒന്ന് പറഞ്ഞു തന്നാൽ നന്നായിരിക്കും. കുഴിവണ്ണ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് പാർട്ടിയുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറി മൽസരിച്ചത് സ്വന്തം ചിഹ്നത്തിൽ ആയിരുന്നില്ല. തുലാസ് ചിഹ്നത്തിൽ അവിടെ ബി. ജെ. പി. കൂട്ടായിരുന്നു. ബി. ജെ. പി. ക്ക് കിട്ടിയത് 20 വോട്ടുകളാണ്. 100 വോട്ടിന് സി. പി. ഐ. (എം) വിജയിച്ചു. ഇതിന്റെ കണക്ക് വ്യക്തമായി പറയണം. തിരൂർ മുനിസിപ്പാലിറ്റിയിൽ ഞങ്ങൾ സി. പി. ഐ. (എം) നെ പിന്തുണച്ചുവെന്ന് ബി. ജെ. പി. യുടെ മലപ്പുറം ജില്ലാ നേതാക്കൾ പ്രസ്താവിച്ചതിനെ നിങ്ങൾ നിഷേധിക്കുന്നുണ്ടോ ? പുളിക്കൽ, വാഴക്കാട് എന്നീ പഞ്ചായത്തുകളിൽ സി. പി. ഐ. (എം) ബി. ജെ. പി. യുമായി രഹസ്യവും പരസ്യവുമായ ബന്ധം ഉണ്ടായിരുന്നുവെന്ന ആരോപണം ശരിയാണോയെന്ന് നിങ്ങൾ പറയണം. സി. പി. ഐ (എം) സേവ് ഫോറം ഇറക്കിയിട്ടുള്ള ലഘുലേഖയിൽപോലും ഞങ്ങളുടെ നേതാക്കൾ ആലപ്പുഴ, എറണാകുളം പോലുള്ള ജില്ലകളിൽ ബി. ജെ. പി. യുമായി ധാരണ ഉണ്ടാക്കിയതിന് തെളിവുകൾ ഉണ്ടെന്ന് പറഞ്ഞത് ശരിയാണോ ? നിങ്ങൾ ആരോപണം ഉന്നയിച്ചതുകൊണ്ടാണ് ഞാൻ പറയുന്നത്. ഞാൻ ചോദിക്കട്ടെ, കോൺഗ്രസും ബി. ജെ. പി. യുമാണ് ഇവിടെ മത്സരം. ഇവിടെയിരിക്കുന്ന ശ്രീ. ചെർക്കളം അബ്ദുള്ള സാഹിബ് കാസർഗോഡുനിന്നും ജയിച്ചത് ബി. ജെ. പി. യെ നേരിട്ടിട്ടാണ്. അവിടെ നിങ്ങൾ മൂന്നാംസ്ഥാനത്താണ്. നിങ്ങൾക്ക് അവിടെ ബി. ജെ. പി. യെ നേരിടാൻ സാധിച്ചിട്ടില്ല. ആ ബി. ജെ. പി. യെ തകർത്ത്, ബി. ജെ. പി. ഫാസിസ്റ്റുകൾ വരാതിരിക്കാൻ വേണ്ടി തടയിട്ടത് ഐക്യജനാധിപത്യ മുന്നണിയാണ്. അതിന്റെ തെളിവാണ് ശ്രീ. ചെർക്കളം അബ്ദുള്ള സാഹിബ് എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എവിടെയാണ് നിങ്ങൾ ബി. ജെ. പി. യെ നേരിടുന്നത് ? ഞങ്ങൾ എന്തെങ്കിലും പറഞ്ഞുകഴിഞ്ഞാൽ ഞങ്ങളെ പട്ടിയാക്കി, പേപ്പട്ടിയാക്കി, ആർ. എസ്. എസ്സുകാരനാക്കി. സി. ഐ. എ. ഏജന്റാക്കി ചെറുതാക്കണമെന്ന് നിങ്ങൾ വിചാരിക്കുമോ ? നിങ്ങൾക്ക് ആരെയെങ്കിലും ആവശ്യമാണെങ്കിൽ ഇവിടെ അവർ മഹാത്മാഗാന്ധിയാകുന്നു. നിങ്ങൾക്ക് വോട്ടുകൾ വേണമെങ്കിൽ നിങ്ങൾ മഹാത്മാഗാന്ധിയായി ചിത്രീകരിക്കുന്നു. നിങ്ങളെ എതിർത്താൽ നിങ്ങൾ അവരെ ആർ. എസ്. എസ്സുകാരനായി ചിത്രീകരിക്കുന്നു. ആർ. എസ്. എസ്സുകാരനെ നേരിടാൻ ഞങ്ങൾക്ക് അറിയാം. ഇൻഡ്യയിലെ ഫാസിസ്റ്റുകളെ നേരിടാനും ഫാസിസ്റ്റുകളുടെ വളർച്ചയെ തടയിടാനും ഞങ്ങൾക്ക് ആരുടെയും ശീട്ട് ആവശ്യമില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)</u> : സർ, കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസത്തിന്റെ കുളിർകാറ്റേകിയ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുവേണ്ടി ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു. പ്രധാനമായും കേരളത്തിലെ മൂന്നുകോടിയിൽപ്പരം വരുന്ന ജനങ്ങളെ കക്ഷിരാഷ്ട്രീയത്തിന് അതീതമായി നേരിട്ട് ബാധിക്കുന്ന പൊതുവിതരണ ശൃംഖലപോലും നശിക്കുകയും നശിപ്പിക്കുകയും ചെയ്ത ഒരു സാഹചര്യത്തിൽ കേരളത്തിലെ ഗവൺമെന്റ് ഇവിടെ നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിർത്താനും അതുവഴി കാര്യക്ഷമമായി പ്രവർത്തിക്കാനും കേരളത്തിലെ മൂന്നുകോടിയിൽപ്പരം വരുന്ന ജനങ്ങളെ സഹായിക്കാനും ഉതകുന്ന ക്രിയാത്മകമായ ഒരു നടപടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ സ്വീകരിച്ചിരിക്കുകയാണ്. 161 കോടി രൂപയാണ് ഈ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനു വേണ്ടി മാറ്റി വയ്ക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസത്തിന്റെ കുളിർകാറ്റേകിയ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന് ഞാൻ ആമുഖമായി പറഞ്ഞത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണി കേന്ദ്ര സിവിൽ സപ്ലൈസ് മന്ത്രി ആയിരുന്നപ്പോൾ ആദായനികുതി നൽകുന്നവർക്ക് റേഷൻ ഇല്ല എന്നു പറഞ്ഞത് ഒരുപക്ഷേ സൗകര്യപൂർവ്വം മറന്നുപോകുമെന്ന് ഞാൻ കരുതുന്നില്ല. ആദായനികുതി നൽകുന്നവർക്ക് റേഷൻ നൽകേണ്ടതില്ലായെന്ന തീരുമാനമെടുത്ത കേന്ദ്ര സിവിൽ സപ്ലൈസ് മന്ത്രി ആയിരുന്ന പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവർ കൊണ്ടുവന്ന പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായി പൊതുവിതരണ ശൃംഖല ആകെ തകർന്നുകൊണ്ടിരുന്ന, നശിച്ചുകൊണ്ടിരുന്ന ഒരു സന്ദർഭത്തിലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇത്തരമൊരു സമീപനം സ്വീകരിക്കുന്നത്. അത് ഏത് രാഷ്ട്രീയ പാർട്ടിയെന്നോ ഏത് മതവിശ്വാസികളെന്നോ കണ്ടുകൊണ്ടല്ല, എല്ലാവിഭാഗം ജനങ്ങളെയും ഒന്നിച്ച് കാണാനും ഒന്നിച്ച് സഹായിക്കാനുമുള്ള സമീപനം സ്വീകരിക്കണം. ഇവിടെ പലരും പ്രതിപക്ഷത്തിരുന്നു കൊണ്ട് ഈ ബഡ്ജറ്റിനെ എതിർക്കുന്നതുകേട്ടു. ഞാൻ ഒറ്റ കാര്യം മാത്രമാണ് സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി റേഷണിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സമ്പ്രദായം നിലനിർത്തുന്നതിൽ പ്രതിപക്ഷ കക്ഷികളുടെ സമീപനം എന്താണ് ? ആ സമീപനം ഒന്ന് വിശദീകരിക്കണം. കേന്ദ്ര റയിൽവേ സഹമന്ത്രി റേഷൻ കാലഹരണപ്പെട്ട ആശയമാണ് എന്നാണ് പറഞ്ഞത്. കേരളക്കാരനായ കേന്ദ്ര റയിൽവേ സഹമന്ത്രി പറയുന്നത് റേഷൻ എന്നുപറയുന്നത് കാലഹരണപ്പെട്ട ആശയം എന്നാണ്. അത് പറയുമ്പോൾ ഈ ബഡ്ജറ്റിനെക്കുറിച്ചും, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനത്തെക്കുറിച്ചും ഘോരഘോരം വിമർശിക്കുന്ന പ്രതിപക്ഷത്തുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നിലപാട് എന്താണെന്ന് അറിയാനുള്ള താൽപ്പര്യം കേരളത്തിലെ ജനങ്ങൾക്കുണ്ട്. അത് പറയാനുള്ള ബാദ്ധ്യത കേരളത്തിലെ പ്രതിപക്ഷ കക്ഷികൾക്കും ഉണ്ട്. അത് പറഞ്ഞില്ല എന്ന് മാത്രമല്ല, ആ ഒരവസ്ഥ നിലനിൽക്കുമ്പോഴും അത്തരം ഒരവസ്ഥയ്ക്ക് മാറ്റം ഉണ്ടാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശ്രമിക്കുമ്പോൾ അതിനെ എല്ലാ അർത്ഥത്തിലും വിമർശിക്കുന്നതിനു പകരം ആ നല്ല പ്രവർത്തനത്തെ പിൻതുണയ്ക്കാനുള്ള സൻമനസ് വൈകിയാണെങ്കിലും ഉണ്ടാകേണ്ടതുണ്ട്. എനിക്ക് ശേഷം പ്രസംഗിക്കുന്ന ശ്രീ. തിരുവഞ്ചൂർ എങ്കിലും ഇത് പറയണം. കേരളത്തിലെ പ്രത്യേകിച്ച് ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തെക്കുറിച്ചൊന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. വൈദ്യുതി രംഗത്ത് കഴിഞ്ഞ അഞ്ചുവർഷകാലത്തെ അനുഭവം എന്തായിരുന്നു ? കഴിഞ്ഞ അഞ്ചുവർഷക്കാലവും വൈദ്യുതി മേഖലയിൽ കേരളം നേടിയ അഭൂതപൂർവമായ നേട്ടം കഴിഞ്ഞ അഞ്ചുവർഷക്കാലം വൈദ്യുതിക്ഷാമത്തെക്കുറിച്ച് പവർ കട്ടാണെന്ന് പറഞ്ഞ് ഒരു സമരം നടത്തിയോ ? പ്രതിപക്ഷത്തുനിന്ന് ഒരു സമരത്തിന് നേതൃത്വം നൽകേണ്ടി വന്നോ ? പവർകട്ട് ഇല്ലാത്ത അഞ്ചുവർഷക്കാലം ആയിരുന്നില്ലേ കേരളത്തിൽ ? ആ പ്രവർത്തനം നല്ലതാണെന്നു പറയാനുള്ള ആർജ്ജവമെങ്കിലും നാം കാട്ടണ്ടേ ? രാഷ്ട്രീയ വിശ്വാസം എന്തായാലും ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനു വേണ്ടിയാണ് നാം പ്രവർത്തിക്കുന്നത്. എന്നാൽ വൈദ്യുതി രംഗത്ത് ഇത്തരം ഒരവസ്ഥ ഉണ്ടാകുമ്പോൾ അതിനെ നാം സഹായിക്കേണ്ടതല്ലേ ? അത് ചെയ്തില്ല. ഞാൻ കാസർഗോഡ് ജില്ലയിലെ മാത്രം കാര്യം പറയാം. കാസർഗോഡ് ജില്ലയിൽ ഈ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ നടപ്പിലാക്കിയ ഒട്ടേറെ വൈദ്യുതപദ്ധതികൾ ഉണ്ട്. അതിൽ ഒന്നാണ് മൈലാട്ടി 210 കെ. വി. സബ് സ്റ്റേഷന്റെ പ്രവർത്തനം. ആ 210 കെ. വി. സബ് സ്റ്റേഷനിലൂടെ നമ്മുടെ പ്രദേശത്തും, ജില്ലയിലും സംസ്ഥാനത്തും വൈദ്യുതി ഉൽപ്പാദന പ്രസരണ രംഗത്ത് വമ്പിച്ച നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു. അത് കണ്ടില്ല എന്ന് നടിക്കാൻ കഴിയുമോ ? മാത്രമല്ല, 210 കെ. വി. സബ്സ്റ്റേഷൻ കേരളത്തിനകത്ത് അഞ്ചെണ്ണമാണ് പുതിയതായി ആരംഭിച്ചത്. അത് സംസ്ഥാനത്തെ ജനങ്ങളോട് കാണിച്ച അനീതിയാണോ ? അതുപോലെ തന്നെ 110 കെ. വി. സബ്സ്റ്റേഷൻ 26 എണ്ണം ആരംഭിച്ചു. വൈദ്യുതി രംഗത്ത് നമുക്ക് നേട്ടം ഉണ്ടായില്ല എന്ന് പറയാൻ പറ്റുമോ ? ഇതൊന്നും പ്രതിപക്ഷം കാണാതെ വെറുതെ രാഷ്ട്രീയ വിമർശനം നടത്തി ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജനങ്ങളുടെ മുമ്പിൽ താറടിച്ചു കാട്ടാനുള്ള ശ്രമം വിലപ്പോവില്ല. ഉദാരവൽക്കരണത്തെക്കുറിച്ചും, സ്വകാര്യവൽക്കരണത്തെകുറിച്ചും ഇടതുപക്ഷ ജനാധിപത്യ മുന്നണി പറയുമ്പോൾ പ്രതിപക്ഷത്തിന് അതൊരു പുച്ഛമാണ്. എനിക്ക് മുമ്പ് സംസാരിച്ച് ശ്രീ. മുനീർ

LIBRARY ARCHIVES Kerala Legislative Assembly

മതന്യൂനപക്ഷ വിഭാഗത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതാവാണല്ലോ. ഉദാരവൽക്കരണത്തിന്റെയും, സ്വകാര്യവൽക്കരണത്തിന്റെയും ഫലമായി മത ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരിടേണ്ടിവരുന്ന പ്രയാസത്തെക്കുറിച്ച് അദ്ദേഹം അൽപ്പമെങ്കിലും ആലോചിക്കുന്നുണ്ടോ ? നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെട്ടാൽ, സ്വകാര്യ സ്ഥാപനങ്ങളിൽ ഉദ്യോഗനിയമനം ഉണ്ടാകുമ്പോൾ സംവരണം പാലിക്കുമോ ? മതന്യൂനപക്ഷങ്ങൾക്ക് ലഭിക്കില്ല എന്നുമാത്രമല്ല, ഈ രാജ്യത്തെ നിയമംമൂലം അർഹതപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്കും ലഭിക്കാതെ പോകും. എന്തുകൊണ്ടാണ് അത് പറയാത്തത്? സ്വകാര്യവൽക്കരണം എന്നു പറയുമ്പോൾ പ്രതിപക്ഷത്തിന് വല്ലാത്ത അലർജിയാണ്. സ്വകാര്യവൽക്കരണംമൂലം ഉണ്ടാകുന്ന പുതിയ നടപടിയെകുറിച്ചൊന്നും ഞാൻ പറയാൻ പോകുന്നില്ല. നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ അഭിമാനസ്തംഭങ്ങൾ എന്നുനാം പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി സ്വകാര്യവൽക്കരിക്കപ്പെട്ടതിന്റെ ഫലമായി ആ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജീവനക്കാരുടെ എണ്ണം വെട്ടികുറയ്ക്കപ്പെടുന്നു. എന്താണ് അതിനെക്കുറിച്ചൊന്നും പറയാത്തത് ? പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇന്നലെകളിൽ ജോലിചെയ്തിരുന്ന ജീവനക്കാരുടെ എണ്ണം കുറയുന്നു. അതിനെതിരായി ഒന്നും മിണ്ടുന്നില്ലല്ലോ ? യൂത്ത് കോൺഗ്രസ് നേതാവായിരുന്നല്ലോ ശ്രീ. കെ. സി. വേണുഗോപാൽ. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ ഇവിടെ തൊഴിൽ ഇല്ലാത്തവരുടെ എണ്ണം കൂടുന്നു. നാളെ ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടുമോ ? എന്താ നിങ്ങളുടെ സമീപനം ?

ശ്രീ. കെ. സി. വേണുഗോപാൽ : വളരെ ശ്രദ്ധേയമായ ഒരു കാര്യം അങ്ങ് സൂചിപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനേയും, പി. എസ്. സി. യേയും മറികടന്നുകൊണ്ട് പിൻവാതിലിലൂടെ നിയമിച്ച മുഴുവൻ ജീവനക്കാരേയും ഈ -രണ്ടു മാസങ്ങൾക്കിടയിലായി സ്ഥിരപ്പെടുത്താനുള്ള നീക്കം നടക്കുകയാണെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ ? നിരവധി ആളുകളെ സ്ഥിരപ്പെടുത്താൽ പോകുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും പി. എസ്. സി. യേയും മറികടന്നുകൊണ്ട് പിൻവാതിലിലൂടെ നിയമിച്ചവരെയാണ് സ്ഥിരപ്പെടുത്താൻ പോകുന്നത്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : ശ്രീ. വേണുഗോപാൽ, പി. എസ്.സി. യേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും മറികടന്നുകൊണ്ട് കേരളത്തിൽ അവിഹിതമായി പിൻവാതിൽ നിയമനം നടത്തി എന്നുപറയുന്നത് വാസ്തവ വിരുദ്ധമാണ്. ഞാൻ പറഞ്ഞുവന്നത് സ്വകാര്യവൽക്കരണത്തെക്കുറിച്ചാണ്. ആ സ്വകാര്യവൽക്കരണത്തെക്കുറിച്ച് ശ്രീ. വേണുഗോപാൽ ഉൾപ്പെടെയുള്ള പ്രതിപക്ഷത്തുള്ള യൂത്ത് സംഘടനകൾ എന്താണ് നിങ്ങളുടെ അഭിപ്രായം എന്ന് വെട്ടിത്തുറന്നു പറയണം. നമ്മുടെ സംസ്ഥാനത്തിനകത്തുള്ള മോഡേൺ ബേക്കറി പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെട്ടപ്പോൾ നമ്മുടെ പ്രതിപക്ഷ യുവജന സംഘടനകളുടെ സമീപനം എന്തായിരുന്നു ? അതിനെതിരായി ഒരു പ്രതിഷേധക്കുറിപ്പെങ്കിലും ഇറക്കാൻ പ്രതിപക്ഷ യൂത്ത് സംഘടനകൾക്ക് കഴിഞ്ഞില്ല. എന്തുകൊണ്ട് അങ്ങനെ ഒരവസ്ഥ നില

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്നു ? ആ അവസ്ഥയ്ക്ക് മാറ്റം വരുത്താനുള്ള കൂട്ടായ പരിശ്രമവും, പ്രവർത്തനവുമാണ് നമ്മുടെ രാജ്യത്ത് ഇന്ന് ആവശ്യം. ഞാൻ പട്ടികവിഭാഗ ക്ഷേമപ്രവർത്തനത്തെക്കുറിച്ചൊന്നും പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നില്ല. അഞ്ചു വർഷക്കാലത്തിനിടയ്ക്ക് കേരളത്തിൽ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കിയ ഒട്ടേറെ ക്ഷേമ പദ്ധതികളുണ്ട്. ആ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഒരുപാട് ബാദ്ധ്യതകൾ ഈ സർക്കാരിന് ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിനകത്ത് സമ്പൂർണ ഭവനനിർമ്മാണ പദ്ധതികൾ ഉൾപ്പെടെ നടപ്പിലാക്കിയ ഒട്ടേറെ ക്ഷേമപദ്ധതികൾ ഉണ്ട്. ആ പദ്ധതികൾ ഒന്നും കണ്ടില്ല എന്നു നടിക്കാൻ കഴിയുമോ ? അത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകരുടെ ആളുകൾക്ക് മാത്രമാണോ, ലഭ്യമായിട്ടുള്ളത് ? കക്ഷി രാഷ്ട്രീയത്തിനതീതമായി ഇതിന്റെ ഗുണം എല്ലാ വിഭാഗത്തിനും ലഭ്യമായിട്ടുണ്ട്. അത് കാണാതെ പോകുന്നത് ശരിയല്ല. കാരണം ഈ വർഷം പ്രത്യേക ഘടക പദ്ധതിയിൽപ്പെടുത്തി 11 കോടി ഉറുപ്പികയും, പട്ടികവർഗക്ഷേമപദ്ധതിയിൽപ്പെടുത്തി 7.43 കോടി ഉറുപ്പികയും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നമ്മൾ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ഉദ്ധാരണത്തിനുവേണ്ടിയാണല്ലോ പ്രവർത്തിക്കുന്നതും പ്രസംഗിക്കുന്നതും. ആ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടി സമൂഹത്തിന്റെ ഭാഗമാക്കി മാറ്റിയെടുക്കാൻ ശ്രമിക്കുന്ന ഒരു മുന്നണിയും ഗവൺമെന്റുമാണ് എന്നുള്ളതുകൊണ്ടാണ് ഈ ബഡ്ജറ്റിൽ ഇത്തരം ഒരു സമീപനം സ്വീകരിച്ചിട്ടുള്ളത്. കാർഷിക മേഖല ഇന്ന് നേരിടുന്ന പ്രധാന പ്രതിസന്ധിക്ക് ഉത്തരവാദി ആര് ? ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണോ ? കഴിഞ്ഞ യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര കൃഷിമന്ത്രി ശ്രീ. ചതുരാനന്ദ മിശ്ര ആയിരുന്നില്ലേ ? എന്തുകൊണ്ട് ഇതിന് മാറ്റം വരുത്താൻ കഴിഞ്ഞില്ല എന്ന് ശ്രീ. ഇസ്ഹാക് കുരിക്കൾ ചോദിച്ചു. ഒരു എഗ്രിമെന്റിൽ താൽക്കാലികമായി രണ്ടോ മൂന്നോ മാസമോ വർഷമോ ഭരിച്ച ഗവൺമെന്റിന് മാറ്റം വരുത്താൻ കഴിയുമോ ? കഴിയില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്തരം ബാലിശമായ ചോദ്യം ചോദിക്കുന്നത് ശരിയല്ല.

5 P.M] ഡൽഹിയിൽ കഴിഞ്ഞ ദിവസം നടന്ന കർഷകറാലിയിൽ പാർലമെന്റിലെ പ്രതിപക്ഷ നേതാവ് എ. ഐ. സി. സി. പ്രസിഡന്റ് ശ്രീമതി സോണിയാഗാന്ധി പങ്കെടുത്തുകൊണ്ട് എന്താണ് പ്രസംഗിച്ചത് ? ഞങ്ങൾ കൃഷിക്കാരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിന് നേതൃത്വം നൽകും. അതേ ശ്രീമതി സോണിയാഗാന്ധി തന്നെ കേരളത്തിൽ വന്ന് പ്രസംഗിച്ചത് എന്താണ് ? ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പിടിപ്പുകേട് കൊണ്ടാണ് കേരളത്തിലെ കാർഷികവിളകൾക്ക് വിലയില്ലാത്തത് എന്ന്. ശ്രീമതി സോണിയാഗാന്ധി ഡൽഹിയിൽ എത്തിയപ്പോൾ സ്വരം മാറ്റി സംസാരിച്ചു. ആരുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടിയാണിത്. കേരളത്തിലെ കൃഷിക്കാരുടെ താൽപ്പര്യം സംരക്ഷിക്കാനാണോ, ഒന്നുമല്ല ഇവിടെ നിങ്ങൾ യഥാർത്ഥത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ ജനങ്ങളിൽ നിന്ന് ഒറ്റപ്പെടുത്താനുള്ള പ്രവർത്തനമാണ് നടത്തുന്നത് എന്ന് ബോദ്ധ്യമായി. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇവിടെ പ്രതിപക്ഷ നേതാവ്

LIBRARY ARCHIVES Kerala Legislative Assembly

മോചന ജാഥ നടത്തി. ആ ജാഥ സമാപിക്കുന്ന തിരുവനന്തപുരത്ത് ചില ചുമരെഴുത്തുകൾ കണ്ടു. കേരളത്തിലെ ഘടകക്ഷി നേതാക്കളും പ്രതിപക്ഷനേതാവും നടത്തിയ ഈ ജാഥ കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടിയാണല്ലോ, എന്നാൽ ഈ സമഗ്ര വികസനത്തിനുവേണ്ടി ജാഥ നടത്തിയപ്പോൾ തലസ്ഥാനത്തെ ചുമരുകളിൽ കണ്ട മുദ്രാവാക്യം എന്താണ്. 'ശ്രീ. കരുണാകരനെ വിളിക്കൂ, കേരളത്തെ രക്ഷിക്കൂ' ആരെ രക്ഷിക്കാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട ആന്റണിയുടെ ഈ രഥയാത്ര ശ്രീ. ആന്റണിയെ രക്ഷിക്കാൻ വേണ്ടിയാണോ, യൂണിവേഴ്സിറ്റി കോളേജിന്റെ മതിലിലാണ് ഇത് എഴുതിവച്ചിരുന്നത്. ആരുടെ മോചനത്തിനാണ് ? കേരളത്തിലെ കൃഷിക്കാരുടെ പ്രയാസങ്ങൾ മനസ്സിലാക്കിക്കൊണ്ട് അതിന് പരിഹാരം കാണുന്നതിനുള്ള ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തനത്തെ വിലകുറച്ചുകാണിക്കാനുള്ള ഇത്തരം പ്രവർത്തനം കൊണ്ടൊന്നും ഈ ഗവൺമെന്റിനെയും ജനങ്ങളെയും തമ്മിൽ മാറ്റിനിർത്താൻ കഴിയുകയില്ല. ഒരു കാര്യം തീർച്ചയായിട്ടും നമുക്കറിയാം. ഇടതുപക്ഷ ജനാധിപത്യമുന്നണി ആമുഖമായി സൂചിപ്പിച്ചതുപോലെ കേരളത്തിലെ മൂന്നു കോടിയിൽപ്പരം വരുന്ന ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചിട്ടുള്ള ഗവൺമെന്റാണിത്. കാരണം കൃഷിക്കാരന്റെയും കർഷകത്തൊഴിലാളികളുടെയും വിയർപ്പിന്റെ മണം അറിയാവുന്ന ഒരു ഗവൺമെന്റാണിത്. കാർഷിക മേഖല ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കൃഷിവകുപ്പുമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ നടത്തിയ പ്രവർത്തനങ്ങൾ നിരവധിയാണ്. ആ പ്രവർത്തനങ്ങളൊക്കെ തീർച്ചയായും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്തെ ജനങ്ങളോട് കാണിക്കുന്ന നീതിപൂർവമായ ഒരു സമീപനത്തിന്റെ ഭാഗമാണ് എന്ന് ചൂണ്ടിക്കാണിക്കാൻ മാത്രമാണ് ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ അവതരിപ്പിക്കപ്പെട്ട ഈ ബഡ്ജറ്റിനെ ഞാൻ സർവാത്മനാ പിൻതുണയ്ക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, മരണത്തിനും ശവമടക്കലിനും ഇടയിൽ ഒരു ചെറിയ ഗ്യാപ്പ് ഉണ്ട്. ഒരാൾ മരിച്ചുകഴിഞ്ഞാൽ ബന്ധുക്കൾ വിദേശത്തുനിന്ന് വരാനുണ്ടെങ്കിൽ അവർ വരണം, പുറത്തുനിന്ന് ആളുകൾ വരാനുണ്ടെങ്കിൽ അവരും വരണം. അങ്ങനെ ശവം കിടക്കുന്ന ഒരു മോർച്ചറി പോലുണ്ട് ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജറ്റ്. മരിച്ചതിനുശേഷം ശവമടക്കൽ നിർവഹിക്കാൻ കാത്തിരിക്കുന്ന ഒരു ഗവൺമെന്റിന്റെ ബഡ്ജറ്റാണിത്. മരിച്ചു പോയി, ഇനി ശ്രീ. മുനീറിനെപ്പോലുള്ള ആളുകൾക്ക് ഒരു കാര്യംകൂടി ചെയ്യാം രണ്ടു മീസാങ്കല്ലു കൂടി വച്ചാൽ ഇതിന്റെ പണി നമുക്ക് തീർക്കാം. ഈ ഗവൺമെന്റിന്റെ അന്ത്യയാത്ര അടുത്തുകഴിഞ്ഞിരിക്കുകയാണ്. പക്ഷേ പോകുന്നതിനുമുമ്പ് ഈ സംസ്ഥാനം ഇവർ കുളംതോണ്ടി. അതാണ് പ്രധാനപ്പെട്ട പ്രശ്നം. ഈ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അടിവേരുപോലും അറ്റു. ഇവിടെ പോകാൻ പോകുന്ന ഈ സർക്കാരിന്റെ വ്യവസായ വകുപ്പുമന്ത്രി ശ്രീമതി സുശീലാഗോപാലൻ 5-ാം തീയതി വിദേശയാത്രയ്ക്ക് പോകുകയാണ്. ചൈനയിലേക്കാണ് പോകുന്നത്. നാളെ ഗവൺമെന്റ് ഓർഡർ ആകാൻ പോകുകയാണ്. അഞ്ചുപേരെ കൊണ്ടാണ് പോകുന്നത്. എന്തിനാണ് പോകുന്നത് എന്നറിയാമോ ? ചെറുകിട ജലസേചന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളുടെ ഉപകരണങ്ങൾ വാങ്ങിക്കാനുള്ള എഗ്രിമെന്റിൽ ഒപ്പിടുന്നതിനു വേണ്ടിയാണ് ചൈനയിൽ പോകാൻ തയ്യാറാകുന്നത്. ശ്രീമതി സുശീലാഗോപാലനെ കുറിച്ച് എനിക്ക് വ്യക്തിപരമായ ഒരു ആക്ഷേപവും ഇല്ല. എനിക്ക് ആ ചേച്ചിയോട് വ്യക്തിപരമായി ഒരു അടുപ്പം മാത്രമേയുള്ളൂ. പക്ഷേ തകർന്ന് തരിപ്പണമായി ഇനി അധികാരത്തിൽ തിരിച്ചു വരികയില്ല എന്നു ഉറപ്പുള്ള ഗവൺമെന്റിനുവേണ്ടി ചൈനയിൽ പോയി എഗ്രിമെന്റ് ഒപ്പിടേണ്ട കാര്യമുണ്ടോ ? അത് വാങ്ങി എങ്ങോട്ട് കൊണ്ടുപോകാനാണ്. ഈ ഗവൺമെന്റിന് അങ്ങനെയുള്ള കാഴ്ചപ്പാടൊന്നുമില്ല. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ തകർത്തല്ലോ. ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് അടച്ചുപൂട്ടാൻ പോകുകയാണ്. ഈ ഗവൺമെന്റ് ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനുള്ള തുക എത്രയാണെന്ന് അറിയാമോ ? 611 കോടി രൂപയാണ് ശ്രീ. ശിവദാസമേനോൻ ഇപ്പോൾ ബഡ്ജറ്റിനകത്ത് വച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം എത്രവച്ചു എന്ന് അറിയാമോ ? കഴിഞ്ഞ പ്രാവശ്യം 600 കോടി രൂപ വച്ചു. പക്ഷേ കാൽ കാശ് കൊടുത്തിട്ടില്ല. കാൽക്കാശ് അന്ന് കൊടുക്കാതെ ഇപ്പോഴും ഈ ബഡ്ജറ്റിൽ 611 കോടി രൂപയുടെ കണക്കും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ശ്രീ. ശർമ്മയ്ക്ക് അറിയാമല്ലോ വല്ലതും കിട്ടിയോ. രണ്ടു പ്രാവശ്യവും ഒന്നും കിട്ടിയില്ല. ഇപ്പോൾ ഈ ഗവൺമെന്റ് ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനുള്ളത് 1,893 കോടി രൂപയാണ്. പാവം വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ശർമ്മ എന്തുചെയ്യും. സബ്സിഡിയിൽ 1,293 കോടി രൂപയുണ്ട് കൊടുക്കാൻ. മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ളത് 600 കോടി രൂപയാണ്. അങ്ങേയ്ക്ക് വല്ലതും ചോദിക്കാനുണ്ടെങ്കിൽ ധൈര്യമായി ചോദിക്കുക, ഞാൻ വഴങ്ങിത്തരാം ഒരു കുഴപ്പവുമില്ല.

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ : സർ, എനിക്ക് ഒരു സംശയം ചോദിക്കാനുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതേക്കുറിച്ച് അറിയാവുന്ന ഒരാളാണല്ലോ, കെ. എസ്. ഇ. ബി. ക്കുവേണ്ടി നമ്മൾ ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഏതെങ്കിലും കാലത്ത് കൊടുത്തിട്ടുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അപ്പോൾ കളിപ്പിക്കാൻവേണ്ടി വയ്ക്കുന്നതാണോ ?

ശ്രീ. ടി. ശിവദാസമേനോൻ : അത് ഡ്യൂട്ടിയിൽ അഡ്ജസ്റ്റ് ചെയ്യുകയേയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അതു ശരി. അപ്പോൾ പേപ്പർ അഡ്ജസ്റ്റുമെന്റാണ്. കളിപ്പീരാണ്, ഈ ബഡ്ജറ്റ് തന്നെ കളിപ്പീരാണ്. 611 കോടി രൂപ കെ. എസ്. ഇ. ബി. ക്ക് വച്ചത് പറ്റിക്കാൻ വേണ്ടിയാണ്.

ശ്രീ. ടി. ശിവദാസമേനോൻ : ശ്രീ. കാർത്തികേയൻ പറയട്ടെ. ശ്രീ. കാർത്തികേയൻ പറഞ്ഞാൽ ഞാൻ സമ്മതിക്കാം, ഇത് കൊടുക്കാറുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അതുശരി. പറ്റിക്കാൻ വേണ്ടിയാണ്.

ശ്രീ. ടി. ശിവദാസമേനോൻ : ശ്രീ കാർത്തികേയൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയായിരുന്ന ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പറ്റിക്കാൻ വേണ്ടിയാണല്ലേ അങ്ങ് വാദിച്ചുകൊണ്ടിരിക്കുന്നത്. ഇത് അങ്ങയുടെ താൽപ്പര്യത്തിന് വിരുദ്ധമാണ്.

ശ്രീ. ടി. ശിവദാസമേനോൻ : ശ്രീ. കാർത്തികേയൻ പറയട്ടെ എത്ര രൂപയാണ് കൊടുത്തതെന്ന്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ പറഞ്ഞുവന്നത് 2000-2001-ൽ നമ്മുടെ ഇലക്ട്രിസ്റ്റി ബോർഡിന്റെ എക്സ്പെക്ടഡ് റവന്യൂ എത്രയാണെന്നറിയാമോ ? 1946 കോടി രൂപയാണ് പവർ പർച്ചേസിനുവേണ്ടി മാത്രം നാം മുടക്കുന്നത്. നമ്മുടെ വരുമാനത്തേക്കാൾ 10 കോടി രൂപ അധികം കണ്ടെത്തിയാലേ നമ്മൾ വാങ്ങുന്ന വൈദ്യുതിയുടെ കാശ് കൊടുത്തുതീർക്കാൻ പറ്റൂ. ഇപ്പോഴാണ് ശ്രീ. ശിവദാസമേനോന്റെ വക പറ്റിക്കൽ പണി പുറത്തുവന്നത്.

ശ്രീ. ടി. ശിവദാസമേനോൻ : അങ്ങ് ഒരു മിനിറ്റ് വഴങ്ങൂ, ഇത് പറ്റിക്കൽ പണിയല്ല ബഡ്ജറ്ററിയാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ ബഡ്ജറ്റ് വേറെയാണ്. അത് ഫ്രെബ്രുവരി 29-ാം തീയതിക്കു മുമ്പാണ്. പ്ലാൻഡ് ചെലവുകളെല്ലാം അതിലാണ് ഉണ്ടാകുക. അവർ സെക്ഷൻ 3 ഡ്യൂട്ടിക്ക് ഇട്ടു തരണം. പിന്നെ ഇത് ഇവിടെനിന്ന് അങ്ങോട്ടുകൊണ്ടുപോകണം. അത് പറ്റിക്കലല്ല. പരസ്പരം അഡ്ജസ്റ്റു ചെയ്യുകയാണ്. അങ്ങനെ തന്നെയാണ് ശ്രീ. കാർത്തികേയനും ശ്രീ. പത്മരാജനും ചെയ്തിട്ടുള്ളത്. ശ്രീ. ശിവദാസമേനോൻ പണ്ടും ചെയ്തിട്ടുള്ളത് അല്ലെന്ന് ശ്രീ. കാർത്തികേയൻ പറയട്ടെ. ശ്രീ. ഉമ്മൻചാണ്ടിക്ക് പറ്റിക്കൽ ആണെന്ന് പറയാൻ പറ്റുമോ, ശ്രീ. ഉമ്മൻചാണ്ടിക്കും ശ്രീ. കാർത്തികേയനും എന്തെങ്കിലും പറയാൻ പറ്റുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇലക്ട്രിസിറ്റി ബോർഡിന്റെ ഫിനാൻഷ്യൽ പൊസിഷനെപ്പറ്റി ഒരു കാര്യം കേട്ടോളൂ. അങ്ങ് ഇതു കേൾക്കൂ, ഇലക്ട്രിസിറ്റി ബോർഡിലെ ഫിനാൽഷ്യൽ പൊസിഷനെ സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിലെ ഫിനാൻസ് മെമ്പർ അങ്ങേയ്ക്ക് എഴുതിയിരിക്കുന്ന കത്തിന്റെ കോപ്പിയാണ്, ആ കത്തിനകത്ത് പറയുന്നു, അങ്ങ് കൊടുക്കാമെന്ന് വാഗ്ദാനം ചെയ്ത 1,292 കോടി രൂപ കൊടുത്തില്ലെങ്കിൽ ബോർഡ് പൂട്ടും. അതാണ് ഈ രേഖ. വേണമെങ്കിൽ ഞാൻ ഇത് മേശപ്പുറത്തു വയ്ക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് ഡിമാന്റ് ഡിസ്ക്കഷനിൽ ഇലക്ട്രിസിറ്റി ഉണ്ടായിരുന്നില്ല. അന്ന് ധനകാര്യവകുപ്പുമന്ത്രി പറഞ്ഞ കാരണം എന്താണെന്ന് അറിയാമോ ബഡ്ജറ്റിലില്ല എന്നാണ്. സ്പീക്കർ അത് പരിശോധിച്ചതാണ്. അവസാനം ഡിമാന്റ് ഡിസ്ക്കഷൻ കഴിഞ്ഞതിനുശേഷം 25 കോടിരൂപ സപ്ലിമെന്ററി ഡിമാന്റിൽ കൊണ്ടുവരികയാണ് ചെയ്തത്. ഇലക്ട്രിസിറ്റി ബോർഡിനെ ഇത്രയും അവഗണിച്ച ഒരു ധനകാര്യവകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോനെപ്പോലെ ഒരാളിലെന്ന് അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അദ്ദേഹത്തിന് പല ലക്ഷ്യങ്ങളുണ്ട്. ആ ലക്ഷ്യങ്ങൾ ഞാൻ സമയക്കുറവ് കൊണ്ട് വിവരിക്കുന്നില്ല. ഇവിടെ അങ്ങേയ്ക്ക് തന്ന ഡിമാന്റ് ഫയലിനകത്ത് 1298 കോടി രൂപ, വേണമെങ്കിൽ ഞാൻ അങ്ങേയ്ക്കു തരാം. അങ്ങയുടെ കൈയിൽ ചിലപ്പോൾ കാണുകയില്ല, കണ്ടാലും കണ്ടെന്ന് നടിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇലക്ട്രിസിറ്റി അങ്ങ് വിടുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അത് വിട്ടാൽ പിന്നെ ഈ ഗവൺമെന്റിന്റെ ഫ്യൂസ് പോയില്ലേ സർ. എനിക്ക് അത് ഊരാതിരിക്കാൻ പറ്റുമോ ? അതിന്റെ പച്ചയിലാണ് അവർ പിടിച്ചുനിൽക്കാൻ ശ്രമിക്കുന്നത്. ബഡ്ജറ്റ് ചർച്ച മുഴുവൻ ഇലക്ട്രിസിറ്റി ബോർഡല്ലേ ? കേരളത്തിൽ ഏറ്റവും ഭീകരമായ ഒരു പ്രശ്നം വരാൻ പോകുകയാണ്. ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധിപ്പിക്കാൻ നിർബന്ധിതമായിരിക്കുകയാണ്. ഈ ഗവൺമെന്റ് തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നുവെന്ന ഒരൊറ്റ കാരണം കൊണ്ട് മാത്രമാണ് ചാർജ്ജ് നിങ്ങൾ വർദ്ധിപ്പിക്കാതിരുന്നത്. അല്ലെങ്കിൽ ചാർജ്ജ് വർദ്ധിപ്പിക്കേണ്ടതാണ്. 800 കോടി രൂപയുടെ വർദ്ധനവ് അവർ റെക്കമെന്റ് ചെയ്തിരിക്കുകയാണ്. ഇലക്ട്രിസിറ്റി ചാർജ്ജ് വർദ്ധനവിലൂടെ 800 കോടി രൂപ അധികം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. എൻ. ടി. പി. സിക്ക് ഒരു മാസം 70 കോടി രൂപ കൊടുക്കണം. മൂന്നുമാസമായിട്ട് തുക കൊടുത്തില്ല. 210 കോടി രൂപ അവിടെ കൊടുക്കാനുണ്ട്. എൻ. ടി. പി. സി. പറയുന്നത് തുക തന്നില്ലെങ്കിൽ ഞങ്ങൾ ഇനി ഇലക്ട്രിസിറ്റി തരില്ലെന്നാണ് ഭീകരമായ സാഹചര്യത്തിലേക്ക് പോകുകയാണ്. ഇലക്ട്രിസിറ്റി ബോർഡിൽ ഒരു മാസത്തെ വരവ് 165 കോടി രൂപയാണ്. ഒരു മാസത്തെ ചെലവ് 265 കോടി രൂപ. ഒരുമാസത്തെ നഷ്ടം 100 കോടി രൂപ. ഒരു വർഷം 1,200 കോടി രൂപ. ഈ ഗവൺമെന്റ് പിന്നെ എന്ത് നന്നാക്കുന്നു എന്നാണ് പറയുന്നത്. ഇവിടെ ഒരൊറ്റ കാര്യമേ നടക്കുന്നുള്ളു. വിദേശകമ്പനികൾക്ക് കോൺട്രാക്ട് കൊടുക്കുക. അതിന്റെ പേരിലുള്ള കമ്മീഷൻ വാങ്ങിക്കുക. ഈ നിയമസഭയിൽ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച രേഖ എന്റെ കൈയിലുണ്ട്. 1997 ഫെബ്രുവരി മാസത്തിൽ ഗവൺമെന്റിന് കൊടുത്തിരിക്കുന്ന ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട് തിരസ്കരിച്ചു കൊണ്ട് തിരക്കിട്ട് എസ്. എൻ. സി. ലാവലിന് പള്ളിവാസൽ, ചെങ്കുളം എന്നീ പദ്ധതികൾ പണിയാൻ കോൺട്രാക്ട് കൊടുത്തു. അതിന്റെ ഫോർമാലിറ്റീസ് ഒന്നും നോക്കാതെ 244 കോടി രൂപയുടെ കരാറിൽ ഏർപ്പെട്ടു. അതിനൊരു ഇൻസെന്റീവ് ഉണ്ടെന്നാണ് പറഞ്ഞിരുന്നത്. എന്താണ് ആ ഇൻസെന്റീവ് 100 കോടി രൂപയുടെ ഒരു ക്യാൻസർ സെന്റർ തലശ്ശേരിയിൽ കിട്ടും. 100 കോടി രൂപയുടെ ക്യാൻസർ സെന്റർ തലശ്ശേരിയിൽ ലഭിക്കുമെന്നുള്ളതുകൊണ്ട് ആ ഇൻസെന്റീവിന്റെ അടിസ്ഥാനത്തിൽ കൊടുക്കുമെന്നാണ് പറഞ്ഞത്. 20-2-2001-ന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി അൺസ്റ്റാർഡ് ക്വസ്റ്റ്യന് തന്നിരിക്കുന്ന മറുപടിയിൽ പറഞ്ഞിരിക്കുന്നത് എന്താണ് ? എസ്. എൻ. സി. ലാവലിന് പ്രത്യേകമായ തുകയൊന്നും വാഗ്ദാനം ചെയ്തിട്ടില്ല. ശ്രീ. പിണറായി വിജയൻ ഈ സഭയിൽ പറഞ്ഞതാണ്. 100 കോടി രൂപ തലശ്ശേരി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി തരുമെന്ന്. അതിന്റെ അടിസ്ഥാനത്തിൽ മലബാർ ക്യാൻസർ സർവ്വീസ് സൊസൈറ്റി എന്ന പേരിൽ ഒരു സൊസൈറ്റി പ്രവർത്തനമാരംഭിച്ചു. ആരാണ് ഈ സൊസൈറ്റിയുടെ പ്രസിഡന്റ് ? Malabar Cancer Service Society - A charitable Society under Department of power, Government of Kerala. ആരൊക്കെയാണ് അതിലെ അംഗങ്ങൾ - Principal Secretary, Power-Chairman, Chairman, K. S. E. B. - Member, Chairman (Distribution), K. S. E. B. - Member, Member (Accounts), K. S. E. B - Member , പിന്നീട്

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ എസ്. എൻ. സി. ലാവലിനിലെ ഉദ്യോഗസ്ഥന്മാരാണ്. Executive Vice President, S. N. C. Lavlin, Canada, Director (Business Development) S. N. C. Lavlin, Canada Executive Director, S. N. C. Lavlin, Canada Directors - Technicalia Consultants, Chennai എസ്. എൻ. സി. ലാവ്‌ലിന്റെ സബ്സിഡിയറി കമ്പനികൾ ഭാരവാഹികളായി അവിടെ വേറൊരു കമ്പനി ഫ്ളോട്ട് ചെയ്യുന്നുണ്ട്. ആ കമ്പനിയുടെ പേരിലാണ് നമ്മുടെ തലശ്ശേരി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുമെന്ന് പറഞ്ഞത്. ആ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനാണ് 100 കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞത്. ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ശർമ്മ നിയമസഭയിൽ തന്നിരിക്കുന്ന ഉത്തരം 'എസ്. എൻ. സി. ലാവ്‌ലിൻ പ്രത്യേകമായ തുകയൊന്നും വാഗ്ദാനം ചെയ്തിട്ടില്ല. എന്നാൽ എസ്. എൻ.സി. ലാവ്‌ലിൻ കാനഡയിലെ വിവിധ സർക്കാർ ഏജൻസികളിൽ നിന്ന് 98 കോടി രൂപ സമാഹരിക്കുമെന്ന് സമ്മതിച്ചിട്ടുള്ളതിനാൽ 15 കോടി രൂപ നിരവധി ഏജൻസികൾ മുഖേന ഈ ആശുപത്രിക്ക് കൊടുത്തിട്ടുണ്ട്.' ബാക്കി തുക എവിടെയാണ് ? 100 കോടി രൂപയാണ് കൊടുക്കുമെന്ന് പറഞ്ഞത്. ആ ഇൻസെന്റീവിന്റെ അടിസ്ഥാനത്തിൽ 244 കോടി രൂപയാണ് അതിന്റെ അന്നത്തെ, ഫോറിൻ എക്സ്ചേഞ്ച് ഏറ്റക്കുറച്ചിൽ അനുസരിച്ച് ആ 244 കോടി ഇപ്പോൾ 500 കോടി രൂപയായി മാറും. നമുക്ക് ഇൻസെന്റീവ് ആയിട്ട് തരാമെന്നു പറഞ്ഞത് ക്യാൻസർ സെന്റർ ആണ്. ആ ക്യാൻസർ സെന്ററിനുള്ള തുകപോലും കിട്ടിയിട്ടില്ല. ഇപ്പോൾ വിവിധ ഏജൻസികളിൽ നിന്നും പൈസ പിരിച്ചു തരാനുള്ള ഒരു ഏജന്റായിട്ട് എസ്. എൻ. സി. ലാവ്‌ലിൻ നിൽക്കുന്നു. എസ്. എൻ. സി. ലാവ്‌ലിൻ ഒരു പ്രധാനപ്പെട്ട കമ്പനിയല്ലേ ? കാനഡയിൽ നിന്നുള്ള സഹായം നമുക്ക് ലഭ്യമാക്കണമെങ്കിൽ എസ്. എൻ. സി. ലാവ്‌ലിൻ എന്നു പറയുന്ന സ്വകാര്യ കമ്പനിയുടെ ഒത്താശ നമുക്കു വേണമോ ? അവരുടെ ചീട്ട് മേടിച്ചുകൊണ്ട് നമുക്ക് അവിടെ കളക്ഷന് പോകേണ്ട കാര്യമുണ്ടോ ? അങ്ങനെയാണെങ്കിൽ കാനഡയിലെ ഗവൺമെന്റുമായിട്ട് ബന്ധപ്പെട്ട് കൊണ്ട് നമുക്കവിടെ ക്യാൻസർ സെന്റർ ഉണ്ടാക്കാൻ വേണ്ടി ഈ ഗവൺമെന്റ് നേരിട്ട് ഇടപെടുന്നതിനു പകരം എസ്. എൻ. സി. ലാവ്‌ലിൻ എന്ന സ്വകാര്യ കമ്പനിയെ അതിനകത്ത് ഇൻക്ലൂഡ് ചെയ്യുകയും ഫ്രാഡുലന്റ് ആറ്റിറ്റ്യൂട്ട് എടുത്തുകൊണ്ട് നമുക്ക് ലഭിക്കാൻ സാദ്ധ്യതയുണ്ടായിരുന്ന 85 കോടി രൂപ ഇല്ലാതാക്കുകയും ചെയ്തു. ആ തുക എവിടെപ്പോയി ? ഈ നിയമസഭയിൽ പറഞ്ഞിരുന്നു. 100 കോടി ലഭിക്കാൻ പോകുന്നുവെന്ന്, മുഖ്യമന്ത്രി ആവർത്തിച്ചു പറഞ്ഞതാണ്. പഴയ രേഖകൾ നോക്കണം. ഇപ്പോൾ പറഞ്ഞത് 15 കോടിയേ കിട്ടിയുള്ളു, അതും അവിടത്തെ ചില ഏജൻസികളിൽ നിന്നും കളക്ട് ചെയ്തതാണെന്ന് പറഞ്ഞു. അവശേഷിക്കുന്ന 85 കോടി രൂപ എവിടെ പോയി ? ആ തുകയുടെ അക്കൗണ്ടബിലിറ്റി എവിടെ ? ഈ സഭയ്ക്ക് ആ വിവരം അറിയണ്ടെ ? സഭയ്ക്ക് ആ വിവരം അറിയണം. ഈ സഭയ്ക്ക് അതറിയാതിരിക്കാൻ സാദ്ധ്യമല്ല. 1996-ൽ എസ്. എൻ. സി. ലാവലിനുമായും 1998-ൽ എസ്. എൻ. സി. ലാവ്‌ലിനുമായി സംസ്ഥാന സർക്കാർ ഒരു സമ്മതിപത്ര കരാർ ഒപ്പുവച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്ന ഉത്തരം. അങ്ങേയ്ക്ക് അത് പരിശോധിക്കണമെന്നുണ്ടെങ്കിൽ 20-2-2001-ന് 347-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിനുത്തരമായി അങ്ങ് പറഞ്ഞിട്ടുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

എസ്. എൻ. സി. ലാവ്‌ലിനുമായി ഇവിടെ ധാരണ പത്രം ഒപ്പ് വച്ചിട്ടുണ്ടെന്നാണ്. അങ്ങനെ ഒപ്പ് വച്ചാൽ നമുക്ക് കിട്ടാൻ അർഹതയുണ്ട്. ഈ സംസ്ഥാനത്ത് മുടക്കുമെന്നു പറഞ്ഞിരുന്ന ആ തുകയിൽ 15 കോടി രൂപ ഒഴിച്ച് ബാക്കി തുക ആര് കൊണ്ടുപോയിയെന്ന് ഈ സഭയ്ക്കറിയണം. ഈ സഭയുടെ മേശപ്പുറത്ത് അതിന്റെ പേപ്പറുകൾ വയ്ക്കണം. ഇവിടെ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഇക്കാര്യത്തിൽ കെ. എസ്. ഇ. ബി. യ്ക്ക് പ്രത്യേകമായ ഒരു പങ്കാളിത്തവുമില്ലെന്നാണ്. പവർ സെക്രട്ടറിയും, കെ. എസ്. ഇ. ബി. ചെയർമാനും മറ്റ് ടെക്നിക്കൽ മെമ്പർമാരും അംഗങ്ങളായിട്ടുള്ള ഈ സൊസൈറ്റി രൂപീകരിച്ചതിനുശേഷം നിരവധി യോഗങ്ങൾ കൂടുകയും ചെയ്തു. എന്നിട്ട് ഇക്കാര്യത്തിൽ കെ. എസ്. ഇ. ബി.യ്ക്ക് യാതൊരു പങ്കാളിത്തവുമില്ലെന്നാണ് ഇപ്പോൾ പറയുന്നത്. ഞാൻ പറയുന്നു 1997 ഫെബ്രുവരി 10-ന് കെ. എസ്. ഇ. ബി. യും എസ്.എൻ.സി. ലാവ്‌ലിനുമായി ഒരു എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ട്. ഞാൻ രേഖകൾ വയ്ക്കാം. അന്വേഷിക്കാൻ ഒരുക്കമാണെന്നുവരികിൽ അന്വേഷണ കമ്മീഷന്റെ മുമ്പിൽ ഞാൻ രേഖകൾ വയ്ക്കാൻ തയ്യാറാണ്. നിങ്ങൾ പരിശോധിക്കണം. ഏത് സമിതിയെ വച്ച് അന്വേഷിപ്പിക്കുന്നതിലും എനിക്ക് വിരോധമില്ല. ഏത് സമിതിക്കു മുന്നിലും ഞാൻ രേഖ തരാം. ഫെബ്രുവരി 10-ന് എസ്. എൻ. സി. ലാവ്‌ലിൻ എന്ന കമ്പനിയുമായി നമ്മൾ ഒപ്പുവച്ചിട്ടുള്ളതാണ്. ഈ സംസ്ഥാനത്തെ പാവപ്പെട്ട ക്യാൻസർ രോഗികളെ കളിപ്പിക്കാമോ ? പിടിച്ചുപറി നടത്തുകയാണെങ്കിലും ക്യാൻസർ രോഗികളെ കളിപ്പിക്കാമോ ? അതിന്റെ പേരിൽ വാങ്ങിച്ച തുക എവിടെ ? അവരുടെ പുനരധിവാസത്തിനുവേണ്ടി, ഒരു വർഷത്തിൽ 70,000 ത്തോളം വരുന്ന രോഗികൾക്ക് ചികിൽസാ സൗകര്യം കൊടുക്കാൻ വേണ്ടി, അവിടെ ഡോക്ടർമാർക്ക് താമസിക്കാൻ വേണ്ടി, കേരളത്തിലെ മുഴുവൻ ആളുകളും ഒരുപോലെ പ്രതീക്ഷയോടുകൂടി കണ്ട ഈ ക്യാൻസർ സൊസൈറ്റിയുടെ പേരിൽ ലഭിച്ച തുക അത് ഈ കേരളത്തിൽ ആര് കൊണ്ടു പോയിയെന്നതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ഇവിടെ ഉത്തരവാദികളായിട്ടുള്ള ആളുകളെ പുറത്ത് കൊണ്ടുവരാൻ കഴിയണം. ബാലാനന്ദൻ കമ്മിറ്റി എന്റെ കയ്യിൽ ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ആ റിപ്പോർട്ടിനകത്ത് പറഞ്ഞിരിക്കുന്നത് അവിടെ റിപ്പയർമെന്റ് മാത്രം മതിയെന്നാണ്. ഏതായാലും ഈ രൂപത്തിലുള്ള തട്ടിപ്പു പണികൾ നമ്മുടെ സംസ്ഥാനത്ത് അനുവദിക്കാൻ സാധ്യമല്ല. അതുകൊണ്ട് അതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. അങ്ങനെ അന്വേഷണം നടത്തി 85 കോടിരൂപ കൊണ്ട് മുങ്ങിയത് ആരായാലും ശരി അവരെ കേരള നിയമസഭയുടെ മുമ്പിൽ കൊണ്ടുവരണം. അതിന് നമുക്ക് ഒരുമിച്ച് ശ്രമിക്കണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അപ്പുറത്ത് നിന്ന് പ്രസംഗിച്ച ബഹുമാന്യരായ മെമ്പർമാരിൽ ചിലർ കണ്ണടച്ചിരുട്ടാക്കാനുള്ള ശ്രമമാണ് നടത്തിയത്. ചിലരുടെ ചാരിത്ര്യപ്രസംഗം കേട്ടപ്പോൾ ഈ നിയമസഭയിൽ എങ്ങനെ പ്രസംഗിക്കണം എന്നുള്ളതാണ് എനിക്കുള്ള ബുദ്ധിമുട്ട്. പുറത്തായിരുന്നുവെങ്കിൽ കുറച്ച് നന്നായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

പറയാമായിരുന്നു. ശ്രീ. ഡൊമിനിക് പ്രസന്റേഷനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ചില അന്വേഷണം വേണമെന്നാണ് ആവശ്യപ്പെട്ടത്. അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് അന്വേഷണം വച്ചാലുള്ള സമീപനം എന്താണെന്ന് നമ്മൾ കണ്ടതാണ്. കൊല്ലത്തെ മദ്യദുരന്തത്തെപ്പറ്റി അന്വേഷിക്കാൻ സിറ്റിംഗ് ജഡ്ജിയെ തന്നെ വേണമെന്ന് നിർബന്ധിച്ചു. സിറ്റിംഗ് ജഡ്ജിയെ വച്ചപ്പോൾ ആ വഴിക്ക് ഒരു മനുഷ്യൻ പോയില്ല. കോൺഗ്രസിന്റെ മണ്ഡലം പ്രസിഡന്റിനെപോലും അയച്ചില്ല. ആവശ്യപ്പെട്ടാൽ എല്ലാ കാര്യങ്ങളും നടക്കും. നിങ്ങൾ അവിടെപ്പോയി കൂടുതൽ കാര്യങ്ങളാവശ്യപ്പെട്ടാൽ മനസ്സിലാക്കാം. സിറ്റിംഗ് ജഡ്ജി തന്നെ വേണമെന്ന് നിർബന്ധം പിടിച്ച് സിറ്റിംഗ് ജഡ്ജിയെ അന്വേഷണത്തിന് വച്ചപ്പോൾ ആ അന്വേഷണത്തിൽ സഹകരിക്കുകയോ അതിൽ പങ്കെടുക്കുകയോ ചെയ്തില്ല. ആ സംഗതി നിങ്ങൾ മറന്നുപോയി. നിങ്ങളിപ്പോൾ ഒന്നും ന്യായീകരിക്കേണ്ട. അങ്ങനെ ഏതു വന്നാലും ഒരു അന്വേഷണം വേണം. ഇങ്ങനെ എത്ര അന്വേഷണമാണ് നിങ്ങൾ നിയമസഭയ്ക്കകത്ത് ആവശ്യപ്പെടുന്നത് ? നിങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം അന്വേഷിക്കണമെങ്കിൽ കേരളത്തിലേയും ഇൻഡ്യാ രാജ്യത്തേയും മുഴുവൻ ജഡ്ജിമാരും വേണ്ടേ ? നിങ്ങളെന്തിനാണിത് ഉന്നയിക്കുന്നതെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. ശ്രീ. കെ. പി. പി. നമ്പ്യാർ ഇല്ലെങ്കിൽ പിന്നെ നിങ്ങൾക്ക് നിൽക്കാൻ പറ്റുമോ ? ഇന്നലെയും ഇന്നും അതല്ലേ ഇവിടെ നടക്കുന്നത് ? ആരാണ് ശ്രീ. കെ. പി. പി. നമ്പ്യാർ ? ശ്രീ. കെ. പി. പി. നമ്പ്യാർ കെൽട്രോണിന്റെ ചെയർമാൻ ആയിരിക്കുമ്പോൾ സ്വന്തം മകന്റെ കമ്പനിക്ക് സോവിയറ്റ് യൂണിയനിൽ നിന്നും കരാർ കിട്ടിയ ഓർഡർ തിരിച്ചു കൊടുത്ത് നാലരക്കോടി രൂപ തിരിമറി ചെയ്തതിന്റെ വിജിലൻസ് കേസിലെ പ്രതിയാണ്. അതിന്റെ അന്വേഷണം നടക്കുകയാണ്. യു. ഡി. എഫ്. ന്റെ കാലത്ത് ആ സ്ഥാപനത്തിന്റെ ആസ്തി 5,500 രൂപയാണ്. ആ കമ്പനിയാണ് ലോകത്തുള്ള എല്ലാ ടെണ്ടറും എടുക്കാൻ നടക്കുന്നത്. അപ്പോൾ ആ നമ്പ്യാർക്കുവേണ്ടി ഇവിടെ വാദിക്കുകയാണ്. എൻറോൺ ഇവിടേക്കു കൊണ്ടുവരാൻ ഇപ്പോൾ എൻറോണില്ല. എൽപാസൊയാണ് വരുന്നത്. ഏതു വന്നാലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സംബന്ധിച്ച് ഒരു പൊതുനയമുണ്ട്. സാമ്രാജ്യത്വ-ബഹുരാഷ്ട്ര കുത്തകകളുടെ സമീപനത്തിൽ ഒരു പൊതുനയമുണ്ട്. ഈ സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്ന കരാറുകളിലേ ഈ സംസ്ഥാനം ഏർപ്പെടൂ. അതിന് നിങ്ങളുടെ ആരുടെയും ഔദാര്യത്തിന്റെയും നിർദ്ദേശത്തിന്റെയും ആവശ്യമില്ല. ഈ സംസ്ഥാനത്തിന്റെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്ന ഒരു കരാറിലും ഗവൺമെന്റ് ഏർപ്പെടില്ല എന്നതാണ്. ശ്രീ. കെ. പി. പി. നമ്പ്യാരുമായി ഒരു കരാറും വേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്. അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ് ബാക്കി കാര്യങ്ങൾ മന്ത്രി പറയും. ഏത് കരാറെടുക്കണമെന്നൊക്കെ ജനങ്ങളെ വിശ്വാസത്തിലെടുക്കുന്ന ഒരു ഗവൺമെന്റ് എന്ന നിലയിൽ തീരുമാനിക്കും. ശ്രീ. നമ്പ്യാർക്ക് വേണ്ടി ഇത്ര ശക്തിയായി വാദിക്കേണ്ട വല്ല കാര്യവും ഉണ്ടോ ? സർ. സി. പി. ക്ക് തോൽപ്പിക്കാൻ കഴിയാത്ത കേരളത്തിന്റെ ധീര വിപ്ലവകാരി സഖാവ് വി. എസ്. അച്യുതാനന്ദന്റെ ഒരു രോമത്തിൽ ശ്രീ. കെ. പി. പി. നമ്പ്യാർക്ക് തൊടാൻ സാധിക്കുമോ ? യു. ഡി. എഫ്. ന് സാധിക്കുമോ ? സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഇങ്ങനെ അപമാനപ്പെടുത്തി, ആക്ഷേപിച്ച് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രസ്ഥാനത്തിന്റെ ബഹുമാന്യരായ നേതാക്കളെ അവഹേളിക്കാൻ നടത്തുന്ന ശ്രമങ്ങൾ പാഴ്വേലയാണ്. ജനങ്ങൾ അത് അംഗീകരിക്കാൻ പോകുന്നില്ല. അത് കേരളം തെളിയിച്ചിട്ടുണ്ട്. എന്തെല്ലാം ആരോപണങ്ങളാണ് നിങ്ങൾ നിരത്തുന്നത്. എത്ര പ്രാവശ്യമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ സഭയിൽ കെ. എസ്. ഇ. ബി. യെ സംബന്ധിക്കുന്ന ആക്ഷേപം ഉന്നയിക്കുന്നത് ? ഏത് ആരോപണമുണ്ടെങ്കിലും അത് എഴുതികൊടുക്കുക. അതല്ലേ സാധാരണ ചെയ്യുന്നത് ? ആർക്ക് വേണ്ടിയാണ് നിങ്ങൾ വാദിക്കുന്നത് ? കേരളത്തിന് വേണ്ടിയാണോ ? കേരളത്തിന്റെ നിലനിൽപ്പിന് വേണ്ടിയാണോ ? ആർക്കോവേണ്ടി നിങ്ങൾ ഇവിടെ വക്കാലത്ത് പറയുന്നു. അതല്ലേ ഇവിടെ നടക്കുന്നത് ? കേരളത്തിലെ ജനങ്ങൾക്കു വേണ്ടിയല്ല. ഇടയ്ക്ക് ശ്രീ. എം. കെ. മുനീറിന്റെ ഒരു പ്രസംഗം കേട്ടു. കോഴിക്കോട് 2-ൽ രണ്ടായിരം വോട്ട് എനിക്ക് തരിക. മഞ്ചേശ്വരത്ത് രണ്ടായിരം വോട്ട് അങ്ങോട്ട് തരാമെന്നു കരാറുണ്ടാക്കിയ ആളല്ലേ ശ്രീ. മുനീർ ? ബാപ്പ പറഞ്ഞ് ഞാൻ മരിക്കുന്നതുവരെ ആർ. എസ്. എസ്. നെ. അനുകൂലിക്കില്ല. ഒന്നാം സ്ഥാനത്ത് എതിർക്കുന്നത് ആർ. എസ്. എസ് - നെ ആയിരിക്കുമെന്ന് പറഞ്ഞ സി. എച്ച്. മുഹമ്മദുകോയയുടെ വാക്കുകൾ തള്ളിയിട്ടല്ലേ ഇപ്പോൾ ശ്രീ. സി. കെ. പത്മനാഭന്റെ വാക്കുകൾ സംഗീതം പോലെ ആസ്വദിച്ച് ശ്രീ. മുനീർ നടക്കുന്നത് ? കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. നായനാർക്കുപോലും വിവരമില്ല, ഏറ്റവും വലിയ ബുദ്ധിജീവിയാണ് ഞാൻ എന്നാണ് ശ്രീ. മുനീർ പറയുന്നത്. നിലനിൽപ്പിനു വേണ്ടി ആർ. എസ്. എസ്.നെ പോലും കൂട്ടുപിടിക്കുമെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് ഇ. എം. എസ്. ന്റെ പ്രതിമ സ്ഥാപിച്ചത് ഒരു പാട് പാഴ്ചെലവാണെന്നാണ്. കേരളത്തിലെ ഒരാൾക്കും അങ്ങനെ പറയാൻ ധൈര്യം വരില്ല. ശ്രീ. ടി. എം. ജേക്കബ് അത് തിരുത്തുകയും ചെയ്തു. മുഖ്യമന്ത്രി ആകാത്ത ഒരാൾ മുഖ്യമന്ത്രി ആകാൻ വേണ്ടി ഡൽഹിയിൽ നിന്നും ഫ്ളൈറ്റ് ചാർട്ട് ചെയ്ത് ഇവിടെ വന്നിട്ട് 40 ലക്ഷം രൂപ കേരളത്തിന്റെ ഖജനാവിൽ നിന്നു കൊടുത്തോ ? ആ തുക കെ. പി. സി. സി. ഓഫീസിൽ നിന്നു കൊടുത്തോ ? കെ. പി. സി. സി. ഓഫീസിൽ നിന്ന് ഇതുവരെ കൊടുത്തിട്ടില്ല. കേരളത്തിന്റെ 40 ലക്ഷം രൂപ മുഖ്യമന്ത്രി ആകുന്നതിനു മുമ്പ് ചെലവാക്കി. ആരാണ് കൊടുത്തത് ? നിങ്ങൾ ഇപ്പോൾ ഇ. എം. എസ്. ന്റെ പ്രതിമയെപ്പറ്റി പറഞ്ഞല്ലോ. കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയക്കാർ അതിനെ ആക്ഷേപിച്ചോ ? എന്നിട്ട് അതിനെ സംബന്ധിച്ചാണ് ഇപ്പോൾ പറയുന്നത്. ഇവിടെ തെരഞ്ഞെടുപ്പു വരാൻ പോവുകയാണ്. തെരഞ്ഞെടുപ്പിന്റെ മുമ്പിൽ മുഖ്യമന്ത്രിയായിട്ട് ശ്രീ. എ. കെ. ആന്റണിയെ അവതരിപ്പിച്ച് മോചനയാത്ര നടത്തി. മന്ത്രിസഭ രൂപീകരിച്ച് നടക്കുകയാണ്. ജെ. എം. എം. കോഴക്കേസിലെ കാര്യമൊക്കെ അറിയാമല്ലോ. ശ്രീ. പി. വി. നരസിംഹറാവു എം. പി. മാർക്ക് കോഴകൊടുത്ത് കാല് മാറ്റി ഭൂരിപക്ഷമുണ്ടാക്കിയ ഒരു മന്ത്രിസഭയിൽ മന്ത്രിയായിട്ട് ഇരുന്ന ആദർശധീരനാണ് ശ്രീ. ആന്റണി എന്ന് ഇൻഡ്യയിലേയും കേരളത്തിലേയും ജനങ്ങൾക്കറിയാം. ആറു രൂപ ഒരു കിലോ പഞ്ചസാരയ്ക്ക് വില ഉള്ളപ്പോൾ ഒരു ദിവസം രാവിലെ ഒരു കിലോ പഞ്ചസാരയ്ക്ക് 20 രൂപയാകുന്നു. കോടിക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ അഴിമതിയും തിരിമറിയും നടന്നു എന്ന ആക്ഷേപം പുറത്തു വന്ന് നാട്ടുകാരൊക്കെ അറിഞ്ഞപ്പോൾ എനിക്ക് അതിൽ പങ്കില്ലെന്നു പറഞ്ഞാണ് അദ്ദേഹം രാജിവച്ചത്. കഥവേറെ ഇരിപ്പുണ്ട്. ശ്രീ. ആന്റണിയെ മുന്നിൽ നിർത്തിയിട്ട് കേരളത്തിൽ ഒരു പുതിയ രാഷ്ട്രീയമുണ്ടാക്കുന്നതിനാണ് ശ്രമിക്കുന്നത്. ഇതൊന്നും കേരള മണ്ണിൽ വിലപോകില്ല. നിങ്ങൾകൊണ്ടു വരുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളുമെല്ലാം ജനങ്ങൾ കുറെ മനസ്സിലാക്കിയിട്ടുള്ളതാണ്. 11-ാം ധനകാര്യകമ്മീഷനെ സംബന്ധിച്ചൊക്കെ ഇവിടെ പറഞ്ഞു ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. കേരളം ഇൻഡ്യയുടെ ഭാഗമാണെന്ന് നിങ്ങൾക്ക് എന്തുകൊണ്ടാണ് അംഗീകരിക്കാൻ കഴിയാത്തത് ? കേരളം ഇൻഡ്യയുടെ ഭാഗമല്ലേ ? രാജ്യത്തുണ്ടാകുന്ന സാമ്പത്തിക പ്രശ്നങ്ങളെല്ലാം തന്നെ കേരളത്തിന്റെ സാമ്പത്തിക മേഖലയെ ബാധിക്കും. കേരളത്തിന് ഇൻഡ്യയിൽ നിന്ന് വേറിട്ട് നിൽക്കാൻ പറ്റില്ല. അതുകൊണ്ട് ഇൻഡ്യാ രാജ്യത്തിന്റെ സാമ്പത്തിക പ്രശ്നങ്ങളെ അവലോകനം ചെയ്തുകൊണ്ട് നമുക്ക് മുമ്പോട്ടുപോകാം. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഏറ്റവും പുതിയ സ്ഥിതിവിവര കണക്ക് കാണിക്കുന്നത് വളർച്ചാനിരക്കിൽ കേരളം 5-ാം സ്ഥാനത്താണ് എന്നാണ്. നിങ്ങളുടെ കാലത്ത് എവിടെയായിരുന്നു ? നിങ്ങളുടെ കാലത്ത് നിന്നിടത്തു നിന്ന് കേരളത്തെ ഉയർത്തി കൊണ്ടു വരാൻ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ദീർഘവീക്ഷണത്തോടു കൂടി പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയതിന്റെ ഭാഗമായിട്ടു തന്നെയാണ്. നമ്മുടെ രാജ്യത്തിന്റെ പൊതു സ്ഥിതി എന്താണ് ? റവന്യൂ വരവിന്റെ 48 ശതമാനവും പലിശ കൊടുക്കുന്നതിനുവേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് നീക്കി വയ്ക്കുന്നത്. ഇൻഡ്യാ രാജ്യത്ത് കടം വർദ്ധിക്കുന്നു. ചെലവ് കൂടുന്നു, റവന്യൂ വരവ് കുറയുന്നു അതിന്റെ ഭാഗമായിട്ടാണല്ലോ ഈ സ്ഥിതിയുണ്ടാകുന്നത്. അതിനെ സംബന്ധിച്ച് നിങ്ങൾക്ക് അഭിപ്രായമില്ല. 10-ാം ധനകാര്യ കമ്മീഷൻ നടത്തിയ സാമ്പത്തിക കൈമാറ്റം 9-ാം ധനകാര്യ കമ്മീഷനേക്കാൾ 137 ശതമാനം അധികമായിരുന്നു. 11-ാം ധനകാര്യകമ്മീഷൻ 91 ശതമാനമാണ് അനുവദിച്ചത്. അപ്പോൾ 3664 കോടി രൂപ കേരള സംസ്ഥാനത്തിന്റെ വരുമാനത്തിൽ കുറവുണ്ടായി. അതിനെ സംബന്ധിച്ച് ഒരക്ഷരം പറഞ്ഞില്ല. കേന്ദ്രഗവൺമെന്റ് എടുക്കുന്ന നയങ്ങൾക്ക് എതിരായിട്ട് പ്രതികരിക്കുവാൻ ഇന്നേവരെ ഈ 5 കൊല്ലത്തിനിടയിൽ ഒരു സായാഹ്ന ധർണ്ണയെങ്കിലും നടത്തിയിട്ടുണ്ടോ ? ഒരു പ്രതിഷേധ വാചകം നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായില്ല. ഇന്ത്യാ രാജ്യത്തിന്റെ കടം എത്രയാണ് ? 4,245 കോടി ഡോളർ വിദേശക്കടം മാത്രമുണ്ട്. പലിശ മാത്രമായിട്ട് 4,104 കോടി രൂപ കേന്ദ്രം നൽകണം. വിദേശ നാണയശേഖരം ഇടിയുകയാണ്. കയറ്റുമതി വർദ്ധനവ് ലക്ഷ്യമിട്ടത് 20 ശതമാനമാണ്. എന്നാൽ കയറ്റുമതി വർദ്ധനവ് 11 ശതമാനമേയുള്ളൂ. കയറ്റുമതിയുണ്ടായില്ല. നടപ്പുവർഷം ലക്ഷ്യമിട്ടിട്ടുള്ളത് 18 ശതമാനമാണ്. ആ ലക്ഷ്യത്തിലേക്ക് എത്താൻ സാധിക്കുകയില്ലായെന്ന് ഇപ്പോൾ തന്നെ കണ്ടു കഴിഞ്ഞു. 10194.34 കോടി രൂപയുടേതാണ് കയറ്റുമതിയെങ്കിൽ ഇറക്കുമതി 13,177.09 കോടി രൂപയാണ്. കയറ്റുമതി കുറയുന്നു, ഇറക്കുമതി വർദ്ധിക്കുന്നു. ഇതാണ് നമ്മുടെ കാർഷിക-വ്യവസായിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കാർഷിക-വ്യാവസായിക മേഖലയുടെ തകർച്ചയുടെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കണം. കേന്ദ്രഗവൺമെന്റിന്റെ നയങ്ങളാണ്

LIBRARY ARCHIVES Kerala Legislative Assembly

അതിനുകാരണം. ആ നയങ്ങൾ നമ്മുടെ കാർഷിക-വ്യാവസായിക മേഖലയെ തകർത്തിരിക്കുന്നുവെന്ന് ഞങ്ങൾ പറയുമ്പോൾ കേരളത്തിനകത്ത് ഇതിനെ സംബന്ധിച്ച് ഒരക്ഷരം പറയാതെ കൃഷിക്കാരേയും ജനങ്ങളേയും രക്ഷിക്കുന്നതിനുവേണ്ടി ഒരു പ്രതിഷേധമോ പ്രക്ഷോഭമോ ഉയർത്തികൊണ്ടു വരാതെ ഇതിനെല്ലാം കാരണം ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ് നിങ്ങൾ നടത്തി കൊണ്ടിരിക്കുന്നത്. രൂപയുടെ മൂല്യത്തകർച്ച എന്തുകൊണ്ടാണ് ഉണ്ടാകുന്നത് ? പണപ്പെരുപ്പമുണ്ടാകുന്നത് എന്തുകൊണ്ടാണ് ? 1991-ൽ 22.44 രൂപയായിരുന്നു ഒരു ഡോളറിന് വിലയെങ്കിൽ ഇപ്പോൾ അത് 45.8 രൂപയായി. 2002 - ഓടുകൂടി 50 രൂപയായി വർദ്ധിക്കുമെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇത് പണപ്പെരുപ്പമുണ്ടാക്കും. നാണയപ്പെരുപ്പത്തിന്റെ തോത് 8 ശതമാനത്തിലധികമായി വർദ്ധിച്ചിരിക്കുന്നു. ഇതെല്ലാം രാജ്യത്ത് നിലനിൽക്കുമ്പോൾ കേരള സംസ്ഥാനത്തിന് അതിൽനിന്നും മാറി നിൽക്കാൻ പറ്റുമോ ? കേന്ദ്രഗവൺമെന്റ് കൊണ്ടുവരാൻ പോകുന്ന ബഡ്ജറ്റിലും അവർ പുതിയ ചില നിർദ്ദേശങ്ങൾ വയ്ക്കുന്നു. ഇപ്പോൾ കേന്ദ്രഗവൺമെന്റ് ഇതിനെല്ലാം പ്രതിവിധിയായി കാണാൻ പോകുന്നത് നടപ്പാക്കികൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമപദ്ധതികൾ വെട്ടിക്കുറയ്ക്കുകയെന്നതാണ്. അതോടൊപ്പം ചെറുകിട സാമ്പത്തിക പദ്ധതികൾക്കും പി. എഫ്-നും പലിശ കുറയ്ക്കാനുള്ള നിർദ്ദേശമാണ് അവർ മുന്നോട്ടുവയ്ക്കുന്നത്. ഇത് ആരെയാണ് ബാധിക്കുന്നത്. സാധാരണക്കാരായ ജനങ്ങളെ ബാധിക്കുന്ന നിർദ്ദേശങ്ങളാണ് കേന്ദ്രഗവൺമെന്റ് അടുത്ത ബഡ്ജറ്റിൽ കൊണ്ടുവരാൻ പോകുന്നത്. പൊതുവിതരണം ആവശ്യമില്ല. പൊതുവിതരണത്തിനുവേണ്ടി മാറ്റിവയ്ക്കുന്ന സബ്സിഡി പൂർണ്ണമായും വെട്ടിക്കുറയ്ക്കുകയെന്നതാണ് കേന്ദ്രഗവൺമെന്റിന്റെ നയം. കാർഷികോൽപ്പന്നങ്ങളുടെ ശേഖരണവും സൂക്ഷിപ്പും വിതരണവും സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുക്കുമ്പോൾ പൊതു മാർക്കറ്റിലെ വിലയെ ആശ്രയിച്ചായിരിക്കും സ്വകാര്യ വ്യക്തികൾ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നത്. ന്യായമായും സ്വകാര്യമേഖല ലാഭമോണ് എപ്പോഴും ലക്ഷ്യമാക്കിയെടുക്കുന്നത്. പൊതു മാർക്കറ്റിൽ വില തകരുമ്പോൾ വർദ്ധിച്ച വിലയും താങ്ങുവിലയും നൽകി ഉൽപന്നങ്ങളെടുക്കാൻ സ്വകാര്യ മുതലാളിമാർ തയ്യാറാകാതെ വരുമ്പോൾ ഉൽപ്പന്നങ്ങളുടെ വില തകരും. ഇത് കേന്ദ്രത്തിന്റെ നയമാണ്. ഇങ്ങനെയൊക്കെ പിടിച്ചുനിൽക്കാൻ കഴിയുമെന്നാണ് കേന്ദ്രം പറയുന്നത്. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടേണ്ട 62,302 കോടി രൂപ പിരിച്ചെടുക്കാൻ കേന്ദ്രം തയ്യാറാകുന്നില്ല. അതിന് തയ്യാറാകാതെയാണ് നമ്മുടെ രാജ്യത്തിന്റെ പൊതു മേഖലാസ്ഥാപനങ്ങൾ വിറ്റ് ദൈനംദിന ചെലവുകൾ നടത്താൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. 6860 കോടി രൂപയുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇതിനകം വിറ്റ് കഴിഞ്ഞിരിക്കുന്നു. അടുത്തകാലത്ത് ഭാരത് അലുമിനിയം കമ്പനി ഉൾപ്പെടെ വിൽക്കുന്ന നടപടിയിലേക്ക് കേന്ദ്രഗവൺമെന്റ് പോയി. ഈ കേരള സംസ്ഥാനത്ത് സാമ്പത്തികമായിട്ട് ഒട്ടേറെ പ്രശ്നങ്ങളുണ്ട്, നിയന്ത്രണങ്ങളുണ്ട്. ആ നിയന്ത്രണങ്ങൾ ഉള്ളപ്പോഴും കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനം പോലും വിൽക്കാൻ കേരളത്തിൽ ഒരു ഗവൺമെന്റും തീരുമാനിച്ചില്ല. നിങ്ങൾ കഴിഞ്ഞ 5 കൊല്ലക്കാലം ഭരിച്ച് ഇറങ്ങി പോകുമ്പോൾ ഒരു ഡസനോളം

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാസ്ഥാപനങ്ങൾ വിൽക്കാനുള്ള അഡ്വാൻസ് വാങ്ങിയവരാണ്. ഒരൊറ്റ പൊതുമേഖലാ സ്ഥാപനം വിറ്റില്ല എന്നുമാത്രമല്ല എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭകരമാക്കികൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുള്ള പലതും തുറന്നു. 54 പൊതുമേഖലാ സ്ഥാപനങ്ങളിൽ 28 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കി പ്രവർത്തിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് വന്നതിനുശേഷം സാധിച്ചിട്ടുണ്ട്. നിങ്ങൾ വിൽക്കാൻ അവ തീരുമാനിച്ചതാണ്. അതുപോലെ തന്നെ 9 സംസ്ഥാനങ്ങൾ 1999-2000 വർഷത്തെ പദ്ധതി അടങ്കൽ 15 മുതൽ 53 ശതമാനം വരെ വെട്ടിക്കുറവ് വരുത്താൻ തീരുമാനിച്ചു. കേരള സംസ്ഥാനം വെട്ടിക്കുറവ് വരുത്തിയിട്ടില്ല. കേരളസംസ്ഥാനം വെട്ടിക്കുറവ് വരുത്താതെ പദ്ധതി മുഴുവൻ നടപ്പിലാക്കാൻ തയ്യാറായി. ഇത് ഇനിയും വർദ്ധിപ്പിക്കാൻ പോകുന്നു. കേന്ദ്ര പൊതുമേഖലാ നിക്ഷേപം സംസ്ഥാനത്ത് കുറഞ്ഞുവരികയാണ്. 3.25 ശതമാനത്തിൽനിന്ന് 1.25 ശതമാനമായി പൊതുമേഖലാനിക്ഷേപം കുറഞ്ഞു. കേന്ദ്രമെടുത്ത നയങ്ങളുടെ ഫലമായി നിക്ഷേപം കുറയുകയല്ലേ. ഇതെല്ലാം കേരളത്തിന്റെ കാർഷിക-വ്യാവസായിക മേഖലയെയും ജനജീവിതത്തെയും തകർക്കും, ഇതിനെ സംബന്ധിച്ച് എന്താണ് നിങ്ങൾക്ക് പറയാനുള്ളത് ? ഇലക്ട്രിസിറ്റിയാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം. അതുകൊണ്ടുതന്നെ ഞങ്ങൾ അതിനെയാണ് നേരിട്ടിരിക്കുന്നതെന്ന് ശ്രീ. തിരുവഞ്ചൂർ പറഞ്ഞു. വലിയ നേട്ടം തന്നെയാണ്. അഭിമാനത്തോടുകൂടി ഞങ്ങൾ പറയുന്നു. കേരള സംസ്ഥാനത്തെ ഇരുട്ടിലേക്ക് നയിച്ച നിങ്ങളിൽ നിന്നും കേരളത്തെ ഞങ്ങൾക്ക് രക്ഷിക്കാൻ സാധിച്ചു. കുറെ കടമുണ്ടാകും. ഇലക്ട്രിസിറ്റി ആയിരത്തി പതിനാറ് മെഗാവാട്ട് ഉൽപ്പാദിപ്പിക്കാൻ തുടങ്ങി. 1,000 കോടി മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പവർകട്ടും ലോഡ്ഷെഡിംഗും ഇല്ലാത്ത ഏക സംസ്ഥാനമാക്കി കേരളത്തെ മാറ്റിയിട്ടുണ്ട്. കേരളത്തിലെ ഏറ്റവും പ്രധാന വ്യവസായങ്ങൾ ഉൾപ്പെടെ അതിന്റെ അടിസ്ഥാന സൗകര്യം എന്ന നിലയിൽ വൈദ്യുതി ഉണ്ടാകുമ്പോൾ ആ പുരോഗതി സംസ്ഥാനത്തിനുണ്ടാകും. ആ പുരോഗതി സംസ്ഥാനത്തിനുണ്ടാകുന്നതിനുവേണ്ടി നേതൃത്വം കൊടുത്തത് തെറ്റാണോ ? അതിനെ ഇനി എങ്ങനെ തകർക്കാൻ കഴിയുമെന്ന ആലോചനയിലാണ് ശ്രീ. തിരുവഞ്ചൂരും കൂട്ടരും ഏർപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട ആര്യാടൻ സംസാരിച്ചപ്പോൾ ചോദിച്ചു, കാർഷികമേഖലയിലെ വിലത്തകർച്ച എങ്ങനെയാണ് ഗവൺമെന്റിന്റെ വരുമാനത്തെ ബാധിക്കുന്നതെന്ന് ? അദ്ദേഹം സാമ്പത്തിക വിദഗ്ദ്ധനാവാം, ഞാൻ വിദഗ്ദ്ധനൊന്നും അല്ലെങ്കിലും 15,000, 16,000 കോടി രൂപയുടെ കാർഷികോൽപ്പന്നങ്ങളുടെ വിലതകർച്ചയിൽ ഉണ്ടാകുന്ന കുറവ് കേരളത്തിന്റെ സാമ്പത്തിക മേഖലയെ സാരമായി ബാധിക്കും. കൃഷിക്കാരന്റെ കൈയിലാണ് കാശ് വരുന്നത്. കൃഷിക്കാരന്റെ കൈയിൽ കാശ് വന്നാൽ അയാൾ നേരെ ബാങ്കിൽ കൊണ്ട് നിക്ഷേപിക്കുകയില്ല അവർ പട്ടണത്തിലേക്ക് വന്ന് വ്യവസായ ഉൽപ്പന്നങ്ങളായ സോപ്പ്, ചീപ്പ്, കണ്ണാടി, ചെരുപ്പ് മുതലായവ വാങ്ങും. അപ്പോൾ സെയിൽസ്ടാക്സ് സർക്കാരിന് കിട്ടും. നാട്ടിൻപുറത്തും പട്ടണങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക രംഗത്ത് ചലനങ്ങളുണ്ടാകും. 6,000-ത്തോളം കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് രണ്ടുമൂന്ന് കൊല്ലക്കാലമായി കാർഷിക മേഖലയിലെ വിലത്തകർച്ചകൊണ്ട് നഷ്ടപ്പെട്ടിരിക്കുകയാണ്. അതാണ് ഇതുകൊണ്ട് ഉണ്ടായ കുറവ്. കേരളത്തിന്റെ കടത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഏത് വർഷമാണ് കുറഞ്ഞിട്ടുള്ളത്. ഓരോ ഗവൺമെന്റ് വരുമ്പോഴും പോകുമ്പോഴും കടം വർദ്ധിക്കുകയാണ്. ഏതെങ്കിലും ഗവൺമെന്റിന്റെ കാലത്ത് കടം കുറച്ചതായിട്ട് ഇവിടെ കാണുന്നില്ല. കുറയ്ക്കാൻ സാധിച്ചിട്ടില്ല. കടം വർദ്ധിക്കുകയാണ്. കടം വർദ്ധിക്കുമ്പോൾ ഇത് എന്തിനാണ് ഉപയോഗപ്പെടുത്തുന്നതെന്നാണ് ജനങ്ങൾ നോക്കുന്നത്. നിങ്ങൾ എന്തിനാണ് ഈ കടം വാങ്ങിയത്. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിനെ വിമർശിക്കുമ്പോൾ നിങ്ങൾ 5 കൊല്ലക്കാലം കടം വാങ്ങി ചെലവാക്കിയിട്ട് എന്താണ് ഈ സംസ്ഥാനത്ത് ഉണ്ടാക്കിയ നേട്ടം ? ഏതെങ്കിലും ഒരു കാര്യം ഇത്രയും നേരം ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചോ? ഞങ്ങൾ ഉന്നയിച്ച നേട്ടങ്ങൾ ഈ സംസ്ഥാനത്തുണ്ടാക്കി, നിങ്ങൾ എന്തു ചെയ്തുവെന്ന് ഞങ്ങളോട് ചോദിച്ചാൽ ഒരു മര്യാദയാണ്. ഒട്ടേറെ കാര്യങ്ങൾ വിശദീകരിക്കാനുണ്ട്. സമയക്കുറവുകൊണ്ട് അതിലേക്ക് ഞാൻ പോകുന്നില്ല. കേരള സംസ്ഥാനത്തിന്റെ അടിസ്ഥാന മേഖലയിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നിങ്ങളിൽ പലരും ഉൽഘാടനം ചെയ്ത പദ്ധതിയുടെ ഫോട്ടോ പഞ്ചായത്ത് രാജ് മാസികയിൽ വരുന്നുണ്ട്. നിങ്ങൾ കണ്ടുകാണുമല്ലോ ? അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആറായിരത്തോളം കോടി രൂപ നാട്ടിൻപുറത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനത്തിന് ഉപയോഗിച്ചില്ലേ ? 117 കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിച്ചു. 32,000 പുതിയ ടാപ്പുകൾ ഇട്ട് കുടിവെള്ളം കൊടുത്തു. പത്ത് ലക്ഷത്തോളം കുടുംബങ്ങൾക്ക് പുതുതായി കുടിവെള്ളം നൽകാൻ കഴിഞ്ഞു. ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി മാത്രമാണ് ഗവൺമെന്റ് ഇതെല്ലാം നടപ്പിലാക്കികൊണ്ടിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം ജനകീയാസൂത്രണത്തിന്റെ ഭാഗമായി മാത്രമാണ് നടത്തിയത്. 3,06,000 പേർക്ക് വീട് നിർമ്മിച്ചു കൊടുത്തു. നാലേകാൽ ലക്ഷം പേർക്ക് കക്കൂസുകൾ നിർമ്മിച്ചുകൊടുത്തു. ഇതെല്ലാം ഈ സംസ്ഥാനത്തുണ്ടായ നേട്ടങ്ങളല്ലേ. നാട്ടിൻപുറത്തെ ജനങ്ങൾ ആ നേട്ടങ്ങളും ഗുണഫലങ്ങളും അനുഭവിക്കുന്നു. മോചനയാത്രയുടെ സ്വീകരണത്തിന് ഏത് കേന്ദ്രത്തിലാണ് ലക്ഷക്കണക്കിന് ആളുകൾ കൂടിയത്. വിമോചനയാത്ര കടന്നുവരുന്നത് ഞങ്ങളെല്ലാം കണ്ടതാണ്. ആളുകൾ ഉണ്ടായിരുന്നില്ല. ജനങ്ങൾ നിങ്ങളെ അവഗണിച്ചു. ഖദർ ഇട്ട കുറെ ആളുകൾ ഉണ്ടായിരുന്നു. എല്ലാ സ്ഥലത്തും ഒരേ മുഖം. പാലക്കാട് സുന്നാ സാഹിബ് പറയുന്നതു പോലെ, സുഡാ സാഹിബ് തെരഞ്ഞെടുപ്പിൽ മൽസരിച്ചപ്പോൾ പറഞ്ഞു, "എങ്ങ് പാത്താലും ഒരേ മുഖം താൻ" കോൺഗ്രസ് അങ്ങനെയാണ്. അവിടെ സ്വീകരണത്തിനുള്ള ആൾതന്നെ ഇവിടെയും വന്നിരിക്കുന്നു. അതായിരുന്നല്ലോ നിങ്ങളുടെ മോചനയാത്രയുടെ സ്വീകരണം. ആ രീതിയിൽ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്നു. ഈ സംസ്ഥാനത്തിന്റെ പുരോഗതിക്ക് അടിത്തറ പാകാൻ കൊണ്ടുവന്നിട്ടുള്ള ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി പിന്താങ്ങിക്കൊണ്ട് നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി : ഇന്നു രാവിലെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പ്രസംഗിക്കുമ്പോൾ അദ്ദേഹം എന്നെപ്പറ്റി ഒരു പരാമർശം നടത്തി. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചാണ്. ഡാമിന് സുരക്ഷിതത്വ ഭീഷണിയില്ല എന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു. വളരെ തെറ്റിദ്ധാരണാജനകമായ കാര്യമാണ്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞ വാചകം 2001 ജനുവരി 1-ാം തീയതി സബ്ജക്ട് കമ്മിറ്റി III - ന്റെ ചെയർമാനായ ശ്രീ. വി. പി. രാമകൃഷ്ണപിള്ളയും ഞാനും ആ ഡാം സന്ദർശിച്ചിരുന്നു. ആ അവസരത്തിൽ ഡാമിന് അപകട ഭീഷണിയൊന്നുമില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. തെറ്റിദ്ധാരണാജനകമായാണ് ഡെപ്യൂട്ടി സ്പീക്കർ എന്നെപ്പറ്റി പറഞ്ഞത്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

VII വ്യക്തിപരമായ വിശദീകരണം

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

സർ, ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ഒരു പ്രശ്നത്തിന് ഒരു വിശദീകരണം ആവശ്യമാണെന്ന് ഞാൻ കണക്കാക്കുകയാണ്. അതിന് സമയം വേണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. ഏതായാലും ഒരു വ്യക്തത വന്നോട്ടെ. 12-3-1992-ലെ കേരളാ ഗവൺമെന്റിന്റെ ഉത്തരവിലൂടെ വൈദ്യുതി ഉൽപ്പാദനരംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കാവുന്ന നയം സ്വീകരിച്ചു. ഇതനുസരിച്ച് 1993 ഡിസംബറിനും 1996 ജനുവരിക്കുമിടയിലുമായി 9 ഐ. പി. പി. കാർക്ക് എം. ഒ. യു. ഒപ്പുവച്ചിട്ടുണ്ട്. ഇതിൽ ഒന്നു മാത്രമാണ് കണ്ണൂർ പവ്വർ പ്രോജക്ട്. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകൾ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് ആ ഘട്ടത്തിൽ തീരുമാനിക്കുകയുണ്ടായി. അത്തരത്തിലുള്ള പ്രോജക്ടുകൾക്ക് കേന്ദ്ര ഗവൺമെന്റ് കൗണ്ടർ ഗ്യാരന്റി നൽകുന്നുവെന്നതായിരുന്നു പ്രത്യേകത. എന്നാൽ വിവിധ കാരണങ്ങളാൽ ആ ഫാസ്റ്റ് ട്രാക്ക് പദ്ധതികളിൽ മഹാരാഷ്ട്രയിലുള്ള എൻറോൺ പദ്ധതിയൊഴികെ മറ്റൊന്നും ഇൻഡ്യയിൽ നിലവിൽ വന്നില്ല. മഹാരാഷ്ട്രയിൽ എൻറോൺ വന്നതിന്റെ ദുരന്താനുഭവം നമ്മുടെ മുന്നിൽ ഉണ്ടുതാനും. ഇൻഡ്യയിലെ ഇലക്ട്രിസിറ്റി ബോർഡുകളിൽ ഒന്നാമതായി പ്രവർത്തിച്ചു വന്നിരിക്കുന്ന മഹാരാഷ്ട്ര സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ആർക്കും രക്ഷിക്കാനാകാത്തവിധം അതിഗുരുതരാവസ്ഥയിൽ എത്തിയിട്ടുള്ള കാര്യം തർക്കമില്ലാതെ ഏകകണ്ഠമായി കണക്കാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇന്നത്തെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂർ പവ്വർ പദ്ധതി എൻറോണിനെ സാമ്പത്തിക പങ്കാളിയാക്കിക്കൊണ്ടുള്ള നിർദ്ദേശവുമായി ഗവൺമെന്റിന്റെ മുൻപിൽ വന്നു. എന്നാൽ മഹാരാഷ്ട്രയിലെ പദ്ധതിയുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ നയപരമായുള്ള പങ്കാളിത്തം അനുവദിക്കാനാകില്ല എന്ന് ഗവൺമെന്റ് തീരുമാനിച്ചു. ഈ ഘട്ടത്തിൽ കേരളത്തിന്റെ വികസനത്തിന് ഗവൺമെന്റ് എതിരാണ്, എന്നൊക്കെയുള്ള അഭിപ്രായങ്ങളും ശ്രീ. നമ്പ്യാർ ആ ഘട്ടത്തിൽ പത്രസമ്മേളനം

LIBRARY ARCHIVES Kerala Legislative Assembly